# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 11 | ലക്കം - 3 | കുംഭം - 1193 | മാർച്ച് 2018



## എറണാകുളം കരയോഗത്തിന്റെ 31-ാമത് ശ്രീമദ് ഭാഗവത സപ്താഹയജ്ഞം













ചൈത്രം കൗൺസിലിംഗ് സെന്ററിന്റെ പരിശീലന സെമിനാർ
കരയോഗം പ്രസിഡന്റ് കെ പി കെ മേനോൻ ഉദ്ഘാടനം ചെയ്യുന്നു



എറണാകുളം കരയോഗം
വുമൺസ് ഫോറം 50-ാമത് യോഗം



## എഡിറ്റോറിയൽ

# ഇതെന്തു നീതി?

1950 ജനുവരി 26 ന് പ്രാബല്യത്തിൽ വന്ന നമ്മുടെ ഭരണഘടന എല്ലാ പൗരന്മാർക്കും മൗലീകാവകാശങ്ങൾ ഉറപ്പു നല്കുന്നുണ്ട്. എല്ലാ മതങ്ങൾക്കും മതാടിസ്ഥാനത്തിൽ തുല്യപ്രാധാന്യമായിരിക്കും നല്കുക എന്നും അതിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടനയുടെ ആമുഖത്തിന്റെ ആരംഭം തന്നെ ശ്രദ്ധിക്കുക: 'നമ്മൾ, ഭാരതത്തിലെ ജനങ്ങൾ' ഭാരതത്തെ ഒരു പരമാധികാര സ്ഥിതി സമത്വ മത നിരപേക്ഷജനാധിപത്യ റിപ്പബ്ളിക്കായി സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തീകവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്ക്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പു വരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പു വരുത്തുന്ന ഭ്രാതൃഭാവം എല്ലാവരിലും വളർത്തുന്നതിനും ............ ദൃഢനിശ്ചയം ചെയ്തുകൊണ്ട് അംഗീകരിക്കുകയും, അധിനിയമമാക്കുകയും നമുക്കായി തന്നെ സമർപ്പിക്കുകയും ചെയ്യുന്നു.

മതേതരം എന്ന വാക്ക് ചേർത്തത് 1976 നവംബർ രണ്ടിന് അടിയന്തിരാവസ്ഥ കാലത്താണ്.

ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയ്ക്കുള്ള തുല്യ അവകാശവും തുല്യ നീതിയും എന്ന തത്വത്തിന് വിരുദ്ധമായാണ് രാഷ്ട്രീയ പ്രേരിതമായി രാഷ്ട്രീയ താല്പര്യങ്ങൾക്ക് മുൻതൂക്കം നല്കിക്കൊണ്ട് ഇന്ത്യയിലെ ജനങ്ങളെ മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂരിപക്ഷമെന്നും ന്യൂനപക്ഷമെന്നും വിഭജിച്ചിരിക്കുന്നത്. ന്യൂനപക്ഷപദവി ഏതടിസ്ഥാനത്തിൽ തീരുമാനിക്കണം എന്ന് പ്രത്യേക നിർദ്ദേശം കൊടുത്തിട്ടില്ലാത്ത അവസ്ഥ മുതലെടുത്ത് , അതിനെ രാഷ്ട്രീയ പ്രീണനത്തിനുള്ള ആയുധമാക്കി മാറ്റി, അത് മതാടിസ്ഥാനത്തിൽ എന്നാക്കിത്തീർക്കുകയാണുണ്ടായത്.

# ഉള്ളടക്കം

വാല്യം 11 | ലക്കം 03 | മാർച്ച് 2018


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 6 |
| ബാലലോകം | 7 |
| രാഗപരിചയം | 8 |
| വാസ്തു | 9 |
| ഭാരതത്തിലെ ഋഷികവികൾ | 10 |
| ക്ഷേത്രങ്ങളിലൂടെ | 14 |
| രാമായണത്തിലെ സ്ത്രീ സാന്നിദ്ധ്യം | 18 |
| മാരത്തോൺ മാട്രിമോണി ഡോട്ട് കോം | 21 |
| വ്യക്തിവിശേഷം | 24 |
| കവിത (കോൽക്കളി) | 25 |
| കുലസ്ത്രീ | 26 |
| വിവാഹപൂർവ്വ കൗൺസിലിങ്ങിന്റെ പ്രസക്തി | 31 |
| കവിത (ഋതുഭേദം) | 33 |
| ഹരിസുധാലഹരി | 34 |
| പാതഞ്ജലയോഗദർശനം | 37 |
| ഭൂമിക്കൊരു സങ്കീർത്തനം | 38 |
| വൈരാഗ്യം വെറുപ്പ് പ്രതികാരം | 40 |
| ദേശനാഥന്റെ തിരുവുത്സവം | 42 |
| മൗനനൊമ്പരം | 44 |
| വിഷു എന്നാൽ എന്താണ് എന്നാണ് ? | 46 |
| ജാതി അടിസ്ഥാനത്തിലുള്ള സംവരണം ഈ രാജ്യത്തെ നശിപ്പിക്കും | 49 |
| പൈൽസ് (അർശ്ശസ് ) മഹാരോഗമാണോ ? | 52 |
| മാസഫലം | 54 |
| മാട്രിമോണിയൽ | 55-66 |


കവർചിത്രം:
*ജയ് മിത്ര കാളിബാരി കൃപാമയി കാളിദേവി, വെസ്റ്റ് ബംഗാൾ*


## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

ന്യൂനപക്ഷങ്ങൾക്ക് അവരുടെ സംസ്ക്കാരം, ലിപി, ഭാഷ, എന്നിവ സംരക്ഷിക്കുവാനുള്ള അവകാശം ഭരണഘടന നല്കുന്നുണ്ട്. എന്നാൽ അത് മതാടിസ്ഥാനത്തിലാകുന്നതെങ്ങനെ?

ഐക്യരാഷ്ട്രസഭ പ്രവിശ്യാതലത്തിൽ ന്യൂനപക്ഷങ്ങളെ കണ്ടെത്തി സംരക്ഷണം നല്കണം എന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. അന്താരാഷ്ട്രതലത്തിൽ ലോക സംഘടനയുടെ നിർദ്ദേശത്തെപ്പോലും മറി കടന്നാണ് ഇവിടെ നമ്മുടെ രാജ്യത്ത് ന്യൂനപക്ഷ പദവി ദേശീയാടിസ്ഥാനത്തിൽ കണക്കാക്കുവാനും അതനുസരിച്ച് പ്രത്യേക ആനൂകൂല്യങ്ങൾ നല്കുവാനും തീരുമാനിച്ചിരിക്കുന്നത്. ഇത് ഹൈന്ദവരുടെ അവകാശങ്ങളെ ഹനിക്കുന്നതിന് വേണ്ടി കരുതിക്കൂട്ടി ഉണ്ടാക്കിയ ഒരു കരിനിയമമാണ്. ഇന്ത്യയിലെ എട്ട് സംസ്ഥാനങ്ങളിൽ ഇപ്പോൾ തന്നെ ഹിന്ദുക്കൾ ന്യൂനപക്ഷങ്ങളാണ്. അരുണാചൽപ്രദേശ്, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗലാൻഡ്, ജമ്മു ആൻഡ് കാശ്മീർ, പഞ്ചാബ്, ലക്ഷദ്വീപ് എന്നീ പ്രദേശങ്ങളാണത്. ഇവിടങ്ങളിൽ മഹാഭൂരിപക്ഷമുള്ള കൃസ്താനികൾക്കും , മുസ്ലീങ്ങൾക്കും ന്യൂനപക്ഷ പദവി നല്കിയിരിക്കുന്നു. അതനുസരിച്ചുള്ള ആനുകൂല്യങ്ങളും അവർ കൈപ്പറ്റുന്നു. 2011 ലെ കാനേഷുമാരി കണക്കനുസരിച്ചുള്ള സ്ഥിതിയാണിത്. ഇവിടങ്ങളിലൊക്കെ കടുത്ത അവഗണന നേരിട്ടു കൊണ്ട് യഥാർത്ഥ ന്യൂനപക്ഷമായി ജീവിക്കുന്ന ഹിന്ദുക്കൾക്ക് ന്യൂനപക്ഷ അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഇവയിൽ ചിലയിടങ്ങളിൽ ഹിന്ദുക്കളുടെ സംഖ്യ നാമമാത്രമാണ്. കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിൽ 97.5% വും മുസ്ലീങ്ങളാണ്. മിസോറാമിൽ ഹിന്ദുക്കൾ 2.75 % മാത്രമേയുള്ളു. അങ്ങനെ പലയിടത്തും . പക്ഷെ ഇവിടെ ഹിന്ദുക്കൾക്ക് ന്യൂനപക്ഷാവകാശങ്ങൾ ലഭിക്കാറില്ല. ഇതെന്തു നീതി ? ഇന്ത്യയിലെ 35 ജില്ലകളിൽ മുസ്ലീങ്ങൾക്കാണ് ഭൂരിപക്ഷം . അവിടങ്ങളിലും അവർക്ക് സർക്കാർ ന്യൂനപക്ഷങ്ങൾക്കുള്ള എല്ലാ ആനൂകൂല്യങ്ങളും നല്കുന്നു.

ഭരണഘടന വാഗ്ദാനം ചെയ്തിരിക്കുന്ന തുല്യനീതി നടപ്പാവണമെങ്കിൽ ഐക്യരാഷ്ട്ര സഭയുടെ നിർദ്ദേശം ഇവിടെയും പാലിക്കപ്പെടണം. ന്യൂനപക്ഷപദവി സംസ്ഥാനാടിസ്ഥാനത്തിലെങ്കിലും ആയിരിക്കണം കണക്കാക്കേണ്ടത്. ശരിയായ നീതി നടപ്പാകണമെങ്കിൽ അത് ജില്ലാടിസ്ഥാനത്തിൽ കണക്കാക്കപ്പെടണം.

ഭരണഘടന വിഭാവനം ചെയ്യുന്ന സമത്വത്തേയും തുല്യനീതിയേയും കാറ്റിൽ പറത്തി, ലോകസംഘടനയുടെ നിർദ്ദേശങ്ങളെ പോലും അവഗണിച്ച് രാഷ്ട്രീയ മുതലെടുപ്പിനു വേണ്ടി നടപ്പാക്കിയ ന്യൂനപക്ഷ പദവി നല്കുന്നതിനുള്ള നിയമം അടിയന്തിരമായി പുന:പരിശോധിക്കേണ്ടിയിരിക്കുന്നു. അതിവിദൂരമല്ലാത്ത ഭാവിയിൽ കേരളവും ഹൈന്ദവ ന്യൂനപക്ഷ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഇടം പിടിക്കുവാനുള്ള സാധ്യത കണക്കിലെടുത്താണ് ഇപ്പോഴെ ഈ ആവശ്യം ഉന്നയിക്കുന്നത്. ഇപ്പോൾ തന്നെ കേരളത്തിലെ ഇടുക്കി, കോട്ടയം, വയനാട്, എറണാകുളം. മലപ്പുറം എന്നീ അഞ്ച് ജില്ലകൾ ഹിന്ദുന്യൂനപക്ഷ ജില്ലകളാണ്.

മറ്റൊന്ന്, ഭൂരിപക്ഷ സമുദായങ്ങൾക്കുള്ളതിനെക്കാൾ കൂടുതൽ ആനൂകൂല്യങ്ങൾ ന്യൂനപക്ഷങ്ങൾക്കു നല്കുന്ന ഏക രാജ്യം ഇന്ത്യയാണ്. ഇത് തിരുത്തപ്പെടേണ്ടതല്ലേ ? എല്ലാവർക്കും എല്ലാ തലങ്ങളിലും തുല്യത ലഭ്യമാവേണ്ടതല്ലേ ? അല്ലെങ്കിൽ പിന്നെ എങ്ങനെ നാം നമ്മുടെ നാടിനെ സ്ഥിതിസമത്വമുള്ള സ്വതന്ത്രരാജ്യം എന്ന് വിളിക്കും. നീതിയും ന്യായവും നടപ്പാക്കി കിട്ടണമെന്നാഗ്രഹമുള്ളവർ ഈ ആവശ്യത്തിനു വേണ്ടി മുന്നിട്ടിറങ്ങണം.

## സ്ഥലം വിൽപ്പനയ്ക്ക്

**തൃപ്പൂണിത്തുറ കളിക്കോട്ട പാലസിന് സമീപം, കോട്ടപ്പുറത്ത് റോഡിന്റെ വലതുവശത്ത് എറണാകുളം കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള, 16 സെന്റ് 870ച.ലിങ്ക്സ് സ്ഥലം വിൽക്കുവാനുണ്ട്. താല്പര്യമുള്ളവർ രേഖാമൂലം എറണാകുളം കരയോഗം ഓഫീസുമായി ബന്ധപ്പെടുവാൻ അഭ്യർത്ഥിക്കുന്നു.**

**ജനറൽ സെക്രട്ടറി**
**എറണാകുളം കരയോഗം**

**ടി ഡി എം ഹാൾ കോംപ്ലക്സ്, ഡി.എച്ച്. റോഡ്, കൊച്ചി 682 016, ഫോൺ: 0484 2361160, Extn 22**

*NB:**വിൽപ്പന ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായിരിക്കും. Brokers Excuse.***





# ജനറൽ സെക്രട്ടറിയുടെ പംക്തി

എറണാകുളം കരയോഗം ഗുരുവായൂർ ഗസ്റ്റ് ഹൗസ് നിർമ്മാണം പുരോഗമിച്ചു വരുന്നു. പ്രിവിലേജ് കാർഡ് സംവിധാനത്തിലൂടെ അംഗങ്ങൾക്ക് ഈ പദ്ധതിയുടെ ഭാഗമാകുവാനുള്ള അവസരം ഉപയോഗിക്കുവാൻ അഭ്യർത്ഥിക്കുന്നു.

ഈ വർഷത്തെ വിഷു ഏപ്രിൽ 15, മേടം 2 -ാം തീയതി, ആണ്. വിഷുദിനവുമായി ബന്ധപ്പെട്ട് നമ്മൾ കേട്ടിട്ടുള്ള ഐതിഹ്യങ്ങൾ ശ്രീകൃഷ്ണൻ നരകാസുരനെ വധിച്ചതിന്റെ സ്മരണാദിനമായും മറ്റൊന്ന് രാവണവധത്തിനുശേഷം സൂര്യഭഗവാന്റെ ഉദയം കിഴക്കു നിന്നും ആരംഭിച്ചത് അന്നു മുതലാണെന്നും ഉള്ള വിശ്വാസത്തിലധിഷ്ഠിതം. മലയാളികളായ നാം മേടം ഒന്ന്, വിഷുവായും കാർഷിക ഉത്സവമായും ആഘോഷിച്ചു വരുന്നു.വിഷു എന്നാൽ തുല്യമായ എന്നാണർത്ഥം.എന്നാൽ തുല്യമായ രാത്രിയും പകലും ഈ വർഷം മാർച്ച് 21 ആണ് എന്ന് ഇതുമായി ബന്ധപ്പെട്ടവർ ചൂണ്ടിക്കാണിക്കുന്നു. മേടം ഒന്നിലെ വിഷു, മേടം 2 ലേക്ക് ഈ വർഷം മാറ്റപ്പെട്ടിരിക്കുന്നു.നമ്മുടെ ആചാര്യശാസ്ത്രപണ്ഡിതശ്രേഷ്ഠർ ഇക്കാര്യത്തെക്കുറിച്ച് എന്താണ് ശരിയെന്ന്, വ്യക്തമാക്കുകയും മേൽസൂചിപ്പിച്ച സംശയങ്ങൾക്ക് ഉത്തരം നല്കി പുതിയ തലമുറയ്ക്ക് മാർഗ്ഗദർശനം നല്കേണ്ടതല്ലേ? ശരിക്കും വിഷു ഏതു ദിവസമാണ് ആഘോഷിക്കേണ്ടത്?ഇതിന് ആധികാരികവും പൗരാണികവുമായ വിശദീകരണമോ, ലിഖിതങ്ങളായ അറിവുകളോ, നമുക്ക് കാണിച്ചു കൊടുക്കാൻ കഴിയണം. ഈ പംക്തിയിൽ ഈ വിഷയം കുറിച്ചത് തികച്ചും യാദൃശ്ചികമായിട്ട് ആണെങ്കിലും മേൽസംശയങ്ങൾക്ക് കൃത്യമായ ഉത്തരം ലഭിക്കുകയാണെങ്കിൽ അത് പുതുതലമുറയ്ക്ക് നൽകാമെന്ന സദുദ്ദേശം മാത്രമേ ഉള്ളൂ.

ഈ വർഷത്തെ വിഷുദിനത്തോടനുബന്ധിച്ച് വളരെ വിപുലമല്ലാത്ത രീതിയിൽ വിപണന മേള ഏപ്രിൽ 10 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ കരയോഗത്തിൽ നടക്കുന്നതാണ്. മേളയിൽ പാലടപ്രഥമൻ, കാളൻ, പുളിയിഞ്ചി, മറ്റ് അച്ചാറുകൾ എന്നിവ പ്രത്യേകം സജ്ജീകരിച്ച കൗണ്ടറിൽ ലഭിക്കുന്നതാണ്. വിഷു ദിവസത്തേക്കുള്ള പായസം ലഭിക്കുന്നതിന് കരയോഗം ഓഫീസിൽ മുൻകൂർ പണം അടയ്ക്കാവുന്നതാണ്.

31 -ാമത് ശ്രീമദ് ഭാഗവതസപ്താഹയജ്ഞം ഫെബ്രുവരി 18 ന് ആരംഭിച്ച് ഫെബ്രുവരി 25 ന് സമാപിച്ചു. പൂർവ്വാധികം ഭംഗിയായി യജ്ഞം പൂർത്തിയാക്കുവാനും യജ്ഞാചാര്യനായ ബ്രഹ്മശ്രീ വാസുദേവപ്രസാദിന് മനോഹരമായ ഭഗവൽ കഥകൾ ഹൃദ്യവും ജ്ഞാന പ്രദവുമായി അവതരിപ്പിച്ച് ഭാഗവത ശ്രോതാക്കളെ ഭക്തിയുടെ മറ്റൊരു തലത്തിൽ എത്തിക്കുവാൻ സാധിച്ചു എന്നത് പ്രത്യകം എടുത്തു പറയേണ്ടതാണ്. സപ്താഹത്തിൽ ആചാര്യനൊപ്പം എ.രാമസ്വാമി, കിഴക്കേടം നമ്പ്യാത്താൻ നമ്പൂതിരി എന്നിവർ പാരായണത്തിൽ പങ്കടുത്തു. ശ്രീമദ് ഭാഗവത സപ്താഹ യജ്ഞത്തിൽ പങ്കെടുത്ത എല്ലാ പുണ്യാത്മാക്കൾക്കും നന്ദി രേഖപ്പെടുത്തുന്നു.

2018 ഏപ്രിൽ 10 ന് ചെറായി തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രത്തിന്റെ പ്രതിഷ്ഠാദിനമാണ്. അന്നേ ദിവസം ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ യക്ഷിയെ പുനഃ പ്രതിഷ്ഠിക്കുന്ന ചടങ്ങ്, ദ്വീപാങ്കശുദ്ധി, നവകം, പഞ്ചഗവ്യം, വിശേഷാൽ പൂജകൾ, വിവിധ കലാപരിപാടികൾ എന്നിവ ഉണ്ടായിരിക്കും. എല്ലാ ഭക്തജനങ്ങളേയും ദേവിക്ഷേത്ര പ്രതിഷ്ഠാദിനപരിപാടിയിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബും, കൊച്ചി മെട്രോ ഫിലിം സൊസൈറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന വനിതാദിന ചലച്ചിത്രോത്സവവും സെമിനാറും 2018 മാർച്ച് 18, ഞായറാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം 5.00 വരെ ''AGORA, THE MOTHER, OLGA'' എന്നീ സിനിമകൾ, ടിഡിഎം ഹാൾ കാവേരിയിൽ പ്രദർശിപ്പിക്കുന്നതായിരിക്കും.

എറണാകുളം കരയോഗവും ബീമും സംയുക്തമായി നടത്തുന്ന പ്രതിമാസ പരിപാടിയിൽ മാർച്ച് 20, ചൊവ്വാഴ്ച വൈകുന്നേരം 6.30ന് കെ.പി.എ.സി.യുടെ നാടകം 'ഈഡിപ്പസ്' ടിഡിഎം ഹാൾ ഗംഗയിൽ അവതരിപ്പിക്കുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസപരിപാടിയിൽ മാർച്ച് 27ന് ചൊവ്വാഴ്ച വൈകുന്നേരം 6.30ന് 'നരകാസുരവധം' കഥകളി ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു●

*ജനറൽ സെക്രട്ടറി*

## എറണാകുളം കരയോഗം

## 16.3.2018 മുതൽ 15.04.2018 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 17.3.2018 | ശനി | 10.00 a.m | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 18.3.2018 | ഞായർ | 10.00 a.m–5.00 p.m | : കരയോഗം ഫിലിംക്ലബ്ബ് & വുമൺസ് ഫോറം &മെട്രോ ഫിലിം സൊസൈറ്റി സിനിമപ്രദർശനം |
| 20.3.2018 | ചൊവ്വ | 6.30 a.m | : ബീം പ്രതിമാസ പരിപാടി: നാടകം-ഈഡിപ്പസ് |
| 21.3.2018 | ബുധൻ | 3.00 a.m | : ദേവി ഭാഗവതം ക്ലാസ്സ് |
| 22.3.2018 | വ്യാഴം | 4.00 a.m | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 24.3.2018 | ശനി | 10.00 a.m | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 27.3.2018 | ചൊവ്വ | 6.30 a.m | : കരയോഗം കഥകളി ക്ലബ്ബ് - നരകാസുരവധം കഥകളി |
| 28.3.2018 | ബുധൻ | 3.00 a.m | : ദേവി ഭാഗവതം ക്ലാസ്സ് |
| 29.3.2018 | വ്യാഴം | 4.00 a.m | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 31.3.2018 | ശനി | 10.00 a.m | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 4.4.2018 | ബുധൻ | 3.00 a.m | : ദേവി ഭാഗവതം ക്ലാസ്സ് |
| 5.4.2018 | വ്യാഴം | 4.00 a.m | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 7.4.2018 | ശനി | 10.00 a.m | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 8.04.2018 | ഞായർ | 10.00 a.m | : പാർക്കിൻസൺസ് രോഗചികിത്സ (ഇകൈഎൻഎം പോളിക്ലിനിക്) |
| 11.04.2018 | ബുധൻ | 3.00 a.m | : ദേവി ഭാഗവതം ക്ലാസ്സ് |
| 12.4.2018 | വ്യാഴം | 4.00 a.m | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 14.4.2018 | ശനി | 10.00 a.m | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |

## അറിയിപ്പ് / കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. ഇതോടൊപ്പം 2000 രൂപ ഒറ്റതവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

## വുമൺസ് ഫോറം
## 2018 മാർച്ച് മാസത്തെ പരിപാടി

**ലോകവനിതാദിനം പ്രമാണിച്ച് 18.03.2018 ഞായറാഴ്ച രാവിലെ 10.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ ചലച്ചിത്രോത്സവം/ സെമിനാർ എന്നിവ ഉണ്ടായിരിക്കുന്നതാണ്. *ഏവർക്കും സ്വാഗതം***





# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

കൂട്ടുകാർ എല്ലാവരും പരീക്ഷക്ക് തയ്യാറാവുകയായിരിക്കുമല്ലോ ? എങ്ങിനെ പഠിക്കണം, ഏതാദ്യം പഠിക്കണം എന്ന വേവലാതിയും ഉത്കണ്ഠയും ഒന്നും വേണ്ട കേട്ടോ. പഠിച്ച പാഠഭാഗങ്ങളെല്ലാം രാവിലെയും , വൈകുന്നേരവും നല്ലപോലെ ഹൃദിസ്ഥമാക്കിയാൽ പിന്നെന്തിനാണ് വേവലാതി. വളരെ ശ്രദ്ധാപൂർവ്വം ചോദ്യങ്ങൾക്കെല്ലാം ഉത്തരമെഴുതുക മാത്രമേ പിന്നെ ചെയ്യേണ്ടതുള്ളു.

പരീക്ഷ കഴിഞ്ഞു വരുന്ന അവധിക്കാലം ഏറെ ആസ്വദനീയം ആവണമെങ്കിൽ കൂട്ടുകാർ എന്ത് ചെയ്യണം ? നൂറു ശതമാനം പരീക്ഷയോടു നീതി പുലർത്തണം. അപ്പോൾ അച്ഛനമ്മമാർക്കും കൂട്ടുകാർക്കും ഒരുപോലെ സന്തോഷിക്കാം. മധ്യവേനലവധിക്കാലത്ത് കൂട്ടുകാർക്ക് ചെയ്യാൻ പറ്റിയ പല വിനോദോപാധികളും കാണും. നമുക്ക് ചുറ്റുമുള്ള പക്ഷികളെ ഒന്ന് നിരീക്ഷിക്കൂ. രസാവഹമായ പലതും കൂട്ടുകാർക്കു പഠിക്കാനുണ്ടാവും.

### നമ്മുടെ പക്ഷികൾ

പക്ഷികളെ ഇഷ്ടമില്ലാത്തവർ ചുരുക്കമാണ് .ആകാശത്ത് പാറി നടക്കുന്ന പറവകളെ ആരാണ് ഇഷ്ടപ്പെടാതിരിക്കുക ? അവയിൽ പലതും നിങ്ങളുടെ വീട്ടുമുറ്റത്തും പറമ്പുകളിലും വരാറില്ലേ ? ചില പക്ഷികൾക്ക് പറക്കാനും ആവില്ല. ഉദാഹരണമാണ് ഒട്ടകപക്ഷി, പെൻഗ്വിൻ, എമു, കിവി എന്നിവ. ഒട്ടകപക്ഷിക്ക് പറക്കാനാവില്ലെങ്കിലും ഒരു മണിക്കൂറിൽ 72 കിലോമീറ്റർ വേഗതയിൽ ഓടാനുള്ള കഴിവുണ്ട്. പെൻഗ്വിനാവട്ടെ വേഗതകൂടിയ നീന്തൽ താരമാണ്. ഒരു മണിക്കൂറിൽ 27 കിലോമീറ്റർ വേഗതയിൽ ഇതിനു നീന്താനാകും. ആസ്ട്രേലിയ എന്ന സ്ഥലത്തു നിന്ന് നിരവധി പക്ഷികൾ തണുപ്പിൽ നിന്ന് രക്ഷ നേടാൻ പല നാടുകളിലേക്കും പറന്ന് പോവുക പതിവാണ്. എമുവിനു 50 കിലോമീറ്റർ വേഗതയിൽ ഓടാനും നന്നായി നീന്താനും കഴിവുണ്ട്. ന്യൂസിലാൻഡ് സ്വദേശിയായ കിവിയുടെ പ്രത്യേകതയാണ് അതിന്റെ നീണ്ട കൊക്ക് . ഇതിനടുത്താണ് ഇതിന്റെ മൂക്കും എന്നത് മറ്റൊരു സവിശേഷതയാണ് . ചിലയിനം പക്ഷികൾക്ക് രാത്രി കാഴ്ചശക്തിയും കൂടും. പക്ഷികളുടെ ഭക്ഷണം ചെറുപ്രാണികൾ , വിത്തുകൾ, ചെടികൾ, മീനുകൾ, എന്നിവയാണ്. പക്ഷികളിൽ ഏറെ മനോഹരമായ ഒന്നാണ് മയിൽ. പഴയ കാലത്ത് കുട്ടികൾ മയിൽപ്പീലി പുസ്തത്താളുകളിൽ വെക്കുക ഒരു പതിവായിരുന്നു. ചെമ്പരുന്തിനെക്കുറിച്ച് റാകിപ്പറക്കുന്ന ചെമ്പരുന്ത് എന്നൊരു ചൊല്ലു തന്നെയുണ്ട്. ഇത് പറക്കുന്നതു കാണാൻ ഏറെ ചന്തവുമുണ്ട്. ഹിന്ദു പുരാണങ്ങളിൽ കാണുന്ന ചില പക്ഷികളാണ് ഗരുഡനും, ജടായുവും മറ്റും. ചില പക്ഷികളെ ചുറ്റിപ്പറ്റി പല വിശ്വാസങ്ങളും നിലനിൽക്കുന്നു. ചിലയിനം പക്ഷികൾ കിഴക്കൻ യൂറോപ്പിൽ നിന്നും, പോളണ്ട്, സൗത്ത് ആഫ്രിക്ക, മംഗോളിയ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും. രാജസ്ഥാനിലെ കീച്ചാൻ എന്ന ഗ്രാമത്തിലേക്ക് തണുപ്പിനെ മറികടക്കാൻ എത്തുക പതിവാണ്. അവയ്ക്ക് വയർ നിറയെ തീറ്റ കൊടുക്കാൻ ഗ്രാമീണർ ഉത്സാഹം കാണിക്കുന്നു. ഈ പക്ഷികൾ തങ്ങളുടെ നാട്ടിലേക്ക് എല്ലാ വർഷവും പറന്നെത്തുന്നത് ഐശ്വര്യമായി ഇവർ കാണുന്നു.

പാമ്പിനെ പോലെയുള്ള ഒരു തരം പക്ഷിയാണ് വാട്ടർ ടർക്കി. ഇവയുടെ ശരീരഭാഗം വെള്ളത്തിലും തലയുടെ ഭാഗം വെള്ളത്തിൽ നിന്ന് ഉയർന്നും ഇരിക്കും. അമേരിക്കയിലാണ് ഇത്തരം പക്ഷികളെ കാണാനാവുക. തടാകങ്ങളുടെ കരയിലും മരക്കൊമ്പുകളിലും ഇവയെ കാണാനാവും.

ഇനി അല്പം കുഞ്ഞുണ്ണി വിശേഷമായാലോ?

കൂട്ടുകാർക്കു കവിത വായിക്കാനും എഴുതാനുമെല്ലാം താല്പര്യം കാണുമല്ലോ?

കുഞ്ഞുണ്ണി കവിതകൾ കൂട്ടുകാർ വായിച്ചിട്ടുണ്ടോ. കുഞ്ഞുണ്ണിമാഷ് എന്ന കുട്ടേട്ടനെ നമുക്കൊന്ന് പരിചയപ്പേടാം.

1969 മുതൽ മാതൃഭൂമിയിൽ ബാലപംക്തി കൈകാര്യം ചെയ്തിരുന്ന ഒരു ചെറിയ വലിയ മനുഷ്യനായിരുന്നു അദ്ദേഹം. എന്നും കുഞ്ഞുങ്ങളോടൊപ്പം അവരിൽ ഒരാളായാണ് ജീവിച്ചത്. അദ്ദേഹം ഒരിക്കൽ അദ്ദേഹത്തെക്കുറിച്ചു തന്നെ എഴുതി.

**(ശേഷം 17-ാം പേജിൽ)**

രാഗപരിചയം

# ശുദ്ധധന്യാസി

ഡോ. ജയലക്ഷ്മി നന്ദകുമാർ

22-ാമത്തെ മേളകർത്താ രാഗമായ ഖരഹരപ്രിയയുടെ ജന്യരാഗമാണ് ശുദ്ധധന്യാസി. പ്രസന്നതയേറിയതും ആകർഷകവുമായ രാഗമാണിത്. ഉദയരവിചന്ദ്രിക എന്നും ശുദ്ധധന്യാസി അറിയപ്പെടുന്നു. ശുദ്ധധന്യാസിയും ഉദയരവിചന്ദ്രികയും ഒരു രാഗമാണെന്നും അല്ലെന്നും സംഗീതജ്ഞർ സ്വന്തം താല്പര്യപ്രകാരം കരുതി പോരുന്നു.

ആരോഹണം : സ ഗ മ പ നി സ

അവരോഹണം : സ നി പ മ ഗ സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, സാധാരണ ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, കൈശികി നിഷാദം.

അഞ്ചു സ്വരങ്ങൾ വരുന്നതിനാൽ ഇത് ഒരു ഔഡവ രാഗമാണ്. രിഷഭം, ധൈവതം എന്നീ സ്വരങ്ങൾ ഈ രാഗത്തിൽ ഇല്ല. ചെറിയ രാഗമാണെങ്കിലും മൂന്നു സ്ഥായികളിലും സഞ്ചാരവും മനോധർമ്മസാദ്ധ്യതയും ഉള്ള രാഗമാണിത്. തെക്കൻ അമേരിക്കയിലെ നാടോടി സംഗീതത്തിൽ ശുദ്ധധന്യാസിയോടു സമാനമായ ഈണം ഉണ്ടെന്നു പറയപ്പെടുന്നു. സംഗീതസാരാമൃതം എന്ന തുളുജ മഹാരാജാവിന്റെ ഗ്രന്ഥത്തിൽ പരാമർശം ഉണ്ട്.

ശുദ്ധധന്യാസി ഒരു സർവ്വകാലിക രാഗമാണ്. ഈ രാഗത്തെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതനുസരിച്ച് ഭക്തി, ശൃംഗാരം എന്നീ ഭാവങ്ങൾ പ്രകടമാകും. ഗൗണ്ടഗിരി എന്ന ഹിന്ദുസ്ഥാനി രാഗവുമായി അതീവ സാമ്യം ഉണ്ട്. വിഷമങ്ങളെ അകറ്റാനും സന്തോഷം പ്രദാനം ചെയ്യുവാനും ഞരമ്പുകൾക്ക് ഉണർവ്വു നല്കുവാനും ഈ രാഗം കേൾക്കുന്നതിലൂടെ സാധിക്കുമെന്ന് സംഗീത ചികിത്സകർ അഭിപ്രായപ്പെടുന്നു . സംഗീത സംവിധായകർ ചലച്ചിത്രങ്ങളിൽ നന്നായി ഉപയോഗിച്ചു വരുന്ന ഒരു രാഗവുമാണിത്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | |
|---|---|---|
| 1. എന്തനേർച്ചിനാ | ആദി | ത്യാഗരാജസ്വാമി |
| 2. സുബ്രഹ്മണ്യേന | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| 3. ഭാവമുലോന | ആദി | അന്നമാചാര്യ |
| 4. ഹിമഗിരി തനയേ | ആദി | മുത്തയ്യാ ഭാഗവതർ |
| 5. സാമോദം ചിന്തയാമി | മിശ്രചാപ്പ് | സ്വാതിതിരുനാൾ |

## ചലച്ചിത്രഗാനങ്ങൾ

| | |
|---|---|
| 1. എന്തിനു വേറൊരു സൂര്യോദയം | മഴയെത്തും മുൻപേ |
| 2. മന്ദാരച്ചെപ്പുണ്ടോ | ദശരഥം |
| 3. സൗപർണ്ണികാമൃത | കിഴക്കുണരും പക്ഷി |
| 4. സ്വർഗ്ഗങ്ങൾ സ്വപ്നം കാണും | മാളൂട്ടി |
| 5. ശ്യാമമേഘമേ നീ | അധിപൻ |
| 6. ദും ദും ദും ദുന്ദുഭിനാദം | വൈശാലി |
| 7. ദേവദൂതർ പാടി | കാതോടു കാതോരം |
| 8. രാജീവം വിടരും നിൻ | ബെൽറ്റു മത്തായി |
| 9. പ്രവാഹമേ | സർഗ്ഗം |
| 10. വെള്ളിത്തിങ്കൾ പൂങ്കിണ്ണം | മേലെപറമ്പിൽ ആൺവീട് |
| 11. പഞ്ചവർണ്ണ പൈങ്കിളി പെണ്ണേ | സല്ലാപം |
| 12. ശശികല ചാർത്തിയ | ദേവരാഗം |
| 13. ചെമ്പൂവേ പൂവേ | കാലാപാനി |
| 14. കരിനീല കണ്ണഴകി | കണ്ണകി |
| 15. ഗോരി തേരാ ഗാവ് ബഡാ പ്യാരാ | ചിറ്റ്ചോർ |





വാസ്തു

# വാസ്തു ശാസ്ത്രവും അനാവശ്യ ചിന്തകളും

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

കഴിഞ്ഞ ദിവസം ഒരു വീട് പരിശോധിച്ചതിൽ പ്രധാന വാതിലും , റോഡും തെക്കുഭാഗത്താണ്.വീടിന്റെ തെക്കു ഭാഗത്ത് ഒരു വരാന്തയുണ്ട്. വരാന്തയിൽ നിന്നും , ഇറങ്ങുവാനുള്ള ചവിട്ടുപടികൾ കിഴക്കു ഭാഗത്തേയ്ക്കാണ് വെച്ചിരിക്കുന്നത്. ഒരു വീട്ടിൽ നിന്നും കിഴക്കോട്ടിറങ്ങണമെങ്കിൽ ചവിട്ടുപടികൾ കിഴക്കു ഭാഗത്ത് വീടിന്റെ മദ്ധ്യത്തിൽ നിന്നും വടക്കു വശത്തായിരിക്കണം. മേൽപറഞ്ഞ വീട്ടിൽ കിഴക്കു തെക്കാണ് പടികൾ വരുന്നത്. അങ്ങിനെ വരുമ്പോൾ വീടിന്റെ വടക്കു കിഴക്ക് മുറിഞ്ഞു പോകുന്നു. നേരെ മറിച്ച് വീടിന്റെ മദ്ധ്യത്തിന് വടക്കു വരുമ്പോൾ സ്റ്റെപ്പിന്റെ രണ്ടു ഭാഗത്തും സ്ഥലം വരികയും തെക്കു ഭാഗത്ത് കൂടുതൽ സ്ഥലം കിട്ടുന്നതാണ്.

മറ്റൊരു സംശയം കണ്ടത് സ്റ്റെപ്പ് ഇടുമ്പോൾ ലാഭം, നഷ്ടം , എന്ന് പറഞ്ഞ് സ്റ്റെപ്പിന്റെ എണ്ണത്തിൽ വ്യത്യാസം വരുത്തുന്നുണ്ട്. ഇക്കാര്യത്തിൽ യാതൊരു സംശയവും വേണ്ടതില്ല. സ്റ്റെപ്പുകൾ ഒറ്റയായാലും ഇരട്ടയായാലും കുഴപ്പമില്ല. അതിനെപ്പറ്റി ആലോചിച്ച് സമയം കളയേണ്ടതില്ല. ഫലം ഒന്നു തന്നെയാണ്. തെക്കു ഭാഗത്ത് റോഡ് ഉണ്ടെങ്കിൽ പ്രധാന വാതിൽ തെക്ക് മദ്ധ്യത്തിൽ അഥവാ മദ്ധ്യത്തിന് കിഴക്ക് വെച്ച് തെക്കോട്ട് ഇറങ്ങുന്നതാണ് ഉത്തമം. പിന്നെ വലിയ പറമ്പാണെങ്കിൽ വീടിന്റെ പകുതിയുടെ പകുതി സ്ഥലം കിഴക്കു ഭാഗത്ത് തുറസ്സായി വിടാൻ കഴിഞ്ഞാൽ , വീട് കിഴക്കോട്ടു മുഖമായി പണി ചെയ്ത് പ്രധാന വാതിൽ കിഴക്കു മദ്ധ്യത്തിലോ, അതിന് വടക്കോ, വയ്ക്കാവുന്നതാണ്. ഒന്നു കൂടെ പറഞ്ഞാൽ, തെക്കു മുഖമുള്ള വീടിന് തെക്കോട്ട് ഇറങ്ങുന്നതാണ് നല്ലത്.

മറ്റൊരു വീട്ടിൽ പൂജാമുറി വടക്ക് കിഴക്ക് തന്നെ വേണമെന്ന് വീടിന്റെ കുറ്റി അടിച്ച ആചാര്യൻ പറഞ്ഞതായി പറഞ്ഞു. കാരണം അതു കുബേര മൂലയാണെന്നാണ് പറഞ്ഞത്. വാസ്തു ശാസ്ത്രത്തിൽ പ്രകൃതിയിൽ നിന്ന് കിട്ടാവുന്ന എല്ലാവിധ ഊർജ്ജങ്ങളും കിട്ടാവുന്ന പാകത്തിന് പകലും , രാത്രിയും സുഖമായി ഉറങ്ങാനും , ജോലി ചെയ്യുന്നതിനും, വേണ്ടി മാത്രമാണ് നോക്കുന്നത്. ആരോഗ്യവും മനസ്സമാധാനവും ഉണ്ടായിരുന്നാൽ മറ്റു എല്ലാ ഗുണങ്ങളും തനിയേ വരുന്നതാണ്. പൂജാമുറി വീടുകളിൽ എവിടെ വേണമെങ്കിലും വെയ്ക്കാം. ദൈവത്തിന്റെ പടം കിഴക്കോട്ട് തിരിഞ്ഞിരിക്കുകയാണെങ്കിൽ അതിനു നേരെ , വാതിലോ, ജനാലയോ വേണം പടിഞ്ഞാട്ടാണെങ്കിൽ പടിഞ്ഞാറു ഭാഗത്തും ഇതേ തരത്തിൽ വാതിലോ ജനാലയോ ഉണ്ടായിരിക്കണം. മറ്റു ചിലർ കോവണി ചുവട്ടിൽ പൂജാമുറി ആകാമോ എന്ന് സംശയം പ്രകടിപ്പിക്കാറുണ്ട്. എന്നാൽ മുറിയുടെ മുകൾഭാഗം പലരും ചരിച്ചു വാർക്കാറുണ്ട്. അതുപോലെ തന്നെ കോണിയും. കോണി ചരിച്ച് വാർത്തതായി കണക്കു കൂട്ടിയാൽ മതി. അപ്പോൾ മുകൾ ഭാഗത്തുള്ള സ്ലാബ് ചരിഞ്ഞതായാലും, ലെവലിൽ ആയാലും ഒരുപോലെ തന്നെയാണ്. പല വീടുകളിലും കൊല്ലങ്ങളായി കോണിച്ചുവട്ടിൽ പൂജാമുറികളുണ്ട്. എവിടെയായാലും ഉദയം അല്ലെങ്കിൽ അസ്തമനം കാണാൻ കഴിയണം. മറ്റൊരു സംശയം , പൂജാമുറിയുടെ പുറകു വശത്തോ , പരിസരത്തോ ടോയ്‌ലറ്റ് വരാമോ എന്നതാണ്. മേൽപറഞ്ഞ സംശയം അടിസ്ഥാന രഹിതമാണ്. ഇന്ത്യയിൽ തന്നെ വളരെ പെരെടുത്തുള്ള ബ്രാഹ്മണ സമൂഹം , അവരുടെ വീടുകളിൽ ദൈവത്തിന്റെ സ്ഥാനം, കുളിമുറിയിലും, അടുക്കളയിലും ആണ്. അവർക്ക് കുളി കഴിഞ്ഞാൽ പുറത്തു കടക്കുന്നതിന് മുമ്പ്, ദൈവത്തെ കണ്ട് പ്രാർത്ഥിക്കണം എന്നുള്ളതാണ് ആചാരം. അവരുടെ അടുക്കളയിൽ തെക്കു പടിഞ്ഞാറെ മൂലയിൽ ചെറിയ ലോഹനിർമ്മിതമായ ഗണപതി കിഴക്കോട്ട് തിരിഞ്ഞിരിക്കുന്നതു കാണാം. ഭക്ഷണം പാകം ചെയ്താൽ, ആദ്യം തന്നെ ഗണപതിക്ക് വെച്ചതിന് ശേഷം മാത്രമെ , മറ്റുള്ളവർ ഭക്ഷണം കഴിക്കുകയുള്ളു. എത്ര വിദ്യാസമ്പന്നരായാലും അവർ ബിസിനസ്സ് ചെയ്യാൻ കൂടുതൽ ആഗ്രഹിക്കുന്നു. ഭക്ഷണക്രമത്തിലും വലിയ ആചാരങ്ങൾ ഉണ്ട്. ഒരിക്കലും വയർ നിറച്ച് ഭക്ഷണം കഴിക്കില്ല. മാസത്തിൽ 2 ദിവസം ഉപവസിക്കകയും ചെയ്യും. ഇതിൽ നിന്നും നാം ശ്രദ്ധിക്കേണ്ടത് പൂജാമുറി വീട്ടിൽ എവിടെയായിരുന്നാലും യാതൊരു വക പ്രശ്നങ്ങളും ഉണ്ടാകുന്നതല്ല എന്നുള്ളതാണ്.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### ശ്രീരാഘവേന്ദ്രസ്വാമി

ശ്രീമധ്വാചാര്യരുടെ ശിഷ്യനും അദ്വൈതസിദ്ധാന്തത്തിന്റെ പ്രചാരകനുമായിരുന്നു കർണ്ണാടകയിലെ ശ്രീരാഘവേന്ദ്രസ്വാമി.സംഗീതജ്ഞനെന്ന നിലക്കും വൈണികനെന്ന നിലക്കും അദ്ദേഹം പ്രശസ്തനായിരുന്നു.

എ.ഡി. 1595 (1598/1601)ൽ തമിഴ്നാട്ടിലെ ഭുവനഗിരിയിൽ അദ്ദേഹം ഭൂജാതനായി. കർണ്ണാടകദേശക്കാരനായ തിമ്മണ്ണഭട്ടയും ഗോപികാംബയുമായിരുന്നു മാതാപിതാക്കൾ. മാതാപിതാക്കൾ കുഞ്ഞിന് വെങ്കണ്ണ എന്ന പേരു നൽകി (പിൽക്കാലത്ത് വെങ്കട്ടനാഥൻ എന്നും വെങ്കിടാചാര്യ എന്നും അദ്ദേഹം അറിയപ്പെട്ടു).

അടുക്കളക്കകത്ത് തറയിൽ ഒരു പായ് വിരിച്ച് കുഞ്ഞിനെ അതിൽ കിടത്തിക്കൊണ്ടാണ് ഗോപികാംബ പാചകം ചെയ്യുക. എന്നാൽ ബാലനാകട്ടെ കൈകാൽ കുടഞ്ഞു കരഞ്ഞുകൊണ്ടേയിരിക്കും. അടുക്കളയിലെ പുക മൂലമാണെന്നു കരുതിയ മാതാവ് ഒരുനാൾ അവനെ നടുത്തളത്തിൽ പൂജാമുറിക്കു നേരെ പായ്‌വിരിച്ചു കിടത്തിയതിനുശേഷം വീട്ടുജോലികളിൽ വ്യാപൃതയായി. പണികൾ തീർത്തു തളത്തിലെത്തിയ ഗോപികാംബ ശാന്തനായി കിടക്കുന്ന കുഞ്ഞിനെ കണ്ട് അൽഭുതപ്പെട്ടു. പൂജാമുറിയിൽ നിരത്തിവെച്ചിരുന്ന ഈശ്വരവിഗ്രഹങ്ങളെ നോക്കി ചിരിതൂകുകയായിരുന്നു അവൻ! മറ്റൊരിക്കൽ ബാലനായ വെങ്കണ്ണയെയും കൂട്ടി മാതാപിതാക്കൾ ക്ഷേത്രത്തിൽ ചെന്നു. പ്രാർത്ഥനയും പ്രദക്ഷിണവും പൂർത്തിയാക്കിയ അവർ സോപാന സംഗീതം പാടുന്ന ക്ഷേത്രഗായകന്റെ സമീപത്തു നിൽക്കുന്ന പുത്രനെ കണ്ടു. ഗായകന്റെ കണ്ഠത്തിൽ നിന്നുയർന്ന ഈശ്വരസ്തുതിയിൽ മതിമറന്നു നിൽക്കുകയായിരുന്നു വെങ്കണ്ണ. തങ്ങളുടെ പുത്രൻ സാധാരണക്കാരനല്ലെന്ന് ആ നിമിഷം അവർക്കു തീർച്ചയായി.

മധുരൈയിലെ ലക്ഷ്മീനരസിംഹാചാർ എന്ന ഗുരുനാഥന്റെ കീഴിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ വെങ്കണ്ണ മാതാപിതാക്കളുടെ അനുവാദത്തോടുകൂടി കുംഭകോണത്തെ ശ്രീമഠത്തിലെത്തി. അവിടെ സ്വാമി സുധീന്ദ്രതീർത്ഥയുടെ ശിക്ഷണത്തിൽ വേദാദ്ധ്യയനം കഴിച്ചു. ഇക്കാലത്തുതന്നെ സംഗീതത്തിലും വീണാവാദനത്തിലും പാണ്ഡിത്യം നേടി.

മാതാപിതാക്കളുടെ ആഗ്രഹപ്രകാരം വെങ്കണ്ണ മധുരൈയിലേക്കു മടങ്ങി സരസ്വതീബായി എന്ന കന്യകയെ വിവാഹം കഴിച്ചു. ഒരു കൊല്ലത്തിനകം അവർക്ക് ലക്ഷ്മീനാരായണാചാര്യ എന്ന പുത്രൻ ജനിച്ചു. എന്നാൽ തന്റെ നിയോഗം ലൗകിക ജീവിതമല്ലെന്നു തിരിച്ചറിഞ്ഞ വെങ്കണ്ണ കുംഭകോണത്തേക്കു മടങ്ങി സുധീന്ദ്രതീർത്ഥയുടെ കീഴിൽ ഉപരിപഠനം തുടർന്നു. സംസ്കൃതഭാഷയിലും വേദോപനിഷത്തുക്കളിലും മഹാപുരാണങ്ങളിലും അഗാധമായ പാണ്ഡിത്യം നേടിയ വെങ്കണ്ണ പ്രശസ്തരായ ഒട്ടേറെ പണ്ഡിതരുമായി വാദപ്രതിവാദങ്ങളിലേർപ്പെട്ടു. ഏതു വേദിയിലും ജയം വെങ്കണ്ണക്കായിരുന്നു. തന്നെക്കാൾ മുതിർന്ന പണ്ഡിതരെപ്പോലും പരാജയപ്പെടുത്തിയ വെങ്കണ്ണക്ക് ധാരാളം ആരാധകരുണ്ടായി.

താമസിയാതെ വെങ്കണ്ണ സന്യാസം വരിച്ചു. രാഘവേന്ദ്രതീർത്ഥ എന്ന പുതിയ നാമധേയവും സ്വീകരിച്ചു. സംസ്കൃത പുരാണങ്ങൾ സ്ഫുടമായി വായിച്ച് സാധാരണക്കാർക്കുവേണ്ടി കർണ്ണാടകത്തിലും തമിഴിലും വ്യാഖ്യാനം പറയുന്നതിൽ നിപണുനായിരുന്ന അദ്ദേഹം സുഭാഷിതങ്ങളിലൂടെയും സംഗീതത്തിലൂടെയും ജനഹൃദയങ്ങളെ സ്വാധീനിച്ചു. രാഘവേന്ദ്രസ്വാമി ആശ്രമത്തിലിരുന്നു വീണവായിക്കുമ്പോൾ അകലെ കാടുകളിൽ നിന്നു മാനുകളും മയിലുകളും ആശ്രമാങ്കണത്തിലേക്ക് ഓടിയെത്തുമായിരുന്നുവത്രേ.വിദ്യഅർത്ഥിച്ചുകൊണ്ടു സമീപിച്ചവരെയെല്ലാം അദ്ദേഹം ജാതിമതഭേദം നോക്കാതെ വേദവും സംസ്കൃതവും പഠിപ്പിച്ചു. അദ്ദേഹത്തിൽ നിന്നു സംഗീതവും വീണാവാദനവുമഭ്യസിക്കാൻ രാജകുടുംബങ്ങളിലെ യുവാക്കൾ പോലും ആശ്രമത്തിലെത്തി.ഗ്രന്ഥകാരൻ, വാക്ഷേയകാരൻ എന്നീ നിലകളിൽ അദ്ദേഹം കന്നഡ സാഹിത്യത്തിന് അമൂല്യമായ സംഭാവനകൾ നൽകി. മധ്വാചാര്യരുടെ ആറു പ്രകരണഗ്രന്ഥങ്ങൾക്കു വ്യാഖ്യാനമെഴുതി. ബ്രഹ്മസൂത്രത്തെ അധികരിച്ചുള്ള സുത്രപ്രസ്ഥാനം, വേദപ്രസ്ഥാനം ,ഉപനിഷദ്പ്രസ്ഥാനം എന്നിയെല്ലാം രാഘവേന്ദ്രതീർത്ഥയുടേതായി വീണ്ടെടുക്കപ്പെട്ട രചനകളാണ്. രാമചരിത്രമഞ്ജരി, ശ്രീകൃഷ്ണചരിത്രമഞ്ജരി, പ്രാതഃസങ്കല്പഗദ്യം, സർവ്വസമർപ്പണഗദ്യം മുതലായവയും പ്രസ്താവ്യമർഹിക്കുന്നു.

എ.ഡി. 1621 ൽ ഗുരു സുധീന്ദ്രതീർത്ഥയുടെ പിൻഗാമിയായി അദ്ദേഹം ശ്രീമഠത്തിന്റെ ചുമതല ഏറ്റെടുത്തു. തുടർന്ന് നിരന്തരമായ ദേശാടനത്തിലൂടെ ദക്ഷിണേന്ത്യയൊട്ടാകെ മധ്വാചാര്യരുടെ ദ്വൈതസിദ്ധാന്തം പ്രചരിപ്പിച്ചു.

രാഘവേന്ദ്രസ്വാമിയുടെ അൽഭുതപ്രവൃത്തികളെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ രേഖപ്പെടുത്തിയ ഗ്രന്ഥങ്ങൾ ലഭ്യമാണ്.

വാർദ്ധക്യമെത്തിയ രാഘവേന്ദ്ര തന്റെ ശിഷ്യന്മാരെ വിളിച്ചിരുത്തി ഇപ്രകാരം പറഞ്ഞു – ഞാൻ സമാധിയാകാൻ ഏറെ താമസമില്ല. ശരീരം നശ്വരമാണ്. അത് മണ്ണോടു ചേരും.എന്റെ ആത്മാവ് എന്നും നിങ്ങളോടൊപ്പമുണ്ടാവും !അതിനാൽ ആരും വിഷമിക്കരുത്.! "എ.ഡി. 1671 ൽ മന്ത്രാലയം എന്ന ദിക്കിൽ വെച്ച് അദ്ദേഹത്തിന്റെ ആത്മാവ് ഈശ്വരനിൽ വിലയം പ്രാപിച്ചു. വൃന്ദാവനം എന്നറിയപ്പെടുന്ന ഈ സ്ഥലം ഇന്ന് ആന്ധ്രപ്രദേശിന്റെ ഭാഗമാണ്.സമാധിക്കു ശേഷവും രാഘവേന്ദ്രതീർത്ഥസ്വാമി പലപ്പോഴും ഭക്തർക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ടിരുന്നുവത്രേ! എ.ഡി. 1801 ൽ ബ്രിട്ടീഷുകാരനും അന്നത്തെ ബെല്ലാരി കളക്ടറുമായിരുന്ന സർ തോമസ് മൺറോയ്ക്കും (പിന്നീട് അദ്ദേഹം മദ്രാസ് ഗവർണറായും സേവനമനുഷ്ഠിച്ചു.) ഇത്തരം ഒരനുഭവമുണ്ടായി. ഒരു ഭൂമിതർക്കത്തെക്കുറിച്ചു താൻ സ്വാമിയുടെ ഉപദേശം തേടിയതായും അദ്ദേഹവുമായി ഇംഗ്ലീഷിൽ ഒരു സംഭാഷണം നടത്തിയതായും സ്വാമിജി നിർദേശിച്ച പ്രകാരം താൻ പ്രശ്നത്തിൽ ഉചിതമായ തീരുമാനമെടുത്തതായും കേണൽ മൺറോ തന്റെ കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ആന്ധ്രപ്രദേശിലെ മന്ത്രാലയത്തിൽ രാഘവേന്ദ്ര അന്ത്യവിശ്രമം കൊള്ളുന്ന വൃന്ദാവനം ഇന്നും ഭക്തജനങ്ങളുടെ പ്രിയപ്പെട്ട തീർത്ഥാടന കേന്ദ്രമാണ്.

### ആന്ധ്ര

പൗരാണികയുഗത്തിൽ തെലുങ്കുദേശം ത്രിലിംഗ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കാളഹസ്തി, ശ്രീശൈലം, ദക്ഷരാമ എന്നീ മൂന്നു ശിവലിംഗങ്ങളാൽ വലയം ചെയ്യപ്പെട്ട ദേശം എന്ന അർത്ഥത്തിലാണ് തെലിംഗ അഥവാ ത്രിലിംഗ എന്ന പേരുണ്ടായത്.

ശിവോപാസനയും വൈഷ്ണവോപാസനയും ഒരുപോലെ നിലനിന്നിരുന്നെങ്കിലും ഭക്തിയിലൂടെ സമൂഹത്തിൽ പരിവർത്തനമുണ്ടാക്കിയവരെക്കുറിച്ച് തെലുങ്കുദേശത്തിന്റെ ചരിത്രത്തിൽ വലുതായ പരാമർശങ്ങൾ കാണുന്നില്ല. എന്നാൽ സംഗീതത്തിലൂടെ സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിച്ച ഒട്ടേറെ വാക്ഷേയകാരൻമാർ തെലുങ്കുദേശക്കാരായിരുന്നു. കർണ്ണാടകസംഗീതത്തെ മാദ്ധ്യമമാക്കി സ്വതന്ത്രമായ ദർശനങ്ങളെ പ്രചരിപ്പിച്ച സംഗീത സമ്രാട്ടുക്കളുടെ മാതൃഭാഷ തെലുങ്കായിരുന്നു. അവർ കൃതികൾ രചിച്ചതും തെലുങ്കിൽത്തന്നെ! കല, സാഹിത്യം, സംസ്കാരം തുടങ്ങിയവയുടെ കേന്ദ്രമായിരുന്ന വിജയനഗരസാമ്രാജ്യം എ.ഡി. 1565–ൽ ശത്രുക്കളുടെ ആക്രമണഫലമായി തകർന്നു. തെലുങ്കുപണ്ഡിതന്മാരും കലാകാരന്മാരും തെക്കോട്ടു പലായനം ചെയ്തു. തഞ്ചാവൂർ മന്നനായ അച്യുതപ്പനായക് ഇവർക്ക് അഭയം നൽകി. അദ്ദേഹം കാവേരി നദീതീരത്തു സ്ഥിതിചെയ്തിരുന്ന മേലാറ്റൂർ ഗ്രാമം അഭയാർത്ഥികൾക്കു ദാനമായി നൽകി. .ഇവിടെ കലയും സാഹിത്യവും വിളഞ്ഞു. താമസിയാതെ ഈ ഗ്രാമം കലകളുടെയും ഭക്തിയുടെയും കേന്ദ്രമായി വളർന്നു. സംഗീതശ്രേഷ്ഠരായ പുരന്ദരദാസ്, അന്നമാചാര്യ, ക്ഷേത്രജ്ഞൻ, പൈദാല ഗുരുമൂത്തി ശാസ്ത്രി, വെങ്കടമഖി, ഭദ്രാചല രാംദാസ് തുടങ്ങിയ വാക്ഷേയകാരന്മാരുടെ പൂർവ്വികം തെലുങ്കുദേശത്തിലാണ്. അന്ധവിശ്വാസങ്ങൾക്കെതിരെയും അനാചാരങ്ങൾക്കെതിരെയും പ്രതികരിക്കാൻ മാത്രമല്ല ഈശ്വരസായൂജ്യത്തിനും ഉത്തമമാദ്ധ്യമം സംഗീതമല്ലാതെ മറ്റൊന്നുമല്ല എന്ന് ഇക്കൂട്ടർക്കു ബോദ്ധ്യമുണ്ടായിരുന്നു.

വാക്ഷേയകാരന്മാർക്കു പുറമേ ഭക്തിയിലൂടെ സാമൂഹ്യപരിവർത്തനം എന്ന ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിച്ച ഒട്ടേറെ ആചാര്യന്മാരും തെലുങ്കുദേശത്തിന്റെ ചരിത്രത്തിലിടം നേടിയിട്ടുണ്ട്.

തുടർന്നുള്ള താലൂകളിൽ തെലുങ്കുദേശത്ത് (ആന്ധ്ര) പരിവർത്തനത്തിന്റെ തരംഗങ്ങൾ സൃഷ്ടിച്ച ആചാര്യന്മാരെക്കുറിച്ചുള്ള കുറിപ്പുകൾ കാണാം. (വാക്ഷേയകാരന്മാരെക്കുറിച്ചു പ്രത്യേകം ഒരദ്ധ്യായം ഈ ഗ്രന്ഥത്തിൽ അനുബന്ധമായി ചേർക്കുന്നുണ്ട്).

## നന്നയ്യാ

തെലുങ്കുഭാഷയുടെ ചരിത്രത്തിൽ ഏറെ പ്രാധാന്യത്തോടെ നന്നയ്യായുടെ പേര് പരാമർശിച്ചുകാണാം. കവി, ചിന്തകൻ, വ്യാകരണകാരൻ തുടങ്ങിയ നിലകളിൽ പ്രസിദ്ധി നേടിയ നന്നയ്യാ എ.ഡി. പതിനൊന്നാം നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നത്. ചില ചരിത്രകാരന്മാർ ഈ കാലഘട്ടത്തെ നന്നയ്യായുഗം എന്നു വിശേഷിപ്പിക്കാറുണ്ട്. സംസ്കൃതഭാഷയിൽ അഗാധപാണ്ഡിത്യമുണ്ടായിരുന്ന അദ്ദേഹം സാധാരണക്കാർക്ക് അപ്രാപ്യമായിരുന്ന ഇതിഹാസങ്ങളെ തെലുങ്കുഭാഷയിൽ പുനരാവിഷ്കരിച്ചു. അദ്ദേഹത്തിന്റെ 'ആന്ധ്രമഹാരതമു'എന്ന ഗ്രന്ഥം മഹാഭാരതകാവ്യത്തിന്റെ തെലുങ്കു ആവിഷ്കാരമാണ്. സംസ്കൃതത്തിൽ 'ആന്ധ്ര ശബ്ദചിന്താമണി'എന്ന പേരിൽ ഒരു വ്യാകരണ ഗ്രന്ഥവും നന്നയ്യയുടേതായി വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

നന്നയ്യാ 'ആദികവി' എന്ന അംഗീകാരം നേടിയിട്ടുണ്ട്. ചിലർ അദ്ദേഹത്തെ 'ഉഭയകവി' എന്നും വാഴ്ത്തുന്നു. തെലുങ്കു ഭാഷക്ക് രൂപഭംഗി നൽകാനും പരിപോഷിപ്പിക്കാനും അദ്ദേഹത്തിനു സാധിച്ചു. ഈ ഉദ്യമത്തിൽ സഹായിയായിരുന്ന നാരായണഭട്ടയെക്കുറിച്ച് നന്നയ്യാ തന്റെ രചനകളിൽ എടുത്തു പറയുന്നുണ്ട്.

## തിക്കന്ന

തെലുങ്കു സാഹിത്യത്തിന് ബൃഹത്തായ സംഭാവനകൾ നൽകിയ മറ്റൊരാൾ തിക്കന്നയാണ്. പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇദ്ദേഹത്തിന് ചരിത്രകാരന്മാർ നന്നയ്യക്കൊപ്പം സ്ഥാനം നൽകുന്നു.അതുല്യനായ ഒരു കവി എന്ന നിലയിൽ മാത്രമല്ല ചിന്തകൻ, രാഷ്ട്രമീമാംസകൻ, രാജ്യതന്ത്രജ്ഞൻ, മികച്ച യോദ്ധാവ് മുതലായ നിലകളിലും പ്രശസ്തനായിരുന്നു തിക്കന്ന. രാജ്യങ്ങൾ തമ്മിലുള്ള വ്യവഹാരങ്ങൾ ഒത്തുതീർപ്പാക്കുന്നതിലും മതപരമായ തർക്കങ്ങൾ പരിഹരിക്കുന്നതിലും തിക്കന്നായുടെ അഭിപ്രായങ്ങൾ വലുതായ പങ്കുവഹിച്ചു. വീരശൈവയോഗികളെയും വൈഷ്ണവയോഗികളെയും രമ്യതയോടെ ചേർത്തുനിർത്താൻ തിക്കന്ന 'ഹരിഹരനാഥ' മതം ആവിഷ്കരിച്ചു.വേദത്തിലും ഉപനിഷത്തിലും അനുശാസിക്കുന്ന ചര്യകളനുസരിച്ചു ജീവിച്ചയാളാണ് തിക്കന്ന. 'സോമയാഗ'തുടങ്ങിയ വൈദികാചാരണങ്ങളും അദ്ദേഹം അനുഷ്ഠിച്ചുപോന്നു. സമുദായപരിഷ്ക്കർത്താക്കളായ ഋഷികവിമാർക്കിടയിൽ അദ്ദേഹത്തിനു സ്ഥാനമുണ്ടായിരുന്നു.

നെല്ലൂരിലെ ഭരണാധികാരിയായിരുന്ന മുഹമ്മദുദ്ദീന്റെ മന്ത്രിസ്ഥാനവും സേനാനായകസ്ഥാനവും വഹിക്കുന്ന കാലത്ത് തിക്കന്നയുടെ നയതന്ത്ര നിപുണത പൂർണ്ണമായും വെളിപ്പെട്ടു.ഒരു കാലഘട്ടത്തിൽ രാജ്യം നഷ്ടപ്പെട്ട മുഹമ്മദ്ദുദ്ദീൻ ഒളിവിൽ പോയി. അവസരത്തിനൊത്തുയർന്ന തിക്കന്ന അയൽരാജ്യത്തെ രാജാവായ ഗണപതിദേവയെ സമീപിച്ചു സഹായമഭ്യർത്ഥിച്ചു. തിക്കന്നയുടെ ആവശ്യം ന്യായമാണെന്നു ബോദ്ധ്യപ്പെട്ട ഗണപതിദേവ തന്റെ സേനയെ വിട്ടുകൊടുത്തു. ഗണപതിദേവയുടെ സഹായത്താൽ തിക്കന്ന ശത്രുവിനെ തുരത്തുകയും സിംഹാസനം വീണ്ടെടുത്തു മുഹമ്മദുദ്ദീനു സമർപ്പിക്കുകയും ചെയ്തു.

രാമായണത്തോടും മഹാഭാരതത്തോടും അഗാധമായ ഭക്തിയുണ്ടായിരുന്ന തിക്കന്ന രാമായണം സമ്പൂർണ്ണമായി തെലുങ്കിലേക്ക് വിവർത്തനം ചെയ്തു. ഈ തർജമ 'നിർവചനേതര രാമായണം' എന്നറിയപ്പെടുന്നു. മഹാഭാരതത്തിന്റെ പതിനഞ്ച് പർവ്വങ്ങൾ അദ്ദേഹം തെലുങ്കിലേക്കു മൊഴിമാറ്റം ചെയ്തു. തെലുങ്കു കവിതകളുടെ സമാഹാരമായ 'വിജയസേന'യാണ് തിക്കന്നയുടെ മറ്റൊരുഗ്രന്ഥം. 'കാവ്യബന്ധനം' എന്ന പേരിൽ ഒരു സംസ്കൃതഗ്രന്ഥവും അദ്ദേഹം രചിച്ചു.മൂലകൃതിയിൽ നിന്നും തെല്ലും വ്യതിചലിക്കാതെയാണ് നന്നയ്യ മഹാഭാരതത്തിന്റെ ഏതാനും അദ്ധ്യായങ്ങൾ തർജ്ജമചെയ്തത്. സംസ്കൃത പദങ്ങളുടെ ബാഹുല്യം നിമിത്തം സാധാരണക്കാർക്ക് ഈ തർജ്ജമ വലുതായ ഗുണം ചെയ്തില്ല. തന്നെയുമല്ല തന്റേതായ സംഭാവനകൾ നൽകുന്നതിലും നന്നയ്യാ ശ്രദ്ധ പുലർത്തിയില്ല. എന്നാൽ തിക്കന്ന സ്വന്തമായ ഭാവനയുപയോഗിച്ച് ഗാന്ധാരി, കുന്തി, ദ്രൗപദി മുതലായ സ്ത്രീകഥാപാത്രങ്ങളെ തെളിമയോടെ അവതരിപ്പിച്ചു. 'ജന തെലുങ്ക്' എന്ന ലളിതമായ ഭാഷയാണ് അദ്ദേഹം ഉപയോഗിച്ചത്. ഇത് സാധാരണക്കാർക്ക് ഏറെ പ്രയോജനംചെയ്തു.

സമ്പത്തിന്റെ മടിത്തട്ടിൽ ജീവിച്ച സന്യാസി എന്നാണ് തിക്കന്നയെ ചരിത്രകാരൻമാർ വിലയിരുത്തുന്നത്.





## ബോപദേവ

പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബോപദേവ ഭാഗവതവ്യാഖ്യാനത്തിലൂടെ ജനഹൃദയങ്ങളിൽ ഇടം നേടിയ വ്യക്തിയാണ്. ബോപദേവയും പൊത്തന്നയും ഭക്തിപ്രസ്ഥാനത്തിന്റെ പ്രതിനിധികളായി വിലയിരുത്തപ്പെടുന്നു. പൊത്തന്നയുടെ ഭാഗവത വ്യാഖ്യാനം സാധാരണക്കാരെ ഏറെ വശീകരിച്ചു.

വിദർഭയിലെ വരദാനദീതീരത്തു സ്ഥിതിചെയ്തിരുന്ന വേദപുരം എന്ന ഗ്രാമത്തിലാണ് ബോപദേവയുടെ ജനനം. ബ്രാഹ്മണർ മാത്രം പാർത്തിരുന്ന ഒരു പ്രദേശമായിരുന്നു വേദപുരം. അവരിൽ പണ്ഡിതരും കവികളും ആയുർവേദ ഭിഷഗ്വരന്മാരുമുണ്ടായിരുന്നു.

എ.ഡി. 1210 മുതൽ 1247 വരെ രാജ്യം ഭരിച്ച സിംഘണ്ണയുടെ കാലത്താണ് ബോപദേവയുടെ സാഹിത്യപ്രവർത്തനങ്ങൾ പുഷ്കലമായത്. സിംഘണ്ണയുടെ പിൻഗാമികളുടെ കാലത്തും ബോപദേവ സാഹിത്യരംഗത്ത് സജീവമായിരുന്നു.

ഭാഗവതത്തിന് തർജമയെക്കാൾ ആവശ്യം ഒരു വ്യാഖ്യാനമാണ് എന്ന തിരിച്ചറിവിൽ അദ്ദേഹം 'ഹരിലീല', 'മുക്തഫല' എന്ന രണ്ടു ഗ്രന്ഥങ്ങൾ രചിച്ചു. ഭാഗവതത്തെ ആധാരമാക്കി രചിക്കപ്പെട്ട കൃഷ്ണന്റെ ഗാഥകളാണ് ഈ ഗ്രന്ഥങ്ങൾ. രാമരാജൻ എന്ന രാജാവിന്റെ പ്രോത്സാഹനത്തോടെ രണ്ടുഗ്രന്ഥങ്ങളും ലോകസമക്ഷം അവതരിപ്പിച്ചു. പുഷ്പദത്തന്റെ ശിവമഹിമസ്തവം എന്ന കൃതിക്കും അദ്ദേഹം വ്യാഖ്യാനം രചിച്ചു. ഇതിൽ നിന്നും ബോപദേവന് ശിവനിലും വിഷ്ണുവിലും ഒരുപോലെ ഭക്തിയുണ്ടായിരുന്നു എന്ന കാര്യം സ്പഷ്ടമാകുന്നു. പിൽക്കാലത്ത് തിക്കന്നയും ശിവവിഷ്ണു സംയുക്തരൂപനായ ഹരിഹരനാഥനെയാണ് ഉപാസിച്ചത്. കബീറിനെപ്പോലെ ഏകദൈവസിദ്ധാന്തമാണ് ഹരിഹരനാഥോപാസനയിലൂടെ വ്യക്തമാകുന്നത്.

മഹാപണ്ഡിതനായിരുന്ന ബോപദേവ വ്യാകരണത്തിലും ഛന്ദശാസ്ത്രത്തിലും വിശാരദനായിരുന്നു. നന്നയ്യ രൂപഭംഗി നൽകിയ തെലുങ്കുഭാഷക്ക് പുത്തൻ അലങ്കാര പ്രയോഗങ്ങളിലൂടെ, അനുപമായ സമാസങ്ങളിലൂടെ തെളിമയേകാൻ ബോപദേവനു കഴിഞ്ഞു.

ഭാഗവതമായിരുന്നു ബോപദേവന്റെ പ്രാണവായു; കൃഷ്ണഭക്തി പ്രാണനും! ചരിത്രകാരൻമാർ രേഖപ്പെടുത്തുന്നു .

## ഏറന്ന

ആന്ധ്ര മഹാഭാരതത്തിന് ആത്മാവും രൂപവും നൽകിയ ത്രിമൂർത്തികളിലൊരാൾ ഏറന്നയാണ്. നന്നയ്യായും, തിക്കന്നായുമാണ് മറ്റുരണ്ടുപേർ. പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വ്യക്തികളായിരുന്നെങ്കിലും തന്റെ കവിത്വം കൊണ്ടും പാണ്ഡിത്യംകൊണ്ടും ഏറന്നാ ത്രിമൂർത്തികളിൽ ഒരാളായി അംഗീകരിക്കപ്പെട്ടു. ജനങ്ങൾ അദ്ദേഹത്തിന് യെല്ലപ്രഗഡ,ഏറപ്രഗഡ എന്നീ ബിരുദങ്ങൾ നൽകി. ആദരിച്ചു.ശൂരന്നയുടെയും പോതമ്മയുടെയും പുത്രനായി ഗുഡല്ലൂർ ഗ്രാമത്തിൽ ജനിച്ച ഏറന്നയുടെ ഗുരു ശ്രീശങ്കരസ്വാമിയായിരുന്നു.

ബ്രാഹ്മണകുടുംബത്തിലാണ് ജനിച്ചതെങ്കിലും ഏറണ്ണ വിഷ്ണുവിനെയാണ് ഉപാസിച്ചത്. എ.ഡി. 1325 മുതൽ 1353 വരെ രാജ്യം ഭരിച്ച പ്രോളായ വേമറെഡ്ഡിയുടെ കൊട്ടാരത്തിലെ ആസ്ഥാനകവിയായി അവരോധിക്കപ്പെട്ടു. എ.ഡി. 1325-ൽ വേമറെഡ്ഡി സ്ഥാപിച്ച റെഡ്ഡി രാജവംശം എ.ഡി. 1424 വരെ മികച്ച ഭരണം കാഴ്ച വെച്ചു. ആന്ധ്രയിലെ ഗുണ്ടൂർ, പ്രകാശം, നെല്ലൂർ, കർന്നൂൽ തുടങ്ങിയ ജില്ലകൾ റെഡ്ഡി സാമ്രാജ്യത്തിന്റെ ഭാഗങ്ങളായിരുന്നു.

അപൂർണ്ണമായ നിലയിൽ ഉപേക്ഷിക്കപ്പെട്ട മഹാഭാരതം തർജ്ജമ പൂർണ്ണമാക്കിയത് ഏറന്നയാണ്. വഗണുശാസന, കവിബ്രഹ്മ, പ്രബന്ധപരമേശ്വര തുടങ്ങിയ കൃതികൾ രചിച്ചുകൊണ്ട് 'പ്രബന്ധപരമേശ്വര' എന്ന ബിരുദവും അദ്ദേഹം സമ്പാദിച്ചു. മഹാഭാരതത്തിന്റെ അനുബന്ധമായ 'ഹരിവംശ'ത്തിന് ഒരു തെലുങ്കു തർജമയുണ്ടായത് ഏറന്നയുടെ തൂലികയിലൂടെയാണ്. അദ്ദേഹത്തിന്റെ നരസിംഹ പുരാണവും ഏറെ ജനശ്രദ്ധനേടി.

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2018 മാർച്ച് മാസം 11-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***

ക്ഷേത്രങ്ങളിലൂടെ

# മക്രേരി സുബ്രഹ്മണ്യസ്വാമിക്ഷേത്രം

**ഇന്ദിരാഭായി (ഫോൺ:8078552892)**

ഭാരതീയ സംസ്കാരത്തിന്റെ ജീവൻ എന്നത് ക്ഷേത്രങ്ങളാണ്. ക്ഷേത്രങ്ങൾ നാടിന്റെ ജീവനും ഐശ്വര്യവുമാണ്. നശിപ്പിക്കപ്പെട്ടതോ നശിച്ചുക്കൊണ്ടിരിക്കുന്നതോ ആയ ക്ഷേത്രങ്ങൾ ആ ദേശത്തിന്റെ അധഃപതനത്തെയാണ് സൂചിപ്പിക്കുന്നത്. അങ്ങനെയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങൾ പല വിധത്തിലുള്ള കഷ്ടതകൾ അനുഭവിച്ചു കൊണ്ടു ജീവിക്കുന്നവരുമായിരിക്കും. ഭാരതീയ ദർശനങ്ങൾ സമൂഹത്തിൽ വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈശ്വരാരാധന നാമറിയാതെ നമ്മെ നന്മയുടെ പാതയിലേക്കു നയിക്കുന്നു. ക്ഷേത്രാരാധനയിലൂടെ ലഭിക്കുന്ന ഊർജ്ജമാണ് ദേശവാസികളുടെ ഐശ്വര്യം. ആരാധനാലയങ്ങൾക്കഭിവൃദ്ധിയുണ്ടായാലേ ദേശവാസികൾക്കും അഭിവൃദ്ധിയുണ്ടാവുകയുള്ളു. ക്ഷേത്രത്തിലെ ദേവചൈതന്യം ക്ഷേത്രാരാധകരായ നാട്ടുകാരുടെ മാനസിക ചിന്താഗതികളിലും സ്വഭാവരൂപികരണത്തിലും പ്രകടമാകുന്നതോടൊപ്പം നാട്ടിൽ സമാധാനവും സമ്പൽസമൃദ്ധിയും ഐശ്വര്യവും വർദ്ധിക്കുന്നു; ദുഷ്ടശക്തികളെ തടയുവാനുള്ള ശക്തി കൈവരുന്നു. നമ്മുടെ പൈതൃകങ്ങളെ നിലനിർത്തുവാൻ ഈ ശക്തി നമുക്കത്യാവശ്യമാണ്.





നമ്മുടെ കൊച്ചു കേരളത്തിന്റെ വടക്കെ അറ്റത്ത് കേരളത്തിലെ രണ്ടാമത്തെ വലിയ ജില്ലയായ കണ്ണൂരിലെ മക്രേരി എന്ന കൊച്ചുഗ്രാമത്തിൽ സാമാന്യം ഉയർന്നതും വിശാലമായതുമായ ഒരു പ്രദേശമുണ്ട്. അവിടെ ഒരു ക്ഷേത്രവുമുണ്ട്. പ്രൗഢിയുടെയും പ്രതാപത്തിന്റെയും ശാന്തിയുടെയും സമാധാനത്തിന്റെയും നല്ല നാളുകളെ ഓർമ്മയിൽ സൂക്ഷിച്ചുകൊണ്ട് തകർന്നടിഞ്ഞു കിടക്കുന്ന ക്ഷേത്രഭാഗങ്ങളെ സംരക്ഷിച്ചുകൊണ്ട് , ദാരിദ്ര്യവും പേറി നിൽക്കുന്ന , ദേവസ്വം ബോർഡിന്റെ ഭരണത്തിൻ കീഴിലുള്ള ഒരു ക്ഷേത്രം. ആ ക്ഷേത്രത്തിൽ ഭക്തജനങ്ങളേയും ഗ്രാമത്തേയും ഗ്രാമവാസികളേയും രക്ഷിക്കുവാനും അനുഗ്രഹിക്കുവാനുമായി ഒരു ക്ഷേത്രദേവനും പൂജാരിയും കാത്തിരിക്കുന്നു. ക്ഷേത്രത്തിലെ ദേവൻ സുബ്രഹ്മണ്യനും പൂജാരി ഹനുമാനുമാണ്. അത്ഭുതപ്പെടേണ്ട, അങ്ങനെയൊരു ക്ഷേത്രം നമുക്കുണ്ട്, നമ്മുടെ കേരളത്തിലുണ്ട്. അതാണ് മക്രേരി സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം. ആയിരത്തിലേറെ വർഷങ്ങളുടെ പഴക്കമുള്ള ക്ഷേത്രമാണിത്. ആധുനിക വികസനങ്ങൾ അധികമൊന്നും കടന്നു ചെന്നിട്ടില്ലാത്ത ഒരു ഗ്രാമത്തിലാണ് മക്രേരി അമ്പലം സ്ഥിതി ചെയ്യുന്നത്. കണ്ണൂരിൽ നിന്നും ഇരുപതു കിലോമീറ്റർ ദൂരം സഞ്ചരിച്ചാൽ മക്രേരിയിലെ ഈ ക്ഷേത്രത്തിലെത്താം.

ടിപ്പുവിന്റെ പടയോട്ടക്കാലത്ത് തല്ലിത്തകർത്ത ആയിരക്കണക്കിനു ക്ഷേത്രങ്ങളിലൊന്നാണ് മക്രേരി അമ്പലം. ഇനിയൊരിക്കലും ഈ ക്ഷേത്രങ്ങളൊന്നും പുനർനിർമ്മിക്കപ്പെടുകയോ പുനപ്രതിഷ്ഠിതമാവുകയോ ചെയ്യരുത് എന്ന നിർബന്ധബുദ്ധിയോടുകൂടി തച്ചുടച്ചു നശിപ്പിച്ച വടക്കൻ കേരളത്തിലെ ക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങൾ,ദുഷ്ടബുദ്ധികളുടെ അതിക്രമങ്ങളെ അതിജീവിച്ച് ഇന്നും നിശ്ശേഷം നശിക്കാതെ നിലനില്ക്കുന്നതു കാണുമ്പോൾ ഏതൊരു ക്ഷേത്രവിശ്വാസിയും അത്ഭുതപ്പെട്ടു പോകും.





എത്ര നശിപ്പിച്ചാലും എത്ര നശിപ്പിക്കാൻ ശ്രമിച്ചാലും സാധിക്കാത്ത വിധത്തിൽ ഏതോ ഒരു ശക്തി ഈ ക്ഷേത്രാവിശിഷ്ടങ്ങളെ ഇന്നും കാത്തുസൂക്ഷിക്കുന്നുണ്ട് എന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു. എന്നെങ്കിലും ഇവയെ പുനർനിർമ്മിക്കുവാൻ ആരെങ്കിലും എത്തുന്നതും കാത്ത് അവർക്കു മാർഗ്ഗനിർദ്ദേശം നൽകുവാനായി ഒരു ശക്തി ഇവിടെ കാത്തിരിപ്പുണ്ട്. മനുഷ്യ ശരീരത്തെ നശിപ്പിക്കാം ആ ശരീരത്തിൽ കുടിക്കൊള്ളുന്ന ആത്മാവിനെ നശിപ്പിക്കാൻ സാധിക്കില്ല. അതുപോലെ തന്നെ ക്ഷേത്രത്തെ നശിപ്പിക്കാം. ക്ഷേത്രസമുച്ചയങ്ങളേയും ക്ഷേത്രപ്രാസാദങ്ങളേയും നശിപ്പിക്കാം. ഈശ്വരന്റെ പ്രതിബിംബമായ വിഗ്രഹങ്ങളെ നശിപ്പിക്കാം. എന്നാൽ വിഗ്രഹങ്ങളിൽ കുടിക്കൊള്ളുന്ന ഈശ്വരചൈതന്യത്തെ നശിപ്പിക്കുവാൻ സാധിക്കില്ല. അങ്ങനെയുള്ള ഈശ്വരചൈതന്യപ്രഭാവത്താലല്ലോ നശിപ്പിക്കപ്പെട്ട പല ക്ഷേത്രങ്ങളും ഇന്ന് പുനരുദ്ധരിക്കപ്പെടുന്നത്.

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിൽ അഞ്ചരക്കണ്ടി എന്ന സ്ഥലത്താണ് മക്രേരി എന്ന ഗ്രാമവും മക്രേരി ക്ഷേത്രവും സ്ഥിതി ചെയ്യുന്നത്. കണ്ണൂരിൽ നിന്നും ഓടക്കടവു റോഡു വഴി ഇരുപതു കിലോമീറ്റർ ദൂരം സഞ്ചരിച്ചാൽ ഈ ഗ്രാമക്ഷേത്രത്തിലെത്തിച്ചേരാം. ത്രേതായുഗത്തിൽ ശ്രീഹനുമാൻ സ്വാമി സുബ്രഹ്മണ്യ പ്രതിഷ്ഠ നടത്തുകയും സ്വയം അവിടെ തന്നെ കുടിക്കൊള്ളുകയും ചെയ്ത ഒരു പുണ്യപുരാതന ക്ഷേത്രമാണ് മക്രേരി ക്ഷേത്രം. ഉയർന്ന പ്രദേശത്ത് മർക്കടൻ പ്രതിഷ്ഠ നടത്തിയ ക്ഷേത്രം മർക്കടഗിരിക്ഷേത്രമെന്നും ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലം മർക്കടഗിരിയെന്നും അറിയപ്പെട്ടു. മർക്കടഗിരിയെന്ന സ്ഥലനാമം ലോപിച്ച് മക്രേരിയായി എന്നും വിശ്വസിക്കുന്നു. ത്രേതായുഗത്തിൽ ശ്രീരാമലക്ഷ്മണന്മാർ അവരുടെ വനവാസക്കാലത്ത് രാവണൻ അപഹരിച്ചുകൊണ്ടുപോയ സീതാദേവിയെ അന്വേഷിച്ചു വരുന്ന വഴി ഇന്ന് പെരളശ്ശേരി എന്ന അറിയപ്പെടുന്ന സ്ഥലത്തെത്തി. അക്കാലത്ത് പെരളശ്ശേരിയും സമീപപ്രദേശങ്ങളും നിബിഡവനമായിരുന്നു. ഈ വനപ്രദേശത്തു വസിച്ചിരുന്ന വനവാസികളായ ആളുകൾ രാമലക്ഷ്മണന്മാർക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തിരുന്നു. കാനനഭംഗിയാർന്ന ഈ സ്ഥലം ദേവചൈതന്യം കുടികൊള്ളുവാൻ പറ്റിയ സ്ഥലമാണെന്നും ഈ സമയം ദേവപ്രതിഷ്ഠയ്ക്കുത്തമമായ സമയമാണെന്നും ശ്രീരാമൻ ലക്ഷ്മണനേയും ഹനുമാനേയും അറിയിച്ചു. തന്റെ ഹൃദയത്തിൽ കുടികൊള്ളുന്ന ശ്രീരാമദേവനും സീതാദേവിക്കും തുല്യമായ ശക്തിപ്രഭാവമുള്ള വിഗ്രഹം പ്രതിഷ്ഠിച്ചനുഗ്രഹിക്കണമെന്ന് ഹനുമാൻ ശ്രീരാമനോടപേക്ഷിച്ചു. ദേവപ്രതിഷ്ഠയ്ക്കുള്ള വിഗ്രഹം കൊണ്ടു വരിക എന്നുള്ള ദൗത്യം ശ്രീരാമൻ ഹനുമാനെ ഏല്പിച്ചു. ശ്രീരാമന്റെ നിർദ്ദേശമനുസരിച്ച് ലക്ഷണമൊത്ത വിഗ്രഹം കൊണ്ടു വരുന്നതിനായി ഹനുമാൻ സരയൂവിലേക്ക് പോയി. വിഗ്രഹവുമായി ഹനുമാനെത്തുന്നതും കാത്തിരുന്ന ശ്രീരാമൻ മുഹൂർത്ത സമയം കഴിയും മുമ്പ് തന്റെ കയ്യിലണിഞ്ഞിരുന്ന പെരുവള (വലിയവള) ഊരി യഥാസ്ഥാനത്തു പ്രതിഷ്ഠിച്ചു. ശ്രീരാമന്റെ കയ്യിലെ പെരുവള പ്രതിഷ്ഠിച്ച സ്ഥലം പെരുവളശ്ശേരി എന്നറിയപ്പെട്ടു. പിന്നീട് പെരുവളശ്ശേരി ലോപിച്ച് പെരളശ്ശേരിയായി എന്നും വിശ്വസിക്കുന്നു. ശ്രീരാമൻ പെരുവള പ്രതിഷ്ഠിച്ച ക്ഷേത്രമാണ് പെരളശ്ശേരി ശ്രീ സുബ്രഹ്മണ്യ സ്വാമിക്ഷേത്രം. ശ്രീരാമന്റെയും സീതാദേവിയുടെയും അത്രതന്നെ ശക്തിപ്രഭാവമുള്ള വള്ളി പരിണയഭാവമാർന്ന സുബ്രഹ്മണ്യ വിഗ്രഹവുമായി എത്തിയ ഹനുമാൻ താൻ വിഗ്രഹവുമായി എത്താൻ വൈകിയതിനാൽ വിഗ്രഹത്തിന്റെ സ്ഥാനത്ത് ശ്രീരാമൻ പെരുവള പ്രതിഷ്ഠിച്ചു എന്നറിഞ്ഞ് ദുഃഖിതനായി. പശ്ചാത്താപവിവശനായ ഹനുമാനെ ശ്രീരാമൻ സാന്ത്വനിപ്പിക്കുകയും ഹനുമാൻ കൊണ്ടു വന്ന വിഗ്രഹം പെരുവള പ്രതിഷ്ഠിച്ച സ്ഥലത്തു നിന്നും ഒരു ചുവട് വടക്കു മാറി ഹനുമാൻ തന്നെ പ്രതിഷ്ഠിച്ച് പൂജകൾ നടത്തുവാനും സ്വയം അവിടെ കുടിക്കൊള്ളുവാനും ശ്രീരാമൻ നിർദ്ദേശിച്ചു. പെരുവളശ്ശേരിയിലെത്തുന്നവർ ഹനുമത്പ്രതിഷ്ഠിതമായ ഈ സുബ്രഹ്മണ്യ വിഗ്രഹവും ഹനുമാൻ സ്വാമിയേയും ദർശിച്ചാൽ മാത്രമേ പരിപൂർണ്ണഫലം ലഭിക്കുകയുള്ളു എന്നും ശ്രീരാമ ദേവൻ അരുളി ചെയ്തു. അങ്ങനെ ഭഗവാന്റെ നിർദ്ദേശമനുസരിച്ച് ഹനുമാൻ തന്നെ വള്ളീപരിണയഭാവമാർന്ന സുബ്രഹ്മണ്യ വിഗ്രഹം പ്രതിഷ്ഠിച്ച് പൂജാദി കർമ്മങ്ങൾ നടത്തിയെന്നു വിശ്വസിക്കുന്ന ക്ഷേത്രമാണ് മക്രേരി ക്ഷേത്രം. പ്രതിഷ്ഠാസമയത്ത് അഭിഷേകത്തിനുള്ള ജലത്തിനായി ഹനുമാൻ തന്റെ വാല് നിലത്തടിക്കുകയും അവിടെ ഒരു ജലസ്രോതസ്സുണ്ടാവുകയും ചെയ്തു. ഈ ജലസ്രോതസ്സ് പിന്നീട് ഒരു വലിയ ചിറയായി രൂപാന്തരപ്പെട്ടു. ഈ ചിറയിലെ ജലമാണ് ഇന്നും മക്രേരി ക്ഷേത്രത്തിൽ അഭിഷേകത്തിനുപയോഗിക്കുന്നത്. സാമാന്യം ഉയർന്ന സ്ഥലത്താണ് ഹനുമാൻ ദേവപ്രതിഷ്ഠ നടത്തിയത്. ഇന്നും ഇവിടുത്തെ ചിറയിൽ ഹനുമത്സാന്നിദ്ധ്യം ഉണ്ടെന്നു വിശ്വസിക്കുന്നതിനാൽ ആരും ചിറ മലിനപ്പെ

ടുത്താറില്ല. മക്രേരിക്ഷേത്രത്തിലെത്തുന്നവർ പെരളശ്ശേരിയിലും തൊഴുതാൽ മാത്രമേ പൂർണ്ണഫലം ലഭിക്കുകയുള്ളു എന്നും വിശ്വസിക്കുന്നു.

ഹനുമാൻ പ്രതിഷ്ഠിച്ച ക്ഷേത്രം എന്ന ഖ്യാതി മക്രേരി അമ്പലത്തിനു മാത്രം അവകാശപ്പെട്ടതാണ്. ചിരഞ്ജീവിയായ ഹനുമാൻ ഇന്നും ശ്രീരാമഭക്തനായി ജീവിക്കുന്നു. ഹനുമാന്റെ ഭക്തിനിർഭരമായ പൂജകൾ കാരണം മക്രേരിയിലെ ദേവന് അമിത ശക്തി കൈവന്നതിനാൽ ശക്തി കുറക്കുവാനും , ക്ഷിപ്രകോപിയായ ഹനുമാന് നിത്യദർശനം നൽകി അനുഗ്രഹിക്കുന്നതിനുമായി ശ്രീരാമൻ മത്സ്യരൂപിയായ മഹാവിഷ്ണുവായി ശ്രീകോവിലിനു മുന്നിലും രണ്ടു വശങ്ങളിലും കുടിയിരുന്നു എന്നുമാണ് സങ്കല്പം. ഇത്രയൊക്കെ പ്രാധാന്യങ്ങളുള്ള ഈ ക്ഷേത്രത്തെപ്പറ്റി പ്രദേശവാസികളല്ലാതെ ക്ഷേത്ര വിശ്വാസികളായ വളരെ കുറച്ചാളുകൾ മാത്രമേ കേട്ടിട്ടുള്ളു , കണ്ടിട്ടുള്ളു എന്നത് വളരെ സങ്കടകരമായ ഒരു വസ്തുതയാണ്. ഒരു പക്ഷേ ഇത്രയേറെ മാഹാത്മ്യമേറിയതും ദേവശക്തി കുടികൊള്ളുന്നതുമായ ഒരു ക്ഷേത്രമായതിനാലായിരിക്കാം ടിപ്പുവിനും പടയാളികൾക്കും നാശനഷ്ടങ്ങളുണ്ടാക്കുവനല്ലാതെ ക്ഷേത്രത്തെ പാടേ നശിപ്പിക്കുവാൻ കഴിയാതിരുന്നത്. പുനർനിർമ്മിതികൾ നടക്കുന്നതും ക്ഷേത്രകാര്യങ്ങൾ പുരോഗമിക്കുന്നതും ആ അദൃശ്യ ശക്തിയുടെ പ്രഭാവത്താലാണ് എന്ന് നമുക്കും വിശ്വസിക്കാം.

സംഗീത ചക്രവർത്തിയായിരുന്ന ദക്ഷിണാമൂർത്തി സ്വാമി തന്റെ സംഗീതത്തെ മക്രേരി ക്ഷേത്രദേവനു മുന്നിൽ സമർപ്പിച്ചു. മലയാളിയുടെ മനസ്സിൽ ദേവരാഗമായി മാറിയ ദക്ഷിണാമൂർത്തി സ്വാമി തന്റെ ആരാധനമൂർത്തികളായ ഇഷ്ടദൈവങ്ങളേയും ജീവശ്വാസമായിരുന്ന സംഗീതത്തേയും മക്രേരിയിലെ ഹനുമാൻ സ്വാമിക്കു മുന്നിൽ കുടിയിരുത്തിയിട്ടുണ്ട്. അദ്ദേഹം വൈക്കത്തപ്പന്റേയും ആഞ്ജനേയ സ്വാമിയുടെയും തികഞ്ഞ ഭക്തനായിരുന്നു. 2000–ാം മാണ്ടിലാണ് ദക്ഷിണാമൂർത്തിസ്വാമി ആദ്യമായി മക്രേരി അമ്പലത്തിലെത്തുന്നത്. ഒരു സംഗീത ആൽബത്തിന്റെ ചിത്രീകരണത്തിനായി തലശ്ശേരിയിലെ തിരുവങ്ങാട് ക്ഷേത്രത്തിലെത്തിയ സ്വാമി അവിടെ വച്ചാണ് മക്രേരി ക്ഷേത്രത്തെപ്പറ്റി ആദ്യമായി കേൾക്കുന്നത് . ഒരു നിയോഗമെന്നോണം അദ്ദേഹം മക്രേരി ക്ഷേത്രത്തിലെത്തി. ക്ഷേത്രദേവനെ തൊഴുതു നിന്ന അദ്ദേഹത്തിന് ദിവ്യദർശനമുണ്ടായി. സംഗീതത്തിലൂടെ തനിക്കു ലഭിച്ചതെല്ലാം ഇവിടെ സമർപ്പിക്കുവാൻ . ക്ഷേത്രനടയിൽ വച്ചു അദ്ദേഹത്തോടു പറയുന്നതായി അദ്ദേഹത്തിനനുഭവപ്പെട്ടു. ക്ഷേത്രദർശന സമയത്ത് തനിക്കുണ്ടായ അനുഭവത്തെപ്പറ്റി അദ്ദേഹം പറയുകയും ചെയ്തിട്ടുണ്ട്. പിന്നീട് അദ്ദേഹം പലപ്പോഴും ഈ ക്ഷേത്രത്തിൽ ദർശത്തിനെത്തുകയും ചെയ്തിരുന്നു. സ്വാമിക്ക് പ്രത്യക്ഷദർശനം നൽകിയ മക്രേരി ആഞ്ജനേയ സ്വാമിയുടെ തിരുസന്നിധിയിൽ ആത്മാരാധനയായി അദ്ദേഹം സമർപ്പിച്ചതാണ് അഖണ്ഡസംഗീതാരാധനായജ്ഞം. ഈ സംഗീതാരാധനയ്ക്ക് ത്യാഗരാജകൃതികൾ തന്നെ വേണമെന്നും അദ്ദേഹം നിശ്ചയിച്ചു. മക്രേരി ക്ഷേത്രത്തിൽ 2001 ൽ ദക്ഷിണാമൂർത്തി തുടങ്ങി വച്ച ഒരു രാവും പകലും നീണ്ടു നില്ക്കുന്ന അഖണ്ഡ സംഗീതാരാധന യജ്ഞം കഴിഞ്ഞ പതിനേഴു വർഷമായി ഇന്നും ഒരു മുടക്കവും കൂടാതെ ഭംഗിയായി നടത്തപ്പെടുന്നു. മക്രേരി ക്ഷേത്രവും സ്വാമിയും തമ്മിലുള്ള ബന്ധം ആഞ്ജനേയ സ്വാമി അദ്ദേഹത്തിനു നൽകിയ മഹാഭാഗ്യമായാണ് അദ്ദേഹം വിശ്വസിച്ചിരുന്നത്. ആഞ്ജനേയ സ്വാമിയുടെയും വൈക്കത്തപ്പന്റെയും ഭക്തനായിരുന്ന ദക്ഷിണാമൂർത്തി മക്രേരി ക്ഷേത്രത്തിൽ അഖണ്ഡസംഗീതാരാധനായജ്ഞം ആരംഭിച്ചതിനുശേഷം ഈ ക്ഷേത്രത്തിന് ദക്ഷിണേന്ത്യയിലെ മറ്റൊരു ക്ഷേത്രത്തിനും ലഭിക്കാത്ത പ്രാധാന്യമാണ് ലഭിച്ചത്. ഈ സംഗീതാരാധന മക്രേരി ക്ഷേത്രത്തിന് സൂര്യതേജസ്സോടെ പുതുജീവൻ നൽകി എന്നു വിശ്വസിക്കാം. ക്ഷേത്രദർശനത്തിൽ തനിക്കുണ്ടായ ദിവ്യാനുഭവത്തെപ്പറ്റി അദ്ദേഹം പ്രശ്ന ചിന്തകൾ ചെയ്യിക്കുകയും പ്രശ്നത്തിൽ തെളിഞ്ഞ പ്രകാരം സംഗീതത്തിലൂടെ തന്നെ തേടിയെത്തിയ എല്ലാ പുരസ്കാരങ്ങളും താൻ പൂജിച്ചിരുന്ന വൈക്കത്തപ്പന്റെ വിഗ്രഹവും അദ്ദേഹം മക്രേരി ആഞ്ജനേയ സ്വാമിയുടെ തൃപ്പാദങ്ങളിലർപ്പിച്ചു. അദ്ദേഹം തന്റെ സ്വന്തം ചിലവിൽ മക്രേരി ക്ഷേത്രത്തിൽ ഒരു സരസ്വതീമണ്ഡപം പണികഴിപ്പിക്കുകയും താൻ നിത്യപൂജ ചെയ്തിരുന്ന വൈക്കത്തപ്പന്റെ വിഗ്രഹം ഇവിടെ പ്രതിഷ്ഠിച്ച് നിത്യപൂജകൾക്കു വേണ്ട ഏർപ്പാടുകളും ചെയ്തു. ഇന്നും നിത്യപൂജകൾ മുടങ്ങാതെ നടക്കുന്നു. സംഗീതജ്ഞനായ ഇളയരാജയാണ് ഈ സരസ്വതി മണ്ഡപത്തിന്റെ ഉത്ഘാടനം നിർവ്വഹിച്ചത്. സരസ്വതി മണ്ഡപത്തിന്റെ ഉൾവശം നിറയെ ത്യാഗരാജകീർത്തനങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. സ്വാമിക്കു കിട്ടിയ സംഗീതപുരസ്കാരങ്ങളെല്ലാം ഇവിടെ നിരനിരയായി സൂക്ഷിച്ചിരിക്കുന്നു. ഒരു സംഗീതചക്രവർത്തിക്കു ലഭിച്ച പുരസ്കാരങ്ങളും അദ്ദേഹത്തിന്റെ പൂജാവിഗ്രഹവും നേരിൽ കാണുവാനും അവയെപ്പറ്റി കൂടുതൽ അറിയുവാനുമായി ധാരാളം സംഗീത പ്രേമികൾ ഇവിടെയെത്താറുണ്ട്. പത്തു വർഷത്തെ ബന്ധമാണ് ദക്ഷിണാമൂർത്തിക്ക് മക്രേരി ക്ഷേത്രവുമായുണ്ടായിരുന്നത്. എല്ലാ വർഷവും വിജയദശമി ദിവസം അദ്ദേഹം സരസ്വതി മണ്ഡപത്തിലെത്തിയിരുന്നു. ആയിരക്കണക്കിനു കുട്ടികളെ അദ്ദേഹം ഈ സരസ്വതി മണ്ഡപത്തിൽ വച്ച് ആദ്യാക്ഷരം കുറിപ്പിച്ചിട്ടുണ്ട്.

പ്രധാന ശ്രീകോവിലിൽ വള്ളീപരിണയ സുബ്രഹ്മണ്യ പ്രതിഷ്ഠയാണ്. ഗർഭഗൃഹപ്രതിഷ്ഠയുടെ കുറച്ചു മുന്നിലായി ഇടതുഭാഗത്ത് ഹനുമത് സാന്നിദ്ധ്യമുണ്ട്. അവിടെ ഒരു ചെറിയ ആഞ്ജനേയ വിഗ്രഹവും കാണുന്നുണ്ട്. ദീർഘചതുരാകൃതിയിൽ രണ്ടു നിലയായാണ് ശ്രീകോവിൽ കാണപ്പെടുന്നത്. ശ്രീകോവിലിന്റെ ചുമരുകളിലെ കൊത്തു പണികളും ചിത്രങ്ങളും എല്ലാം നശിപ്പിക്കപ്പെട്ടിരിക്കുന്നു. പടിഞ്ഞാട്ടു ദർശനമായിരിക്കുന്ന സുബ്രഹ്മണ്യസ്വാമിയുടെയും ആഞ്ജനേയസ്വാമിയുടെയും ശ്രീകോവിലിനു നേരെ കുറച്ചകലെയായി കിഴക്കോട്ടു ദർശനമായിട്ടുള്ള ശ്രീകോവിലിൽ മഹാവിഷ്ണുവിനെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ രണ്ടു ശ്രീകോവിലുകളും കുറച്ചകലത്തിലാണെങ്കിലും നേർക്കു നേരെയാണ് കാണപ്പെടുന്നത്. ഹനുമത് പൂജയേറ്റു ശക്തി വർദ്ധിക്കുന്ന ദേവന്റെ ശക്തിയെ കുറക്കുവാനും ഹനുമാനു നിത്യദർശനം നൽകി അനുഗ്രഹിക്കുവാനുമായി മഹാവിഷ്ണു കിഴക്കോട്ടു ദർശനമായി ഇവിടെ കുടിക്കൊള്ളുന്നു. പടിഞ്ഞാറു വശത്തും വടക്കു വശത്തുമുണ്ടായിരുന്ന മത്സ്യരൂപിയായ വിഷ്ണുവിഗ്രഹങ്ങളെ പാടെ നശിപ്പിക്കപ്പെട്ടിരിക്കുന്നു.

മകരമാസത്തിലെ തൈപ്പൂയമാണ് മക്രേരി ക്ഷേത്രത്തിലെ പ്രധാന ഉത്സവം. സഹസ്രനാമാർച്ചന കുങ്കുമാഭിഷേകം അവൽ നിവേദ്യം വെണ്ണമുഴുക്കാപ്പ്, ഗദഒപ്പിക്കൽ എന്നിവയും പാലഭിഷേകവും പാൽപായസ നിവേദ്യവും ഇവിടുത്തെ പ്രധാന വഴിപാടുകളാണ്.

പുനർനിർമ്മിതികൾ നടക്കുന്നുണ്ടെങ്കിലും ഇന്നും ഈ ക്ഷേത്രത്തിന്റെ അവസ്ഥ ദയനീയമാണ്. ക്ഷേത്രത്തിലേക്കു കടന്നു ചെല്ലുമ്പോൾ തല്ലിത്തകർത്ത ക്ഷേത്രത്തിന്റെ അവശിഷ്ട ഭാഗങ്ങളാണ് കാണുന്നത്. വീണു കിടക്കുന്ന ചുവരുകളും ഇടിഞ്ഞു വീണ കല്ലുകളും കാടുകയറിക്കിടക്കുന്ന കരിങ്കൽ തറകളുമാണ് ചുറ്റിലും കാണപ്പെടുന്നത്. ഇവയൊക്കെ ഗതകാലപ്രതാപം വീണ്ടെടുക്കുന്നുള്ള മോഹവുമായി ഇവിടെ കാത്തു കിടക്കുകയാവാം. ക്ഷേത്രദേവന്റെ അനുഗ്രഹത്തോടുകൂടി ഈ ക്ഷേത്രത്തിന്റെ പഴയകാല പ്രൗഢി തിരിച്ചു കൊണ്ടു വരിക എന്നത് ക്ഷേത്രവിശ്വാസികളുടെ കടമയാണ്. അതിനായി ക്ഷേത്രവിശ്വാസികളായ നമുക്കേവർക്കും സഹകരിക്കാം. സംഗീത ചക്രവർത്തിയുടെ സംഗീതത്തെ കുടിയിരുത്തിയ മക്രേരി ക്ഷേത്രസന്നിധിയിലെ സരസ്വതീ മണ്ഡപത്തിലെത്തുന്ന ഏതൊരു സംഗീതാരാധകനും സരസ്വതീ കടാക്ഷത്തിന്റെ മധുരാനുഭവം അനുഭവവേദ്യമാകും എന്നതിൽ സംശയമില്ല. മർക്കടഗിരിയിലെത്തി മക്രേരിസുബ്രഹ്മണ്യസ്വാമിയേയും ആഞ്ജനേയ സ്വാമിയേയും പ്രിയഭക്തനു നിത്യദർശനം നൽകി അനുഗ്രഹിക്കുന്ന മഹാവിഷ്ണുവിനേയും തൊഴുത് ഈശ്വരാനുഗ്രഹം നേടുവാൻ ഏവർക്കും അവസരം നൽകേണമേ എന്ന പ്രാർത്ഥനയോടെ ഒരു നൈവേദ്യമായി ഈ ക്ഷേത്രവിവരണത്തെ മക്രേരിയിലെ ആഞ്ജനേയസ്വാമിയുടെ തൃപ്പാദങ്ങളിൽ ഭക്തി പുരസ്സരം സമർപ്പിച്ചു കൊള്ളട്ടെ.

---

**(7–ാം പേജിൽ നിന്ന് തുടർച്ച)**

കുട്ടൻ കുഞ്ഞുണ്ണി
കുഞ്ഞുണ്ണിക്കുട്ടൻ
പൊട്ടൻ കുട്ടൻ
കുള്ളൻ കുഞ്ഞുണ്ണി
ഇങ്ങിനെയുള്ളൊരു ഞാനയ്യോ
എങ്ങിനെയിങ്ങിനെ കവിയായി

തൃശൂർ വലപ്പാട് ഗ്രാമത്തിൽ അതിയാരത്ത് തേറമ്പിൽ നാരായണി അമ്മയുടെയും ഞയപ്പള്ളി ഇല്ലത്ത് നീലകണ്ഠൻ മൂസ്സതിന്റെയും മകനാണ് ഇദ്ദേഹം. കൂട്ടുകാർക്കു എളുപ്പം അക്ഷരമാല പഠിക്കാനുള്ള വഴി അദ്ദേഹം കവിതയിലൂടെ വ്യക്തമാക്കിയിട്ടുണ്ട് . കൂട്ടുകാരും ഈ അക്ഷരമാലപ്പാട്ട് വേഗം ഹൃദിസ്ഥമാക്കിക്കോളൂ.

| | |
|---|---|
| ക, ഖ, ഗ, ഘ, | കള്ളൻ വന്നു |
| ച, ഛ, ജ | തെങ്ങുമ്മേക്കേറി |
| ട, ഠ, ഡ | തേങ്ങ പറിച്ചു |
| ത, ഥ, ദ, ധ | താഴെയിറങ്ങി |
| പ, ഫ, ബ, ഭ | പുറവും പൊളിഞ്ഞു |

തുടർച്ച

# രാമായണത്തിലെ സ്ത്രീസാന്നിദ്ധ്യം

ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)

## സീത

രാമനും ലക്ഷ്മണനും വിശ്വാമിത്രനോടുകൂടി ജനകാപുരിയിലെത്തി ധനുസ്സ് ദർശിച്ചു. രാമൻ വില്ലുകുലച്ച് ഞാണേറ്റി. ഇതു ദർശിച്ച ജനകൻ തന്റെ മകളായ സീതക്ക് ദശരഥാത്മജനെ ഭർത്താവായി ലഭിക്കുമല്ലോയെന്നോർത്ത് സന്തോഷിച്ചു. വിവരം ദശരഥനെ അറിയിച്ചു. നാലു പുത്രന്മാരുടേയും വിവാഹം നടത്താനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. അങ്ങനെ മന്ത്രോച്ചാരണവേളയിലാണ് സീതാദേവി സർവ്വാഭരണവിഭൂഷിതയായി രംഗപ്രവേശനം ചെയ്യുന്നത്. പാണിഗ്രഹണം നടന്നു. പുത്രവധുക്കൾ അയോദ്ധ്യയിൽ പിതൃജനങ്ങളെ ശുശ്രൂഷിച്ചുകൊണ്ട് സസ്സുഖം വാണു എന്നാണ് വാത്മീകി വർണ്ണിക്കുന്നത്. ജനകാത്മജയായ മൈഥിലി അഴകിൽ ദേവാംഗനയായി ശ്രീരൂപം പൂണ്ടവളായി വിളങ്ങിയെന്നും വിവരിക്കുന്നു.

ശ്രീരാമപട്ടാഭിഷേകസമയം പത്നിയോടുകൂടി ഉപവസിക്കേണ്ടിവന്നപ്പോഴാണ് പിന്നീട് നാം സീതയെ കാണുന്നത്. പിന്നീട് ദശരഥന്റെ വാക്കുപാലിക്കുവാനുള്ള നിശ്ചയത്താൽ രാമൻ അമ്മയുടെ അനുവാദവും വാങ്ങി സീതയെ കാണാൻ വന്നു. യുവരാജാവായി രാമന്റെ അഭിഷേകം നടക്കുന്നതിന് വ്യതത്തിലേർപ്പെട്ടിരുന്ന സീത വിവരങ്ങളൊന്നും അറിയാതെ ഭർത്താവിനെ പ്രതീക്ഷിച്ചിരുന്നു. ശ്രീരാമന്റെ മുഖത്തിന്റെ ഭാവമാറ്റം ദർശിച്ച സീത കാരണമാരാഞ്ഞു. രാമൻ വിവരമെല്ലാം സീതയെ ധരിപ്പിച്ചു. കൂടാതെ വൃദ്ധയും ദുഃഖംകൊണ്ട് ക്ഷീണിതയുമായ കൗസല്യാമാതാവിനേയും മറ്റും ശുശ്രൂഷിക്കുവാനും പറഞ്ഞു. ഇതു കേട്ട സീത സ്ത്രീകൾക്ക് ഒരേയൊരു തുണ ഇഹത്തിലായാലും പരത്തിലായാലും ഭർത്താവാണെന്നും അങ്ങ് വനത്തിലേക്കു പോകുകയാണെങ്കിൽ കല്ലും മുള്ളും മെതിച്ച് ഞാൻ കൂടി വരുമെന്നും ഉറപ്പിച്ചു പറഞ്ഞു. സ്വർഗ്ഗത്തിലായാലും ഭർത്താവിനെ പിരിഞ്ഞുള്ള വാസം അവർക്കില്ലായെന്നും പറഞ്ഞു. വനത്തിലെ ജീവിതത്തിന്റെ കഷ്ടപ്പാടുകൾ വിശദമായി വിവരിച്ചിട്ടും സീത പിന്മാറിയില്ല. ഇത് ഉറപ്പിക്കാൻ വേണ്ടി പണ്ട് ജനകസദസ്സിൽവെച്ച് ഒരു തപസ്വിനിയായ ഭിക്ഷുണി തന്റെ വനവാസത്തെക്കുറിച്ച് പ്രവചിച്ചിട്ടുണ്ടെന്നുംകൂടി പറഞ്ഞു. ഒരു പടികൂടികടന്ന് താൻ വിഷം കഴിക്കുമെന്നും തന്നെ ഉപേക്ഷിച്ചാൽ മരിക്കുമെന്നും പറഞ്ഞു. അവസാനം രാമൻ സമ്മതിച്ചു. ധനമെല്ലാം ബ്രാഹ്മണർക്കു നൽകിയശേഷം രാമനും ലക്ഷ്മണനും സീതയും ദശരഥസമീപം ചെന്നു കണ്ടു വന്ദിച്ചു. കൈകേയി കൊടുത്ത മരവുരി ധരിച്ച് അവർ പുറപ്പെടാനൊരുങ്ങി. കൗസല്യയുടെ ഉപദേശവചനങ്ങളും ശ്രവിച്ച അവർ കാട്ടിലേക്കു തിരിച്ചു. വഴിയിലൊക്കെ ജിജ്ഞാസയോടെ തന്നെ ചെടികളേക്കുറിച്ചും വൃക്ഷങ്ങളേക്കുറിച്ചും സീത ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരുന്നുവെന്ന് വാത്മീകി പറയുന്നു.

ഭരതൻ രാമനെ തിരികെ അയോദ്ധ്യയിലേക്ക് കൊണ്ടുപോകാനായി വന്നു. പക്ഷെ പിതാവിന്റെ ആജ്ഞ അനുസരിക്കുന്നതിനായി താൻ വനവാസം അനുഷ്ടിച്ചേ മതിയാകൂ എന്നൊക്കെ പറഞ്ഞ് ഭരതനെ തിരികെ അയച്ചു. രാക്ഷസന്മാരുടെ പ്രവർത്തിയിൽ ഭയം പൂണ്ട മറ്റു മുനിമാരുടെ സംഭാഷണവും മുഖഭാവവും കണ്ട് ശ്രീരാമൻ അവരോട് സീതയുടെ പെരുമാറ്റത്തിൽ തെറ്റുണ്ടോ എന്നു ചോദിച്ചപ്പോൾ മുനിമാർ പറഞ്ഞ മറുപടി സീതയുടെ വിനയാന്വിതമായ പെരുമാറ്റരീതിയെക്കുറിച്ചു നമുക്കു മനസ്സിലാക്കാം. ഒരിക്കലും വൈദേഹിക്കു ധർമ്മചലനമുണ്ടാകില്ലായെന്നാണവർ പറയുന്നത്.

അത്രിമഹർഷിയുടെ ആശ്രമത്തിലെത്തിയ സീതക്ക് മഹർഷിയുടെ ഭാര്യ അനസൂയാമാതാവ് പത്നിധർമ്മത്തേക്കുറിച്ചു പറഞ്ഞുകൊടുക്കുമ്പോൾ താൻ ചെറുപ്പത്തിൽ ഇതൊക്കെ പഠിച്ചു വളർന്ന വളാണെന്ന സത്യം അനസൂയയെ അറിയിക്കുകയും തന്റെ വളർച്ചയും തുടർന്നുള്ള വിവാഹവും പറയുന്ന സീതയ ുടെ വചനങ്ങളിൽ സന്തുഷ്ടയായ മാതാവ് അവർക്കു വേണ്ടുന്ന ആടയാഭരണങ്ങൾ നൽകി സീതയെ രാമന്റെ സമീപം പറഞ്ഞയക്കുകയും ചെയ്യുന്നു. സൗമ്യമായ സംഭാഷണവും അറിവും ഉദാരമനസ്കതയും തുളുമ്പുന്ന സംഭാഷണരീതിയും സീതയെ എല്ലാവർക്കും പ്രിയയാക്കി മാറ്റുന്നു എന്നുള്ള സത്യം, വളർന്ന സാഹചര്യവും മാതാപിതാക്കന്മാരുടെ ശിക്ഷണത്തെ എടുത്തുകാട്ടുന്ന ഒന്നാണെന്നുള്ളതിൽ സംശയമില്ല..

വിരാധൻ തുടങ്ങിയ രാക്ഷസന്മാരെ വധിച്ച് സുതീക്ഷ്ണമഹർഷി മുതലായ മഹർഷിമാരെ രക്ഷിച്ച് രാമലക്ഷ്മണന്മാർ നടത്തിയ യാത്രയിൽ





സീതക്കും പല ക്ലേശങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട്. രാമൻ കൂടുതൽ ഹിംസകാര്യങ്ങളിലായി മുഴുകുന്നുവെന്നു കണ്ട സീത രാമനെ പലയിടത്തും ഉപദേശിക്കുന്നുണ്ട്. സീതയുടെ കുലമഹിമക്കനുയോജ്യമായ വാക്കുകൾ ധർമ്മചാരിണിയായ സീതയിൽനിന്നും കേൾക്കാനിടയായ രാമന് സീതയുടെ വാക്കുകൾ സന്തോഷമുളവാക്കി. അഗസ്ത്യമഹർഷി പറയുന്നത് കാട്ടിലേക്ക് രാമനെ അനുഗമിച്ച സീത ദേവന്മാർക്ക് അരുന്ധതീദേവിയേപ്പോലെ പ്രഥമഗണനീയയാണെന്നാണ്. ശൂർപ്പണഖ രാമനെ വിവാഹം കഴിക്കാനുപയോഗിക്കുന്ന തന്ത്രപ്പാടിൽ മുറിവേറ്റു. ഖരനും സേനയും വധിക്കപ്പെട്ടതിനു ശേഷം ശൂർപ്പണഖ രാവണന്റെ ദൗർബ്ബല്യം മനസിലാക്കി സീതയെക്കുറിച്ച് ദേവസ്ത്രീയോ, ഗന്ധർവ്വസ്ത്രീയോ, അവൾക്കു തുല്യമായ സൗന്ദര്യമുള്ളവളാരുമില്ലാ എന്നു പറയുന്നു. സീതയുടെ സൗന്ദര്യവർണ്ണനയിൽ രാവണന്റെ മനഃശക്തി ക്ഷയിച്ചു. സീതയെ കുത്സിത മാർഗ്ഗത്തിലൂടെ അപഹരിക്കാനുള്ള പദ്ധതിക്ക് രൂപം കൊടുത്തു.

ഈ സീത തന്നെയാണ് മായാവിയായ മാരീചന്റെ ശബ്ദം കേട്ട് രാമനാണെന്നു ധരിച്ച് ലക്ഷ്മണനോട് അതിരുകടന്ന ഭാഷയിൽ സംസാരിക്കുന്നത്. തന്റെ പേരിലുള്ള ആഗ്രഹം കൊണ്ടാണ് രാമനെ അന്വേഷിക്കാൻ പോകാത്തതെന്നുവരെ പറയുന്നു. ലക്ഷ്മണന്റെ വാക്കുകളൊന്നും തന്നെ വിശ്വാസത്തിലെടുക്കാതെ ലക്ഷ്മണന്റേയും ഭരതന്റേയും ഉദ്ദേശം നടക്കില്ലായെന്നും താൻ രാമന്റെ കൂടെ താമസിച്ചിട്ട് നിസ്സാരന്മാരായ നിങ്ങളോടുകൂടി താമസിക്കുകയില്ലായെന്നും പ്രാണൻതന്നെ വെടിയുമെന്നും കഠിനവാക്കുകളിലൂടെ പറയുന്നു. ഇത് പൊതുവായ സ്ത്രീസ്വഭാവത്തിലുള്ളതാണെന്നും മറ്റും പറയുന്ന ലക്ഷ്മണനോട് രാമനെ അല്ലാതെ മറ്റാരേയും സ്പർശിക്കുകയില്ലെന്നും ഗോദാവരിയിൽ ചാടുകയോ തൂങ്ങിച്ചാവുകയോ ചെയ്യുമെന്നും വരെ സീത പറയുന്നു. ഇത്തരം പരുഷ വാക്യങ്ങൾ സീതയിൽനിന്നും പ്രതീക്ഷിച്ചതല്ല. സന്ദർഭം എന്തായാലും മാനസികനില തെറ്റിയാലും വിധിക്കിതാവശ്യമാണെങ്കിലും സ്വന്തം ഭാര്യയെ ഉപേക്ഷിക്കാൻ ഒരു നിമിഷം പോലും മടി കാണിക്കാതെ ജ്യേഷ്ഠനേയും ജ്യേഷ്ടത്തിയമ്മയേയും നിദ്രാവിഹീനനായി പരിപാലിക്കുന്ന ലക്ഷ്മണനോടാണീവിധം സീത പുലമ്പിയത്. അതിന്റെ ഫലമാണ് രാവണാപഹാരവും അശോകമരച്ചുവട്ടിലെ വാസവും.

രാമലക്ഷ്മണന്മാരുടെ വരവു നോക്കിയിരുന്ന സീത സന്യാസവേഷധാരിയായ രാവണനോടു സ്വന്തം കഥകൾ വിവരിച്ചു. രാവണന്റെ ആഗ്രഹം മനസ്സിലാക്കിയ സീത തന്നെ മോഹിക്കുന്നത് സിംഹത്തിന്റെയും പാമ്പിന്റെയും വായിൽനിന്നു പല്ലു പറിക്കുന്നതിനു തുല്യമാണെന്നു പറയുന്നു. രാവണൻ അയാളുടെ വിജയകഥ പറയുകയും യുദ്ധത്തിൽ തന്റെ വിരലിനൊപ്പം മനുഷ്യനായ രാമൻ എത്തില്ലായെന്നും പറഞ്ഞു വീമ്പിളക്കി. തന്നെ അപഹരിച്ചാൽ അമൃതപാനം ചെയ്തവനാണെങ്കിലും രക്ഷയില്ലായെന്നാണ് സീത പറയുന്നത്. അവസാനം സീതയെ തന്റെ വിമാനത്തിൽ കയറ്റി രാവണൻ പോയി. അപ്പോഴും സീത കൈകേയി മൂലം വന്ന ആപത്തിനേക്കുറിച്ചു പറഞ്ഞുകൊണ്ട് സഹായത്തിനായി കേഴുകയാണ് ചെയ്യുന്നത്. നിരാലംബയും അബലയുമായ ഒരു സ്ത്രീയുടെ രോദനം അവിടെ മുഴുവൻ മാറ്റൊലി കൊണ്ടു. രാവണന്റെ കഴുത്തിൽ കാലശാപം ബന്ധിച്ചിരിക്കുന്നത് താൻ കാണുന്നുവെന്നും വിഷം കുടിച്ചു കഴിഞ്ഞവനേപ്പോലെ കാലശാപത്താൽ ബന്ധിതനായിരിക്കുന്നുവെന്നും സീത പറഞ്ഞു. പിടഞ്ഞുകൊണ്ടിരിക്കുന്ന സീതയേയും കൂട്ടി രാവണൻ ലങ്കയിലെത്തി. തന്റെ സമ്മതം കൂടാതെ ആരും സീതയെ കാണരുതെന്നും അവൾക്കാവശ്യമുള്ളതെന്തും കൊടുക്കുവാനും രാവണൻ നിർദ്ദേശിച്ചു. സീതക്ക് രാവണൻ തന്റെ കൊട്ടാരം കാട്ടിക്കൊടുത്തു. വലിപ്പത്തേക്കുറിച്ചു പറഞ്ഞ് തന്നെ സ്വീകരിക്കുവാനായി അപേക്ഷിച്ചു. രാമന്റെ മഹത്വം വർണ്ണിച്ചശേഷം സീത ചോദിച്ചു, രാജഹംസത്തോടു ക്രീടിക്കുന്ന ഹംസം പുല്ലിൽ വിഹരിക്കുന്ന കാക്കയേ നോക്കുമോയെന്നാണ്. താൻ ധർമ്മത്തിൽനിന്നും വ്യതിചലിക്കാത്ത മഹാന്റെ ധർമ്മപത്നിയാണെന്നും പാപിയായ രാക്ഷസന് തൊടാൻപോലും സാധിക്കയില്ലായെന്നും സധൈര്യം പറഞ്ഞു. ക്രുദ്ധനായ രാവണൻ സീതയെ അശോകവനിയിലേക്കു കൊണ്ടു പോകാനും രാക്ഷസികൾ കാവൽ നിൽക്കാനും ആവശ്യപ്പെട്ടു.

സീതാദേവിക്കു വിശപ്പും ദാഹവും ക്ഷീണവും ഇല്ലാതിരിക്കാൻ ബ്രഹ്മാവ് ദേവേന്ദ്രൻ വഴി ഹവിസ് എത്തിച്ചുകൊടുത്തുവെന്നും വാത്മീകി വിവരിക്കുന്നു. പായസം രാമലക്ഷ്മണന്മാർക്ക് സങ്കൽപിച്ച് സീതാദേവി കഴിച്ചുവെന്നും ഇതാണ് സീതക്ക് ക്ഷീണം ഇല്ലാതിരുന്നതെന്നും സാരം. പതിവൃതയായ സീത ഭർതൃവിരഹമെന്ന തീച്ചൂളയിൽ ഉരുകുമ്പോൾ ഈശ്വരാധീനം ഉണ്ടായെന്നും സീത അരികിലില്ലാതിരുന്നപ്പോൾ രാമൻ ദുഃഖിതനായിരുന്നുവെന്നും അറിയാൻ രാമന്റെ വാക്കുകൾ ധാരാളം മതി. പതിവൃതയായ സീത മരിച്ചാൽ താൻ പ്രാണൻ വെടിയുമെന്നുവരെ പറയുന്നു. സുഗ്രീവനോടും രാമൻ ഇതുപോലെ പലതും പറഞ്ഞു വിലപിക്കുന്നതായി വിവരിക്കുന്നു.

സീതാന്വേഷണത്തിനായി ഹനുമാൻ ലങ്ക

യിലെത്തി. സീതയെ കാണാതെ വിഷമിച്ചു. രാക്ഷസർ സീതയെ ഭക്ഷിച്ചുകാണുമെന്നുവരെ ഹനുമാൻ ചിന്തിക്കുന്നു. താൻ വൃക്ഷമൂലത്തിൽ താപസനായി കഴിഞ്ഞുകൂടാം എന്നുവരെ ചിന്തിക്കുന്നു. ശിംശിപാ വൃക്ഷത്തിലിരുന്നുകൊണ്ട് ഹനുമാൻ സീതയെ പരതി. അങ്ങനെ പീഡിതയും പരിക്ഷീണയും പിഞ്ചിയ മഞ്ഞപ്പട്ടുടയാടയുടുത്തതുമായ സീതയെ കണ്ടു. സീതയുടെ ചുറ്റിലുമുള്ള രാക്ഷസികളേയും കണ്ടു. രാവണൻ വീണ്ടും വന്ന് സീതയോടു വിവാഹാഭ്യർത്ഥന നടത്തുന്നതും താൻ സൂര്യനോടു പ്രഭ എപ്രകാരം ഒന്നായിരിക്കുന്നുവോ അതുപോലെ രാഘവനിൽ ചേർന്നു വർത്തിക്കുന്നവളാണെന്നും ഒന്നു കൂടി കടന്ന് നീ കുബേരഗിരിയിൽ പോയാലോ മറ്റെവിടെ പോയാലോ രക്ഷകിട്ടാതെ നശിക്കുമെന്നും രാമലക്ഷ്മണന്മാരുടെ അമ്പിനാൽ രാക്ഷസവംശം നശിക്കുമെന്നും പറഞ്ഞു. സീത സമ്മതിക്കാതിരുന്നാൽ നിന്നെക്കൊണ്ട് പ്രാതലൊരുക്കുമെന്നു രാവണൻ പറഞ്ഞു. രാക്ഷസികളുടെ പരുഷവാക്കുകൾ സീതയെ വേദനിപ്പിച്ചു. ലക്ഷ്മണനെ തന്നെ വിട്ടു രാമനെ തിരക്കാൻ പറഞ്ഞയച്ചതും മറ്റും സീത ചിന്തിച്ചുപോകുന്നു.ഹനുമാന്റെ രാമചരിത കഥ സീതാദേവി ഹനുമാനെ ഉദയസൂര്യനെയെന്നപോലെ കണ്ടുവെന്നാണ് വിവരിക്കുന്നത്. ഹനുമാനും സീതയും കൂടി നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. താൻ രാമദൂതനാണെന്നും ബാലിവധം തുടങ്ങിയ വൃത്താന്തങ്ങളും രാമനാമാങ്കിതമായ അംഗുലീയവും നൽകി. സീതയേയും വഹിച്ചു പുറത്തു കടക്കാമെന്നും ഹനുമാൻ പറയുന്നു. ഭർത്തൃഭക്തിയിൽ വർത്തിക്കുന്ന തനിക്ക് രാമനേയല്ലാതെ മറ്റൊരാളെ സ്പർശിക്കാൻ സാധിക്കില്ലായെന്നു പറഞ്ഞു സീത പിന്മാറി. സന്തുഷ്ടനായ ഹനുമാൻ സീതയുടെ വാക്കുകൾ സ്ത്രീധർമ്മത്തിനും സ്ത്രീത്വത്തിനും അറിവിനും ചേർന്നതുതന്നെയാണെന്നും പറയുന്നു. രാമന് നല്കാൻ താൻ ഇവിടെ വന്നതിന് ഒരടയാളം തരണമെന്നു പറഞ്ഞ ഹനുമാനോട് പഴയ ഒരു കഥ സീത പറഞ്ഞുകൊടുക്കുന്നു. കൂടാതെ ചൂഡാമണിയും കൊടുത്തു. മണിയുടെ കഥ സീതയുടെ അമ്മക്കും, അതായത് സമുദ്രത്തിൽനിന്നും ഇന്ദ്രനു കിട്ടിയതും അദ്ദേഹം ജനകന് കൊടുത്തതും ജനകപത്നി ദശരഥന്റെ മുൻപിൽവെച്ച് സീതക്കു കൊടുത്തതുമാണെന്നും ഇതു രാമന് അറിവുള്ളതാണെന്നും പറഞ്ഞു. ലങ്കയിൽ യുദ്ധംചെയ്ത് തന്നെ കൂട്ടിക്കൊണ്ടുപോകുന്ന കാര്യമാണ് പിന്നീട് സീത ഹനുമാനോടു പറയുന്നത്. വരാൻ വൈകരുതെന്നും ഒരു മാസംകൂടി കഴിഞ്ഞാൽ താൻ ജീവിച്ചിരിക്കില്ലായെന്നും കൂടി സീത പറയുന്നു. സീത ലങ്കാവിനാശിനിയായ കാളരാത്രിയാണെന്ന് ഹനുമാൻ രാവണനെ ഓർമ്മിപ്പിക്കുന്നു. ഹനുമാന്റെ വാലിൽ എണ്ണയും തുണിയും കെട്ടി തീ കൊളുത്തിയതു ഗ്രഹിച്ച സീത അഗ്നിഭഗവാനെ പ്രാർത്ഥിച്ചു. എനിക്കു പാതിവൃത്യമുണ്ടെങ്കിൽ ഹനുമാനിൽ ശീതനായി ഭവിച്ചാലും. വാലിൽ പൊള്ളലേൽക്കുന്നില്ലായെന്നു കണ്ട ഹനുമാൻ സീതയുടെ കാരുണ്യവും രാഘവന്റെ തേജസും പിതാവിന്റെ സ്നേഹവും മൂലം പാവകൻ പൊള്ളിക്കുന്നില്ലായെന്നു മനസ്സിലാക്കി. എല്ലായിടവും വെന്തപ്പോൾ ഭർത്താവിൽ മാത്രം മനസ്സുറപ്പിച്ച ദേവിയെ അഗ്നി സ്പർശിക്കുകയില്ല എന്ന സത്യം സന്തോഷത്തോടെ ചിന്തിച്ചു. അവസാനം സീതയെക്കണ്ടു തിരിച്ചു മടങ്ങി. പതിവൃതയായ ഒരു സ്ത്രീ വിചാരിച്ചാൽ ലോകംതന്നെ രക്ഷപ്പെടുമെന്ന സത്യമാണിവിടെ സ്മരിക്കേണ്ടത്.

രാമനും സൈന്യവും ലങ്കയിലെത്തി. രാവണൻ യുദ്ധതന്ത്രങ്ങൾ മെനഞ്ഞു. മായാവിയുടെ സൃഷ്ടിയായ രാമന്റെ ശിരസും വില്ലും എടുത്ത് സീതയുടെ അടുത്തുചെന്ന് രാമൻ മരിച്ചുവെന്നും മറ്റും പറഞ്ഞു. അതിനാൽ തന്റെ ഭാര്യയായി തീരാനും പറഞ്ഞു. മായാവിയായ വിദ്യുജ്ജിഹ്വനോട് രാമന്റെ ശിരസ് സീതയുടെ മുന്നിൽ വെക്കാൻ പറഞ്ഞു. ദുഃഖിതയായ സീത കരയുന്നതിനിടയിൽ കൈകേയിയെ പഴിച്ചു. കൈകേയിക്കു തൃപ്തിയായല്ലോയെന്നു പറഞ്ഞ് വിലപിച്ച് ബോധം നഷ്ടപ്പെട്ടു. സരമ എന്ന രാക്ഷസി സത്യം മനസ്സിലാക്കിക്കൊടുത്തു.

ഇന്ദ്രജിത്ത് മായാസീതയേയും കാണിച്ചു ഭയപ്പെടുത്തിയതു പോലെ രാവണൻ യഥാർത്ഥ സീതയെ കൊല്ലാനും നിശ്ചയിച്ചു. അപ്പോഴും പറയുന്നത് പതിവൃതയായ വൈദേഹി എന്നാണ്. രാക്ഷസന്മാരുടെ ആർപ്പുവിളി കേട്ട സീത താൻമൂലമാണ് രാമലക്ഷ്മണന്മർക്കു സംഭവിച്ച പരാജയമെന്നു ധരിച്ചു. ഹനമാന്റെ മുതുകിൽ കയറി രക്ഷപ്പെടാഞ്ഞതിനേക്കുറിച്ചും കൗസല്യാമാതാവിനു സംഭവിക്കാൻ പോകുന്നതിനേപ്പറ്റിയും ഇതെല്ലാം ആ മന്ഥര മൂലമാണെന്നോർത്ത് വിലപിക്കുകയും ചെയ്യുന്ന രംഗമാണ് വിവരണത്തിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്.

രാക്ഷസവംശത്തിന്റെ നാശം ശൂർപ്പണഖ മൂലമാണെന്ന ധാരണ രാക്ഷസന്മാരുടെ ഇടയിൽ സംഭാഷണമായി. രാക്ഷസരാജാവായ രാവണന്റെ പരാക്രമത്താൽ വേദനിച്ച ദേവന്മാരോട് രക്ഷസന്മാരുടെ ക്ഷയത്തിനായി ഒരു നാരി വരുമെന്ന പരമശിവന്റെ വാക്കുകൾ അന്വർത്ഥമായി എന്നവർ പറഞ്ഞു. അവസാനം രാമബാണത്താൽ രാവണൻ വധിക്കപ്പെട്ടു. മണ്ഡോദരിയുടെ വിലാപത്തിൽ പതിവൃതമാരുടെ കണ്ണീർ മണ്ണിൽ വീണാൽ അത് വെറുതേയാകില്ലായെന്നും ക്ഷുദ്രമായ നാരീചോരണമാണ് നടത്തിയതെന്നും പറയുന്നു.





തുടർച്ച

# മാരത്തോൺ മാട്രിമോണി ഡോട്ട് കോം

അനുരാധ (ഫോൺ :9447035067)

ബോംബെ എയർപോർട്ടിൽ എത്തിയപ്പോഴേക്കും മധുവിനെ തേടി ശശിധരൻ നായരുടെ ഫോൺകോളുമെത്തി. എന്താ നീയിതുവരെ ഇങ്ങോട്ട് എത്താത്തത്? ഫ്ളൈറ്റ് ലേറ്റായോ? മേഘനയെ കണ്ടോ. എന്താ നിന്റെ അഭിപ്രായം ?

എല്ലാം ഞാൻ അവിടെ എത്തിയിട്ട് പറയാമച്ഛാ.

യാത്ര നാളേക്ക് നീട്ടിയോ ? നീയിന്നിവിടെ എത്താമെന്നല്ലേ പറഞ്ഞിരുന്നത് ? നിനക്ക് നാളെ യു ക്കേലേക്ക് മടങ്ങാനുള്ളതല്ലേ ?

നാളെ രാത്രി രണ്ടു മണിക്കല്ലേ ഫ്ളൈറ്റ് . ഞാൻ സമയത്തിന് എത്തിക്കോളാം. മധു ഫോൺ ബന്ധം ഉടനെ വേർപ്പെടുത്തുകയും ചെയ്തു.

ശശിധരൻ നായർ ഫോണിൽ ആരോടോ സംസാരിക്കുന്ന സ്വരം കേട്ട് ഭാഗീരഥി അകത്തെ മുറിയിൽ നിന്നും ധൃതിയിൽ അങ്ങോട്ട് വന്നു. ആകാംക്ഷയോടെ അവർ ചോദിച്ചു. ഫോണിൽ മധു ആയിരുന്നോ?

അതെ. അവൻ നാളെയെ ഇങ്ങോട്ട് എത്തുകയുള്ളൂന്ന്.

അതെന്താ യാത്ര നീട്ടി വെച്ചത് ?

കാരണം മറ്റൊന്നുമാവാൻ വഴിയില്ല. തമ്മിൽ കണ്ടപ്പോൾ തന്നെ മേഘനക്കും മധുവിനും വിട്ടുപിരിയാൻ പ്രയാസം തോന്നിയിട്ടുണ്ടാകും. മേഘനയോടൊപ്പം കുറച്ചു സമയം ചിലവഴിക്കാമെന്ന് കരുതി യാത്ര നാളേക്ക് നീട്ടിയതാവാം. ആരംഭത്തിൽ തന്നെ രണ്ടുപേർക്കും ഇത്രമാത്രം അടുപ്പം തോന്നിയല്ലോ. മേഡ് ഫോർ ഈച്ച് അദർ എന്ന് പറയുന്നപോലെ (അന്യോന്യം അനുയോജ്യരായി സൃഷ്ടിക്കപ്പെട്ടവർ)

ഭർത്താവിന്റെ ആഹ്ലാദം തുളുമ്പുന്ന വിശദീകരണം കേട്ടയുടനെ മ്ലാനമായ മുഖത്തോടെ നടന്നകലുന്ന ഭാഗീരഥിയെ പരിഹാസത്തോടെ നോക്കിക്കൊണ്ട് ശശിധരൻ നായർ ആത്മഗതം ചെയ്തു. ഇത്തരം പഴഞ്ചൻ മനസ്ഥിതിക്കാരെ ഇക്കാര്യങ്ങളെല്ലാം എങ്ങനെ ബോധ്യപ്പെടുത്താനാണ് ? കഷ്ടം തന്നെ.

പിറ്റേന്ന് മേഘനയുടെ ബോംബെയിലെ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലവും എത്താനുള്ള മാർഗ്ഗവും ഗൂഗിൾ മാപ്പിൽ നിന്ന് മനസ്സിലാക്കിയ ശേഷമാണ് മധു അവളെ കാണാൻ പുറപ്പെട്ടത്. റൂം ഒഴിഞ്ഞശേഷം ഹോട്ടലിൽ നിന്നും സൂട്ട്കേസും എല്ലാമായി ഇറങ്ങി മേഘനയെ കണ്ടശേഷം നേരെ എയർപോർട്ടിലേക്ക് പോകാനായിരുന്നു പ്ലാൻ. കൃത്യം പത്തുമണിക്ക് തന്നെ അയാൾ മേഘനയുടെ ഓഫീസിലെത്തി. അധികം വൈകാതെ അവളെ കാണാൻ സൗകര്യപ്പെടുകയും ചെയ്തു. മധു മേഘനയുടെ കാബിനകത്തേക്ക് ചെല്ലുമ്പോൾ അവൾ ലാപ്ടോപ്പിൽ ശ്രദ്ധയോടെ എന്തോ ജോലിയിലായിരുന്നു. ഫോട്ടോയിൽ കാണുന്നതിനേക്കാൾ സുന്ദരിയാണവൾ എന്നു തോന്നി മധുവിന്. ഈ ജ്വലിക്കുന്ന സൗന്ദര്യമാണല്ലോ തന്നെ ഇവിടെ വരെ എത്തിച്ചതെന്നാലോചിക്കുകയും ചെയ്തു. ലാപ്ടോപ്പിൽ നിന്നും കണ്ണുകൾ പിൻവലിക്കാതെ തന്നെ അവൾ നിർദ്ദേശം നൽകി. പ്ലീസ് ടേക്ക് യുവർ സീറ്റ് (ദയവായി ഇരിക്കൂ)

അവൾ തന്റെ ജോലി തുടരുന്നത് കണ്ടപ്പോൾ അക്ഷമയോടെ മധു സംഭാഷണമാരംഭിക്കാൻ മുൻകൈയെടുത്തു; അയാം മധുമോഹൻ.

ലാപ്ടോപ്പിൽ നിന്നും കണ്ണുകൾ ഉയർത്താതെ മേഘന ചോദിച്ചു ഓ കേ, വാട്ട് ഹെല്പ് കാൻ ഐ ഡു ഫോർ യു

ഞാൻ മേഘനയെ നേരിലൊന്ന് കാണാൻ വന്നതാണ്. പച്ചമലയാളത്തിലുള്ള സംസാരം ആശയക്കുഴപ്പമുണ്ടാക്കിയതിനാലാകാം അവൾ പെട്ടെന്ന് തല ഉയർത്തി മധുവിന്റെ മുഖത്തേക്ക് നോക്കി.

യുവർ ഫേസ്......... ഐ ഹാവ് സീൻ യൂ ബിഫോർ (നിങ്ങളുടെ മുഖം ......... ഞാൻ നിങ്ങളെ ഇതിനു മുൻപ് കണ്ടിട്ടുണ്ട്. )

പോസ്സിബിൾ (ഉണ്ടാകാം ) മധുവിന്റെ മുഖത്ത് അർത്ഥഗർഭമായൊരു പുഞ്ചിരി വിടർന്നു. എന്റെ ഫോട്ടോയും മറ്റ് വിവരങ്ങളും മിസ്റ്റർ മാധവ് മനോഹർ മേഘനക്ക് അയച്ചു തന്നിട്ടുണ്ടാവുമല്ലോ.

മേഘനയുടെ മുഖത്ത് നനുത്ത കുങ്കുമരാശി

പടർന്നുവോ. ? നെറ്റിയിലും ചുമലിലും ഞാന്ന് കിടക്കുന്ന മുടിയിഴകൾ വിരൽതുമ്പുകൊണ്ട് പിറകിലേക്ക് ഒതുക്കിക്കൊണ്ട് അവൾ അല്പം ജാള്യതയോടെ പറഞ്ഞു. യെസ്.....യെസ്.... മൈ ഡാഡി ഹാഡ് മെൻഷന്റ് യുവർ കേസ്. ആസ് ഐ വാസ് വെരി ബിസി ഐ കുഡ് ഓൺലി ഹാവ് എ ഹേസ്റ്റി ലുക്ക് അറ്റ് ഹിസ് മേയ്ൽ (അതെ .... അതെ... നിങ്ങളുടെ കാര്യം ഡാഡി എന്നെ അറിയിച്ചിരുന്നു. ഞാൻ തിരക്കിൽ ആയതുകൊണ്ട് ഡാഡിയുടെ സന്ദേശം ഒന്ന് ഓടിച്ചു നോക്കാൻ മാത്രമേ എനിക്ക് കഴിഞ്ഞുള്ളു )

ശരി, എങ്കിൽ ഞാൻ എന്നെക്കുറിച്ചുള്ള വിവരങ്ങളെല്ലാം വിശദമായി പറയാം. എന്റെ വീട് ചേർത്തലയിലാണ്. വീട്ടിൽ അച്ഛനും അമ്മയും ഞാനും മാത്രം. ക്വാളിഫിക്കേഷൻ എം ടെക്കും....

അപ്പോഴേക്കും ഫോണിന്റെ മണിയടിസ്വരം.....

എക്സ്ക്യൂസ് മി (എന്നോട് ക്ഷമിക്കുക)

അടുത്ത നിമിഷം സ്പീക്കറിലൂടെയുള്ള സംഭാഷണം മധുവിനും കേൾക്കാൻ കഴിഞ്ഞു.

മാഡം , കാൻ ഐ കം ഇൻ . ഇറ്റ് ഈസ് വെരി അർജെന്റ് (മാഡം , എനിക്ക് അകത്തേക്ക് വരാമോ? വളരെ അത്യാവശ്യമാണ്. )

പ്ലീസ് വേയ്റ്റ് . ഐ വിൽ കോൾ യൂ. (വേയ്റ്റ് ചെയ്യൂ. ഞാൻ വിളിക്കാം)

മധു തുടർന്നു. എം ടെക്കും , എം ബി എ യുമാണ് ക്വാളിഫിക്കേഷൻ. രണ്ടു വർഷമായി യൂ കേയിലെ ഒരു ഐ ടി കമ്പിനിയിൽ ജോലി ചെയ്യുന്നു. ഒരു മാട്രിമോണി ഏജൻസി വഴിയാണ് എന്റെ അച്ഛനും മേഘനയുടെ അച്ഛനും തമ്മിൽ പരിചയപ്പെട്ടതും നമ്മൾ തമ്മിലുള്ള വിവാഹാലോചന നടത്തിയതും.

ഓ കേ

അവളെന്തോ മാനസിക സമ്മർദ്ദത്തിന് നടുവിലാണെന്നും പാതി മനസ്സോടെ ആണ് തന്റെ വാക്കുകൾ ശ്രദ്ധിക്കുന്നതെന്നും മധുവിന് തോന്നി.

ഞാനും അച്ഛനും കൂടി മേഘനയെ കാണാൻ ഇന്നലെ നിങ്ങളുടെ വീട്ടിൽ വന്നിരുന്നു. മേഘന എത്താഞ്ഞതുകൊണ്ട്..........

സോറി, അതിന്റെ തലേന്നാണ് ഞാൻ പൂനയിൽ നിന്ന് ബാംഗ്ലൂരിൽ മടങ്ങി എത്തിയത്

ആസ് ഐയാം വെരി ബിസി...........

അപ്പോഴേക്കും കാബിന്റെ വാതിൽ തുറന്ന് ഒരു തല പ്രത്യക്ഷപ്പെട്ടു. മാഡം......

പ്രതാപ് മേത്താ, ഐ വിൽ ടേക്ക് ഓൺലി ഫൈവ് മിനിറ്റ്സ്. പ്ലീസ് അറേഞ്ച് എ കാർ ഫോർ മി.

(ഞാൻ അഞ്ചുമിനിറ്റ് കൂടി മാത്രമേ എടുക്കുകയുള്ളു. എനിക്ക് വേണ്ടി ഒരു കാർ ഏർപ്പാട് ചെയ്യുക)

തല അപ്രത്യക്ഷമായി.

അവൾ എങ്ങോട്ടോ പോകാനുള്ള ധൃതിയിലാണെന്നും തനിക്കായി അവശേഷിച്ചിരിക്കുന്നത് വെറും അഞ്ച് മിനിറ്റ് മാത്രമാണെന്നും മധുവിന് ബോദ്ധ്യമായി. പറയാൻ ബാക്കിയുള്ളത് കഴിയുന്നതും വേഗം പറയണം. തന്റെ സംശയങ്ങൾക്ക് പരിഹാരം കാണുകയും വേണം.

മിനിഞ്ഞാന്ന് മേഘന നാട്ടിൽ എത്താതിരുന്നത് എന്തുകൊണ്ടാണ്. ഞാൻ മേഘനയെ കാണുവാൻ വേണ്ടി മാത്രം യൂ കേയിൽ നിന്ന് വന്നതായിരുന്നു.

സോറി, ഞായറാഴ്ചയാണ് ഞാൻ പൂനയിൽ നിന്നിവിടെ എത്തിയത്. ആസ് ഐ വാസ് ടെറിബ്ളി ബിസി.......

ബാംഗ്ലൂരിലെ ട്രാഫിക് ബ്ലോക്കുകൊണ്ട് ഫ്ളൈറ്റിന്റെ സമയത്തിന് എയർപോർട്ടിൽ എത്താൻ കഴിയാഞ്ഞതുകൊണ്ട് മേഘനക്ക് പെണ്ണുകാണൽ ചടങ്ങിന് എത്താനായില്ല എന്നാണ് മിസ്റ്റർ മാധവ് മനോഹർ പറഞ്ഞത്.......

യെസ്....യെസ്.. കാരണം അതുതന്നെയാണ്. ഒരു പിടി വള്ളി കിട്ടിയ ആശ്വാസമാണ് മേഘനയുടെ മുഖത്തിപ്പോൾ.

പക്ഷെ, ഞാൻ നിങ്ങളുടെ ബാംഗ്ലൂർ ഓഫിസിൽ ചെന്ന് അന്വേഷിച്ചപ്പോൾ അറിഞ്ഞത് താനിന്നലെ ബോംബെക്ക് പോന്നുവെന്നാണല്ലോ.

കള്ളം കണ്ടുപിടിക്കപ്പെട്ടതിന്റെ ജാള്യതയോടെ മേഘന അറിയിച്ചു. ഞാൻ പൂനയിലെ ഓഫീസിൽ ഒരു മീറ്റിംഗ് അറ്റൻഡ് ചെയ്യുമ്പോഴാണ് , മിസ്റ്റർ മധു എന്റെ വീട്ടിൽ വരുന്ന വിവരത്തിന് ഡാഡിയുടെ കാൾ വന്നത്. ഐ ഹാഡ് ഏ വെരി ഹെക്ടിക് ടൈം ഇൻ പൂന. (പൂനയിലെനിക്ക് നല്ല തിരക്കായിരുന്നു) ബാംഗ്ലൂരിൽ എത്തിയശേഷം എനിക്ക് കുറേ പെന്റിംഗ് വർക്ക് തീർക്കാനുണ്ടായിരുന്നു. പിന്നെ ഇങ്ങോട്ടുള്ള ടൂറും കൂടി ആയപ്പോൾ ഞാൻ ഡാഡിയുടെ ഫോൺ കോളിന്റെ കാര്യം തന്നെ മറന്നുവെന്നതാണ് സത്യം. മൈ ജോബ് ഈസ് ലൈക്ക് ദാറ്റ്. ഐ ഹാവ് ടു ട്രാവൽ എലോട്ട് ആൻഡ് ആൾവേയ്സ് വെരി വെരി ബിസി. (എന്റെ ജോലി അങ്ങനെയാണ്. ധാരാളം യാത്ര ചെയ്യണം. എപ്പോഴും ജോലിത്തിരക്ക് )

എന്തിനാണ് മേഘന ഇങ്ങനെ തിരക്കുള്ള ഒരു ജോലിയിൽ തുടരുന്നത് ?

മറ്റെവിടെയെങ്കിലും ഒരു ജോലിക്ക് ശ്രമിച്ചുകൂടേ ?





വൈ ഷുഡ് ഐ ? ഐ റിയലി എൻജോയ് ദിസ് ജോബ്. ടോപ് പൊസിഷൻ ആൻഡ് വെരി റിവാർഡിംഗ് സാലറി. പിന്നെ ഐ ലൈക്ക് ടു ട്രാവൽ (എന്തിന് ? ഈ ജോലി ഞാൻ ശരിക്കും ആസ്വദിക്കുന്നുണ്ട്. ഉയർന്ന സ്ഥാനവും നല്ല ശമ്പളവും. പിന്നെ എനിക്ക് യാത്ര ഇഷ്ടവുമാണ്. )

അപ്പോഴേക്കും അല്പം മുമ്പ് വാതിൽക്കൽ പ്രത്യക്ഷപ്പെട്ട മനുഷ്യൻ അനുവാദം ചോദിക്കാതെ തന്നെ ധൃതിയിൽ അകത്തേക്ക് കടന്നു വന്നു. അയാളുടെ കയ്യിൽ ഒന്നോ രണ്ടോ ഫയലുകളും ഉണ്ടായിരുന്നു.

എക്സ്ക്യൂസ് മി മാഡം. ഇഫ് യു ഡിലേ ഫർതർ യു വിൽ മിസ് യുവർ ഫ്ളൈറ്റ്. (ക്ഷമിക്കണം മാഡം, ഇനിയും വൈകിയാൽ ഫ്ളൈറ്റ് കിട്ടാതിരുന്നേക്കാം. )

ഫയൽ അവളുടെ കയ്യിൽ ഏല്പിച്ചശേഷം ഭവ്യതയോടെ അയാൾ ക്യാബിന് പുറത്തേക്ക് നടന്നു മറയുകയും ചെയ്തു.

എവിടേക്കാണ് യാത്ര ? മധു ചോദിച്ചു.

ഇത്തവണ വിദേശത്തേക്കാണ്. എന്ന് മടങ്ങും. ?

തീർച്ചയില്ല. കമ്പിനിയുടെ നാലഞ്ച് ബ്രാഞ്ചുകളിൽ പോകാനുണ്ട്. വാച്ചിലേക്ക് നോക്കിക്കൊണ്ടവൾ തുടർന്നു. ഓ ഐയാം ഗെറ്റിംഗ് ലേറ്റ്. സോറി, ഐ ഹാവ് ടു ലീവ് നൌ (ഓ സമയം വൈകുന്നു. സോറി. എനിക്കിപ്പോൾ തന്നെ പുറപ്പടേണ്ടതായുണ്ട് )

ഫയലുകൾ ലാപ്ടോപ്പിന്റെ അകത്തേക്ക് വെച്ചശേഷം അവൾ കാബിന് പുറത്തേക്ക് നടക്കുവാൻ തുടങ്ങി. അടുത്ത നിമിഷം തിരിഞ്ഞു നിന്നുകൊണ്ട് ക്ഷമാപണസ്വരത്തിൽ പറഞ്ഞു. വെരി സോറി ഫോർ ഓൾ ദി ട്രബിൾ. (ബുദ്ധിമുട്ടിച്ചതിൽ ദു:ഖിക്കുന്നു)ടൂർ കഴിഞ്ഞ് ഞാനെത്തിയാൽ നമുക്ക് വീണ്ടും മീറ്റ് ചെയ്യാം.

ക്ഷിപ്രവേഗത്തിൽ തന്നെ അവൾ കാഴ്ച്ചയിൽ നിന്ന് മറയുകയും ചെയ്തു. ഏതോ സ്റ്റാഫ് ധൃതിയിൽ കാബിന്റെ അകത്തേക്ക് വന്ന് ഒരരികിൽ വെച്ചിരുന്ന സൂട്ട് കേസുമെടുത്ത് അവളുടെ പിറകെ പായുന്നതും ശ്രദ്ധിച്ചു കൊണ്ട് ഏതാനും നിമിഷത്തേക്ക് മധു ഒരു പ്രതിമയെപ്പോലെ ഇരുന്നു പോയി.

മേഘനയുടെ ഓഫിസിൽ നിന്നും ബോംബെ എയർപോർട്ടിലേക്കുള്ള യാത്രയിൽ മധുവിന്റെ മനസ്സ് ചിന്താകുഴപ്പത്താൽ അസ്വസ്ഥമായിരുന്നു.

വിദേശയാത്ര കഴിഞ്ഞ് മടങ്ങിയെത്തിയതിനു ശേഷം വീണ്ടും തമ്മിൽ കാണാം എന്ന് പറഞ്ഞതിൽ നിന്ന് താനുമായുള്ള വിവാഹബന്ധം അവൾ ആഗ്രഹിക്കുന്നുണ്ടെന്ന് വ്യക്തമാണ്.

മേഘന കാഴ്ച്ചയിൽ സുന്ദരിയാണ്. അവിവാഹിതനായ ഏതൊരു ചെറുപ്പക്കാരനും സ്വന്തമാക്കാനാഗ്രഹിച്ച് പോകുന്ന രൂപലാവണ്യം അവൾക്കുണ്ടെന്നതിൽ സംശയമില്ല. ഉന്നത ബിരുദങ്ങളും ഉയർന്ന ജോലിയും അവൾ നേടിയിട്ടുണ്ടെന്നതും ശരി തന്നെ. അവളുടെ മാതാപിതാക്കളും സംസ്കാര സമ്പന്നരാണ്. ഇങ്ങനെ പല മേന്മകളും മേഘനക്ക് സ്വന്തമാണെങ്കിലും തന്റെ ജീവിത പങ്കാളിയായി അവളെ മനസ്സിൽ സങ്കല്പിക്കുമ്പോൾ പല പല പൊരുത്തക്കേടുകൾ........ മേഘനയുടെയും, ഒരു നാട്ടുമ്പുറത്തുകാരന്റെ മനസ്സായതിനാലാകാം തന്റെയും ജീവിത സങ്കല്പങ്ങൾ തമ്മിൽ വളരെയധികം അന്തരമുണ്ടെന്ന് അല്പസമയത്തെ കൂടിക്കാഴ്ച കൊണ്ടുതന്നെ വ്യക്തമായി.

ഒരു പന്തയക്കുതിരയെപ്പോലെ ഓടിത്തീർക്കാനുള്ളതല്ല ജീവിതമെന്നാണ് തന്റെ ഉറച്ച വിശ്വാസം .

പരസ്പരസ്നേഹം, സഹകരണം, പങ്കാളിത്തം എന്നിവയാണ് വിവാഹജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്നതെന്നും താൻ വിശ്വസിക്കുന്നു. മേഘനയുടെ തിരക്കുപിടിച്ച ജീവിതത്തിൽ അതെല്ലാം എങ്ങനെ പ്രാവർത്തികമാക്കാനാകുമെന്ന് പറയാനാകില്ല. അവളെ അത്യധികം പ്രലോഭിപ്പിക്കുന്ന ജോലി ഉപേക്ഷിക്കാൻ അവൾ തയ്യാറാകില്ലെന്ന് അവളുടെ സംസാരത്തിൽ നിന്ന് വ്യക്തമാണ്.

മേഘന തന്റെ ജീവിതസഖിയായി വന്നാൽ ഇരുവരുടെയും ഭാവിജീവിതത്തെ അതെങ്ങനെയെല്ലാം ബാധിക്കും എന്ന് അയാൾ മടക്കയാത്രക്കിടയിൽ വിശദമായി തന്നെ ആലോചിച്ചു. ആ ബന്ധം രണ്ടുപേർക്കും വിനാശകരമായിരിക്കും എന്ന നിഗമനത്തിൽ എത്തുകയും ചെയ്തു. ചില ഉറച്ച തീരുമാനങ്ങളോടെയാണ് മധു സ്വന്തം വീട്ടിലെത്തിയത്.

നേരം സന്ധ്യയാകാൻ തുടങ്ങിയിരുന്നു. ടാക്സി വീടിന് മുൻപിൽ എത്തിയപ്പോഴേക്കും ശശിധരൻ നായരും ഭാഗീരഥിയും ഉമ്മറത്തെത്തി.

ഹോ! നിന്നെയെന്താ കാണാത്തതെന്ന് വിചാരിച്ചിരിക്കുകയായിരുന്നു ഞങ്ങൾ.

പിന്നെ എന്തെല്ലാമാണ് വിശേഷങ്ങൾ ? മേഘനയെ കണ്ടിട്ടുണ്ടാകൂല്ലോ ? നിങ്ങൾക്ക് അന്യോന്യം ഇഷ്ടമാകാതിരിക്കാൻ വഴിയില്ല.

എല്ലാം ഞാൻ വിശദമായി പറയാമച്ഛാ. അതിനു മുൻപ് എനിക്ക് ഒരിടം വരെ പോകാനുണ്ട്.

എങ്ങോട്ട് ?

സുധമ്മാമേം അമ്മായിയേം ഒന്ന് കാണണം. പിന്നെ സുജാതേം . എനിക്കവളോട് മാപ്പ് പറയണം.

ശശിധരൻ നായർ അത്ഭുത സ്തംബ്ധനായി നിൽക്കുമ്പോൾ ഭാഗീരഥിയുടെ മുഖത്ത് അർത്ഥഗർഭമായ ഒരു പുഞ്ചിരി പ്രകാശം പരത്തി.

വ്യക്തിവിശേഷം

# സി. നാരായണപിള്ള

മലയാള കാവ്യശാഖയെ സമ്പന്നമാക്കുന്നതിൽ അദ്വീതയമായ പങ്കു വഹിച്ച ഇടപ്പള്ളി കവികളുടെ ജന്മനാടായ എറണാകുളത്തെ ഇടപ്പള്ളിയിൽ ചന്ദ്രത്തിൽ കാർത്ത്യായനി അമ്മയുടേയും കേശവപിള്ളയുടേയും മകനായി 1902 മെയ് മാസം 2–ാം തീയതിയാണ് സി.നാരായണപിള്ളയുടെ ജനനം. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ആലുവ കൃസ്ത്യൻ കോളേജിലും തിരുവനന്തപുരം ആർട്സ് കോളേജിലും ഉന്നത വിദ്യാഭ്യാസം നേടി. അദ്ധ്യാപകവൃത്തിയാണ് ആദ്യം അദ്ദേഹം തിരഞ്ഞെടുത്ത തൊഴിൽ രംഗമെങ്കിലും പിന്നീട് അതുപേക്ഷിച്ച് തിരുവനന്തപുരം ലോ കോളേജിൽ ചേർന്ന് ബി.എൽ. ബിരുദം നേടി. തിരുവിതാംകൂറിൽ സ്റ്റേറ്റ് കോൺഗ്രസ് രൂപീകരണത്തിലും പ്രവർത്തനത്തിലും വളരെ പ്രധാനപ്പെട്ട പങ്കു വഹിച്ച അദ്ദേഹം ഭാരതസ്വാതന്ത്ര്യസമരത്തിൽ അദ്വിതീയമായ പങ്കാണ് വഹിച്ചിട്ടുള്ളത്. പത്രപ്രവർത്തകൻ, സാഹിത്യനിരൂപകൻ ചരിത്രഗവേഷകൻ തുടങ്ങി പലമേഖലകളിലും തന്റെ വ്യക്തിമുദ്ര പതിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന് അഞ്ച് പ്രാവശ്യം അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചിട്ടുണ്ട്.

സാഹിത്യകാരൻ എന്ന നിലയിൽ മലയാള ഭാഷക്കു അതുല്യമായ സംഭാവനകളാണ് അദ്ദേഹം നല്കിയിട്ടുള്ളത്. ലോകപ്രശസ്ത നാടകമായ 'റോസ്മെർഹോം' 'മുല്ലയ്ക്കൽ ഭവനം' എന്ന പേരിൽ അദ്ദേഹം മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 'പണിമുടക്കം' എന്ന നാടകവും അദ്ദേഹം രചിച്ചിട്ടുണ്ട്. 'ആശാനും സ്തുതിപാലകരും' എന്ന അദ്ദേഹത്തിന്റെ വിമർശനഗ്രന്ഥം ഏറെ കോളിളക്കം സൃഷ്ടിച്ചതായിരുന്നു. 'ചിന്താമഞ്ജുഷ' എന്ന ലേഖന സമാഹാരം ഭാഷാവിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനം ചെയ്യുന്ന ഒരു കൃതിയാണ്. അതുപോലെ 'തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമരചരിത്രം,' അതിൽ തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമരചരിത്രത്തിന്റെ ഒരു യഥാർത്ഥചിത്രം തന്നെ വരച്ചുകാട്ടിയിട്ടുണ്ട്. മലയാളത്തെ മഹത്തായ അനേകം സാഹിത്യകൃതികൾകൊണ്ട് ധന്യമാക്കിയ ആ മഹത്വ്യക്തി 1992 ൽ ഇഹലോകവാസം വെടിഞ്ഞു.ഗവ.സെക്രട്ടറി ആയിരുന്ന വി.ആർ.ശങ്കരനാരായണപിള്ളയുടെ പുത്രി സരസ്വതി അമ്മയായിരുന്നു അദ്ദേഹത്തിന്റെ സഹധർമ്മിണി. കറപുരളാത്ത രാഷ്ട്രീയ പ്രവർത്തകനെന്ന നിലയിലും ഭാഷയ്ക്ക് അമൂല്യമായ ഏറെ കൃതികളെ സംഭാവന ചെയ്ത ഭാഷാ പണ്ഡിതനെന്ന നിലയിലും സി നാരായണ പിള്ളയെ മലയാളത്തിന് ഒരിക്കലും മറക്കാനാവില്ല. ആ ധന്യാത്മാവിന്റെ സ്മരണയ്ക്ക് മുന്നിൽ കൂപ്പുകൈകളോടെ.......

## വേദാന്ത പഠനക്ലാസ്സ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ് എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**

*(മിനിക്കഥ)*

## തളരാതെ

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

കാലഭ്രംശം സംഭവിച്ചിരിക്കുന്നു. ലോകക്രമം തകിടം മറിയുന്നു. മനുഷ്യസ്വഭാവം മാറിക്കൊണ്ടേയിരിക്കുന്നു. ............

അയാൾ ആലോചനയിലായിരുന്നു.

അവസാനം, ഇന്നലെകളെ അയാൾ ഉരിഞ്ഞെറിഞ്ഞു. ഇന്നിനെ ഇതാ അഴിച്ചിടുകയാണ്. ഇനി നാളെയിലേക്ക് നഗ്നസത്യമായി നടന്നു കയറും.

കല്ലേറു കൊണ്ടാലും കുരിശു ചുമന്നാലും വീണാലും അയാൾ തളരാതെ യാത്ര തുടരും.





കവിത

# കോൽക്കളി

**പറവൂർ രാജഗോപാൽ, ഫോൺ :9847291483**

പാടിപ്പാടി ആടിയാടി കണ്ണനുണ്ണിവാ
മോടിയിൽ മുടിയിൽ നീലപ്പീലിചൂടിവാ...........
പട്ടുടുത്തു വാ കണ്ണാ
പൊട്ടു തൊട്ടുവാ
പാൽനിലാവമ്പിളി പോൽ പുഞ്ചിരിച്ചുവാ.......
വളകിലുക്കി വാ കണ്ണാ തളകിലുക്കി വാ
വിമലവദന കൗതുകത്താലരികെയൊന്നു വാ.
കളിപറഞ്ഞു വാ കണ്ണാ കഥ പറഞ്ഞു വാ
കവിതപോലെ തിരുമൊഴികൾ ചൊല്ലിയാടി വാ.
കാലിമേച്ചു വാ കണ്ണാ കുഴലുണർത്തി വാ
കൂട്ടരൊത്തു കൂടിയാടി പാടിയോടി വാ.
ചോടുവെച്ചു വാ കണ്ണാ രാധയൊത്തു വാ, ചാരെ
ഗോപിമാരുമൊത്തു ചേർന്നു കോലടിച്ചു വാ
ആടിപ്പാടി പാടിയാടി ഉണ്ണിക്കണ്ണാ വാ
മോടിയിൽ മുടിയിൽ നീലപ്പീലി ചൂടിവാ.
വെണ്ണയുണ്ണാൻ വാ കണ്ണാ ഉമ്മതരാം വാ
വെണ്ണിലാവിൽ ഗോപികമാർക്കൊപ്പമാടാൻ വാ.
പാലട വേണ്ടേ, ഉണ്ണാൻ പായസം വേണ്ടേ
വേണ്ടതൊക്കെയും ഒരുക്കി ഞങ്ങൾ വിളിപ്പൂ.
രാവുണരുന്നു എങ്ങും പൂവിരിയുന്നു
രാഗമാലികാ വസന്ത ചേലുപെയ്യുന്നു
വരിക ഗോവിന്ദ, വനിയിൽ പാടിയാടിടാം
വദനസൗഭഗം പകർന്നൊന്നരികെയാടിവാ.
കോലടിച്ചു വാ കണ്ണാ കുമ്മികൊട്ടി വാ
ഗോപസ്ത്രീജനങ്ങൾക്കൊത്തു പാടിയാടിവാ
ചന്ദനക്കുറിക്കൂട്ടിൻ ചന്തമാർന്നു വാ
ചാരു ചിത്രഭംഗിയോടെ ചുവടുവെച്ചുവാ.
ആടിപ്പാടി പാടിയാടി ഉണ്ണിക്കണ്ണാവാ
മോടിയിൽ മുടിയിൽ നീലപീലിചൂടിവാ.
മെയ്യനക്കി വാ മൊഞ്ചിൻ കൊഞ്ചലോടെവാ
മല്ലികപ്പൂതാലനൃത്ത ചുവടു നോക്കി വാ.
മാനസനല്ലേ ഞങ്ങൾതൻ മാധവനല്ലേ
മോഹനസ്വരൂപ കൃഷ്ണനായ് ഒരുങ്ങി വാ.
നീ പാടുമീണങ്ങൾ, ഞങ്ങൾ നിന്റെ രാധമാർ
രാഗിണീ സുഗന്ധപൂർണ്ണനായ് അറിഞ്ഞു വാ.
മുരഹര ബാലകനായ് മുരളിയൂതിവാ
മുടിമേലേ പീലിചൂടി മാല ചാർത്തി വാ.
യദുകുലനാഥാ കണ്ണാ യമുനവിഹാരി
യാമചന്ദ്രികാ നിലാവിൽ പാടിയൊത്തു വാ.
കോടിചുറ്റി വാ കണ്ണാ കോമളനായ് വാ
കോവിലിൻ പ്രഭാപ്രസാദ പൂർണ്ണിമയായ് വാ.
ആടിപ്പാടി പാടിയാടി ഉണ്ണിക്കണ്ണാ വാ
മോടിയിൽ മുടിയിൽ നീലപ്പീലി ചൂടി വാ.

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
### 2018 മാർച്ച് / ഏപ്രിൽ മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷണം | വിഷയം | നമ്പർ |
|---|---|---|---|---|
| 15.3.2018 | ടി.കെ. ശ്രീകുമാരൻ നായർ | കല്പകവല്ലി | ഐതിഹ്യമാല | 957 |
| 22.3.2018 | Know each other | ലക്ഷ്മിദേവി. പി. നായർ | ദേവഗീതയും ഗീതാഗോവിന്ദവും | 958 |
| 29.3.2018 | എം. സുകുമാരമേനോൻ | എം. രാജലക്ഷ്മി | വില്വാദ്രിനാഥനും രാക്ഷസൻ പാറയും | 959 |
| 05.04.2018 | എസ്. പി. പിള്ള | അഡ്വ. വി. ആർ.രാമചന്ദ്രൻ നായർ | വഞ്ചീകരണം | 960 |

തുടർച്ച

# കുലസ്ത്രീ

മൃണാളിനി ഫോ:9567763643

അവിടെ നിന്നാണ് അവരുടെ ആതുര സേവന പാത തുടങ്ങിയത്. അവർ ഒരുപാട് ചിന്തിച്ചിട്ട് മകളോട് അഭിപ്രായമാരാഞ്ഞു. തനിക്ക് സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ കിട്ടിയ പ്രൊവിഡന്റ് ഫണ്ടും ഗ്രാറ്റുവിറ്റിയും നല്ലൊരു തുക ഉണ്ടായിരുന്നു. അത് മുതൽമുടക്കിയിട്ട് തന്റെ പഴയ തറവാട്ടു വീട് ഒരു ശരണാലയമാക്കുക. കാൻസർ രോഗികൾ, പ്രത്യേകിച്ച് കുഞ്ഞുങ്ങളും അവരുടെ അമ്മമാർക്കും സ്വസ്ഥമായി താമസിക്കാം. മെഡിക്കൽ പാലിയേറ്റീവ് കെയർ ചെയ്യുന്ന ചില ഡോക്ടർമാരുമായി ബന്ധപ്പെട്ട് അവരുടെ സഹകരണവും ചികിത്സാ സേവനവും അഭ്യർത്ഥിച്ച് സംഘടിപ്പിച്ചു. മറ്റു ചില സന്നദ്ധസംഘടനകളുമായി ബന്ധപ്പെട്ട് മരുന്നുകൾ നിർലോഭമായി പ്രതിഫലം കൂടാതെ വരുത്തുവാൻ ഏർപ്പാടായി. ഇതിലെല്ലാം രാജലക്ഷ്മിക്കു തുണയായി മകളുടെ പിന്തുണയും വിഷ്ണുവിന്റെ ചേട്ടന്റെ സ്ഥാനത്തുള്ള ഒരു ബന്ധവുമുണ്ടായിരുന്നു. രാജലക്ഷ്മി തന്റെ മുടക്കു മുതൽ ബാങ്കിലിട്ട് അതിന്റെ പലിശയും മകൾ ഒരു കൃത്യം തുക അയച്ചു തരുന്നതും ചേർത്ത് ദൈനംദിന ചിലവുകൾക്കായി ഉപയോഗിച്ചു. അതുപയോഗിച്ച് രണ്ട് ട്രെയിൻഡ് നഴ്സുമാരെ വച്ചു. സ്ഥാപനത്തിന്റെ പേരു വർദ്ധിക്കുമ്പോൾ അതിനനുസരിച്ച് പുറത്തു നിന്ന് പണപ്രവാഹവുമുണ്ടായി. കാൻസർ രോഗത്തിൽ നിന്ന് മുക്തി നേടിയ ധനവാന്മാരായ പലരും രോഗത്തിൽ നഷ്ടപ്പെട്ടവരുടെ ബന്ധുക്കൾ പോലും രാജലക്ഷ്മിയുടെ ഈ സംരഭത്തിൽ പങ്കുചേർന്നു. രാജലക്ഷ്മി ഈ സംഭാവനകൾ ഒരു ട്രസ്റ്റായി രൂപികരിച്ച് അതിൽ നിന്നും ചിലവുകൾ നടത്തി.

നല്ല ഭക്ഷണം സുഖകരമായ അന്തരീക്ഷം സംഗീതം. വേദനകളിൽ നിന്ന് മോചനം നൽകാൻ വേദനസംഹാരി മരുന്നുകൾ. കാൻസറിന്റെ എല്ലാ സ്റ്റേജിലുമുള്ള ആളുകളായതുകൊണ്ട് ട്രീറ്റ്മെന്റ് ചെയ്ത് രക്ഷപ്രാപിക്കുന്നവരെ കാണുമ്പോൾ മറ്റുള്ളവർക്കും ഒരാർജ്ജവം. ഇങ്ങിനെ 'ശരണ്യ' രോഗികളുടെ ഒരു ശരണാലയം തന്നെ ആയി തീർന്നു. തനിക്ക് ഒരു സ്ഥാപനം നടത്തിക്കൊണ്ടു പോകാനുള്ള കഴിവ് ഈശ്വരൻ തന്നതോ, അതോ വിഷ്ണു അദൃശ്യനായി തനിക്ക് ത്രാണി തരുന്നതാണോ എന്ന് രാജലക്ഷ്മി ചിന്തിക്കാറുണ്ട്.

'ശരണ്യ'പുരോഗമിച്ചതോടെ സ്ത്രീ സമാജങ്ങൾ രാജലക്ഷ്മിയുടെ മെമ്പർഷിപ്പിനു വേണ്ടി എത്തി. അവർ കമ്മറ്റിയിലും ചേർത്തു. അങ്ങിനെയാണ് അസ്സോസിയേഷന്റെ മീറ്റീംഗിന് അവർ എത്തിയത്. അവരുടെ നിർദ്ദേശപ്രകാരമാണ് വാർഷിക കലാപ്രകടനങ്ങൾ ക്യാൻസർ രോഗികൾക്കുള്ള ധനസഹായ ഫണ്ടിനായി പാസ്സുവച്ച് നടത്തിയത്.

രാജലക്ഷ്മി ഉറങ്ങാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. താൻ പോകുമ്പോൾ ഈ സ്ഥാപനം എങ്ങിനെ നടക്കും. തന്നെ കൂടാതെ ഈ കുട്ടികളും അവരുടെ അമ്മമാരും വൃദ്ധജനങ്ങളും ഉൾകുണ്ഠാകുലരാകില്ലേ. വലിയ രണ്ടു നിലയുള്ള ഓടിട്ട തറവാട്ടു വീട്ടിൽ മുകളിലും താഴേയുമായി പത്തിരുപത്തഞ്ച് ആത്മാക്കൾ താമസമുണ്ട്. അവരുടെയൊക്കെ സുരക്ഷ തന്റെ കൈയ്യിലാണ്. താൻ പോകുമ്പോൾ ഏല്പിക്കാൻ ഒരാളേയുള്ളു. ശേഖരേട്ടൻ. ഇത്രയും നാൾ ഒരു നിഴലുപോലെതന്റെ കൂടെ നിന്ന് എല്ലാത്തിലും വലംകൈയായ ശേഖരേട്ടൻ. വിഷ്ണുവിന്റെ ചേട്ടനാ യതുകൊണ്ട് തനിക്കും ചേട്ടൻ തന്നെയാണ്.

തന്റെ പിഞ്ചുകുഞ്ഞിനെ ഏല്പിക്കുന്നതുപോലെ സ്ഥാപനത്തെ ശേഖരേട്ടന്റെ കൈകളിൽ ഏല്പിച്ചു. ഭക്ഷണത്തിന്റെ നൈപുണ്യത്തിന്റെ കാര്യത്തിൽ കുറവു വരുത്തരുതെന്ന് പ്രത്യേകം ഓർമ്മിപ്പിച്ചു. എല്ലാം ഭദ്രമായിരിക്കുമെന്ന് എനിക്ക് അറിയാം. എന്നാലും ...... രാജലക്ഷ്മി പറഞ്ഞു നിർത്തി. ട്രസ്റ്റിൽ നിന്ന് പണം പിൻവലിക്കാനുള്ള പവർ ഓഫ് അറ്റോണി ശേഖരേട്ടന് പണ്ടേ കൊടുത്തിരുന്നു. ശേഖരേട്ടൻ പറഞ്ഞു. 'ഇവിടെ എല്ലാം ഭംഗിയായി നടക്കും. ഇനി കുഞ്ഞിനേയും കൊണ്ടിങ്ങോട്ടു വന്നാൽ മതി. പത്തുമാസത്തെ കാര്യമല്ലെയുള്ളു.'പക്ഷെ വൃദ്ധജനങ്ങൾ ദു:ഖിതരായി. അവർക്ക് രാജലക്ഷ്മിയായിരുന്നു സാന്ത്വനം. കുഞ്ഞുങ്ങളുടെ അമ്മമാർ കണ്ണിൽ പ്രത്യാശയുടെ തിളക്കവുമായി നോക്കിയിരുന്നു. രാജലക്ഷ്മിക്കൊരു കൊച്ചു മകനോ മകളോ ലഭിക്കുവാൻ അവരും പ്രാർത്ഥിച്ചു. കൂട്ടത്തിൽ തങ്ങളുടെ കുഞ്ഞുങ്ങളും രക്ഷപ്പെടണമെന്നുള്ള പ്രാർത്ഥനയും. വികാരസാന്ദ്രമായ അന്തരീക്ഷത്തിൽ തന്റെ പ്രിയപ്പെട്ട സ്ഥാപനത്തോട് രാജലക്ഷ്മി യാത്ര പറഞ്ഞു. വിധുവിനോട് താൻ പുറപ്പെടുക യാണെന്നും വിജയൻ വന്നു എയർപോർട്ടിൽ നിന്നും വിളിച്ചു കൊണ്ടു പോകണമെന്നും വിളിച്ചു പറഞ്ഞു.

ബോംബെയിൽ ഇറങ്ങിയപ്പോൾ അതാ വിജയനും വിധുവും വന്നു നിൽക്കുന്നു. 'നിനക്ക് ഓടി നടക്കാതെ വീട്ടിൽ ഇരുന്നാൽ പോരാ യിരുന്നോ.?' രാജലക്ഷ്മി മാതൃ വാത്സല്യ ത്തോടെ ശാസിച്ചു. 'ഈ അമ്മ എന്നെ തൊട്ടിലിൽ കിടത്തും'. വിധു പൊട്ടിച്ചിരിച്ചു. അവർ വിജയനു നേരെ തിരിഞ്ഞു. 'സുഖ മായിരിക്കുന്നോ'? വിജയൻ പുഞ്ചിരിച്ചു കൊണ്ട് രാജലക്ഷ്മിയെ തോളിൽ ചുറ്റി ചേർത്തു പിടിച്ചു. രണ്ടു പേരും കൊച്ചു കുട്ടികളെപ്പോലെ ഇരിക്കുന്നു. രാജലക്ഷ്മി ഓർത്തു. അതിനു രണ്ടു പേരും സമപ്രായ ക്കാരാണ്. ഒന്നിച്ച് ഐ.ഐ.എം അഹമ്മദബാദിൽ പഠിച്ചവരും. നിറഞ്ഞ മനസ്സുമായി അവർ മക്കളുടെ അകമ്പടിയോടെ നടന്നു.

രാജലക്ഷ്മി ഗൃഹഭരണം ഏറ്റെടുത്തു. വിധുവിന് ആവശ്യത്തിനുള്ള വിശ്രമം അവർ നിർബന്ധിച്ചു. അവിടെ വീട് വൃത്തിയാക്കു വാനും പാത്രങ്ങൾ കഴുകുവാനും ഒരു ഹിന്ദിക്കാരി ഉണ്ടായിരുന്നു. അവൾ അതി വേഗത്തിൽ ചപ്പാത്തിയുണ്ടാക്കി ടിഷ്യു പേപ്പേറിൽ പൊതിഞ്ഞ് ചൂടു നിൽക്കുന്ന പാത്രത്തിൽ ആക്കി വയ്ക്കും. വൈകുന്നേരം ഓവനിൽ വെച്ചു ചൂടാക്കും. മറ്റു ഭക്ഷണമെല്ലാം രാജലക്ഷ്മി തന്നെ സ്വാദിഷ്ഠമായി വച്ചുണ്ടാക്കി മക്കൾക്ക് കൊടുക്കും. രാത്രിയായാൽ രാജലക്ഷ്മിക്ക് തന്റെ സ്വപ്നഭവനത്തിന്റെ ഓർമ്മ വരും. ശേഖരേട്ടനെ വിളിച്ച് അന്നത്തെ വരവു ചിലവും പേരെടുത്ത് അന്തേവാസി കളുടെ വിശേഷങ്ങളും ഏതൊക്കെ മരുന്നുകൾ എത്തി എന്ന കണക്കുകളും മറ്റും അന്വേഷിക്കും. ശരണ്യയിൽ കമ്പ്യൂട്ടറിലാണ് എല്ലാ സ്ഥിതി വിവരങ്ങളും. ഓരോ അന്തേവാസിയുടെയും ആരോഗ്യനില എല്ലാം കമ്പ്യൂട്ടറിൽ രേഖപ്പെടു ത്തി വക്കും. ഈ ഭവനം കാണുവാൻ വന്ന ഒരു സന്ദർശകൻ ഒരു ഗൾഫു മലയാളി ആണ്. കമ്പ്യൂട്ടർ ആണ് സമ്മാനിച്ചത്. അതിലെ അന്നന്നത്തെ സ്ഥിതി വിവരങ്ങൾ ഇ മെയിൽ ആയി അയയ്ക്കുവാൻ തനിക്ക് ഒരു കമ്പ്യൂട്ടർ കിട്ടിയിരുന്നുവെങ്കിൽ എന്ന് രാജലക്ഷ്മി ആശിച്ചു. വിജയനും വിധുവിനും ലാപാടോപ്പ് ഉണ്ട്. അത് അവരുടെ ഔദ്യോഗിക ജീവിതത്തിന്റെതാണ്. രാജലക്ഷ്മി കുറച്ചു ദിവസം മകളെ ശുശ്രൂഷിച്ച് കഴിഞ്ഞ പ്പോൾ അവൾക്ക് ഓഫീസിൽ പോകാ മെന്നായി. വിജയൻ കാറെടുത്തു പോകും. പോകുന്ന വഴിക്ക് അവളെ ഓഫിസിൽ ആക്കും. പണ്ടൊക്കെ അവൾ ഊബർ കാർ വിളിച്ചാണ് പോയിരുന്നത്. പക്ഷെ വിജയൻ വളരെ ശ്രദ്ധാലുവാണ്. രാജലക്ഷ്മി വീട് വൃത്തിയാക്കി വയ്ക്കുന്നതിനും താഴെ സൂപ്പർമാർക്കറ്റിൽ പോയി സാധനങ്ങൾ വാങ്ങിക്കുന്നതിലും മുഴുകി. അവൾക്ക് പോഷകാംശമുള്ള ഭക്ഷണം തയ്യാറാക്കാൻ വേണ്ടുന്നതെല്ലാം വാങ്ങിക്കും. കൂടെ മാംസാഹാര പ്രിയനായ വിജയന് വേണ്ടന്നതെല്ലാം കോൾഡ് സ്റ്റോറേജിൽ നിന്ന് വാങ്ങി വരും. അവർ പഴയ വീട്ടമ്മയായി.

പക്ഷെ 'ശരണ്യ'യുടെ ഉത്തരവാദിത്വം ശേഖരേട്ടനെ പൂർണ്ണവിശ്വാസമുണ്ടെങ്കിലും അവരെ അലട്ടിക്കൊണ്ടിരുന്നു. അത് അവരുടെ പെരുമാറ്റത്തിലും പ്രകടമായി തുടങ്ങി. രാത്രി ഭക്ഷണത്തിനിടയ്ക്ക് അവർ ചിന്താവിഷ്ട യായിരിക്കും. സംസാരത്തിൽ പങ്കുചേരില്ല. എന്തെങ്കിലും ചോദിച്ചാൽ മറുപടിയില്ല. അപ്പോൾ അവരുടെ മനസ്സിൽ ശോഭയുടെ മകളായിരിക്കും. കഴുത്തിൽ ഒരു വീങ്ങൽ വന്നു. പരിശോധിച്ചപ്പോൾ കാൻസറാണെന്ന് നിർണ്ണയിച്ച നാലു വയസ്സുകാരി. അവളുടെ ട്രീറ്റ്മെന്റ് പുരോഗമിക്കുന്നുണ്ടായിരുന്നു. ആ കുഞ്ഞിന്റെ ഭാവിയായിരുക്കും മനസ്സിൽ. രാജലക്ഷ്മി അവിടെയുള്ളപ്പോൾ അവരായിരുന്നു ഇങ്ങനെയുള്ള കേസുകളിൽ അമ്മമാരുടെ താങ്ങും തണലും. അതുപോലെ തന്നെ വൃദ്ധജനങ്ങളിൽ പലരുടേയും സ്ഥിതി. അവിടെ ചികിത്സ പുരോഗമിക്കുന്നവരും മറ്റു ചികിത്സയൊന്നും ഫലിക്കാതെ പാലിയേറ്റീവ് കെയർ മാത്രം കൊണ്ട് ജീവിച്ചുപോകുന്ന വരുമുണ്ടായിരുന്നു. ചികിത്സകൊണ്ട് തീരെ പ്രയോജനമില്ലാത്തവർ പോലും റിക്രിയേഷൻ മുറിയിൽ കാരംസ് കളിക്കാനോ, ലൈബ്രറി അലമാരിയിൽ നിന്നും ബുക്കുകളെടുക്കാനോ ഉത്സാഹിക്കാറുണ്ട്. വിഷ്ണുവിന്റെയും രാജലക്ഷ്മിയുടെയും പുസ്തക ശേഖരം മുഴുവൻ ശരണ്യയിലേക്ക് മാറ്റിയിരുന്നു.

വിധുവിന് അമ്മയുടെ പ്രയാസം മനസ്സിലായി. ഇപ്പോൾ തനിക്ക് വലിയ ബുദ്ധിമുട്ടില്ലാതെ വീട്ടു കാര്യങ്ങൾ നോക്കാം. അമ്മ തരുന്ന ബാലൻസ്ഡ് ഭക്ഷണം തന്നത്താൻ ഉണ്ടാക്കാൻ സമയവുമുണ്ട്. വിജയനാണെങ്കിൽ തന്നെ കൊച്ചുകുട്ടിയെ എന്ന പോലെയാണ് നോക്കുന്നത്. അമ്മയോട് നിർബന്ധമായി പറയണം തിരിച്ച് നാട്ടിലേയ്ക്ക് പോകണമെന്ന്. അവൾ മനസ്സിൽ കരുതി.

വിവരം രാജലക്ഷ്മിയോട് പറഞ്ഞപ്പോൾ അവർ ദ്വിമനസ്സിലായി. മകളെ ഒറ്റക്കാക്കു വാൻ പ്രയാസം വിജയൻ പറഞ്ഞു. അവളെ ഞാൻ ഏറ്റു. അത് ഓർത്ത് അമ്മ വേവലാതി പ്പെടേണ്ട . രാജലക്ഷ്മിക്ക് ഗൃഹാതുരത്വ മുണ്ടാ യിരുന്നു. തിരിച്ചു പോവാനുള്ള ആഗ്രഹം മറച്ചു വച്ചിരിക്കുകയായിരുന്നു.

വിധു പറഞ്ഞു 'എട്ടുമാസമാകുമ്പോൾ ഞാൻ നാട്ടിലേയ്ക്ക് വന്നു കൊള്ളാം.' രാജ ലക്ഷ്മി ചോ

ദിച്ചു. അതിനുശേഷവും നിനക്ക് തിരിച്ചു വരണ്ടേ. അത് അപ്പോൾ നോക്കാമമ്മേ. അമ്മയ്ക്ക് ശരണ്യയിൽ നിന്നും വിട്ടുനിൽക്കാനാവില്ല. അവിടെയാണ് അമ്മയുടെ ജീവൻ. വിധു അമ്മയെസ്നേഹപൂർവ്വം ചുംബിച്ചു. രാജ ലക്ഷ്മിക്ക് മനസ്സിൽ ആശ്വാസമുണ്ടായിരുന്നു. താനില്ലെങ്കിൽ തന്റെ സ്നേഹഭവനത്തിൽ ഒന്നും നടക്കുകയില്ലെന്ന തോന്നൽ.

രാജലക്ഷ്മി തിരിച്ചെത്തിയപ്പോൾ ശരണ്യയിൽ ഉത്സവമായിരുന്നു. ശേഖരേട്ടൻ അന്ന് പ്രത്യേകം പായസവും ചേർന്ന ഊണ് വെപ്പിച്ചു. രാജലക്ഷ്മി എല്ലാ വരുടേയും കൂടെയിരുന്ന് ഊണു കഴിച്ചു. പിന്നീട് ഓഫീസ് മുറിയിൽ പോയിരുന്നു. കമ്പ്യൂട്ടറിൽ തന്റെ അന്തേവാസികളുടെ അവസ്ഥാ വിശേഷങ്ങൾ പരിശോധിച്ചു. ഒരു കുഞ്ഞ് ചികിത്സ തീർന്ന് അസുഖത്തെ കീഴടക്കി പോയിട്ടുണ്ട്. ആ സ്ഥാനത്ത് മറ്റൊരു കുട്ടിയെ അമ്മയോട് സഹിതം ദത്തെടുത്തിട്ടുണ്ട്. ഒരു വൃദ്ധ കാലയവനികയിൽ മറഞ്ഞു. പല്ലില്ലാത്ത മോണകാട്ടി എപ്പോഴും തന്നെ നോക്കി ചിരിക്കുന്ന അവർക്ക് സാന്ത്വന മേകി. മരിക്കുമ്പോൾ കൂടെയുണ്ടാകാൻ പറ്റിയില്ല. അതുപോലെ രോഗം മാറിപ്പോയ കുഞ്ഞിനെ ആഘോഷത്തോടെ യാത്രയാക്കാനും സാധി ച്ചില്ല. അത് താൻ വേവലാതിപ്പെട്ടിരുന്ന ശോഭ യുടെ മകളായിരുന്നു. പുതിയതായി വന്ന അമ്മ യേയും കുഞ്ഞിനേയും കാണണം. രാജലക്ഷ്മി മനസ്സിൽ കുറിച്ചു വച്ചു.

അവർ മനശ്ശാന്തിയോടെ കുറച്ചു നേരം തന്റെ ഓഫീസ് മുറിയിൽ ഇരുന്നു. കണ്ണുയർ ത്തിയാൽ നേരെ മുന്നിൽ വിഷ്ണുവിന്റെ ഫോട്ടോ ഫ്രെയിം ചെയ്ത് തൂക്കിയിരിക്കുന്നു. ആ തേജസ്സുറ്റ കണ്ണുകളിൽ ജീവൻ തുടിച്ചു നിൽക്കുന്നു. ഫോട്ടോ ഫ്രെയിമിനകത്തു നിന്നും വിഷ്ണു തന്നെനോക്കി പുഞ്ചിരിക്കുകയാണെന്ന് തോന്നും. രാജലക്ഷ്മി പറഞ്ഞു. വിഷ്ണു, നമ്മുടെ മകൾ ഒരു അമ്മയാകാൻ പോകുന്നു. അവരുടെ കണ്ണുകൾ ഈറനണിഞ്ഞു. വിഷ്ണുവിന്റെ ഓർമ്മയ്ക്കായി ഞാൻ തുടങ്ങിയ ഈ സ്ഥാപനം ജീവിതാവസാനം വരെ കൊണ്ടു നടക്കുവാനുള്ള പ്രാപ്തിയുണ്ടാകണമേ, അവർ പ്രാർത്ഥിച്ചു. വിധുവിന്റെ ഫോൺകോൾ വരറുണ്ട്. പോരാതെ വാട്സ് ആപ്പ് ഉള്ളതുകൊണ്ട് അവളുടെ ഫോട്ടോയും അമ്മയ്ക്കുള്ള കുറിപ്പുകളും . അവൾക്ക് അഞ്ചുമാസം അടുത്തിരുന്നു. ദിവസങ്ങൾ നീങ്ങുന്നത് അറിയുന്നില്ല. അവർ രണ്ടുപേരും വിധുവും വിജയനും വളരെ ആധുനിക ജീവിതമാണ് നയിക്കുന്നത്. പക്ഷെ വിളക്കു കത്തിക്കാനും ഈശ്വരപ്രർത്ഥന ചൊല്ലാനും അവർ സമയം കണ്ടെത്തിയിരുന്നു. എന്നു വച്ച് മാമൂലു പ്രകാരമുള്ള ചടങ്ങുകൾക്കൊന്നും അവർ തയ്യാറായില്ല. രാജലക്ഷ്മിക്കും അതിലൊന്നും താല്പര്യമുണ്ടായിരുന്നില്ല. എങ്കിലും അവർ അവൾക്ക് ഓൺലൈനായി മധുരം സമ്മാനിച്ചു. വിധു വിളിച്ചു ചോദിച്ചു. 'അമ്മേ ഇതു മുഴുവൻ എനിക്ക് തിന്നാമോ'? വേണ്ട, വേണ്ട കൊതിച്ചീ, നീ അയൽ അപ്പാർട്ടുമെന്റിലുള്ളവർക്ക് ഓരോ പങ്ക് കൊടുക്ക്. വിജയനും കൊടുക്ക്. എന്നാൽ ശരി. ഞാൻ എനിക്ക് മുഴുവനും തിന്നാമെന്ന് കരുതി. അവൾ കൃത്രിമ നിരാശ കാണിച്ചു. പിന്നെ അമ്മയ്ക്ക് ചുംബനങ്ങളും ഗുഡ്നൈറ്റും നൽകി.

എട്ടു മാസം പറന്നു പോയി. ഇതിനിടയ്ക്ക് ശരണ്യയിൽ പുതിയ എടുപ്പുകൾ വന്നു. ട്രസ്റ്റിൽ നിന്നും പണം പിൻവലിച്ച് അടു ക്കള കൂടുതൽ സാങ്കേതികമാക്കി. ഇപ്പോൾ പാചകമേഖല ഒരു ഫൈവ് സ്റ്റാർ ഹോട്ടലിന്റെ ചുറ്റുപാടു പോലെയായി. രാജലക്ഷ്മി ദേഹ പുഷ്ടിക്കുതകുന്ന സസ്യഭോജനമാണ് ഏർപ്പെടുത്തിയിരുന്നത്. കൂടാതെ മാംസാഹാരം വേണ്ടവർക്ക് മീൻകറിയും ഏർപ്പെടുത്തി യിരുന്നു. രാവിലെ ഇഡ്ഡലി , ദോശ, പുട്ട്, ഇടിയപ്പം എന്നിവ മാറി മാറി. പിന്നെ ഇടവേള യിൽ ടുമാറ്റോ സൂപ്പ്, ഉച്ചഭക്ഷണം. അതിനു ശേഷം എല്ലാവരും മയക്കം. നാലുമണിക്ക് ചായ ക്കുള്ള സമയം. എണ്ണചേരാത്ത കൊഴുക്കട്ടയോ, അടയോ അതുപോലുള്ള പലഹാരങ്ങളും. രാത്രിഭക്ഷണം കഞ്ഞിയോ, ചപ്പാത്തിയോ വേണ്ടവർക്കനുയോജ്യമായി. ഭക്ഷണസമയ ങ്ങളിൽ ബെല്ലടിക്കും. അപ്പോൾ എല്ലാവരും ഊണുമുറിയിൽ എത്തും. രാജലക്ഷ്മിയുടെ തറവാട്ടു വീട്ടിലെ ഊണുമുറി വളരെ വിശാല മായിരുന്നു. പത്തു പതിനഞ്ചുപേർക്ക് ഒന്നി ച്ചിരിക്കാം. അമ്മമാർ മക്കളെ മടിയിലിരുത്തി ഭക്ഷണം കൊടുത്തിരുന്നു. എഴുന്നേറ്റു നടക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് മുറിയിൽ ഭക്ഷണം എത്തിക്കും. പക്ഷെ സമൂഹഭക്ഷണം കഴിക്കാ നുള്ള ആഗ്രഹം കൊണ്ട് പലപ്പോഴും അവർ എങ്ങിനേയും ഏന്തിവലിഞ്ഞെത്തും.

ഭവനത്തിൽ ഇപ്പോൾ മൂന്നു വൃദ്ധകളും രണ്ടു വൃദ്ധരുമുണ്ട്. പത്ത് കുട്ടികളും അവരുടെ മാതാക്കളുമുണ്ട്. ഓരോ കുട്ടിയുടേയും പിതാവ് ആഴ്ചയിലൊരിക്കലെങ്കിലും വന്നു കുട്ടിയുടെ ക്ഷേമാന്വേഷണങ്ങൾ നടത്തണമെന്നതാണ് നിയമം. മറ്റു കുട്ടികളുണ്ടെങ്കിൽ അച്ഛനോടൊപ്പം നിർത്തണം. അവർക്കും ആഴ്ചയിലൊരിക്കൽ വരാം. രാജലക്ഷ്മി ഊടും പാവുമിട്ട് വളർത്തി യെടുത്ത നിയമങ്ങളാണിത്. പൊതുവെ ആലംബഹീനരായ സ്ത്രീകളെയും കുഞ്ഞു ങ്ങളെയുമാണ് രാജലക്ഷ്മി തെരെഞ്ഞെടുക്കാറ്. അതുപോലെ നിരാംലബരായ വൃദ്ധരെയും. എന്നാലും അവിടെ വരുന്നവർക്കെല്ലാം ഒരു തണൽ കിട്ടി എന്ന വിശ്വാസം ജനിപ്പിക്കാൻ രാജലക്ഷ്മിക്ക് കഴിഞ്ഞു.

എട്ടാം മാസമടുത്തു രാജലക്ഷ്മി കാത്തിരുന്നു. അവളെ ഫ്ളൈറ്റിൽ വിജയൻ കയറ്റി വിട്ടു. എന്നിട്ടും പ്ലെയിൻ ലാൻഡ് ചെയ്തു എന്ന് കേൾക്കുന്നതുവരെ അവർക്ക് ഹൃദയമിടി പ്പായിരുന്നു. കാറും ഡ്രൈവറെയും അയച്ചിരുന്നു. കാർ വന്ന് നിന്നത് ശരണ്യയിലാണ്. വിധു പുഞ്ചിരിച്ചുകൊണ്ട് ഇറങ്ങി നിന്നത് കണ്ട് രാജലക്ഷ്മി ഓടിയെത്തി. അവൾക്ക് വിളർച്ച യുണ്ടോ എന്ന് നോക്കി. അവൾ പുഷ്ടി പ്രാപിച്ചി രിക്കുന്നു. 'അമ്മേ വിശക്കുന്നു. എനിക്ക് ഇവിടുന്ന് പ്രാതൽ മതി'. രാജലക്ഷ്മി അവളെ കൂട്ടിക്കൊണ്ടു പോയി ഭക്ഷണം കൊടുത്തു. 'ശേഖരമ്മാമനില്ലേ'? അവൾ ചോദിച്ചു. 'ശേഖരേട്ടൻ പുറത്തു പോയിരിക്കുകയാണ്'. അന്തേവാസികളെല്ലാം ചുറ്റും കൂടി. 'വയറു കാണൽ' ചടങ്ങു നടത്തണം. ഒരു വൃദ്ധ അഭി പ്രയപ്പെട്ടു. 'അതിന് വയറിലേക്ക് നോക്കിയാൽ മതി അമ്മൂമ്മേ'. വിധു പൊട്ടിച്ചിരിച്ചു. വൃദ്ധ പല്ലി ല്ലാത്ത മോണക്കാട്ടി ചിരിച്ചു. എല്ലാവരും പങ്കുചേർന്നു. എല്ലാവർക്കും ഉത്സാഹമായി. അന്നും ഒരു പായസം ഉണ്ടാക്കി.

രാജലക്ഷ്മി പരിചയമുള്ള ഒരു ഗൈനക്കോളജിസറ്റിനെ കാണിച്ചു. അവർ പരിശോധിച്ചിട്ട് യാതൊരു പ്രശ്നവുമില്ലാത്ത സുഖപ്രസവം നടക്കുമെന്ന് പ്രവചിച്ചു. രാജ ലക്ഷ്മി സംതൃപ്തയായി. അവർ വീട്ടിലും 'ശരണ്യ'യിലുമായി സമയം പങ്കിട്ടു. ജോലി ക്കാരിയുള്ളതുകൊണ്ട് അവർക്ക് സമാധാനമായി ശരണ്യയിൽ പോയി ജോലികളിൽ മുഴുകാൻ സാധിച്ചു. പക്ഷേ ശേഖരേട്ടൻ അവരെ പിന്തിരിപ്പിച്ചു. 'പോയി വീട്ടിൽ കൂട്ടിരിക്കൂ'. കുട്ടി പകലുറങ്ങാതെ നോക്കണം. ഇവിടുത്തെ കാര്യങ്ങൾ നടന്നു കൊള്ളും. വൈകിട്ട് വന്ന് കണക്കുകൾ നോക്കിയാൽ മതി. രാജലക്ഷ്മി സന്തോഷത്തോടെ സമ്മതിച്ചു. അവർക്ക് മകളെ ഇട്ടിട്ടു വരുവാൻ മനസ്സമാധാനമുണ്ടായിരുന്നില്ല. സമയമടുത്തപ്പോൾ അവർ ഹോസ്പിറ്റലിൽ മുറി ബുക്കു ചെയ്തു. വിജയൻ ദിവസേന വിളിക്കാറുണ്ടായിരുന്നു.അവളെ ഹോസ് പിറ്റലിൽ പ്രവേശിപ്പിച്ചപ്പോൾ വിജയൻ പറന്നു വന്നു. ഡോക്ടർ പ്രവചിച്ചതുപോലെ സുഖപ്രസവം. പെൺകുട്ടി. രാജലക്ഷ്മി ചാരിതാ ർത്ഥയായി. അവൾക്ക് വിധുവിന്റെ ചായയുണ്ട് എന്നവൾക്കു തോന്നി. രാജശോഖരന്റെ മുഖച്ഛായ പകർന്നു കിട്ടുമെന്നോർത്ത് അവരൊന്നു ഞെട്ടി. പിന്നെ തന്റെ പോന്നോമനയെ മുകർന്നു.

പരമ്പരകൾ അവരുടെ മനസ്സിൽ കൂടി കടന്നു പോയി. രാജശേഖരന്റെ പേരക്കുട്ടി. പക്ഷേ വിധുവിനും ലോകത്തിനു മുഴുവനും ഇത് വിഷ്ണുവിന്റെ പാരമ്പര്യത്തിന്റെ കണ്ണിയാണ്, തന്റെ കുടുംബത്തിന്റെയും . അവർ കുഞ്ഞിനെ വീണ്ടും വീണ്ടും മുകർന്നു.

ഹോസ്പിറ്റൽ വാസം കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ രാജലക്ഷ്മി മുഴുവനായും മകളുടെയും പേരക്കുട്ടിയുടെയും പരിചരണയിൽ മുഴുകി. ശരണ്യ അവർ ഏതാണ്ട് മറന്നതു പോലെയായി. പക്ഷേ ദിവസങ്ങൾ കൊഴിഞ്ഞ പ്പോൾ അവർ തന്റെ കടമകൾ ഓർത്തു. താൻ ഉണ്ടാക്കി തന്നെ ആശ്രയിച്ചു നിൽക്കുന്ന സ്ഥാപനം. തന്നെ കാണുവാൻ കൊതിക്കുന്ന അന്തേവാസികൾ. അവർ അന്നു തന്നെ ശരണ്യയിൽ പോയി ഓരോരുത്തരേയും കണ്ടു. മധുര പലഹാരങ്ങൾ കൊടുത്തു. ശേഖരേട്ടൻ കണക്കുകൾ നോക്കുവാൻ ആവശ്യപ്പെട്ടു. വേണ്ട ശേഖരേട്ടാ, ആ ഭാരം ഏട്ടൻ തന്നെ ചുമക്കണം. എനിക്കിപ്പോൾ ഒന്നിനും വയ്യ. രാജലക്ഷ്മി തന്റെ വിവശത അറിയിച്ചു. എല്ലാവരേയും കണ്ട് യാത്ര പറഞ്ഞ് തിരിച്ച് വീട്ടിലേക്കു പോയി. പുതിയ പ്രവേശകരൊന്നുമില്ല. ശോഭയുടെ കുഞ്ഞിന്റെ സ്ഥാനത്ത് മറ്റൊരമ്മ, ലീല വന്നിട്ടുണ്ട് . ഒന്നര വയസ്സുള്ള കുഞ്ഞുമായി. ഡോക്ടറെ കണ്ട് കുട്ടിയുടെ ആരോഗ്യ സ്ഥിതിയെപ്പറ്റി ചോദിച്ചിരുന്നു. പ്രതീക്ഷയ്ക്ക് വകയുണ്ടെന്നാണ് അദ്ദേഹം വിദഗ്ധാഭിപ്രായം പറഞ്ഞത്.

രാജലക്ഷ്മി വീടെത്തി. ഇപ്പോൾ കുറച്ചുകൂടി സ്വാധീനത്തോടെ കാറോടിക്കാ മെന്നായി. വിജയന് പിറ്റേന്ന് തിരിച്ചു പോകണം. അവർ രണ്ടാളും കുഞ്ഞുമായി അവരുടെ സ്വകാര്യ സ്വർഗ്ഗത്തിലായിരുന്നു. രാജലക്ഷ്മി ശല്യപ്പെടുത്തിയില്ല. ഇരുപത്തിയെട്ടു ചടങ്ങ് എന്നാണെന്നു നോക്കി വെച്ചു. അന്നേക്ക് എത്താമെന്ന് പറഞ്ഞ് വിജയൻ വിധുവിനെ ആലിംഗനം ചെയ്ത് യാത്രയായി. രാജലക്ഷ്മി കുഞ്ഞിനെ വാങ്ങിയെടുത്തു. ഇപ്പോഴത്തെ നിയമമനുസരിച്ച് ആസ്പത്രയിൽ തന്നെ പേരു നൽകണം. ബെർത്ത് സർട്ടിഫിക്കറ്റുമായാണ് കുഞ്ഞോമനകൾ വരിക. അവർ അവളെ ചേർത്തി പിടിച്ച് ചുംബിച്ചു. 'വിദ്യ, വിദ്യ' എന്ന് മന്ത്രിച്ചു. അവൾ കുഞ്ഞിത്തലയാട്ടി പുഞ്ചിരിച്ചു. നാക്കു നുണഞ്ഞു. രാജലക്ഷ്മിയെ പറ്റിപ്പിടിച്ചു. അവർ കുഞ്ഞിനെ പാലുകൊടുക്കുവാനായി വിധുവിനെ ഏൽപ്പിച്ചു.

ഇരുപത്തിയെട്ട് അടുക്കാറായി. രാത്രി കിടക്കുമ്പോൾ രാജലക്ഷ്മിക്ക് ഉറക്കം വരില്ല. ഉൽക്കണ്ഠകൾ അവരെ പൊതിഞ്ഞു. രണ്ടുമാസം കഴിഞ്ഞാൽ തിരിച്ചു പോകണ്ടേ. മൂന്നു മാസമേ മാറ്റേണിറ്റി ലീവ് കിട്ടുള്ളു. അപ്പോൾ താനും പോകണം. വീണ്ടും പഴയ വിഷമവൃത്തം. അവർ ചിന്തകൾ അകറ്റി നിർത്തി ഇന്നിലേയ്ക്ക് ലയിക്കാൻ ശ്രമിച്ചു. വീട്ടിൽ ഗൃഹഭരണവും ശരണ്യയുടെ നടത്തിപ്പുമായി ഓടി നടക്കു

മ്പോഴും രാജലക്ഷ്മിയുടെ ആകാംക്ഷകൾ അവരുടെ മുഖത്തുണ്ടായിരുന്നു. അത് പറയാതെ തന്നെ അവരുടെ അന്തേ വാസികളുടെ മനസ്സിലും പ്രതിഫലിച്ചു. ഇപ്പോൾ ഊണു മുറിയിൽ പഴയ കളിചിരികൾ അത്രയ്ക്ക് മുഴങ്ങുന്നില്ല. കുഞ്ഞുങ്ങൾ മാത്രം അവർക്ക് ദാനം കിട്ടിയ കളിപ്പാട്ടങ്ങളും കളിവണ്ടികളുമായി തമ്മിൽ കളിച്ചു നടന്നു. പിഞ്ചുകുഞ്ഞുങ്ങൾക്ക് എന്തറിയാം. അവർ അവരെ കഴിയുന്നതും രോഗ പീഡയുടെ വേദനകളിൽ നിന്നും മരുന്നുകൊണ്ട് അകറ്റി നിർത്താറുണ്ട്.

രാജലക്ഷ്മിയുടെ പാരവശ്യം വിധുവിന് പോകേണ്ട സമയം അടുക്കുന്തോറും പ്രകട മാകാൻ തുടങ്ങി. വിധു പക്ഷെ അത് അറിയാത്തതുപോലെ ഒരു ഗൂഢമന്ദസ്മിതത്തോടെ അമ്മയെ നോക്കി യിരിക്കും. ഇരുപത്തെട്ടായി. വിജയൻ എത്തി. ശരണ്യയിൽ വച്ച് തന്നെ നടത്താമെന്നാണ് നിശ്ചയിച്ചിരുന്നത്. ശേഖരേട്ടൻ ഉത്സാഹിച്ച് മുറ്റത്തു പന്തലിട്ടു. മണ്ണിൽ പരവതാനി വിരിച്ച് ഇരിക്കാനുള്ള പീഠം ഒരുക്കി. അമ്മമാരും കുഞ്ഞുങ്ങളും വയോധികരും കാണുവാനായി നിന്നു. അസോസിയേഷനിൽ നിന്നും കുറച്ചു സ്ത്രീകളും വന്നിരുന്നു. രാജലക്ഷ്മി തന്റെ ബന്ധുക്കളെ ആരെയും വിളിച്ചില്ല. തന്റെ ഭാഗത്തിൽ കിട്ടിയ തറവാട്ടു വീടാണെങ്കിലും അത് അനാഥാലയമാക്കി എന്ന് കുറ്റപ്പെടുത്തുവാൻ ബന്ധുക്കളായി ആളുണ്ടാ യിരുന്നു. പിന്നെയും വിഷ്ണുവിന്റെ വീട്ടിൽ നിന്നും സഹകരണം ഉണ്ടായിരുന്നു. ശേഖരേട്ടൻ മുഴുവൻ സമയവും തനിക്ക് താങ്ങായി നിൽക്കുവാൻ മുന്നോട്ടു വന്നു. ഇന്നിപ്പോൾ ഇത് അറിയപ്പെടുന്ന സ്ഥാപനമായി.

മുറ്റത്ത് ചടങ്ങുകൾ ആരംഭിച്ചു. വിജയനും വിധുവും കുളിച്ചൊരുങ്ങി. പീഠത്തിലിരുന്നു. വെറ്റിലകൊണ്ട് ഇടതു ചെവി കവർന്നു പിടിച്ച് വലതു ചെവിയിലൂടെ പേരു മന്ത്രിച്ചു. വിധു ഉറക്കെ അത് ഏറ്റു പറഞ്ഞു. എല്ലാവരും കൈകൊട്ടി. വൃദ്ധകൾ കുരവയിട്ടു. വളരെ മിതത്വത്തോടെ കുഞ്ഞിനെ അരഞ്ഞാണവും , കൈവളകളും കാൽത്തളകളും അണിയിച്ചു. ഒരമ്മ വന്ന് തന്റെ കൈയ്യിലുണ്ടായിരുന്ന ഒരു കുഞ്ഞു മോതിരം കുഞ്ഞിനണിയിച്ചു. അവർക്ക് കണ്ണ് നിറഞ്ഞിരുന്നു.

ചടങ്ങുകൾ തീർന്നപ്പോൾ വിധു പറഞ്ഞു. എനിക്കൊരു കാര്യം അമ്മയോടും ശേഖരമ്മാമനോടും നിങ്ങളോടുമായി പറയാനുണ്ട്. ഞാൻ ജോലി രാജിവച്ചിട്ടാണ് വന്നത്. ഇനി ഞാൻ അമ്മയോടൊപ്പം ഇവിടെ കാണും. അമ്മയെ നിങ്ങളിൽ നിന്നും അകറ്റിയെടുത്ത് ഞാൻ കൊണ്ടുപോകുകയില്ല. പകരം ഞാൻ നിങ്ങളോടൊപ്പം കൂടുന്നു. എല്ലാവരും ആഹ്ലാദം കൊണ്ട് ആർത്തു വിളിച്ചു. പലരും വിധുവിനെ ചുംബനങ്ങൾ കൊണ്ട് മൂടി. വിദ്യയെ മാറി മാറി കൈയ്യി ലെടുത്തു. അവിടെ ആഘോഷമയമായി. രാജ ലക്ഷ്മി മാസ്മരികാവസ്ഥയിലായിരുന്നു. അവർ പതുക്കെ ചെന്നു വിധുവിനെ മാറോടണച്ചു. 'നീ വിഷ്ണുവിന്റെ മകളാണ്'. അവർ അവളുടെ ചെവിയിൽ പറഞ്ഞു. 'എനിക്കറിയാമമ്മേ'. അവളുടെ മിഴികളിൽ യാഥാർത്ഥ്യത്തിന്റെ അംഗീകാരമുണ്ടായിരുന്നു. എന്റെ അമ്മയെ തള്ളി ക്കളഞ്ഞ പുരുഷനല്ല എന്റെ അച്ഛൻ. എന്നെ വളർത്തി വലുതാക്കിയ എന്റെ അച്ഛൻ തന്നെയാണ് എനിക്കച്ഛൻ. രാജലക്ഷ്മി അസ്ത്രപ്രജ്ഞ യായി മകളുടെ മുഖത്തി നോക്കി.

മകൾ പുഞ്ചിരിച്ചു. 'അച്ഛൻ മരിക്കുന്നതിനു മുമ്പ് എന്നോട് പറഞ്ഞു. ഞാൻ മരിച്ചാൽ നീ എനിക്ക് ക്രിയകൾ ചെയ്യുമ്പോൾ ഒരാളെക്കൂടി മനസ്സിൽ ഓർക്കണം. അതാണ് നിന്റെ ശരിയായ അച്ഛൻ. ഏഴാം മാസത്തിലാണ് ഞാൻ ജനിച്ചതെന്ന് എനിക്ക് അറിയാം. പക്ഷെ എന്റെ മനസ്സിലെ അച്ഛൻ എന്റെ വിഷ്ണുവച്ഛനാണ്. അച്ഛന് കൊടുത്ത വാക്കു പാലിക്കുവാൻ ഞാൻ മറ്റൊരാൾക്കു കൂടി ക്രിയകൾ ചെയ്യാറുണ്ട് എന്നു മാത്രം'.

രാജലക്ഷ്മി മകളുടെ ചുമലിൽ തല ചായ്ച്ചു. അവരെ തടവിക്കൊണ്ട് അവൾ പറഞ്ഞു. 'ഇനി എന്നും ഞാനുണ്ടാകും അമ്മയ്ക്കു കൂട്ടായി ഈ സ്ഥാപനത്തെ വളർത്താൻ. വിജയേട്ടൻ വഴിയേ ട്രാൻസ്ഫർ വാങ്ങിച്ചു വന്നു കൊള്ളും.' രാജലക്ഷ്മി മൗനമായി കണ്ണീർ തുടച്ചു.


മാംഗല്യം

**നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്**
***രജിസ്ട്രേഷൻ ചാർജ്ജ് - 1000 രൂപ**
**ടി.ഡി.എം. ഹാൾ കോംപ്ലക്സ്**
**ഡി.എച്ച്.റോഡ്, കൊച്ചി 682 016**
**ഫോൺ: 0484 2361160 (Ext.32), 2369589**
**Web: www.karayogammangalyam.com/**
**www.karayogammangalyam.in**
**Email: ekmkgm@gmail.com**






# വിവാഹ പൂർവ്വ കൗൺസിലിങ്ങിന്റെ പ്രസക്തി

**മാലിനി മേനോൻ**

വിവാഹ ജീവിതത്തിലേക്ക് കാലെടുത്തു വയ്ക്കുന്ന ന്യൂജെൻ തലമുറയ്ക്ക് വിവാഹജീവിതം ഒരു ഭാഗ്യ പരീക്ഷണവും ആശങ്ക ഉളവാക്കുന്നതുമാണ്. യോജിച്ചു പോകാൻ കഴിയാത്തവരുടെയും വിവാഹമോചനം തേടുന്നവരുടെയും എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ വിവാഹപൂർവ്വ കൗൺസിലിങ്ങ് എന്ന ആശയം ഇവിടെ വേരൂന്നി വരികയാണ്.

മാറി വരുന്ന സാമൂഹ്യ ചുറ്റുപാടിൽ വിവാഹത്തെപ്പറ്റി ചിന്തിക്കുന്ന യുവാക്കൾ പ്രത്യേകിച്ച് കമിതാക്കൾ അവർക്ക് അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങൾ അവർ തന്നെ പരിഗണനയ്ക്ക് വിധേയമാക്കുന്നു. ഈ ചർച്ചയ്ക്ക് ശേഷമാണ് കല്ല്യാണം എന്ന തീരുമാനത്തിലേക്ക് എത്തുന്നത്. അവരുടെ ജീവിതത്തിലെ ഒരു സുപ്രധാന തീരുമാനമാണല്ലോ എടുക്കുന്നത് ?. ഇങ്ങനെയുള്ള ചർച്ചകളിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കാനും , സംശയ നിവാരണത്തിനും ഒരു കൗൺസിലറിന് സാധിക്കും.

മുൻകാലങ്ങളിൽ ഈ ചുമതല രക്ഷിതാക്കൾക്ക് ആയിരുന്നു. ഇന്ന് കാലവും കോലവും മാറിയല്ലോ ? കൂടാതെ രക്ഷിതാക്കൾക്ക് തുറന്നു സംസാരിക്കാൻ പരിമിതികളുണ്ടാകാം. കുട്ടികൾക്കും മാതാപിതാക്കളോടുള്ള വിധേയത്വം ഒരു വിലങ്ങു തടിയായിരിക്കും. ഇവിടെയാണ് ഒരു കൗൺസിലറുടെ പ്രസക്തി. വിവാഹശേഷം ഇരുട്ടിൽ തപ്പാതെയും അപക്വമായ അറിവുകളും ആയി വിഷമിക്കാതെ, വിദഗ്ദ്ധരുമായുള്ള വിവാഹപൂർവ്വ കൂടിക്കാഴ്ച ഉപകാരപ്രദമായിരിക്കും. ശക്തമായ ഒരു അടിത്തറ കെട്ടിപ്പടുക്കുന്നതിനും, പങ്കാളിയുടെ ഗുണങ്ങളും ബലഹീനതകളും മനസ്സിലാക്കി പരസ്പരപൂരകമായി ജീവിതം നയിക്കുവാൻ ഇത് ഏറെ സഹായിക്കും. പ്രശ്നങ്ങൾ ഉണ്ടായാൽ തന്നെ ഒരുമിച്ച് നേരിടാൻ പ്രാപ്തരാക്കും.

വിവാഹങ്ങൾ മുമ്പും നടത്തിയിരുന്നു. പ്രശ്നങ്ങളും ഉണ്ടായിരുന്നു. പക്ഷെ വിവാഹ മോചനം വിരളമായിരുന്നു. പിന്നെ എന്തിനാണ് ഈ കൗൺസിലിങ്ങ് ?

21 -ാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്ക് മാനസിക സമ്മർദ്ദം വളരെ കൂടുതലാണ്. കുടുംബശിഥിലീകരണവും, അമിതപ്രതീക്ഷകളും അഭിലാഷങ്ങളും കുറഞ്ഞു വരുന്ന സഹനശക്തിയും ക്ഷമാശീലവും എല്ലാം കാരണങ്ങളാകുന്നു. സാമൂഹ്യബന്ധങ്ങളും ദുർബലമായിക്കൊണ്ടിരിക്കുകയാണല്ലോ?. ഈ സാഹചര്യത്തിൽ ദാമ്പത്യജീവിതത്തിലെ പ്രശ്നങ്ങൾ തരണം ചെയ്യാൻ ഈ പരിശീലനം സഹായകരമായിരിക്കും.

വിവാഹപൂർവ്വ കൗൺസിലിങ്ങ് വിവാഹതിരാകാൻ പോകുന്ന വ്യക്തികളെ സത്യസന്ധമായും ആഴത്തിലും ആശയവിനിമയം ചെയ്യാനും പ്രേരിപ്പിക്കുന്നു. തൽസമയം ഉയർന്നു വരുന്ന അഭിപ്രായവ്യത്യാസങ്ങൾ ചർച്ച ചെയ്യാനും, പരസ്പരം മനസ്സിലാക്കാനും, സ്വീകരിക്കാനും സാധിക്കും. രണ്ടു പേരും തമ്മിലുള്ള ചേർച്ചയും വ്യക്തിവ്യത്യാസങ്ങളും, അവരുടെ ഭാവിപ്രതീക്ഷകളും ഒരു ചോദ്യാവലിയിൽ കൂടി വിലയിരുത്താനും കൗൺസിലർക്ക് സാധിക്കും. ഈ അറിവ് ചേർച്ചക്കുറവുള്ള വിഷയങ്ങളിൽ അഭിപ്രായ സമന്വയം ഉണ്ടാക്കാൻ വഴിയൊരുക്കും.

## ചില പൊതുപ്രശ്നങ്ങൾ

ജാതിമത വ്യത്യാസവും, സാമൂഹിക സാമ്പത്തിക പശ്ചാത്തലങ്ങളും പ്രശ്നങ്ങൾക്ക് കാരണമാകാം. ഇവിടെ നീക്കുപോക്കുകൾക്കുള്ള സ്ഥാനം നിസ്സാരമല്ല. ഇരുകൂട്ടരും നീക്കുപോക്കുകൾക്ക് തയ്യാറാവണം. മുൻകൂട്ടി കാര്യങ്ങൾ മനസ്സിലാക്കിയാൽ അവ നേരിടാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും സ്വീകരിക്കുകയും ചെയ്യാം. അതുപോലെ തന്നെ വിവാഹമെന്നത് രണ്ടു വ്യക്തികൾ തമ്മിൽ മാത്രമല്ല രണ്ട് കുടുംബങ്ങൾ തമ്മിലും ഉള്ള ബന്ധമാണ് . അതിനാൽ പങ്കാളിയുടെ കുടുംബാംഗങ്ങളെ കൂടി സ്വീകരിക്കാനും ഉള്ള മനസ്ഥിതിയും ആവശ്യമാണ്.

## പ്രശ്നങ്ങളെ അഭിമുഖീകരിക്കൽ

വിവാഹശേഷമുള്ള തർക്കങ്ങളാണ് മിക്കപ്പോഴും വിവാഹമോചനത്തിലേയ്ക്കോ പിരിഞ്ഞിരിക്കലിലേക്കോ നയിക്കുന്നത്. ഇത്തരം കാര്യങ്ങൾ മുൻകൂട്ടി

ചർച്ച ചെയ്യാൻ ഒരു സുലഭാവസരമാണ് വിവാഹപൂർവ്വ കൗൺസിലിങ്ങിൽ പങ്കെടുക്കുന്ന ഇരുകൂട്ടർക്കും ലഭിക്കുന്നത്. തർക്കങ്ങളിലേക്ക് എത്തിച്ചേരാതെ തന്നെ , പ്രശ്നങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നു എന്നത് ചെറിയ കാര്യമല്ല. ഓരോ വിഷയങ്ങളെ സംബന്ധിച്ചും മറ്റേയാൾ കരുതുന്നതെന്താണെന്ന് മുൻകൂട്ടി കണ്ടെത്താൻ സാധിക്കുന്നത് ദാമ്പത്യ ജീവിതം ഭദ്രമാക്കാൻ വളരെയേറെ സഹായകമാകും. വളരാൻ അനുവദിച്ചാൽ ചെറിയ പ്രശ്നങ്ങൾ വലിയ വാഗ് വാദങ്ങളിലേക്ക് കൈവിട്ടു പോകാൻ സാദ്ധ്യതയുണ്ടെന്നോർക്കുക. ആശാസ്യമല്ലാത്ത ചിന്തകളെ ഒരു വലിയ പരിധി വരെ ഇപ്രകാരമുള്ള കൗൺസിലിങ്ങ് കൊണ്ട് ദുരീകരിക്കാമെന്ന കാര്യത്തിൽ സംശയമില്ല.

## ഫലപ്രദമായ ആശയവിനിമയം

ഇതാണ് ഏത് വിവാഹജീവിതത്തിന്റെയും പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന് . പരസ്പരം ശ്രദ്ധയും സംസാരവും ഇല്ലാതായാൽ വിവാഹജീവിതം ദുരവസ്ഥയിലേക്ക് നീങ്ങും. മറ്റേയാളുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും മനസ്സിലാക്കുന്നതിന് നല്ലൊരു ശ്രോതാവാകാൻ കൗൺസലിങ്ങ് സഹായിക്കും. തുടർച്ചയായി ഒരാൾക്കൊപ്പം ജീവിക്കുമ്പോൾ ഒരളവുവരെ അന്യോന്യം മനസ്സിലാക്കി ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നത് എളുപ്പമായേക്കാമെങ്കിലും എല്ലാം അറിയാം എന്ന് തോന്നിയാലും പരസ്പരം സംവദിച്ചുകൊണ്ടും സ്നേഹഭാവം പുലർത്തിക്കൊണ്ടും കാലത്തിന്റെ പരീക്ഷണങ്ങളെ നേരിടാനുള്ള ഒരു സുദൃഢബന്ധം വളർത്തിയെടുക്കാനുള്ള ബാലപാഠം കൗൺസിലിങ്ങിലൂടെ ലഭിക്കുമെന്നതിൽ തർക്കമില്ല.

## താൽപര്യ വൈപരിത്വവും മുൻഗണനയും

ഒരു വിവാഹവും പൂർണ്ണമായും പ്രശ്നരഹിതമായിരിക്കില്ലെങ്കിലും വിനാശകാലങ്ങളിലൂടെ പരുക്കേൽക്കാതെ കടന്നു പോകാനുള്ള കൗശലം വിവാഹപൂർവ്വ കൗൺസിലിങ്ങിലൂടെ നേടിയെടുക്കാം. വിട്ടുവീഴ്ചാമനോഭാവത്തോടെ മറ്റേയാളുമായി സഹകരിച്ച് പോകാനും , സന്തോഷവും കെട്ടുറപ്പും ദാമ്പത്യ ജീവിതത്തിൽ ഉറപ്പു വരുത്തുവാനുമുള്ള സൂത്രങ്ങൾ ഇതിൽ നിന്നും കിട്ടും. മുൻഗണനാവൈരുദ്ധ്യവും വ്യക്തി താല്പര്യങ്ങളും വിവാഹത്തിനു മുൻപു തന്നെ കൗൺസിലിങ്ങിലൂടെ ഒത്തു തീർപ്പാക്കാൻ ശ്രമിക്കാം. ഓരോ പങ്കാളിയുടേയും ആവശ്യങ്ങളും താല്പര്യങ്ങളും വ്യക്തമാക്കാനും അവയെ പരസ്പരം ആദരിക്കാനും പരിപോഷിപ്പിക്കാനുമുള്ള അവസരമുണ്ട്. ഇപ്രകാരമുള്ള ആരോഗ്യകരമായ ഒരു കൊടുക്കലും എടുക്കലും , ശുണ്ഠിപിടിപ്പിക്കാൻ സാദ്ധ്യതയുള്ള ഘടകങ്ങളെ വിവാഹജീവിതം തുടങ്ങുന്നതിന് മുമ്പു തന്നെ വേണ്ടവിധം കൈകാര്യം ചെയ്യാൻ ദമ്പതികളെ പ്രാപ്തരാക്കുന്നു.

## സാമ്പത്തിക വിഷയങ്ങൾ

ജീവിതത്തിൽ സമ്പത്തിനുള്ള പങ്ക് വലുതാണ്. തുടർച്ചയായ സാമ്പത്തിക പ്രശ്നങ്ങൾ വളരെ സുദൃഢമായ ബന്ധങ്ങളെപ്പോലും ഉലയ്ക്കാൻ സാധ്യതയുണ്ടെന്നിരിക്കെ, ഒരു വിവാഹകൗൺസിലറുമായി ഒരുമിച്ചിരുന്ന് എങ്ങിനെ ബാങ്ക് അക്കൗണ്ടും മറ്റും കൈകാര്യം ചെയ്യാമെന്നും , അവനവന്റെ പങ്ക് സാമ്പത്തിക കാര്യങ്ങളിൽ എങ്ങിനെ നിർവഹിക്കാമെന്നുള്ള ഒരു പദ്ധതി തയ്യാറാക്കാൻ സഹായകമാകും. വിവാഹശേഷമുള്ള കലഹങ്ങൾ പലതും കുടുംബസംബന്ധമായ പങ്കാളിത്തത്തേയും ഉത്തരവാദിത്വങ്ങളേയും സാമ്പത്തിക കാര്യങ്ങളേയും കേന്ദ്രീകരിച്ചായതിനാൽ, ഇവയെ വേണ്ടവിധം കാലേകൂട്ടി വിവാഹനിശ്ചയത്തോടൊപ്പം കൈകാര്യം ചെയ്യുന്നത് സാർത്ഥകമാണ്.

## ലൈംഗിക പ്രശനങ്ങൾ

ഇക്കാര്യത്തിൽ മുൻകൂട്ടി ഒരു ചിന്തയും പതിവില്ലെങ്കിലും പുതിയ തലമുറയ്ക്ക് , വിവാഹത്തിനു മുമ്പ് , ലൈംഗിക വിഷയങ്ങളെ സംബന്ധിച്ച ബോധവൽക്കരണത്തിന്റെ ആവശ്യമുണ്ടന്നുള്ള തോന്നൽ വർദ്ധിച്ചു വരുന്നുണ്ട്. വിവാഹശേഷം സ്വാഭാവികമായി സംഭവിക്കുന്ന ഒന്നായി ലൈംഗികതയെ കാണുന്നത് ശരിയല്ല. ലൈംഗീകാസ്വാദനത്തിനും പരസ്പരം ലൈംഗിക സംതൃപ്തി പകരുന്നതിനും ആവശ്യമായ മുൻകൂട്ടിയുള്ള അറിവ് നന്നായിരുക്കുമെന്ന് പുതിയ തലമുറ കരുതുന്നു. പല വിധത്തിലുള്ള ആശങ്കകളും തെറ്റിദ്ധാരണകളും ഒഴിവാക്കി ശാരീരികബന്ധത്തിൽ ഒരു സംതൃപ്തി ഇരുകൂട്ടർക്കും ഉണ്ടാകുന്നത് നല്ലൊരു ആത്മവിശ്വാസം നൽകുമെന്നതിൽ സംശയമില്ല. ദാമ്പത്യ പരാജയത്തിന് തന്നെ വഴിതെളിച്ചേക്കാവുന്ന നിരവധി പ്രശ്നങ്ങൾ ലൈംഗികമാണെന്നുള്ളത് ഇത്തരുണത്തിൽ പ്രസക്തമാണ്. അനാശാസ്യ ലൈംഗിക ചേഷ്ടകളോടുള്ള താല്പര്യങ്ങൾ സ്വവർഗ്ഗരതി മുതലായവ ലൈംഗിക പരാജയത്തിന് കാരണമായേക്കാം. വിവാഹപൂർവ്വ കൗൺസലിംഗിൽ ഇക്കാര്യങ്ങളൊക്കെയും യുക്തിപൂർവ്വം ചർച്ച ചെയ്യാനുള്ള നേതൃത്വം നൽകാൻ നല്ലൊരു കൗൺസിലർക്ക് സാധിക്കും. അറിവില്ലായ്മയും തെറ്റായ ധാരണകളും ഉണ്ടാകാം. സംശയ നിവാരണത്തിന് ഈ സമയം ഉപയോഗിക്കാം.



## സ്വയം തുറന്നു പറയൽ എന്ന പ്രശ്നം

ഗതകാല സംഭവങ്ങൾ എത്രമാത്രം ഇണയോട് തുറന്നു പറയാം എന്നത് ബുദ്ധിമുട്ടുള്ള ഒരു ചോദ്യം തന്നെയാണ്. സാഹചര്യങ്ങളനുസരിച്ച് കൈകാര്യം ചെയ്യേണ്ട വിഷയമാണിത്. വിവാഹജീവിതത്തെ വല്ലാതെ പിടിച്ചുലയ്ക്കുകയും, എല്ലാം കൈവിട്ട് പോകുകയും ചെയ്യുന്ന സ്ഥിതിയിലേക്ക് എത്താതെ ഇക്കാര്യങ്ങളെ കൈകാര്യം ചെയ്യുവാനുള്ള നിരവധി നിർദ്ദേശങ്ങൾ ഇരുകൂട്ടർക്കും നല്കുവാൻ പരിശീലനം സിദ്ധിച്ച ഒരു കൗൺസിലർക്ക് കഴിയും. മുൻകാല പ്രണയമോ, അസുഖങ്ങളോ, കുടുംബ കലഹങ്ങളോ, സാമ്പത്തിക തകർച്ചയോ, തൊഴിൽ രംഗത്തെ പരാജയമോ എന്തുമാകട്ടെ. ദാമ്പത്യ പരാജയത്തിനോ, അസ്വസ്ഥതയ്ക്കോ കാരണമായേക്കാവുന്ന സർവ്വസാധാരണമായ ഏതാനും മേഖലകളെപ്പറ്റിയാണ് ഇതുവരെ സൂചിപ്പിച്ചത്. എല്ലാ വ്യക്തികളും വ്യത്യസ്ഥരാണെന്നിരിക്കേ, ഇക്കാര്യങ്ങളിൽ മുൻകൂട്ടിയുള്ള തയ്യാറെടുപ്പ് അഭികാമ്യം തന്നെയാണെന്നതിൽ സംശയമില്ല. ആരോഗ്യ പരിരക്ഷയ്ക്ക് ഇൻഷുറൻസ് എന്നപോലെ തന്നെയാണ് ദാമ്പത്യ പരിരക്ഷയ്ക്ക് മുൻകൂട്ടിയുള്ള കൗൺസലിംഗ്. വിവാഹജീവിതം കൂടുതൽ ഗുണപ്രദമാക്കാൻ അത് സഹായിക്കും. ദാമ്പത്യ ജീവിതം സന്തോഷത്തോടെയും, പരസ്പര ബഹുമാനത്തോടെയും വിശ്വാസത്തോടെയും നയിക്കാൻ വിവാഹപൂർവ്വ കൗൺസിലിങ്ങിന്റെ പങ്ക് വില മതിക്കാനാവില്ല.


**യാചകർ നമ്മുടെ നാടിന് ആപത്ത്**


**പാല് കൊടുത്ത കൈക്ക് തിരികെ കൊത്തുന്ന യാചകർ നമ്മുക്ക് വേണ്ട. ഞാനും പിന്തുണക്കുന്നു.**



പ്രിയരെ,
യാചകരെന്ന വ്യാജേന നമ്മുടെ നാട്ടിലിറങ്ങിയ കപടൻമാർക്കെതിരെ ഒന്നിച്ച് കൈകോർക്കാം. മക്കളുടെ സുരയ്ക്കായി ഒരുമിച്ച് പോരാടാം...

**നിങ്ങളും സൂക്ഷിക്കുമല്ലോ!**

* സ്കൂളുകളിലേക്കോ മറ്റിടങ്ങളിലേക്കോ കുട്ടികളെ തനിച്ച് അയക്കാതിരിക്കുക.
* അപരിചിതർ നൽകുന്ന സാധനം വാങ്ങാതിരിക്കുക
* കുട്ടികളെ വീട്ടുമുറ്റത്ത് തനിച്ചാക്കാതിരിക്കുക.
* യാചകരെ വീട്ടിൽ കയറ്റാതിരിക്കുക.



**പരിചയമില്ലാത്ത യാചകരോട് പറയൂ...
ഈ നാട്ടിൽ ഭിക്ഷാടനം നിരോധിച്ചിരിക്കുന്നു.**

നാട്ടുകാരേ ഉണരൂ...
നമ്മുടെ അശ്രദ്ധ വലിയൊരു ദുഃഖത്തിന് കാരണമാകാതിരിക്കുക


കവിത

# ഋതുഭേദം

സ്വർണ്ണലത നന്ദകുമാർ

വല്ലികൾ തരുവിൽ പടർന്നിടും
മെല്ലെ വല്ലികൾ പൂത്തുലഞ്ഞിടും
പൂത്തവല്ലികൾ കാറ്റിലാടിടും
മന്ദമാരുതനൊന്നു വീശിയാൽ
തേൻ നുകർന്നിടാൻ ഭൃംഗമെത്തിടും
പൂവിനുള്ളിലൊരു പാട്ടുമൂളിടും
മെല്ലെ മെല്ലതു പറന്നുപോയിടും
സൂനമെന്നുമതിനെയോർത്തിരുന്നിടും
പുലരിപോകുകിൽ സന്ധ്യയെത്തിടും
സന്ധ്യയിൽ നിശാഗന്ധി പൂത്തിടും
തെന്നൽ വന്നു സുഗന്ധം പരത്തിടും
മെല്ലെ മെല്ലതു കൊഴിഞ്ഞു വീണിടും

ശിശിരകാലമധിമനോഹരം
വഴുതിവീഴുമാ മഞ്ഞുതുള്ളികൾ
തോന്നിടും മുത്തുമണികളെന്നപോൽ
മൃദുലമാം ഹരിത തൃണമതിന്നുമേൽ
കാട്ടു കുയിലുകൾ പാട്ടുമൂളവേ
കാട്ടുചോലകളതേറ്റു പാടിടും
പാട്ടുകേട്ടൊരാ കോകിലങ്ങളോ
കൂട്ടമായി പറന്നു പോയിടും
ഞാറ്റുവേലയിൽ ഞാറു നട്ടിടാം
കൊയ്ത്തു പാട്ടുകളേറ്റുപാടിടാമാ-
പൊൻകതിരുകൾ കൊയ്തെടുത്തിടാം
ചിങ്ങമെത്തും തിരുവോണമുണ്ടിടാം.

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോൺ :9895981809

**ശ്ലോകം 16**

ഹത്വാ ദൈത്യമഗാധസാഗരവിനിക്ഷിപ്താ ഗമോദ്ധാരണം
കൃത്വാ മാമുനിമാർക്കുമമ്മനുവിനും സംസാരമുക്ത്യർത്ഥമായ്
തത്വാർത്ഥം സദയം വദിച്ചമകരാകാരൻ ഭവാനെസ്സദാ
സ്മൃത്വാ ഘോരഭവാബ്ധിയെച്ചിലരഹോ കാണ്മൂ കളിപ്പൊയ്കയായ്

(മത്സ്യം)

**പദാർത്ഥം :**

| | |
|---|---|
| ഹത്വാ | = കൊന്നിട്ട് |
| ദൈത്യം | = ദിതിയുടെ വംശക്കാരനെ, അസുരനെ |
| അഗാധസാഗരം | = അർത്ഥം വ്യക്തമാണ് |
| വിനിക്ഷിപ്ത | = മുഴുവനായി താഴ്ത്തിയ |
| ആഗമം | = തന്ത്രം |
| ഉദ്ധാരണം | = ഉയർത്തൽ |
| കൃത്വാ | = ചെയ്തിട്ട് |
| മാമുനി | = മഹാമുനി |
| മനുവിനും | = വൈവസ്വതമനുവിന് |
| സംസാര | = പ്രപഞ്ചം |
| മുക്ത്യർത്ഥമായ് | = രക്ഷപ്പെടാൻ വേണ്ടി |
| തത്വാർത്ഥം | = തത്വത്തിന്റെ അർത്ഥം |
| സദയം | = കരുണാസമേതനായി |
| വദിച്ച | = പറഞ്ഞ |
| മകരാകാരൻ | = തേറ്റയുള്ള മീനിന്റെ രൂപമുള്ളവൻ |
| ഭവാനെ | = അങ്ങയെ |
| സദാ | = എപ്പോഴും |
| സ്മൃത്വാ | = ഓർമ്മിച്ചിട്ട്, ധ്യാനിച്ചിട്ട് |
| ഘോരഭവാബ്ധിയെ | = സഹിക്കാൻ കഴിയാത്ത പ്രപഞ്ചസമുദ്രത്തെ |
| കാണ്മൂ | = കാണുന്നു, കണക്കാക്കുന്നു |
| കളിപ്പൊയ്ക | = കളിക്കാനുള്ള കുളം |

**ശ്ലോകാർത്ഥം :**

അസുരനെ കൊന്നിട്ട്, അഗാധസാഗരത്തിൽ നിക്ഷേപിക്കപ്പെട്ടിരുന്ന തന്ത്രങ്ങൾ (ഉപാസനാവിധികൾ)പൊക്കിക്കൊണ്ടു വന്നിട്ട്, ഏറ്റവും കരുണാസമേതനായി, മഹാമുനിമാർക്കും മനുവിനും പ്രപഞ്ചത്തിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി , തത്വത്തിന്റെ അർത്ഥം പറഞ്ഞുകൊടുത്ത തേറ്റയുള്ള മീനിന്റെ രൂപമുള്ള അങ്ങയെ, എല്ലാ സമയത്തും ധ്യാനിച്ചിട്ട് , സഹിക്കാൻ കഴിയാത്ത പ്രപഞ്ചസമുദ്രത്തെ കളിക്കാനുള്ള കുളമായി ചിലർ കാണുന്നു.

**വ്യാഖ്യാ:**

ഈ ശ്ലോകത്തിൽ മത്സ്യാവതാരം വിവരിച്ച് മുമ്പോട്ട്, ഗുരു ഹരിയുടെ ഓരോ അവതാരങ്ങളെ ഓരോ ശ്ലോകങ്ങളിൽ , സംക്ഷിപ്തമായി വിവരിക്കുന്നു. കൃത, ത്രേത, ദ്വാപര, കലി മുതലായ നാലു യുഗങ്ങൾ ചേർന്ന കാലയളവ് ഒരു 'ചതുര്യുഗം' എന്ന് പറയപ്പെടുന്നു. അത്തരം 71 ചതുര്യുഗം ചേർന്നത് ഒരു മനുവിന്റെ ഭരണകാലഘട്ടമായ 'മന്വന്തരം', 14 മനുക്കളുണ്ട് . അത് തുടർന്ന് താഴെ പറയാം. മറ്റെല്ലാ ദേവീദേവൻമാരെയും പോലെ ബ്രഹ്മാവും ജനന മരണങ്ങൾക്ക് വിധേയനാണ്. 'വിരിഞ്ചി പഞ്ചത്വം വ്രജതി ഹരിരാപ്നോതി വിരതിം വിനാശം കീനാശോ ഭജതി ധനദോ യാതി നിധനം വിതന്ദ്രീ മാഹേന്ദ്രീ വിതതിരപി സമ്മീലിതദൃശാ മഹാ സംഹാരേസ്മിൻ വിഹരതി സതി ത്വത് പതിരസൗ'. (സൗന്ദര്യലഹരി 26 ) ബ്രഹ്മാവ് പഞ്ചഭൂതങ്ങളായി മാറുന്നു. ഹരിയും യമനും കുബേരനും നശിക്കുന്നു. എപ്പോഴും ഉണർന്നിരിക്കുന്ന ഇന്ദ്രന്റെ കണ്ണുകളടയുന്നു. മഹാസംഹാര സമയത്ത് , മഹാപ്രളയകാലത്ത് , അവിടുത്തെ (ത്രിപുരസുന്ദരിയുടെ) പതി മാത്രം വിഹരിക്കുന്നു.

120 ബ്രഹ്മവർഷം (മഹാകല്പം മഹാസംഹാരം) ആയുസ്സുള്ള ബ്രഹ്മാവിന്റെ ഓരോ പകലും ഒരു കല്പം. ഒരു കല്പ പകൽ, സൃഷ്ടി നിർവഹിച്ചതിനു ശേഷം ബ്രഹ്മാവ്, ഒരു കല്പരാത്രി ഉറങ്ങുന്നു. അത് പ്രളയം. 120 വർഷം ജീവിച്ചതിനു ശേഷം ബ്രഹ്മാവ് മരിക്കുമ്പോൾ മഹാപ്രളയം. അത് പിന്നെ ഒരു 120 വർഷം നിലനിൽക്കുന്നു. ബ്രഹ്മാവിന്റെ ഒരു പകലിനെ (ഒരു കല്പത്തിനെ) 14 ആയി ഭാഗിച്ച ഓരോ ഭാഗവും ഓരോ മനു വീതം 14 മനുക്കൾ (ഓരോരുത്തരും 71 ചതുര്യുഗം) ഭരിക്കുന്നു. ഇവർ, 1. സ്വായംഭുവൻ 2. സ്വാരോചിഷൻ. 3. ഉത്തമൻ. 4. താമസൻ. 5. രൈവതൻ 6. ചാക്ഷുഷൻ 7. വൈവസ്വതൻ . 8. സാവർണ്ണി 9. ദക്ഷസാവർണ്ണി. 10. ബ്രഹ്മസാവർണ്ണി. 11. ധർമ്മസാവർണ്ണി 12. രുദ്രസാവർണ്ണി 13. രൗച്യസാവർണ്ണി. 14. ഇന്ദ്രസാവർണ്ണി (ഹരിവംശപുരാണം : 7) എന്നിങ്ങനെ 14 പേർ. ഓരോ മഹാപ്രളയത്തിനുശേഷവും ബ്രഹ്മാവുണരുമ്പോൾ ആദ്യത്തെ മനു സ്വായംഭുവൻ സ്വയം ജനിക്കുന്നവൻ. 14 മന്വന്തരമായ 14×71 ചതുര്യുഗങ്ങൾ കഴിയുമ്പോൾ, വീണ്ടും സ്വായംഭുവൻ ജനിക്കുന്നു. മത്സ്യാവതാരം ചാക്ഷുഷ മനുവിന്റെയും





വൈവസ്വത മനുവിന്റെയും കാലങ്ങളിൽ പരന്ന് കിടക്കുന്നു. ചാക്ഷുഷ മനുവിന്റെ കാലത്ത് (അനേകം ചാക്ഷുഷമനുക്കളുണ്ടായിരുന്നു) ഹയഗ്രീവൻ എന്ന ഒരു അസുരൻ, ആഗമങ്ങൾ (മാനവന്റെ വേദത്തിന്, അറിവിന് കാരണമായ ആമ്നായസംഭൂതമായവയും, ഭോഗമോക്ഷാദികൾ ഒന്നിച്ച് തരുന്നവയുമായ ഷഡാമ്നായങ്ങൾ. മാനവൻ, മനുവിന്റെ വംശത്തിൽ പിറന്നവൻ) കട്ടെടുത്ത്, സമുദ്രത്തിൽ പോയൊളിച്ചു. ഹത്വാ ദൈത്യം. ഹരി മത്സ്യരൂപമെടുത്ത് ആ ഹയഗ്രീവസുരനെ കൊന്നിട്ട് അഗാധസാഗരവിനിക്ഷിപ്ത. ആഴക്കടലിൽ താഴ്ത്തിവച്ച ആഗമ തന്ത്രശാസ്ത്രം. ഉദ്ധാരണം കൃത്വാ. പൊക്കിക്കൊണ്ടു വന്നിട്ട്.

പല വ്യാഖ്യാനങ്ങളിലും, മത്സ്യം കടലിൽ താഴ്ന്ന വേദങ്ങളെ ഉയർത്തി എന്ന് കാണാറുണ്ട്. ഈ തെറ്റിദ്ധാരണ അകറ്റാനായാണ് ഗുരു ഇവിടെ അഗാധസാഗരത്തിൽ താഴ്ത്തപ്പെട്ട വേദങ്ങളെ അല്ലെങ്കിൽ 'നിഗമങ്ങളെ' എന്ന് പറയാതെ 'ആഗമോദ്ധാരണം' എന്ന് പറഞ്ഞു വച്ചത്. ആഗമം എന്നാൽ തന്ത്രം എന്നത് പ്രസിദ്ധം. വേദം അറിവ്. ഋക് യജു: സാമാദി ഗ്രന്ഥങ്ങൾ, ഋഷിമാർക്ക് അറിഞ്ഞ കാര്യങ്ങൾ വിവരിക്കുന്നു. 'സഹസ്ര ശീർഷാ : പുരുഷ : സഹസ്രാക്ഷ : സഹസ്രപാത്സ ഭൂമീം വിശ്വതോ വൃത്വാ അത്യതിഷ്ഠദ്ദശാംഗുലം' (ഋക്) പുരുഷൻ ആയിരം തലയും ആയിരം കണ്ണും ആയിരം കാലും ഉള്ളവൻ. അവൻ ഭൂമിയെ മുഴുവൻ മൂടിക്കൊണ്ട് പത്ത് പെരുവിരൽ അളവിൽ നിന്നു.!!

തദേജതി തന്നൈജതി തദ്ദൂരേ തദന്തികേ..... തദന്തരസ്യ സർവ്വസ്യ തദു സർവ്വസ്യാസ്യ ബാഹ്യത. (യജുർ വേദാന്തർഗ്ഗത ഈശാവാസ്യം) അത് നീങ്ങുന്നു. അതു നീങ്ങുന്നില്ല. അതകലെയാണ് അതടുത്താണ്. അതെല്ലാത്തിന്റെയും അകത്താണ്. എന്നാൽ അതെല്ലാത്തിന്റെയും പുറത്താണ്. 'നാഹം മന്യേ സുവേദേതി നോ ന വേദേതി വേദ ച യോ നസ്തദ്വേദ തദ്വേദ നോ ന വേദേതി വേദ ച' (സാമവേദാന്തർഗ്ഗത കേനം 2 : 2) നല്ലവണ്ണം അറിയപ്പെട്ടു എന്ന് ഞാൻ വിചാരിക്കുന്നില്ല. നമ്മളിൽ ആർക്കും അറിയില്ല എന്നുമില്ല. അറിയപ്പെട്ടതുമാണ്. നമ്മളിൽ ആർക്കാണത് അറിയപ്പെട്ടത് ? നമ്മളിൽ ആർക്കും അതറിയപ്പെട്ടില്ല. അറിയപ്പെട്ടതാണ് എന്നു അറിയപ്പെടുന്നു.

അങ്ങനെയുള്ള അറിവ് ഉളവാക്കുന്നത് തന്ത്രോപാസനയാണ്. സ്വായംഭുവമനു ബ്രഹ്മാവിന്റെ മാനസപുത്രിയായ ശതരൂപയെ വിവാഹം കഴിച്ച് , പാലാഴിയുടെ തീരത്ത് ചെന്ന് മണ്ണുകൊണ്ട് ഒരു ദേവി വിഗ്രഹം നിർമ്മിച്ച് വാഗ്ഭവമന്ത്രം ചൊല്ലി ആരാധിച്ചു. വാഗ്ഭവ മന്ത്രം തന്ത്രാധിഷ്ഠിതം. ഈ ആരാധനയിൽ നിന്ന് സ്വായംഭുവ മനുവിന് (ഏറ്റവും ആദ്യത്തെ മനു) ലഭിച്ച ജ്ഞാനമാണ് വേദം . ആഗമാരാധനയിലൂടെ നിഗമജ്ഞാനം ലഭിക്കുന്നു.

മാമുനിമാർക്കും ആ മനുവിനും വൈശമ്പായനൻ, ജനമേജയൻ, സൂതൻ എന്നിങ്ങിനെയുള്ള മുനിസമൂഹത്തിനും , ചാക്ഷുഷമനുവിനും, സംസാരമുക്ത്യർത്ഥമായ്. സമ്യക്കായ സാരഗർഭം സംസാരം. സമ്യക്കായി സരിക്കുന്ന, എല്ലാടവും ചലിക്കുന്ന, കാലാന്തർഗതമായത് സംസാരം. മുക്ത്യർത്ഥം, മോചനം, സ്വാതന്ത്ര്യം, സ്വച്ഛന്ദത അതിനായിക്കൊണ്ട് . തത്വാർത്ഥം . തത്വം. അത് നീയാണ് എന്ന മഹാകാവ്യത്തിന്റെ അർത്ഥം. അല്ലെങ്കിൽ കേവലസത്ത, യാതൊന്നാണോ സംസാരത്തിന്റെ അധിഷ്ഠാനമായി, സ്വയം 'സരിക്കാത്തത്' ആ കേവല സത്യമായ ബ്രഹ്മസാക്ഷാത്കാരത്തിന്റെ ഭാവന. അത് വേദം. സ്വായംഭുവനത് ലഭിച്ചത് 'ആഗമോദിത' മായ വാഗ്ഭവത്തിലൂടെ സദയം വദിച്ച ഏറ്റവും കൃപാവൽസലനായി പറഞ്ഞു കൊടുത്ത മകരാകാരൻ. തേറ്റയുള്ള ഒരു മത്സ്യത്തിന്റെ രൂപം ധരിച്ചവൻ. വൈവസ്വത മനുവിന്റെ കാലത്ത് ഈ തേറ്റയുള്ള മത്സ്യവതാരമാണ് മനുവിനെ പ്രളയാനന്തരം ജീവൻ നിലനിർത്താൻ സഹായിച്ചത്. ഭവാനെ, അങ്ങയെ അങ്ങ് തന്നെയാണ് ആ മത്സ്യവതാരം . സദാ സ്മൃത്വാ. എല്ലായാപ്പോഴും ധ്യാനിച്ചുകൊണ്ട്.

ഘോരഭവാബ്ധി, ഭയം ജനിപ്പിക്കുന്ന പ്രപഞ്ചമാകുന്ന കടൽ. സ്രാവുകളും, അനേക സഹസ്രം ജീവജാലങ്ങളും നിറഞ്ഞ ഭൂമിയിലെ ഒരു സാഗരത്തിൽ പെട്ടാൽ തന്നെ മനുഷ്യൻ നിസ്സഹായൻ ഭവം, ഉണ്ടായ എല്ലാ വസ്തുക്കളും നിറഞ്ഞ പ്രപഞ്ചം. അങ്ങനെയുള്ള സാഗരത്തിൽ ജനിച്ച്, പുരുഷാർത്ഥങ്ങൾ സാധിക്കാൻ ശ്രമിക്കുന്ന മനുഷ്യനുണ്ടാകുന്ന ഭയം ! ചിലരഹോ. അഹോ, അത്ഭുതം, ആശ്ചര്യം . ചിലർ കാണ്മൂ കളിപ്പൊയ്കയായ്. അങ്ങയെ ഈ വിധം ധ്യാനിക്കുന്ന ചിലർ, ഇത്ര ഘോരമായ പ്രപഞ്ചം തന്നെ ഒരു കളിക്കുളമായി കാണുന്നു.

**ശ്ലോകം 17**

ക്ഷീരാംഭോധിയിലാഴ്ന്ന മന്ദരമഹാശൈലം ഭവാൻ ഘോരസം
സാരാർണ്ണോധിയിൽ നിന്നു വിഷ്ണുഭജനം ചെയ്വോരെയെന്നാം വിധം
ഹേ രാധേശ സമുദ്ധരിച്ചു കമഠാകാരേണ തദ്രൂപമാ
രാരാധിപ്പതവന്റെ സേവകജനം ഭൂതങ്ങളഞ്ചും വിഭോ

(കൂർമ്മം)

**പദാർത്ഥം :**

| | |
|---|---|
| ക്ഷീരാംഭോധിയിൽ | = പാൽക്കടലിൽ |
| ആഴ്ന്ന | = താഴ്ന്നുപോയ |
| മന്ദരമഹാശൈലം | = മന്ദരം എന്ന് പേരുള്ള മഹാപർവ്വതം |
| ഭവാൻ | = അവിടുന്ന് |
| ഘോരസംസാരർണ്ണോധിയിൽ നിന്ന് | = ഘോരമായ സംസാരമാകുന്ന കടലിൽ നിന്ന് |

വിഷ്ണുഭജനം ചെയ്വോരെയെന്നാം വിധം = വിഷ്

ണുവിനെ പൂജിക്കുന്നവരെ എന്ന പോലെ
ഹേ രാധേശ = അല്ലയോ രാധയുടെ ഈശ്വര
സമുദ്ധരിച്ചു = മുഴുവനായും ഉയർത്തി
കമഠാകാരേണ = ആമയുടെ രൂപത്തിൽ
തദ്രൂപം = ആ രൂപത്തിൽ
ആരാരാധിപ്പത് = ആര് ആരാധിക്കുന്നുവോ
അവന്റെ = അവന്റെ
സേവകജനം= പരിചരിക്കുന്ന ജനങ്ങളാണ്
ഭൂതങ്ങളഞ്ചും = ഭൂമി,വെള്ളം,തീ,കാറ്റ്,ആകാശംഎന്നീപഞ്ചഭൂതങ്ങളും
വിഭോ = അല്ലയോ സർവ്വവ്യാപി

**ശ്ലോകാർത്ഥം :**

അല്ലയോ രാധയുടെ ഈശ്വര, അവിടുന്ന് ആമയുടെ രൂപത്തിൽ അവതരിച്ച് , അത്യധികമായ പേടി ജനിപ്പിക്കുന്ന പ്രപഞ്ചക്കടലിൽ നിന്ന്, വിഷ്ണുവിനെ ഭജിക്കുന്നവരെ എന്നപോലെ, പാൽക്കടലിൽ താഴ്ന്നുപോയ മന്ദരമഹാപർവ്വതത്തെ, മുഴുവനായി ഉയർത്തിക്കൊണ്ടു വന്നു . അങ്ങയെ ആ രൂപത്തിൽ ആര് ആരാധിക്കുന്നുവോ അവന്റെ സേവകജനങ്ങളാണ് പഞ്ചഭൂതങ്ങളും

**വ്യാഖ്യാ :**

കൂർമ്മാവതാരമാണിവിടെ വർണ്ണിക്കുന്നത്. ഹേ രാധേശ, അല്ലയോ , രാധയുടെ ഈശ്വര. ഇവിടെയും ഗുരു സത്യഭാമയെയോ, രുക്മിണിയെയോ, വിളിച്ചില്ല. ക്ഷീരാംഭോധിയിലാഴ്ന്ന മന്ദരമഹാശൈലം. ദുർവാസാവിന്റെ ശാപഫലമായ ജരാനരകളെ ജയിക്കാൻ , വിഷ്ണുവിന്റെ ഉപദേശമനുസരിച്ച്, മന്ദരപർവ്വതത്തെ കടകോലും, വാസുകിയെ കയറും ആക്കി, ദേവാസുരന്മാർ അമൃതിനുവേണ്ടി പാൽക്കടൽ കടയാൻ തുടങ്ങിയപ്പോൾ , മന്ദരപർവ്വതം താഴ്ന്നുപോയി, കമഠാകാരേണ,ആമയുടെ രൂപത്തിൽ ഭവാൻ..... ,സമുദ്ധരിച്ചു. അങ്ങ് മുഴുവനായി പൊക്കിക്കൊണ്ടു വന്നു. എപ്രകാരം ?

ഘോരസംസാരാർണോധിയിൽ നിന്ന് , തടയാൻ പറ്റാത്ത , തരണം ചെയ്യാൻ പറ്റാത്ത , ഭയം ജനിപ്പിക്കുന്ന പ്രപഞ്ചമാകുന്ന സാഗരത്തിൽ നിന്ന് ..... വിഷ്ണുഭജനം ചെയ്യോരെയെന്നാം വിധം . വിഷ്ണുവിനെ ഭജിക്കുന്നവരെ എപ്രകാരമാണോ (സംസാരസാഗരത്തിൽ നിന്ന് പൊക്കിക്കൊണ്ടു വരുന്നത്, അപ്രകാരം) തദ്രൂപമാരാധിപ്പതവന്റെ, അങ്ങനെയുള്ള ആമയുടെ രൂപത്തിൽ ആര് അവിടുത്തെ ആരാധിക്കുന്നുവോ, അവന്റെ സേവകജനം ഭൂതങ്ങളഞ്ചും വിഭോ. (1) അല്ലയോ സർവ്വവ്യാപി, അവന്റെ സേവകജനങ്ങളായിരിക്കും പൃഥിവ്യാദി പഞ്ചഭൂതങ്ങളും ,(2) അല്ലയോ സർവ്വവ്യാപി, അവന്റെ സേവകജനങ്ങളായിരിക്കുന്ന പൃഥിവ്യാദി പഞ്ചഭൂതങ്ങളും (ഭവ്യതയോടെ) പിൻവാങ്ങും. (അഞ്ചുക = പിൻവാങ്ങുക) ഭൂതങ്ങൾ അഞ്ചും പിൻവാങ്ങി, അവൻ ശുദ്ധജ്ഞാനസ്വരൂപനായിത്തീരും (3) അവന്റെ സേവകന്മാർ അവനെ ഭയപ്പെടും (അഞ്ചുക = ഭയപ്പെടുക)

## വിശേഷ ദിവസങ്ങൾ

### 2018 മാർച്ച് 19 മുതൽ ഏപ്രിൽ 15 വരെ

| | | |
|---|---|---|
| മാർച്ച് | 19 | വേദവ്യാസ ജയന്തി |
| | 21 | മീനഭരണി, ശബരിമല കൊടിയേറ്റ്, തിരുനക്കര ആറാട്ട്, രവിപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ കൊടിയേറ്റ് |
| | 25 | ശ്രീരാമ നവമി |
| | 26 | പെരുവനം പൂരം |
| | | രവിപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ ആറാട്ട് |
| | 30 | ശബരിമലയിൽ ആറാട്ട് |
| ഏപ്രിൽ | 3 | നെന്മാറ വല്ലങ്ങിവേല |
| | 4 | തിരുമാന്ധാംകുന്ന് പൂരം പുറപ്പാട് |
| | 5 | വരാഹജയന്തി |
| | 7 | കൊല്ലൂർ മൂകാംബിക രഥോത്സവം |
| | 10 | ചെറായി തൃക്കടക്കാപ്പിള്ളി ദുർഗ്ഗാഭഗവതി ക്ഷേത്ര പ്രതിഷ്ഠാദിനം |
| | 12 | തൃപ്പൂണിത്തുറ പൂർണ്ണത്രയീശ ക്ഷേത്രധ്വജപ്രതിഷ്ഠാദിനം |
| | 14 | അംബേദ്കർ ജയന്തി |
| | 15 | വിഷു |





# പാതഞ്ജല യോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി (ഫോൺ:9447077203)

അപരവൈരാഗ്യത്തെപ്പറ്റിയും, അതിൽ തന്നെ വശീകരണമെന്നു പേരുള്ള വൈരാഗ്യത്തെപ്പറ്റിയും , അതിന്റെ നിർവ്വചനവുമാണ് കഴിഞ്ഞ സൂത്രത്തിൽ കണ്ടത്. ഇനി പര വൈരാഗ്യത്തെപ്പറ്റി പറയുന്നു.

16. തത്പരം പുരുഷഖ്യാതേർഗുണവൈതൃഷ്ണ്യം

പുരുഷജ്ഞാനം (ഖ്യാതി) കൊണ്ട് ഗുണങ്ങളിൽ തൃഷ്ണ ഇല്ലാതാവുന്നതാണ് പരവൈരാഗ്യം.

അപരവൈരാഗ്യത്തിൽ വിഷയങ്ങളിൽ തൃഷ്ണ കുറയുന്നു. എന്നാൽ ത്രിഗുണങ്ങൾ സത്വം രജസ്സ്, തമസ്സ് സൂക്ഷ്മമാണ്. മനസ്സിന്റെ സ്വഭാവമാണ്. അതില്ലാതാവാൻ അതിന്റെ സ്വഭാവമറിയണം. സാംഖ്യ സിദ്ധാന്തപ്രകാരം പുരുഷനും പ്രകൃതിയുമാണ് ആദ്യമുള്ളത്. പുരുഷൻ സ്വതന്ത്രനും, ചേതനനും ആണ്. പ്രകൃതി ജഡവും പരതന്ത്രവുമാണ്. പുരുഷന്റെ നോട്ടത്താൽ പ്രകൃതിയിൽ മാറ്റമുണ്ടാവുന്നു പ്രകൃതിയിൽ സത്വ രജസ്തമോ ഗുണങ്ങൾ സാമ്യാവസ്ഥയിലാണ്. അതിൽ മാറ്റം വരുന്നു. ചില ഗുണങ്ങൾക്ക് കുറവോ കൂടുതലോ വരുന്നു. സ്വാഭാവികമായും വികാരപ്പെടുന്നു. ഇതാണ് സൃഷ്ടിയുടെ രഹസ്യം രജസ്സ് ചലനവും തമസ്സ് മൂഢതയും സത്വം ശാന്തിയും പ്രകാശവും ആണ്. നാം ഒരു മസാല ദോശ കഴിക്കുന്നു എന്നിരിക്കട്ടെ . നാം ഹോട്ടലിൽ കയറാനും താല്പര്യപ്പെടാനും കാരണം രജോഗുണമാണ്. അതിനെ ഓർമ്മകളുമായി ബന്ധപ്പെടുത്തുന്നത് തമോഗുണവും, ഇവിടെ ഭോഗമുണ്ട്. യോഗമില്ല നമ്മുടെ ആരോഗ്യത്തിനു പറ്റിയ ഭക്ഷണം രാഗദ്വേഷമില്ലാതെ അത് കഴിക്കുന്നത് എന്റെ കടമയാണ് എന്ന വൈരാഗ്യം നിറഞ്ഞ ബുദ്ധിയോടെ ചെയ്യുമ്പോഴാണ് യോഗമാവുന്നത്. അത് ശരീരത്തിലോ, മനസ്സിലോ , ബുദ്ധിയിലോ, വേലിയേറ്റമോ ഇറക്കമോ വരുത്തുന്നില്ല.

ബാഹ്യ വസ്തുക്കൾ കാണുമ്പോൾ കൊതി വരും അതുകൊണ്ട് അതിനെ കാണാതെ മാറി നടക്കന്നവരുണ്ട്. അതും വൈരാഗ്യം തന്നെ. എന്നാൽ ഉയർന്ന തരമല്ല . കണ്ടതും കേട്ടതുമായ വസ്തുക്കളുടെ ദോഷങ്ങൾ അറിഞ്ഞുകൊണ്ട് ഉപേക്ഷിക്കുന്നതാണ് കുറച്ചുകൂടെ ഉയർന്ന വൈരാഗ്യം.

**നോക്കുക ഃ**

1. ഭോഗം ആഗ്രഹത്തെ (കാമത്തെ) ശമിപ്പിക്കുകയല്ല വർദ്ധിപ്പിക്കുകയതണ് ചെയ്യുക.

2. ഭോഗം അനുഭവിക്കുമ്പോൾ ശാരീരീകവും മാനസികവുമായ ശക്തി നഷ്ടപ്പെടുകയാണ് വർദ്ധിക്കുകയല്ല ചെയ്യുന്നത്.

3. ഭോഗം രോഗങ്ങൾക്കും ദുഃഖങ്ങൾക്കും കാരണമാവും.

4. സുഖഭോഗത്തിനുവേണ്ടി ധനം കുന്നു കൂട്ടുകയും അത് അധാർമിക പ്രവൃർത്തികളിലേക്കു നയിക്കുകയും ചെയ്യും.

5. സുഖ സാധനങ്ങളെ രക്ഷിക്കുന്നതും ദുഃഖകരം തന്നെ. അവ നഷ്ടപ്പെടുമ്പോഴും ദുഃഖം വരും. വരവിലും, ചെലവിലും, സൂക്ഷിപ്പിലും ദുഃഖം.

തപസ്വികളെപ്പോലും ഇത് വിഷമിപ്പിച്ചിട്ടുണ്ട്. ഗായത്രി മന്ത്രത്തിന്റെ ദൃഷ്ടാവായ വിശ്വാമിത്രന്റെ തപസ്സുപോലും പ്രലോഭനങ്ങളെക്കൊണ്ട് മുടങ്ങിപ്പോയിട്ടുണ്ട്. ഋഷിയായിട്ടു പോലും അഹന്തവിട്ടു പോയിട്ടില്ല, ത്രിശങ്കു സ്വർഗ്ഗമുണ്ടാക്കുന്ന തരത്തിലേക്കു പോയി. പുറത്തുള്ള അടക്കവും വശീകാരവും പോര എന്നർത്ഥം.

ഇവയെല്ലാം ത്രി ഗുണങ്ങളുടെ കളിയാണെന്നറിഞ്ഞ് തമസ്സിനേയും രജസ്സിനേയും പിന്നീടു സത്വത്തെയും ഉപേക്ഷിക്കാൻ കഴിയണം. അപ്പോൾ ഗുണസാമ്യമുണ്ടാകും. പ്രകൃതിയേയും പുരുഷനേയും തിരിച്ചറിയാൻ കഴിയും. പുരുഷനെപ്പറ്റിയും ആത്മാവിനെപ്പറ്റിയുമുള്ള ജ്ഞാനമുണ്ടാവും. അപ്പോഴേ പരമ വൈരാഗ്യമാവൂ.

ഈ പരവൈരാഗ്യം തന്നെയാണ് ഉൽകൃഷ്ടജ്ഞാനത്തിന്റെ ലക്ഷണം. കൈവല്യവും ഇവിടെത്തന്നെയാണ്. പുരുഷനെ കേവലനായി കാണുന്നതാണല്ലൊ കൈവല്യം. അപ്പോൾ അവിദ്യയില്ല, വിവേകം തെളിഞ്ഞിരിക്കും.

തൃജ ധർമ്മം അധർമം ച
ഉദേ സത്യ അന്യ തേ ത്യജ
ഉദേ സത്യാ നൃതേ ത്യക്ത്വാ
യേന തൃജതി തത് തൃജ.

പര വൈരാഗ്യ ഘട്ടത്തിൽ ധർമ മില്ല, അധർമമില്ല സത്യമില്ല, അസത്യമില്ല അവയെ ത്യജിക്കാൻ ഉപയോഗിച്ചതിനേയും (വൃത്തികൾ) ത്യജിച്ചേക്കുക.

അപരവൈരാഗ്യത്തിന്റെ ഫലം സംപ്രജ്ഞാന സമാധിയുമാണ്. പരവൈരാഗ്യത്തിന്റേത് അസംപ്രജ്ഞാത സമാധിയാണ്. ചിത്തവൃത്തികളുടെ പൂർണ നിരോധം തന്നെ ഇത്. നിരുദ്ധം എന്ന അവസ്ഥ.

# ഭൂമിക്കൊരു സങ്കീർത്തനം 3

**സി. രാമചന്ദ്രൻ**

## ഘടന


പൂർവ്വികർ വിചാരിച്ചിരുന്നതുപോലെയും, നാം കാണുന്നതുപോലെയും ഭൂമി പരന്നതല്ല എന്ന് ഇന്ന് പരക്കെ അറിയാം. എന്നിരുന്നാൽ തന്നെ ഇന്നും അങ്ങിനെ വിശ്വസിക്കുന്നവരുണ്ട്. അവർക്ക് 'Flat Earth Society' എന്ന പേരിൽ സംഘടന പോലുമുണ്ട്. ഇതിഹാസങ്ങളിൽ നിന്നു ലഭിക്കുന്ന ധാരണകളെ തിരുത്തുവാനും അറിവിൽ വരുന്ന പരിഷ്കരണങ്ങളെ അംഗീകരിക്കുവാനും കൂട്ടാക്കാത്ത യാഥാസ്ഥിതികർ എന്നും എവിടെയുമുണ്ടായിരുന്നു. ഉണ്ടായിരിക്കുകയും ചെയ്യും. പക്ഷെ നമുക്ക് കാലത്തോടൊപ്പം സഞ്ചരിക്കേണ്ടതുണ്ട്.

ഭൂമിയെക്കുറിച്ചു പഠിക്കുന്ന ശാസ്ത്രശാഖയാണ് ഭൂവിജ്ഞാനീയം അഥവാ Earth Science. ഭൂമിയുടെ ആഴത്തിലെ അന്തർഭാഗങ്ങളെ വിശകലനം ചെയ്യുന്ന ശാസ്ത്ര ഉപശാഖയെ ഭൂഭൗതികം അഥവാ Geo Physics എന്നും പറയും. ഭൂമിയുടെ വിവിധ അടരുകളെക്കുറിച്ച് നേരിട്ടു പഠിക്കുവാൻ കഴിയുന്നത് ഖനികൾ കുഴിക്കുമ്പോഴാണ്. ഏറ്റവും ആഴത്തിൽ കുഴിക്കപ്പെട്ടിട്ടുള്ളത് റഷ്യയിലെ പന്ത്രണ്ടു കിലോമീറ്റർ ആഴത്തിലുള്ള ഒരു എണ്ണക്കിണറാണ്. അതായത് 6400 കി. മീറ്റർ വ്യാസാർദ്ധമുള്ള ഭൂമിയുടെ ഉപരിതലം ചുരണ്ടുക മാത്രമേ മനുഷ്യൻ ഇതുവരെ ചെയ്തിട്ടുള്ളു. ഭൂമിയെക്കുറിച്ച് ആഴത്തിൽ പഠിക്കുന്നതിന് ഭൂകമ്പങ്ങൾ, കാന്തികപ്രഭാവം, ഗുരുത്വാകർഷണം തുടങ്ങിയവയെയാണ് ആധാരമാക്കുന്നതും ആശ്രയിക്കുന്നതും.

ഭൂകമ്പങ്ങളുണ്ടാകുമ്പോഴുണ്ടാകുന്ന പ്രകമ്പന തരംഗങ്ങളുടെ സഞ്ചാരവേഗതയിലുണ്ടാകുന്ന മാറ്റങ്ങളും, പ്രതിഫലനങ്ങളും അപവർത്തനങ്ങളും മറ്റും അളന്നു മനസ്സിലാക്കിക്കൊണ്ടാണ് ഭൂമിയുടെ അന്തർഭാഗങ്ങളെക്കുറിച്ച് പ്രധാനമായും പഠിക്കുന്നത്. ഇത് ശരീരത്തിന്റെ ഉൾഭാഗത്തെക്കുറിച്ച് അൾട്രാസൗണ്ട് സ്കാനിങ്ങ് മുഖാന്തരം പഠിക്കുന്നതിനു സമാനമാണെന്നു പറയാം. ഭൂമിയുടെ ആഴത്തിലെ ശിലാപാളികളുടെ ഘടനയെക്കുറിച്ചു പഠിക്കുവാൻ ഭൂകമ്പ സമയത്തുണ്ടാകുന്ന 'സെയ്സ്മാറ്റിക്' തരംഗങ്ങളെയാണ് ആശ്രയിക്കുന്നത്.

ഭൂകമ്പത്തിന്റെയോ, ഭൂഗർഭ അണുവിസ്പോടനത്തിന്റെയോ പ്രകമ്പനങ്ങൾ തരംഗരൂപേണ ഭൂമിയിലൂടെ കടന്നു പോകുമ്പോൾ അത് രണ്ടു തരത്തിലുണ്ടാകുന്നുണ്ട്. ഒന്ന് ഭൂശരീരത്തിലൂടെ കടന്നു പോകുന്ന Body Waves. രണ്ട് അകത്തുള്ള ശിലാപാളികളിലും മറ്റും തട്ടി പ്രതിഫലിച്ചു വരുന്ന Secondary Waves. ഭൂകമ്പമാപിനിയിൽ ഭൂകമ്പതരംഗത്തിന്റെ രേഖപ്പെടുത്തലായ Sismogram ആണ് അളവുകൾക്കു നിദാനമാകുന്നത്.

ലോഹപ്രധാനമായ അകക്കാമ്പാണ് ഭൂമിയുടെ കാന്തിക പ്രഭാവത്തിനു കാരണം. ഉപരിതലത്തിലെ ഭൂവല്ക്കമാകട്ടെ സമുദ്രങ്ങളുടെ ആഴങ്ങളിൽ കനം കുറഞ്ഞും ഭൂഖണ്ഡങ്ങൾ ക്കിടയിൽ കനം കൂടിയും കാണപ്പെടുന്നു. ഇതു രണ്ടും രണ്ടു തരം ശിലകളുമാണ്. ഭൂതരംഗങ്ങൾ കൂടുതൽ വേഗതയിൽ സഞ്ചരിക്കുന്നത് സമുദ്രങ്ങൾക്കിടയിലാണ്. സെക്കന്റിൽ ഏഴു കിലോമീറ്റർ വേഗതയിൽ. അതേ സമയം ഭൂഖണ്ഡത്തിനടിയിലുള്ള ഭൂവല്ക്കത്തിലൂടെ സെക്കന്റിൽ ആറു കിലോമീറ്റർ വേഗതയിൽ അതു സഞ്ചരിക്കും. സമുദ്രത്തിനു കീഴേയുള്ള ഭൂവല്ക്കത്തിൽ സിലിക്കണും മഗ്നീഷ്യവുമാണ് ധാരാളമായി കാണുന്നത്. അതുകൊണ്ട് ഇതിനെ സിമ (Sima) എന്നു പറയും. അതേ സമയം ഭൂഖണ്ഡങ്ങൾക്കു താഴെയുള്ള ഭൂവല്ക്കത്തിൽ സിലിക്കണും അലുമിനിയവുമാണ് അധികം. അതുകൊണ്ട് അതിനെ സിയാൽ (Sial) എന്നും പറയും. ഭൂവല്ക്കത്തിനു പൊതുവെ 30 കി.മീറ്റർ മുതൽ 50 കി. മീറ്റർ വരെ കനമുണ്ട്.




*ഭൂമിയുടെ ഏകദേശ ആന്തരഘടനയുടെ ചിത്രം.*

തരംഗങ്ങൾ മാന്റിലിനുള്ളിലൂടെ കടന്നു പോകുന്ന രീതിയെ അടിസ്ഥാനപ്പെടുത്തി ഭൂവല്ക്കത്തെപ്പോലെ മാന്റിലും ഘനമുള്ള ശിലകൊണ്ട് നിർമ്മിക്കപ്പെട്ടതാണെന്നു കരുതുന്നു. മാന്റിലിലൂടെ ഭൂതരംഗങ്ങൾ എട്ടു കി.മീറ്റർ വേഗതയിൽ സഞ്ചരിക്കുമെന്നതിനാൽ ഭൂവല്ക്ക ശിലകളിൽ നിന്നു ഭിന്നമായ മറ്റൊരു തരം ശിലയാണെന്നാണനുമാനിക്കേണ്ടത്. ഇരുമ്പും മഗ്നീഷ്യവുമടങ്ങിയ ആഗ്നേയശിലകളാണിവയെന്നാണ് നിഗമനം. ഭൂവല്ക്കവും മാന്റിലിന്റെ ഉപരിതലവും ചേർന്നതാണ് ലിഥോസ്പിയർ. നാം ഇനി തുടർന്നു വിശദമായി വിവരിക്കാൻ പോകുന്ന ടെക്ട്രോണിക് ഫലകസിദ്ധാന്തത്തിലെ ഫലകങ്ങളിവിടെയാണ്. സമുദ്രങ്ങളുടെ അടിയിൽ ഇത് 70 കിലോമീറ്റർ കനത്തിലും ഭൂഖണ്ഡങ്ങൾക്കടിയിൽ 125 കി. മീറ്റർ കനത്തിലും ലിഥോസ്പിയർ സ്ഥിതി ചെയ്യുന്നു.

മാന്റിലിൽ ഏകദേശം 200 കി. മീറ്റർ ആഴത്തിൽ വരെയുള്ള മേഖലയെ ആസ്ഥനോസ്ഫിയർ എന്നു പറയുന്നു. ഇതിന്റെ കീഴിലെ താപം പദാർത്ഥങ്ങളുടെ ദ്രവണാങ്ക (Melting Point) ത്തോടടുത്തായിരിക്കും. ഫലകങ്ങൾക്കു തെന്നി മാറുവാൻ കഴിയുന്ന ഒരു സ്ഥിതിയാണിതിനാൽ ഉണ്ടാകുന്നത്. മാന്റിലിലെ ശിലാഫലകങ്ങളുടെ ഘടന ഏതാണ്ടെല്ലായിടത്തും ഒരുപോലെയാണ്.

ഭൂമിയുടെ കാമ്പിനെ സംബന്ധിച്ചു ലഭ്യമായ വിവരങ്ങളെയും ഭൂതരംഗ പരീക്ഷണങ്ങൾ ശരി വയ്ക്കുന്നുണ്ട്. ഒരു വലിയ ഭൂകമ്പത്തിന്റെ തരംഗങ്ങൾ ഭൂമിയുടെ അതിനു നേരെ എതിർ ഭാഗത്ത് ചെന്നെത്തുന്നില്ല. എന്നാൽ അത് അപഭ്രംശത്തിനു വിധേയമായി വളഞ്ഞു സഞ്ചരിച്ച് മറ്റിടങ്ങളിൽ സ്വീകരിക്കപ്പെടുന്നു. അപഭ്രംശത്തിന്റെ രീതി പരിശോധിച്ച്, കാമ്പിന് രണ്ടു ഭാഗങ്ങളുള്ളതായി മനസ്സിലാക്കിയിട്ടുണ്ട്. പുറം കാമ്പും അകക്കാമ്പും. പുറം കാമ്പ് ദ്രാവാവസ്ഥയിലും അകം കാമ്പ് ഖരാവസ്ഥയിലുമാണ്.

ഭൂമിയുടെ കാമ്പ് ശിലയല്ല, ലോഹമാണ്. അത് അല്പം സിലിക്കണും, അല്പം സൾഫറും കലർന്ന ഇരുമ്പാണ്. ഭൂമിയുടെ ആകെയുള്ള സാന്ദ്രത 5.5g/ce യാണ്. ശിലകളുടേത് 2.5 മുതൽ 3 വരെയെയുള്ളു. അതുകൊണ്ട് 5.5 എന്ന ശരാശരിയിലെത്തണമെങ്കിൽ കാമ്പിന്റെത് 10 g/ce ആയിരിക്കേണ്ടതുണ്ട്. അതുകൊണ്ട് ഭൂമിയുടെ കാമ്പിൽ ഇരുമ്പു മാത്രമായിരിക്കാൻ സാധ്യതയില്ല. നല്ല തോതിൽ നിക്കൽ പോലെയും ടങ്ങ്സറ്റൺ പോലെയുള്ള ലോഹങ്ങളുണ്ടെങ്കിലേ സാന്ദ്രത പത്തിൽ എത്തൂ. ഭൂമിയുടെ കാമ്പിൽ നിന്നും സാമ്പിളുകൾ ശേഖരിക്കത്തക്കവിധം സാങ്കേതികവിദ്യ വികസിച്ചിട്ടില്ല. അടുത്തൊന്നും അതു സാധ്യമാകാനുള്ള സാധ്യതയുമില്ല.

ലഭ്യമായ വിവരങ്ങൾ വച്ച് ഭൂമിയുടെ ഘടന ഇനി പറയും പോലെയാണ്. ഏറ്റവും പുറമേ ഭൂവല്ക്കം. അതിനടിയിൽ ഉപരിതലമാന്റിൽ, പിന്നെ മാന്റിൽ. മാന്റിലിനടിയിൽ പുറം കാമ്പും ഏറ്റവും ഉള്ളിൽ അകക്കാമ്പുമാണ് . ചിത്രം നല്കിയത് ശ്രദ്ധിക്കുക.

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം; 0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

## എറണാകുളം കരയോഗം
## വിഷു വിപണനമേള

2018 ഏപ്രിൽ 10 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ വിഷു ദിവസത്തേക്കുള്ള പായസം ലഭിക്കുന്നതിന് കരയോഗം ഓഫീസിൽ മുൻകൂറായി പണം അടയ്ക്കാവുന്നതാണ്. മുൻകൂർ പണം അടച്ച് ബുക്കു ചെയ്യുന്നവർക്കു മാത്രമേ ഏപ്രിൽ 15 വിഷുദിനത്തിൽ പാലട, പരിപ്പുപ്രഥമൻ എന്നിവ ലഭിക്കുകയുള്ളു. 15-ാം തീയതി രാവിലെ 9 മണി മുതൽ 10 മണി വരെ മാത്രമേ വിഭവങ്ങൾ വിതരണം ചെയ്യുകയുള്ളു. ഏപ്രിൽ 10,11,12,13,14 എന്നീ ദിവസങ്ങളിൽ പാലട പ്രഥമൻ, കാളൻ, പുളിയിഞ്ചി, മറ്റ് അച്ചാറുകൾ എന്നിവ ടി.ഡി.എം ഹാളിൽ പ്രത്യേകം സജ്ജീകരിച്ച കൗണ്ടറിൽ ലഭിക്കുന്നതായിരിക്കും.

ജനറൽ സെക്രട്ടറി

## തെക്കേ അമ്മൻകോവിൽ ഗുരുതി ഉത്സവം

**എറണാകുളം ദിവാൻസ് റോഡിലുള്ള തെക്കേഅമ്മൻ കോവിൽ ദേവിക്ഷേത്രത്തിലെ ഈ വർഷത്തെ മീനഭരണി ഗുരുതി ഉത്സവം 2018 മാർച്ച് 19,20,21 തീയതികളിൽ വിവിധ ചടങ്ങുകളോടും കലാപരിപാടികളോടും കൂടി നടത്തപ്പെടുന്നതാണ്. 21-ാം തീയതി ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ ശശിനമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ വിശേഷാൽ വലിയ ഗുരുതി ഉണ്ടായിരിക്കുന്നതാണ്.**

# വൈരാഗ്യം വെറുപ്പ് പ്രതികാരം

**യു.എസ്.രവീന്ദ്രൻ-9496120978.**

ഒരു മനുഷ്യന്റെ നല്ല ഗുണങ്ങളാണ് സ്നേഹം, മനസ്സിലെ നന്മ, ചിന്താസൂക്ഷ്മത, ബുദ്ധി എന്നിവയൊക്കെ. എന്നാൽ കുറേപ്പേരിലെങ്കിലും ചില അധമ വികാരങ്ങളുമുണ്ട്-വൈരാഗ്യം വെറുപ്പ്, പ്രതികാരബുദ്ധിപോലുള്ളവ. ഈ വികാരങ്ങൾക്ക് അടിമപ്പെട്ടാൽ അത് ഒരാളെ ലക്ഷ്യത്തിലേക്കുള്ള കുതിപ്പിൽ നിന്നും പാളം തെറ്റിക്കുന്നു, ശ്രദ്ധ തെറ്റിക്കുന്നു. നിശ്ചയപൂർണ്ണതയുള്ള ഊർജ്ജത്തെ ഊറ്റിക്കളയുന്നു. അവസാനം ജീവിതവിജയത്തിലേക്കുള്ള സ്വന്തം യാത്രയെ തന്നെ അട്ടിമറിക്കപ്പെടുന്നു.

ആരോടെങ്കിലുമൊക്കെ വൈരാഗ്യമോ വെറുപ്പോ പ്രതികാരവാഞ്ചയോ തോന്നുകയാണെങ്കിൽ ഒരു നിമിഷം ഒന്നു മാറി ചിന്തിച്ചു കൂടെ, സ്വന്തം ജീവിത സൗഭാഗ്യങ്ങളെപറ്റി ? ഒരു പ്രത്യേക നിമിഷത്തിൽ വളരെ വിഷമിച്ചിരുന്നപ്പോൾ ഒരു വ്യക്തിയുടെ ഒരു നല്ല വാക്ക് അല്ലെങ്കിൽ ഒരു നല്ല പ്രവർത്തി നമ്മളിലുണ്ടാക്കിയ സന്തോഷം പോലെ നമുക്കും വേറെ പലർക്കും സന്തോഷവും സമാധാനവും നല്കാൻ സാധിക്കുകയില്ലേ? പ്രതികാരബുദ്ധി, വെറുപ്പ്, വൈരാഗ്യം എന്ന മാലിന്യങ്ങളെ മനസ്സിൽ നിന്നും ദൂരെ കളഞ്ഞ് ഒരു നല്ല വാക്ക് അല്ലെങ്കിൽ ഒരു നല്ല പ്രവർത്തി എന്ന ഒരു അനുഗ്രഹം മറ്റുള്ളവർക്ക് നൽകാൻ കഴിയുകയില്ലേ? നല്ലതോ ചീത്തയോ, ഇതിനിടയിലുള്ളതോ ആയ വാക്കോ പ്രവർത്തിയോ നേരിടുകയാണെങ്കിൽ അതിനനുസരിച്ച് മുന്നേറുക. മേൽപറഞ്ഞ അധമവികാരങ്ങൾ പലപ്പോഴും തിരിച്ചടിക്ക് കാരണമാകുന്നു. നഷ്ടങ്ങളിൽ കൊണ്ടെത്തിക്കുന്നു. അങ്ങിനെ നഷ്ടങ്ങളിൽ സ്വയം കൊണ്ടെത്തിക്കേണ്ടതുണ്ടോ? ഒരാളിൽ നിന്നും ഒരു മുറിവ് പറ്റിയാൽ തിരിച്ച് അയാൾക്ക് മുറിവേൽപ്പിക്കണമെന്ന മനോഭാവം പ്രഥമ നിമിഷത്തിൽ തന്നെ ഉപേക്ഷിക്കുക. വെറുപ്പ്, വൈരാഗ്യം പ്രതികാരമനോഭാവം എന്ന വികാരങ്ങൾ ആരോടായാലും എന്തിനോടായാലും മനസ്സിൽ ഉൽഭവിക്കുന്നതിനു മുമ്പു തന്നെ അവസാനിപ്പിക്കുക. നമ്മൾക്ക് അതു ചെയ്യാൻ സാധിക്കും.

അഭിമാനക്ഷതം ഏറ്റു, അപമാനമുണ്ടായി എന്നു തോന്നുന്ന നിമിഷം പ്രതികാര മനോഭാവം നമ്മുടെ ശക്തിയെ പിന്നോട്ടു തള്ളുന്നു. വികാരം വിവേകത്തെ അതിക്രമിക്കുന്നു. തലയിൽ പെരുപ്പ് കയറുന്നു. അങ്ങിനെ രണ്ടുകൂട്ടർക്കും - അങ്ങനെയുള്ള സ്ഥിതിവിശേഷം ഉണ്ടാകാൻ ഉത്തരവാദി ആയ ആൾക്കും അതിനോട് അതേ രീതിയിൽ പ്രതികരിക്കാൻ ശ്രമിച്ചയാൾക്കും - പരിക്ക് പറ്റും. പ്രതികരിക്കാതിരുന്നതുകൊണ്ട് അതിൽ നിന്നും ഒഴിഞ്ഞു മാറുകയാണെന്നും ഭീരുവാണെന്നും അർത്ഥമാക്കേണ്ടതില്ല. മറിച്ച് ആ സ്ഥിതി വിശേഷം എന്റെ നിയന്ത്രണത്തിലാണെന്നും ഞാൻ അതിന്റെ നിയന്ത്രണത്തിലല്ലെന്നും ബുദ്ധിപൂർവ്വവും ബോധപൂർവ്വവുമായ തീരുമാനമെടുക്കലാണത്. ഇത് പരീക്ഷിച്ചു നോക്കാവുന്നതാണ്. തീർച്ചയായും ആ തീരുമാനം ഫലവത്തായിരിക്കും. ഇത് ഒരാളുടെ നിശ്ചയപൂർണ്ണമായ ഉദ്ദേശ്യങ്ങളെ മിനുക്കിയെടുക്കുന്നു. വിജയത്തിന്റെ പാതയിൽ റെക്കോഡ് സമയംകൊണ്ട് മുന്നേറാം.

ഒരു മനുഷ്യജീവിയോട് വൈരാഗ്യം തോന്നുക എന്നത് തികച്ചും അധമമായ വികാരമാണ്. അതുകൊണ്ട് വിശേഷാൽ ആർക്കും ഒന്നും നേടാനില്ല. ഒരാളുടെ ഗമ കൂടുന്നുമില്ല. പ്രതികാര ബുദ്ധി മനസ്സിൽ തങ്ങിനിൽക്കുമ്പോൾ നിഷേധാത്മക ചിന്തകൾ മാത്രമേ മനസ്സിൽ ഉണ്ടാകുകയുള്ളൂ. അത് ജീവിത വിജയത്തിന് വിപരീതമായി പ്രവർത്തിക്കുന്നു. മനസ്സിന്റെ ഊർജ്ജം നഷ്ടപ്പെട്ടുകൊണ്ടേയിരിക്കുന്നു. നമ്മുടെ വിലപിടിപ്പുള്ള സമയത്തെ നിഷ്ക്രിയാത്മകമാക്കുന്നു. പലപ്പോഴും പക പോക്കാനും മറ്റും ചിലർ നഷ്ടപ്പെടുത്തികൊണ്ടിരിക്കുന്ന സമയവും ഊർജ്ജവും എത്രയാണെന്ന് മനസ്സിലാക്കുമ്പോൾ അവരോട് സഹതാപം തോന്നാറുണ്ട്. "ഞാൻ അവനെ/അവളെ ഒരു പാഠം പഠിപ്പിച്ചിട്ടേ അടങ്ങൂ, ഞാൻ അവനെ/അവളെ നിലയ്ക്ക് നിർത്തും" തുടങ്ങിയ അട്ടഹാസങ്ങൾ നമ്മൾ പലപ്പോഴും കേൾക്കാറുള്ളതാണ്. കേരളത്തിലെ ജനങ്ങളെ മുഴുവൻ അലോസരപ്പെടുത്തിയ സിനിമാലോകത്തെ സംഭവങ്ങൾ വൈരാഗ്യത്തിന്റെയും പ്രതികാരബുദ്ധിയുടേയും അനന്തരഫലങ്ങളാണ്.

വെറുപ്പ് എന്ന വികാരം ഒരു അമ്പ് പോലെയാണ്. കൃത്യമായി പറഞ്ഞാൽ ബൂമറാങ്ങ് പോലെ. മറ്റുള്ളവരുടെ നേരെ തൊടുത്തു വിട്ടാൽ അവസാനം തൊടുത്തു വിട്ടവനിൽ തന്നെ ശക്തിയോടെ തിരിച്ചെത്തുന്നു. വെറുപ്പ് ഇരുവശത്തും മൂർച്ചയുള്ള വാളുപോലെയുമാണ്. വിജയത്തിന്റെ പാതയിലേക്കുള്ള യാത്രയിൽ നമ്മുടെ കാലുകളെ മരവിപ്പിക്കുന്നു. ബ്ലോക്കുകൾ ഉണ്ടാക്കുന്നു. സ്വതന്ത്രമായി പ്രവർത്തിക്കാനാവാതെ





കൈകെട്ടിയിട്ടപോലെയുള്ള അവസ്ഥയിൽ കൊണ്ടു ചെന്നെത്തിക്കുന്നു. ആരെയൊക്കെ നാം വെറുക്കുന്നു, അത്ര തന്നെ ഘനം മനസ്സിനും കൂടി വരുന്നു. അതിന്റെ പരിണിതഫലങ്ങൾ വെറുക്കുന്നയാൾക്കും വെറുക്കപ്പെട്ടയാൾക്കും കിട്ടിക്കൊണ്ടേയിരിക്കുന്നു. അത് ചാക്രികമായി തുടർന്നുകൊണ്ടേയിരിക്കുകയല്ലാതെ വെറുപ്പിന് അന്ത്യമില്ല. ഗണിതശാസ്ത്രത്തിൽ രണ്ടു നെഗറ്റീവുകൾ ചേർന്നാൽ പോസിറ്റീവ് ആകുമെങ്കിലും വെറുപ്പിന്റെ കാര്യത്തിൽ ഇതുശരിയല്ല. പ്രതികാരബുദ്ധി എപ്പോഴും ശക്തിയുള്ളതായിരിക്കും. ന്യൂട്രലിൽ കിടക്കുന്ന കാറിന്റെ എഞ്ചിന് ആക്സിലറേറ്റർ പൂർണ്ണമായി അമർത്തി പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന ഊർജ്ജം നിഷ് ഫലമാകുന്നതുപോലെ പ്രതികാര ഊർജ്ജം നിഷ്ഫലമാക്കി വ്യക്തിയുടെ രക്തസമ്മർദ്ദവും ചൂടും വിയർപ്പും കൂടാൻ മാത്രമേ ഉപകരിക്കുന്നുള്ളൂ. എവിടേയും കൊണ്ടെത്തിക്കുന്നില്ല. ഇത് വിജയത്തിലേക്കുള്ള യാത്രയിൽ വലിയ തടസ്സമാണ്. ക്രീയാത്മക ചിന്തകൾ മനസ്സിൽ നിന്നും അപ്രത്യക്ഷമാകുന്നു. മാനസിക പിരിമുറുക്കം കൂട്ടുന്നു. നല്ല പ്രവർത്തികൾ ചെയ്യേണ്ട സമയം വൃഥാവിൽ ചെലവായി പോകുന്നു. ഇന്ന് ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യത്വത്തിനുള്ള മൂല്യച്യുതി വൈരാഗ്യം വെറുപ്പ് പ്രതികാരം എന്നീ അധമ വികാരങ്ങളുടെ പരിണിതഫലങ്ങളാണ്.

വെറുപ്പിനെ സ്നേഹമാക്കി മാറ്റുക എന്ന പ്രക്രിയ ലോകത്തിലെ ഏറ്റവും കാഠിന്യമുള്ള പ്രക്രിയയാണ്. അത് ഒരു സാധാരണ ലോഹ ത്തെ സ്വർണ്ണമാക്കി മാറ്റുന്നതുപോലെയാണ്. ഈ രസതന്ത്രം ഓരോരുത്തരേയും ഏറ്റവും അധമ വികാരത്തിൽ നിന്നും ഏറ്റവും ഉൽകൃഷ്ടമായ വികാര വിചാരങ്ങളിലേക്ക് കൊണ്ടു ചെന്നെത്തിക്കലാണ്. അത് ഓരോരുത്തരേയും സ്വർണ്ണം പോലെ വിലപ്പെട്ടതാക്കി മാറ്റുന്നു. ഒന്നു പരീക്ഷിച്ചു നോക്കൂ. വെറുപ്പ്, വൈരാഗ്യം, പ്രതികാരം എന്നിവയെല്ലാം എനിക്ക് നിക്ഷേപയോഗ്യമല്ല എന്നൊരു തീരുമാനം എടുത്തു നോക്കൂ. അർത്ഥവത്തായത് മാത്രം ഉൾക്കൊണ്ട് കൊണ്ട് മുന്നോട്ടു നീങ്ങുക. തിരിഞ്ഞു നോക്കുമ്പോൾ ജീവിതത്തിൽ നേട്ടങ്ങളുടെ മാത്രം ഒരു ആൽബം കാണാം. നിരാശകളുടേയും ദു:ഖങ്ങളുടേയും പേജുകൾ കുറവായിരിക്കും. ഭാഗ്യം കൊണ്ട് കിട്ടിയ മനുഷ്യ ജീവിതം ഏറ്റവും നന്നായി ഉപയോഗിക്കൂ.

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2018 ഫെബ്രുവരി മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. ജയചന്ദ്രൻ ടി, ഫ്ളാറ്റ് നമ്പർ 6, ശാന്തി സദൻ, എസ്. എ. റോഡ്, എറണാകുളം | 21,415/ |
| 2. ശ്രീമതി. ലത നന്ദകുമാർ & ജയേഷ് കുമാർ ഉണ്ണി, താമരശ്ശേരി ഹൗസ് കെ.പി. വള്ളോൻ റോഡ്, കടവന്ത്ര, കൊച്ചി 20 | 10,000/ |
| 3. ശ്രീ. ഹരികുമാർ. കെ. പി, മഞ്ജരി, 30/152 ബി, മുക്കോട്ടിൽ ടെമ്പിൾ റോഡ് പൂണിത്തുറ. പി. ഒ, കൊച്ചി 38 | 10,000/ |
| 4. ശ്രീ. ടി.കെ. പ്രകാശ്, 4 എ, കട്ടിക്കാരൻ ടവ്വേഴ്സ്, പ്രോവിഡൻസ് റോഡ് കച്ചേരിപ്പടി, കൊച്ചി 18 | 7,500/ |
| 5. ശ്രീമതി. ഗീത ജയരാമൻ, 4 എ, കട്ടിക്കാരൻ ടവ്വേഴ്സ്, പ്രോവിഡൻസ് റോഡ് കച്ചേരിപ്പടി, കൊച്ചി 18 | 7,500/ |
| 6. ശ്രീ. സി. ബാലകൃഷ്ണൻ, സജ്ഞ്മ, 28/2449, എസ്.എ റോഡ്, കടവന്ത്ര, കൊച്ചി 20 | 5,700/ |
| 7. ശ്രീ. സി.പി. മുരളീധരൻ, ശ്രീപത്മനാഭ്, പി. ആർ. ആർ. എ 71, പോണോത്ത് റോഡ് കലൂർ, കൊച്ചി 17 | 5,000/ |
| 8. ശ്രീമതി .ജയമധുസൂദനൻ, 146/എഫ്, മാധവം, എൻ. എഫ് ഗേറ്റ്, തൃപ്പൂണിത്തുറ | 5,000/ |
| 9. ശ്രീ. പ്രദീപ് കുമാർ എം., രചന, വെമ്പ്ളാശ്ശേരി, എൻ .ഫോർട്ട് ഗേറ്റ്, തൃപ്പൂണിത്തുറ കൊച്ചി 682301 | 5,000/ |
| 10. ശ്രീ. ശ്രീകുമാർ. ആർ, ഫ്ളാറ്റ് നമ്പർ 406, പാരഡൈസ് ടൗവ്വർ, കാണാവള്ളീൽ ലൈൻ, സൗത്ത് ചിറ്റൂർ | 5,000/ |
| 11. ശ്രീ. ഗിരിധർ. എസ്, ശ്രീനികേതനം ലോജിസ്റ്റിക് ലി., പാലിയം റോഡ്, കൊച്ചി | 5,000/ |

# ദേശനാഥന്റെ തിരുവുത്സവം

**എസ്. ശ്രീകുമാർ**

22.01.18 തിങ്കളാഴ്ച ഉത്രട്ടാതി നാളിൽ വൈകിട്ട് 8 മണിക്ക് ക്ഷേത്രതന്ത്രി ബ്രഹ്മശ്രീ പാങ്ങോട് ചേന്നാസ നാരായണൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ ദേശനാഥനായ എറണാകുളത്തപ്പന്റെ തിരുവു ത്സവം കൊടി കയറി. കൊടിക്കയറ്റത്തിന് മുമ്പുള്ള രണ്ടു ദിവസങ്ങളിൽ ദ്രവ്യകലശാ ഭിഷേക പൂജകളും അതിന് മുമ്പ് പ്രതിഷ്ഠാ ദിനവും യഥാവിധി കൊണ്ടാടി. ഉത്സവത്തിന്റെ ഭാഗമായി അവശത അനുഭവിക്കുന്ന വാദ്യകലാ കാരൻമാർക്ക് പ്രൗഢ ഗംഭീരമായ ചടങ്ങിൽ കേരള ഡി.ജി.പി . ശ്രീലോക്നാഥ് ബഹ്റ എറണാകുളത്തപ്പൻ പുരസ്കാരം സമ്മാനിച്ചു. ഉത്സവത്തിന് വർണ്ണഭംഗി പകർന്നുകൊണ്ട് പുതുതായി നിർമ്മിച്ച കിഴക്കേ ഗോപുരം ശ്രീ സുരേഷ് ഗോപി എം.പി ഭക്തജനങ്ങൾക്ക് സമർപ്പിച്ചു.

ഉത്സവത്തിന്റെ ഒന്നാം ദിവസം ഗജരാജൻ പാമ്പാടി രാജൻ ഭഗവാന്റെ തിടമ്പേറ്റി, പത്മശ്രീ പെരുവനം കുട്ടൻമാരാരുടെ മേളപ്രമാണത്തിൽ അരങ്ങേറിയ പഞ്ചാരി മേളം ആസ്വാദകരെ ആനന്ദസാഗരത്തിൽ ആറാടിച്ചു. കൊടികയറ്റത്തിന് തൊട്ടുമുമ്പ് നടന്ന വാദ്യകലാലയ വിദ്യാർത്ഥികളുടെ പഞ്ചാരിമേളം ഈ കല അന്യം നിൽക്കുകയില്ല എന്ന് ഉറക്കെ പ്രഖ്യാപിച്ചു. നെന്മാറ ബ്രദേഴ്സിന്റെ നാദസ്വരക്കച്ചേരി കേൾവിക്കാരുടെ മനം കുളിർപ്പിച്ചു. ചെറുശ്ശേരി ആനന്ദിന്റെ തായമ്പക ആ വളർന്നു വരുന്ന കലാകാരന്റെ പ്രതിഭയെ എടുത്തു കാട്ടി, ശ്രീ ചോറ്റാനിക്കര സുഭാഷ്മാരാരുടെ പ്രമാണത്തിലുള്ള മേജർസെറ്റ് പഞ്ചവാദ്യം കൊടിപ്പുറത്ത് വിളക്കിന്റെ തിലകച്ചാർത്തായി മാറി.

രണ്ടാം ദിവസം മംഗലാം കുന്ന് അയ്യപ്പൻ എറണാകുളത്തപ്പന്റെ തിടമ്പേറ്റി , ശ്രീ ചെറുശ്ശേരി കുട്ടൻമാരാരുടെ പ്രമാണത്തിലുള്ള പഞ്ചാരി മേളത്തിൽ നടപ്പുര മേളം മേളപ്രേമികൾ നെഞ്ചിലേറ്റി. ആബാലവൃദ്ധം മേളാസ്വാദകർ കയ്യും മെയ്യും മറന്ന് ആടി. എന്നും ഓർമ്മിക്കാൻ ഒരുമേളം. അമ്പലത്തിനകത്തും പുറത്തു മായിട്ടുള്ള വേദികളിലെ നൃത്തനൃത്യങ്ങളിൽ നവരസഭാവങ്ങൾ നിറഞ്ഞാടി. രാത്രിയിലെ കഥകളി ആസ്വാദകർക്ക് വിരുന്നൂട്ടായി ഭവിച്ചു.

മൂന്നാം ദിവസം മധുരപ്പുറം കണ്ണൻ, കിരാത മൂർത്തിയായ എറണാകുളത്തപ്പന്റെ തിടമ്പേറ്റി, പെരുവനം സതീശൻ മാരാരുടെ പ്രമാണത്തിലുള്ള പഞ്ചാരി മേളം മേളക്കമ്പ ക്കാരുടെ കണ്ണും കാതും കവർന്നു. കിഴക്കും പടിഞ്ഞാറുമുള്ള ആനപന്തലിലുള്ള പഞ്ചാരി മേളം ആസ്വാദകരെ ഹരം കൊള്ളിച്ചു. അവരറിയാതെ തന്നെ മേളത്തിൽ ലയിച്ചു ചേരുകയായിരുന്നു. മേളത്തെ അകമഴിഞ്ഞു പ്രോത്സാഹിപ്പിക്കുവാൻ ഒരു യുവനിര തന്നെ ഉണ്ടായിരുന്നു. എറണാകുളത്തപ്പന്റെ തികഞ്ഞ ഭക്തനും ദേശവാസിയുമായ ശ്രീ രാധാകൃഷ്ണ ജിയുടെ ഭക്തിഗാന തരംഗിണി ആസ്വാദകരുടെ നിറഞ്ഞ സാമീപ്യം കൊണ്ട് വേറിട്ടു നിന്നു. ആസ്വാദകരെ ഭക്തിയിലാറാടിക്കാൻ ശ്രീരാധാ കൃഷ്ണജിക്കും കൂട്ടർക്കും കഴിഞ്ഞു. രാത്രി രാവണോത്ഭവം കഥകളി, കഥകളി പ്രേമികളെ നിരാശരാക്കിയില്ല.

നാലാം ദിവസം തിരുവമ്പാടി ചന്ദ്രശേ ഖരൻ ഭഗവാന്റെ തിടമ്പേറ്റി, ശ്രീപെരുവനം പ്രകാശൻ മാരാരുടെ പ്രമാണത്തിലുള്ള പഞ്ചാരി മേളം കാണികൾ കയ്യും മെയ്യും മറന്നാസ്വദിച്ചു. പടിഞ്ഞാറെ നടപ്പന്തലിലെ മേളം കാലം കൂടൽ കണ്ണിനും കാതിനും കുളിർമ്മയായി. കിഴക്കെ നടപ്പുരമേളം കേൾക്കാനായി മേളക്കമ്പക്കാർ അക്ഷമരായി കാത്തുനിന്നു. പഞ്ചാരിമേളത്തിന്റെ താളപ്പെരുക്കം ജനങ്ങളെ ഹഠദാകർഷിച്ചു. ശ്രീ പാനാവൂർ ശ്രീഹരിയുടെ തായമ്പക ഉയർന്നുവരുന്ന ആ കലാകാരന്റെ കഴിവ് വിളിച്ചോതുന്നതായിരുന്നു.

അഞ്ചാം ദിവസം പാറമേക്കാവ് പത്മനാഭൻ ഭഗവാന്റെ കോലം എഴുന്നള്ളിച്ച് ശ്രീ പെരുവനം സതീശൻമാരാരുടെ പ്രമാണത്തിലുള്ള പഞ്ചാരിമേളം മേളാസ്വദകരെ കയ്യിലെടുത്തു. പതികാലത്തിൽ തുടങ്ങി അടന്തയും ചെമ്പടയും കൊട്ടിയപ്പോൾ മേളം അതിന്റെ ഉച്ചസ്ഥായിയിൽ എത്തി. മേളം ആസ്വദിക്കാൻ ജനം ഒഴിവു ദിനത്തിൽ ഒഴുകി എത്തി. പല്ലശ്ശേന ശോഭിത കൃഷ്ണദാസ്, പല്ലശ്ശേന രഹിത കൃഷ്ണദാസ് എന്നിവരുടെ ഡബിൾ തായമ്പക അവർ വളരുന്ന പ്രതിഭകളാണെന്ന് തെളിയിച്ചു.

ആറാം ദിവസം ശ്രീഗുരുവായൂർ ഇന്ദ്രസേനൻ എറണാകുളത്തപ്പന്റെ തിടമ്പറ്റി, ശ്രീതിരുമറയൂർ രാജേഷ് മാരാരുടെ മേളം അരങ്ങേറി. പന്ത്രണ്ടര മണിയോടുകൂടി സപ്ത മാതൃക്കൽ തൂവി ഉത്സവബലിദർശനം ആരം ഭിച്ചു. ഉത്സവത്തിന്റെ അവസാന 4 ദിവസങ്ങളിൽ വിപുലമായ പ്രസാദ ഊട്ടാണ് ഏർപ്പാട് ചെയ്തത്. എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നെടുങ്ങൻ പന്തലിലാണ് പതിനായിരങ്ങൾ പങ്കെടുത്ത അതിവിപുലമായ പ്രസാദഊട്ട് അരങ്ങേറിയത്. അന്നേ ദിവസത്തെ ഡോ. തൃത്താല ശങ്കരകൃഷ്ണ പൊതുവാളിന്റെ തായമ്പക മികച്ച് നിന്നു.

ഏഴാം ദിവസം വലിയവിളക്കിന്റെ അന്ന് പുതുപ്പള്ളി കേശവൻ കോലം എഴുന്നള്ളിച്ചു. മട്ടന്നൂർ ശങ്കരൻകുട്ടിമാരാരുടെ പ്രമാണത്തിലുള്ള പഞ്ചാരിമേളം മേളാസ്വാദകരെ വിരുന്നൂട്ടി. പ്രസാദ ഊട്ട് വൈകിട്ട് നാലു വരെ നീണ്ടു. ശ്രീവൈക്കം ചന്ദ്രൻമാരാരുടെ പ്രമാണത്തിലുള്ള പഞ്ചവാദ്യത്തിന്റെ അകമ്പടിയോടുകൂടി എറണാകുളത്തപ്പനെ പകൽ പൂരത്തിന് എഴുന്നള്ളിക്കുകയും വൈകിട്ട് 7 മണിയോടുകൂടി തലയെടുപ്പുള്ള 15 ഗജവീരന്മാരെ കോലോത്തും പറമ്പിൽ അണിനിരത്തി. ശ്രീമട്ടന്നൂർ ശങ്കരൻ കുട്ടിമാരാരുടെ പ്രമാണത്തിൽ ഗംഭീര പാണ്ടി മേളം അരങ്ങേറുകയും തുടർന്ന് വർണ്ണാഭമായ കുടമാറ്റം ആരംഭിക്കുകയും ചെയ്തു. കണ്ണിനും കാതിനും ഒരു പോലെ വിരുന്നേകിയ പകൽപ്പൂരം ആയിരങ്ങളെ സാക്ഷി നിർത്തി അരങ്ങേറി. എറണാകുളം ദേശവാസികൾ ദേശനാഥന്റെ പകൽപ്പൂരം കണ്ടു വണങ്ങുവാൻ തിരക്കു കൂട്ടി. കണ്ണിനും കാതിനും മതിയാവോളം പകൽപ്പൂരം ആസ്വദിച്ച്, അടുത്ത കൊല്ലത്തെ ഭഗവാന്റെ പകൽപ്പൂര ദൃശ്യം മനസ്സിൽ വഹിച്ചു കൊണ്ട് പതിനായിരക്കണക്കിന് ഭക്തജനങ്ങൾ കോലോത്തും പറമ്പിനോട് വിട പറഞ്ഞു.

എട്ടാം ദിവസം ആറാട്ടു ദിവസം തിരുവമ്പാടി ശിവസുന്ദർ ഭഗവാന്റെ കോലം എഴുന്നള്ളിച്ചു. ശ്രീമട്ടന്നൂർ ശങ്കരൻകുട്ടി മാരാരുടെ പ്രമാണത്തിലുള്ള പഞ്ചാരിമേളം അരങ്ങേറി. മട്ടന്നൂരും സംഘവും ചെണ്ടയിൽ നാദവിസ്മയം തീർത്തു. അതിവിപുലമായ പ്രസാദ ഊട്ട് വളരെ ഭംഗിയായി നടന്നു. രാത്രി 7.30 മണിയോടുകൂടി കൊടി ഇറക്കിനു ശേഷം ഭഗവാനെ ആറാട്ടിന് എഴുന്നള്ളിച്ച പ്പോഴും ആറാട്ടിനു ശേഷവും ദേശനാഥന് പോലീസ് ഗാർഡ് ഓഫ് ഓണർ നല്കി. തുടർന്ന് വൈക്കം ചന്ദ്രൻമാരാരുടെ പ്രമാണത്തിലുള്ള പഞ്ചവാദ്യ അകമ്പടിയോടെ ഭഗവാൻ വഴിനീളെ ഭക്തരുടെ പറകൾ സ്വീകരിച്ച് അവസാനത്തെ പറയായ എറണാകുളം കരയോഗം വക അയ്മ്പറയും സ്വീകരിച്ചു. അവിടെ വച്ച് മേളക്കാർക്കും അകമ്പടിക്കാർക്കുമെല്ലാം ക്ഷീണമകറ്റാൻ പോന്ന ചുക്കുകാപ്പിയും മറ്റും കഴിച്ചതിന് ശേഷം വെളുപ്പിന് കോലോത്തും പറമ്പിൽ എത്തിച്ചേരുകയും അവിടെ മട്ടന്നൂർ ശങ്കരൻ കുട്ടിമാരാരുടെ നേതൃത്വത്തിലുള്ള പാണ്ടിമേളം അരങ്ങേ റുകയും തുടർന്ന് പുലർച്ചെ ഗംഭീര കരിമരുന്ന് പ്രയോഗത്തോടെ എട്ടു ദിനരാത്രങ്ങൾ നീണ്ടു നിന്ന ദേശനാഥന്റെ തിരുവുത്സവത്തിന് തിരശ്ശീല വീണു. തായമ്പകയും താളവട്ടവും മേജർസെറ്റ് പഞ്ചവാദ്യവും കേരളത്തിലെ അറിയപ്പെടുന്ന മേളപ്രമാണിമാരുടെ പഞ്ചാരി മേളവും തലയെടുപ്പുള്ള ഗജവീരന്മാരും എല്ലാ വരും കൂടി അരങ്ങു തകർത്ത ദേശനാഥന്റെ തിരുവുത്സവത്തിന് കൊടിയിറങ്ങി.

എറണാകുളത്തപ്പന്റെ ഉത്സവാഘോ ഷങ്ങളെ മൊത്തത്തിൽ വിലയിരുത്തുമ്പോൾ നമുക്ക് വളരെ സന്തോഷം തോന്നും. കാരണം ക്ഷേത്ര ആചാരങ്ങൾ അണുവിട തെറ്റാതെ തന്നെ ക്ഷേത്രകലകൾക്ക് പ്രാധാന്യം കൊടുക്കുന്നുണ്ട് എന്നുള്ളതുകൊണ്ട് പറയൻ തുള്ളൽ, ശീതങ്കൻ തുള്ളൽ, ഓട്ടൻ തുള്ളൽ , കുറത്തിയാട്ടം, പാഠകം, നങ്ങ്യാർകൂത്ത് , ഉത്സവകൂത്ത്, വില്ലടി ച്ചാൻ പാട്ട്, എന്നിവ അരങ്ങേറുകയും അതോടൊപ്പം . ക്ഷേത്ര ആരാധനയോട് ബന്ധപ്പെട്ടു കിടക്കുന്ന സമ്പ്രദായ ഭജന, തിരുവാതിരക്കളി. നാരായണീയ പാരായണം, അക്ഷരശ്ലോകം, ഭക്തിഗാനമേള എന്നിവയും പരിപാടിയിൽ ഇടം കണ്ടു. അതുപോലെ തന്നെ സംഗീതത്തിന്റെ ശീലുകളും നൃത്തരൂപത്തിലൂടെ നവരസ ഭാവങ്ങളും വഴിഞ്ഞൊഴുകി. ക്ഷേത്രാന്തരീക്ഷം കൂടുതൽ ഭക്തിസാന്ദ്രമാക്കാൻ ഈ കലകൾക്ക് കഴിഞ്ഞു. ക്ഷേത്രത്തിനു മുമ്പിലും കോലോത്തും പറമ്പിലും ഏർപ്പെടുത്തിയ ദീപാലങ്കാരം കാഴ്ച വിരുന്നായിരുന്നു. ഭാരിച്ച ഉത്തരവാദിത്വം ചുമലിലേറ്റി ശ്രീരാജേന്ദ്രപ്രസാദ് പ്രസിഡന്റും അഡ്വ. ബാലഗോപാൽ സെക്രട്ടറി യായും ഉള്ള ക്ഷേത്രക്ഷേമ സമിതി കൊച്ചി ദേവസ്വം ബോർഡിന്റെ അകമഴിഞ്ഞ സഹായത്തോടെ നടത്തിയ 2018 ലെ ദേശനാഥന്റെ ഉത്സവം ഗംഭീര വിജയമായി എന്ന് പറയുന്നതിൽ സന്തോഷമുണ്ട്. വരും വർഷങ്ങളിൽ ഇതിനെക്കാൾ ഭംഗിയായി ഉത്സവം നടത്താൻ എറണാകുളത്തപ്പൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഇതിന്റെ പിന്നിൽ അഹോരാത്രം പരിശ്രമിച്ച എല്ലാ സംഘാടകർക്കും അനുമോദ നത്തിന്റെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

കിരാത മൂർത്തിയായ എറണാകുള ത്തപ്പന്റെ മുമ്പിൽ, 2018 ലെ ഉത്സവത്തിൽ കിരാതം ഓട്ടൻതുള്ളൽ അവതരിപ്പിച്ച ദേഹവും തുള്ളൽ പ്രസ്ഥാനത്തിന് വേണ്ടി ജീവിതം ഉഴിഞ്ഞു വച്ച തുള്ളൽ കലാനിധി പ്രൊ. കലാമണ്ഡലം ഗീതാനന്ദന് ആദരാഞ്ജലികൾ. ഇവിടുത്തെ പരിപാടികളുടെ അടുത്ത ദിവസം തുള്ളൽ വേദിയിൽ വെച്ച് തന്നെ അദ്ദേഹത്തിന്റെ ആഗ്രഹം പോലെ ഈ ലോകത്തോട് വിട പറഞ്ഞ് ആ അനുഗൃഹീത കലാകാരന്റെ സ്മരണയ്ക്ക് മുമ്പിൽ അശ്രുപുഷ്പങ്ങൾ അർപ്പിക്കുന്നു.

# മൗനനൊമ്പരം

ഡോ. കെ.ഹരിഹരൻ

ഒഴിവു വരുന്ന സമയങ്ങളിലും ദിവസങ്ങളിലും എഴുത്തും വായനയുമാണ് പണ്ടു മുതലെ ഉള്ള ശീലം. വീട്ടിൽ തരക്കേടില്ലാത്ത ഒരു ലൈബ്രറി ഉണ്ട്. അതിൽ ധാരാളം പുസ്തകങ്ങളുമുണ്ട്. കഥകൾ, നോവലുകൾ, ഐതിഹ്യങ്ങൾ, പുസത്കങ്ങൾ , പുരാണങ്ങൾ, വേദാന്ത പുസ്തകങ്ങൾ, മാനേജ്മെന്റിലേയും എഞ്ചിനീയറിംഗ് സബ്ജക്ടുകളിലേയും ബുക്കുകൾ ഇവയെല്ലാം ലൈബ്രറി കളക്ഷ്നിൽപെടും . കൂടാതെ ഫ്രണ്ട്സിൽ നിന്നും പ്രസാധകരിൽ നിന്നും ഒക്കെ കിട്ടുന്ന ഡയറികളും. ഡയറി നിത്യമായി എഴുതുന്ന സ്വഭാവമൊന്നുമില്ല. എങ്കിലും പുസ്തകങ്ങൾ വായിക്കുമ്പോൾ കിട്ടുന്ന പ്രധാന പോയിന്റുകളൊക്കെ അതിൽ കുറിച്ചിടും. അലമാരയിൽ രണ്ടു തട്ടുകൾ മുഴുവൻ പഴയ ഡയറികൾ കൊണ്ടു നിറഞ്ഞിരിക്കുകയാണ്. അതിൽ വേണ്ടാത്തവയൊക്കെ നീക്കം ചെയ്യണമെന്നു പലപ്പോഴും വിചാരിക്കും ഇതു വരെ അതിനു സമയം തരപ്പെട്ടു കിട്ടിയില്ല. കഴിഞ്ഞ ദിവസം ഒരു ദൃഢനിശ്ചയമെന്ന പോലെ ലൈബ്രറി അലമാരകൾ പൊടി തട്ടി വേണ്ടാത്തവയൊക്കെ നീക്കം ചെയ്തു വൃത്തിയാക്കാൻ തന്നെ തീരുമാനിച്ചു. ആദ്യം ഡയറികൾ അലമാരിയിൽ നിന്നും നീക്കം ചെയ്തു. എല്ലാം വിശദമായി പരിശോധിച്ചു. അപ്പോൾ അതിൽ നിന്നും ഒരു ഡയറി എന്റെ കണ്ണിൽ പെട്ടു. വളരെ നാളുകൾക്ക് മുമ്പ് കൊച്ചച്ഛൻ അവശേഷിപ്പിച്ചു മുറിയിൽ ഉപേക്ഷിച്ചു പോയതാണത്. കൊച്ചച്ഛൻ അച്ഛന്റെ അമ്മാവന്റെ മകനാണ്. അദ്ദേഹത്തിന് നല്ല സ്ഥിരബുദ്ധി ഉണ്ടായിരുന്നില്ല. വേറെയും ആരും നോക്കാനില്ലാത്തതുകൊണ്ട് അദ്ദേഹത്തെ അച്ഛൻ കൂടെ താമസിപ്പിച്ചു. മൂകതയായിരുന്നു അദ്ദേഹത്തിന്റെ അസുഖലക്ഷണം. ആരോടും ഒന്നും സംസാരിക്കാത്ത ഒരു പ്രകൃതം. മിക്കവാറും സ്വന്തം മുറിയിൽ കയറി വാതിലടച്ചിരിക്കും. കളർ ചോക്കുകൊണ്ട് ചുവരുകളിൽ എന്തൊക്കെയോ കുത്തിക്കുറിക്കും. പിന്നെയത് മായ്ച്ച് കളയും, ചിലപ്പോ ഡയറിയിൽ എന്തെങ്കിലും ഒക്കെ എഴുതിക്കൊണ്ടിരിക്കും. സ്നേഹത്തെക്കുറിച്ചും പ്രേമത്തെക്കുറിച്ചുമാണ് കൂടുതലും എഴുതിയിരുന്നത്.

കൊച്ചച്ഛന്റെ ഡയറി കയ്യിൽ കിട്ടിയതുകൊണ്ട് അതിലൂടെ ഒന്നു കണ്ണോടിക്കാതിരിക്കാൻ സാധിച്ചില്ല. കസേരയിൽ വന്നിരുന്ന് അതിലെ ഓരോ താളും മറിച്ചു നോക്കി. സ്ഫുടമായ, വടിവൊത്ത അക്ഷരത്തിൽ അദ്ദേഹം സ്നേഹത്തെക്കുറിച്ച് എഴുതിയിരിക്കുന്നത് ശ്രദ്ധയോടെ വായിച്ചു.

'സ്നേഹത്തിൽ ഫലം സ്നേഹം
ജ്ഞാനത്തിൽ ഫലം ജ്ഞാനം
സ്നേഹമേ.........പരം സൗഖ്യം
സ്നേഹ ഭംഗമേ ദുഃഖം'

സ്നേഹം കാലാതീതമാണ്. പ്രായ , ദേശ , വർഗ്ഗ , വർണ്ണ വേർതിരിവില്ലാത്ത ഒരൊറ്റ വികാരം മാത്രമേ ഈ പ്രപഞ്ചത്തിൽ പിറവി എടുത്തിട്ടുള്ളൂ. അത് സ്നേഹം തന്നെയാണ്. ജീവിതത്തിന്

അഴകേകുന്നത് സ്നേഹമാണ്. സ്നേഹമാണഖില സാരമൂഴിയിൽ എന്ന് കവി പാടിയത് അതിന്റെ അർത്ഥ വ്യാപ്തിയുടെ അഗാധത വ്യക്തമാക്കുന്നു. സ്ലേഹത്തിനു പകരം വയ്ക്കാൻ ഈ ലോകത്ത്

മറ്റൊന്നിനുമാകില്ല. വിദ്വേഷത്തിലൊരാൾ സങ്കോചിക്കുകയും സ്നേഹത്താൽ അയാൾ വികസിക്കുകയും ചെയ്യുന്നു. ഭിന്നതകൾ സ്നേഹത്തിന് തടസ്സവും നിയന്ത്രണവും സൃഷ്ടിക്കുന്നു. സ്നേഹം ഭിന്നതകളുടെ മതിലുകൾ തകർക്കുന്നു. പരിശുദ്ധമല്ലാത്ത മനസ്സ് വിഭ്രാന്തികൾ സൃഷ്ടിക്കുന്നു. പരിശുദ്ധമായ മനസ്സ് കണ്ണാടിപോലെയാണ്. അത് എല്ലാറ്റിനേയും പ്രതിഫലിപ്പിക്കുന്നു. പ്രതീക്ഷകൾ നിറഞ്ഞ മനസ്സ് നമ്മെ ബന്ധനത്തിലാക്കുന്നു. മനസ്സ് വികാരങ്ങളുടെ ഇരിപ്പിടമാണ് അതിലെ ഏറ്റവും ശ്രേഷ്ഠവും ആനന്ദപ്രദവുമായ സദ്വികാരമാണ് സ്നേഹം. അച്ഛൻ , അമ്മ, മക്കൾ , ഭാര്യ, സഹോദരൻ , ബന്ധുക്കൾ , മിത്രങ്ങൾ ഇവരെയെല്ലാം കോർത്തിണക്കുന്ന ചങ്ങലയുടെ കണ്ണിയാണ് സ്നേഹം. നമ്മളിൽ പലരും നമ്മുടെ ഉറ്റവരേയും, ഉടവരേയും , പ്രിയമുള്ളവരേയും, ബന്ധുക്കളേയും സ്നേഹിക്കുവാൻ അറിയാതെ മറന്നു പോകുന്നു. അപ്പോൾ ഗൃഹാന്തരീക്ഷത്തിൽ നിന്നു സ്നേഹം കുടിയൊഴിഞ്ഞ് പോകുകയും ചെയ്യുന്നു. ഈ ഒരു അവസ്ഥാവിശേഷം തുടർന്നാൽ മനസ്സുകൾ മരുഭൂമികളായി മാറും. സ്നേഹം ഉള്ളിൽ സൂക്ഷിക്കുവാനുള്ളതല്ല. അത് വേണ്ട സമയത്ത് പ്രകടിപ്പിക്കുമ്പോൾ മാത്രമെ മനസ്സിന്റെ ആർദ്രത നമുക്ക് നിലനിർത്താൻ കഴിയുകയുള്ളൂ. പരിശുദ്ധമായ മനസ്സിൽ മാത്രമെ കളങ്കമില്ലാത്ത സ്നേഹം നിറയുകയുള്ളൂ. പരിശുദ്ധമല്ലാത്ത മനസ്സിൽ കാപട്യം നിറയും. സ്നേഹത്താലാണ് ഈ പ്രപഞ്ചം ദൈവം സൃഷ്ടിച്ചത്. പല രീതിയിൽ സ്നേഹം ബഹിർഗമിക്കുകയാണ് ഈ പ്രകൃതിയിലെ ഓരോ ജീവജാലങ്ങളിലും. ഒരാളുടെ ഹൃദയത്തിൽ നാം സ്നേഹത്തിന്റെ വിത്തു പാകിയാൽ എത്ര പെട്ടെന്നാണോ അത് മുളപൊട്ടി പൂമരമായി തേൻ കിനിയും സുഗന്ധം





പരത്തുകയും ചെയ്യുന്നത്!

അവനവനെത്തന്നേയും സ്വന്തം ബന്ധുമിത്രാദികളേയും സ്നേഹിക്കുന്നവർക്കു മാത്രമേ സഹജീവികളെ സ്നേഹിക്കുവാൻ കഴിയൂ. സഹജീവികളെ സ്നേഹിക്കുന്നവർ സമൂഹത്തിൽ അംഗീകരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യും. നാം എല്ലാം ഒരു സമൂഹത്തിന്റെ കണ്ണികളാണ് സ്നേഹം എല്ലാ മുറിവുകൾക്കുമുള്ള മരുന്നാണ് . എന്നാൽ സ്നേഹം മൂലം ഉണ്ടാകുന്ന മുറിവിന് ലോകത്തു ഇന്നേവരെ മരുന്നുകളൊന്നും കണ്ടു പിടിച്ചിട്ടില്ല. സ്നേഹമുള്ളയിടത്തെ വിരഹമുള്ളൂ. വിരഹം സ്നേഹത്തിന്റെ ആഴം കൂട്ടും . ആത്മാർത്ഥമായ സ്നേഹം ജീവിതത്തിൽ സമഗ്രമായ മാറ്റം വരുത്തും. നല്ല വാക്ക് , നല്ല പ്രവൃത്തി, സംരക്ഷണം, പങ്കുവെയ്ക്കൽ, കരുതൽ , കരുണ , പരസ്പര സഹായം , പരസ്പരവിശ്വാസം, വിട്ടുവീഴ്ച മനോഭാവം എന്നിവയിലൂടെ നമ്മൾക്ക് ചുറ്റുമുള്ളവരെ സ് നേഹിക്കാം. പ്രണയം, അനുരാഗം, പ്രേമം, വാത്സല്യം ഇവയെല്ലാം ഉദാത്തമായ സ്നേഹത്തിന്റെ ചില തലങ്ങൾ മാത്രമാണ്. ഇതിലൂടെയെല്ലാം നമുക്ക് ആനന്ദം കണ്ടത്താൻ സാധിക്കും. ആനന്ദം എന്നത് സ്വയം കണ്ടെത്തേണ്ടതും, അനുഭവിക്കേണ്ടതുമാണ്. അതിന്റെ നിർവ്വചനങ്ങൾ പറഞ്ഞു മനസ്സിലാക്കുവാൻ പ്രയാസകരമാണ്.

പരിശുദ്ധമായ ഹൃദയത്തിന് ഉടമയായി സ്നേഹം വാരിക്കോരി തരുന്ന ഒരു വ്യക്തിയുണ്ട്. അത് നമ്മുടെ അമ്മ മാത്രമായിരിക്കും. അമ്മയെപ്പോലെ ഈ ലോകത്ത് മനുഷ്യന് വിശ്വസിക്കാവുന്ന മറ്റൊരു വ്യക്തിയും ഉണ്ടാവില്ല. ഏകാന്തത നമ്മെ വേട്ടയാടുമ്പോൾ നമ്മുടെ ഓർമ്മയിലേക്ക് ഓടിയെത്തുന്ന സുഖമുള്ള വേദനയാണ് സ്നേഹം. അമ്മ നമുക്ക് മുലപ്പാൽ തരുമ്പോൾ ഒപ്പം പകർന്നു തരുന്ന മായമില്ലാത്ത ഒരു വികാരമാണ് സ്നേഹം. ആദ്യമായി നാം സ്നേഹത്തെ അറിയുന്നത് അമ്മയിലൂടെയാണ്. അമ്മയ്ക്ക് മക്കളോടുള്ള സ്നേഹം കളങ്കരഹിതമാണ്. അത് അനശ്വരമാണ്. അതാണ് പരിശുദ്ധസ്നേഹം . മറ്റൊരു സ്നേഹവും നമുക്ക് നിർവ്വചിക്കുവാനോ തിരിച്ചറിയുവാനോ സാധിക്കുകയില്ല.

സ്നേഹം ഭ്രാന്തമായ ചിന്താഗതിയിലേക്ക് നീങ്ങുമ്പോൾ ആ സ്നേഹത്തിന് പ്രണയഭാവം കൈവരുന്നു. സ്നേഹബന്ധങ്ങൾക്ക് മുറിവേൽക്കുമ്പോൾ വേദന ഉണ്ടാകുന്നത് മനസ്സിനാണ്. ആ വേദനയുടെ ആഘാതം കുറയ്ക്കുവാൻ ചിലർ സ്വന്തം ശരീരത്തിനു പീഡനം കൊടുക്കും, ചില സന്ദർഭങ്ങളിൽ തികച്ചും അപകടം നിറഞ്ഞതാണ് സ്നേഹം. സ്നേഹത്തിന് അടിമയാകാനെ മനുഷ്യനെന്നും കഴിയൂ. അതാണ് സ്നേഹത്തിന്റെ ശക്തി. സ്നേഹം കൊടുക്കുന്തോറും അതിൽ കൂടുതലായി തിരിച്ചു കിട്ടും . സ്നേഹത്തിന്റെ മുഖങ്ങൾ മാറുന്നത് ഓരോരുത്തരോടും നമുക്കുള്ള സ്നേഹത്തിന്റെ സ്വഭാവം മാറുമ്പോഴാണ്. കാമിനിയോടുള്ള സ്നേഹം പ്രണയമാണ്. അത് മധുരതരമാണ്. മുൻപും പിൻപും നോട്ടമില്ലാത്ത പരിസരബോധം നഷ്ടപ്പെടുന്ന ഒരു തരം ലഹരി, അതാണ് പ്രണയം എന്ന സ്നേഹത്തിന്റെ മുഖം. മാറിയും മറിഞ്ഞും കാലത്തിനൊപ്പം എന്നും നിലകൊള്ളുന്ന അനശ്വര വികാരമാണ് പ്രണയം. മഞ്ഞുപോലെ നിർമലമാണ് പ്രണയം എന്നൊക്കെ പറയുമെങ്കിലും പലപ്പോഴും ഇതു നൽകുന്ന വേദനകൾ കാരിരിമ്പിനേക്കാൾ കാഠിന്യമേറിയതാണ്. പ്രണയം നഷ്ടമാകുമ്പോൾ നിറമുള്ള ഓർമ്മകൾക്കു പകരം അത് നമുക്കു സമ്മാനിക്കുന്നത് കഠിനമായ നൊമ്പരങ്ങളായിരിക്കും. പിണങ്ങിയും കലഹിച്ചും കഴിഞ്ഞ പ്രണയകാലം കടന്ന് അവൾ മറ്റൊരുവന്റേതായി തീരുമ്പോൾ അനുഭവിക്കുന്ന വേദന അതിഭീകരം തന്നെയാണ്. രണ്ടാത്മാക്കളാണെങ്കിലും ഒരു മനസ്സായി , രണ്ടു ഹൃദയങ്ങളാണെങ്കിലും ഒരു ഹൃദയമിടിപ്പായി ജീവിക്കുമ്പോൾ സ്നേഹം അതിന്റെ പൂർണ്ണതയിലെത്തുന്നു. പക്ഷെ നഷ്ടപ്രണയങ്ങളാണ് നമ്മൾ കൂടുതലും കാണാറുള്ളത്. നമ്മുടെ ചരിത്രത്തിൽ ചുവപ്പു മഷികൊണ്ട് എഴുതിച്ചേർത്തിരിക്കുന്നതും പ്രണയ പരാജിതരുടെ നൊമ്പരങ്ങളാണ്. ഊഷ്മളമായ പ്രണയത്തിനവസാനം തണുപ്പായിരിക്കുമെന്ന് പറഞ്ഞത് കളിവാക്കല്ല എന്നു വിശ്വസിക്കാം. നാം പലപ്പോഴും സ്നേഹത്തെക്കറിച്ച് വാതോരാതെ സംസാരിക്കും. പക്ഷെ മനസ്സിൽ സ്നേഹം നിറക്കുന്നില്ല , സ്നേഹിക്കുന്നതായി നടിക്കുന്നു. അത് ഒരു തരം അഭിനയം, വഞ്ചന. വഞ്ചനയുടെ വിത്തുകൾ മനസ്സിൽ സ്ഥാനം പിടിക്കുമ്പോൾ തെറ്റായ വഴിയിലൂടെ നാം സഞ്ചരിച്ചെന്നിരിക്കും. അത് ബന്ധങ്ങളെ ശിഥിലമാക്കുന്നു. ഉടഞ്ഞു ശിഥിലമായ ബന്ധങ്ങൾ നമ്മെ ശിഥിലമാക്കുന്നു. അത് നിലനിർത്തുവാൻ സാധിച്ചെന്നിരിക്കില്ല.

മനസ്സിന്റെ താളം തെറ്റിയ ഒരുവന്റെ മനസ്സിൽ നിന്നും ഉതിർന്നു വീണ് സ്വന്തം ഡയറിയിൽ കുറിക്കപ്പെട്ട വരികളാണിവ. ഒരു നല്ല വാഗ്മിയുടെ അറിവിൽ നിന്നും രചനാവൈഭവത്തോടെ വാചാലമായി. അർത്ഥവത്തായി എഴുതപ്പെട്ടിട്ടുള്ള ഏതാനും വരികൾ. ഇങ്ങനെ പലതും ആ ഡയറിയിൽ എഴുതി നിറച്ചിരിക്കുന്നു. സ്നേഹത്തെക്കുറിച്ചും സ്നേഹഭംഗങ്ങളെക്കറിച്ചും പ്രണയത്തെക്കറിച്ചും പ്രണയഭംഗങ്ങളെക്കുറിച്ചും ഒക്കെ ഒരുപാട് കൊട്ടേഷൻസും വിവരണങ്ങളും ആ ഡയറിയിലുണ്ട്. സുബോധമില്ലാത്ത ഒരു ഭ്രാന്തന്റെ മനസ്സിൽ നിന്നും ഉരിത്തിരിഞ്ഞ വാക്കുകളാണ് ഇവയൊക്കെ എന്ന് ആ ഡയറി വായിക്കുന്നവരാരും പറയുകയില്ല. ഒരു പക്ഷെ കൊച്ചച്ഛൻ തികച്ചും ഭ്രാന്തനായിരുന്നിരിക്കില്ല. സാഹചര്യം അദ്ദേഹത്തെ ഒരു മൗനി ആക്കിയതാകാം ആ മൗനത്തിനു പിന്നിൽ ഒരു ചതിയുടെ, സ്നേഹഭംഗത്തിന്റെ ,പ്രണയനൊമ്പരങ്ങളുടെ രഹസ്യങ്ങളോ ഉണ്ടായിരിക്കാം. (തുടരും)

# വിഷു എന്നാൽ എന്താണ്? എന്നാണ് ?

**ഡോ. വി.എസ്. രാമകൃഷ്ണൻ നായർ**
**പ്രസിഡണ്ട് CARD, എറണാകുളം, ഫോൺ : 9347166669**

കണിവെള്ളരിക്കയും, കൊന്നപൂവും ഉൾപ്പടെ കുറെ വസ്തുക്കൾ ഉരുളിയിൽ വയ്ക്കുകയും അത് രാവിലെ കാണുകയും, ചെയ്യുന്നതാണോ വിഷു ?

അതെ എന്നു പറഞ്ഞാൽ അതിനർത്ഥം വിഷു എന്താണെന്ന് അറിയില്ല എന്നാണ്.

വിഷു എന്നത് സംസ്കൃതമാണ്. അതിന്റെ അർത്ഥം 'സമം' (Equal) എന്നാണ്. എന്താണ് സമമായിട്ടുള്ളത്. പകലും, രാത്രിയും . അതായത് പകൽ 12 മണിക്കൂർ, രാത്രി 12 മണിക്കൂർ. ഇപ്രകാരം സംഭവിക്കുന്ന ദിവസത്തിന് 'വെർണൽ എക്വിനോക്സ്' (Vernal Equinox)എന്നു പറയുന്നു.

ഭൂമി അതിന്റെ ഭ്രമണപഥത്തിൽ ഒരു പ്രാവശ്യം യാത്ര ചെയ്തു തീരുന്നതിന് 365 1/4 ദിവസം വേണം. ഭ്രമണപഥത്തിന് ഒരു തുടക്കസ്ഥാനം വേണം. അതായത് ഭൂമിയുടെ ഒരു പുതിയ യാത്ര തുടങ്ങുന്ന ദിവസം ഏതാണോ, അതാണ് പുതുവർഷം തുടങ്ങുന്ന തീയതി.

ഇത് കൃത്യമായി അറിയുവാൻ ജ്യോതിശാസ്ത്ര ഗണനകൾ ഉണ്ട്.

ഭൂമി അതിന്റെ പുതിയ യാത്ര തുടങ്ങുന്ന ദിവസം പകലും രാത്രിയും 12 മണിക്കൂർ വീതമായിരിക്കും. അത് മാർച്ച് 21 നാണ്. (ചിലപ്പോൾ ഒരു ദിവസം മുന്നിലോ, പിന്നിലോ ആകാം.) ആ ദിവസത്തിനെ 'വിഷുദിനം' എന്നു പറയുന്നു. ഇപ്രകാരം ഭൂമി ആരംഭിക്കുന്ന പുതിയ യാത്ര 90 ഡിഗ്രി ചെല്ലുന്ന ദിവസം പകൽ ഏറ്റവും ദൈർഘ്യമുള്ളതും രാത്രി കുറവുള്ളതും ആയിരിക്കും. ഇത് യഥാർത്ഥ ദക്ഷിണായനം തുടങ്ങുന്ന ദിവസമാണ്. ഈ ദിവസത്തിന് Solstice എന്നു പറയുന്നു. Solstice എന്ന വാക്കിനർത്ഥം To Stay എന്നാണ്. അതായത് ആ ഡിഗ്രിയിൽ തന്നെ ഭൂമി 2 ദിവസം നിലക്കൊള്ളുന്നതായി തോന്നുന്നു.

അപ്രകാരം ദക്ഷിണായനം തുടങ്ങി 90 ഡിഗ്രി യാത്ര ചെയ്തു കഴിയുമ്പോൾ സെപ്റ്റംബർ 22 ന് വീണ്ടും പകലും രാത്രിയും തുല്യമാവുന്നു. അവിടെ നിന്നും 90 ഡിഗ്രി കൂടി യാത്ര ചെയ്യുമ്പോൾ ഡിസംബർ 22 ന് ഉത്തരായനം തുടങ്ങുന്നു. ആ ദിവസത്തിനും Solstice - To Stay എന്നു പറയുന്നു. ഈ ദിവസമാണ് ആ വർഷത്തെ രാത്രി കൂടുതലും പകൽ ഏറ്റവും കുറവുമായ ദിവസം.

ഈ ദിവസങ്ങൾ നമ്മുടെ കലണ്ടറുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

**എറണാകുളത്തെ സൂര്യൻ ഉദിക്കുന്നതും അസ്തമിക്കുന്നതുമായ ദിനങ്ങളും സമയവും**

| | | ഉദയം | അസ്തമയം | പകൽ |
|---|---|---|---|---|
| മാർച്ച് | 21 | 6.34 | 6.34 | 12 മണിക്കൂർ |
| ഏപ്രിൽ | 15 | 6.18 | 6.34 | 12. മ. 16 മിനിറ്റ് |
| ജൂൺ | 22 | 6.09 | 6.46 | 12.മ. 37 മി. |
| ജൂലായ് | 17 | 6.15 | 6.47 | 12.മ. 32 മി |
| സെപ്റ്റംബർ | 22 | 6.18 | 6.18 | 12 മണിക്കൂർ |
| ഒക്ടോബർ | 15 | 6.18 | 6.4 | 12 : 14 മി. |
| ഡിസംബർ | 22 | 6.45 | 6.09 | 11.മ . 24 മി. |
| ജനുവരി | 14 | 6.53 | 6.21 | 11 മ. 28 മി |





യഥാർത്ഥ വിഷുദിനമായ മാർച്ച് 21 ന് പകലും, രാത്രിയും 12 മണിക്കൂർ വീതം ആണ്.

കേരളക്കാർ ആഘോഷിക്കുന്ന വിഷു ദിനമായ ഏപ്രിൽ 15 ന് പകലും, രാത്രിയും തുല്യമല്ല.

അതുപോലെ യഥാർത്ഥ ദക്ഷിണായനം തുടങ്ങുന്ന ദിവസവും, ഉത്തരായനം തുടങ്ങുന്ന ദിവസവും തെറ്റായ ദിനങ്ങളിലാണ് ആചരിക്കുന്നത്. ശബരിമലയിൽ ആചരിക്കുന്ന മകരസംക്രമം, യഥാർത്ഥ സംക്രമം കഴിഞ്ഞ് 25 ദിവസങ്ങൾക്കു ശേഷമാണ്. ഇപ്രകാരം തെറ്റായ ദിവസങ്ങളിൽ ആചരിക്കുന്ന വിശേഷദിവസങ്ങൾ യഥാർത്ഥ വിശേഷദിവസങ്ങളല്ല.

പണ്ട് വിഷുദിനം ആചരിച്ചിരുന്നത് കാർത്തിക നക്ഷത്രത്തിൽ സൂര്യൻ വരുന്ന ദിവസമായിരുന്നു. (ബൃഹൽ സംഹിത അദ്ധ്യായം 14) അങ്ങിനെ വിഷു സംഭവിച്ചിരുന്ന 'വിഷു ബിന്ദു' (Point of Aries) പിന്നോട്ടു വന്ന് അശ്വതി നക്ഷത്രത്തിൽ എത്തി. അപ്രകാരം അശ്വതി നക്ഷത്രത്തിൽ എത്തിയ വിഷു ബിന്ദുവിനെ നമ്മുടെ 'വിശേഷദിന നിർണ്ണയ പണ്ഡിതശ്രേഷ്ഠന്മാർ' അവിടെ കുറ്റിയടിച്ച് കെട്ടിയിട്ടു !! പിന്നെ അവിടെ തന്നെ ചലനമറ്റ് നിന്നു പോയി !! അങ്ങിനെ സംഭവിക്കുമോ ? ഇല്ല. ഇപ്രകാരം അശ്വതിയിൽ സൂര്യൻ വന്നാലേ വിഷു ആകൂ എന്ന് ഉത്സവദിനനിർണ്ണയപണ്ഡിതന്മാർ തീരുമാനിച്ചതിനുശേഷം യഥാർത്ഥ വിശേഷ, ദിവസങ്ങൾ 25 ദിവസം മുന്നേ സംഭവിക്കുന്നു. ഇത്തരം പഞ്ചാംഗതെറ്റിനെ ന്യായീകരിക്കാനായി നിരായന പഞ്ചാംഗം എന്ന അബന്ധഗണിതം ഉണ്ടാക്കി. ഇതിൻ പ്രകാരമാണ് നാം അബന്ധദിനങ്ങളെ വിശേഷദിനങ്ങളായി ആചരിക്കാനിടവരുന്നത്.

യഥാർത്ഥ വിഷു ദിനം പകലും രാത്രിയും തുല്യമായിരിക്കണം.

1954 ൽ ഒരു പഞ്ചാംഗ കമ്മിറ്റി ഉണ്ടാക്കി. അത് പഞ്ചാംഗം തിരുത്താനായിരുന്നു. തിരുത്തൽ നടന്നില്ല, കാരണം വിശേഷ ദിവസങ്ങൾ മാറാൻ പാടില്ല. അവസാനം ഭാരതസർക്കാർ പുതിയ വർഷഗണന തുടങ്ങി. ഭാരതത്തിന്റെ കലണ്ടറാണ് ശകവർഷം എന്നത് അതിൻപ്രകാരം പുതുവർഷം തുടങ്ങുന്നത് മാർച്ച് 22 നാണ്. അതായത് യഥാർത്ഥ വിഷു ദിനത്തിന്റെ പിറ്റേന്ന്. ഇതിൽ കൂടുതൽ എന്തു തെളിവുവേണം യഥാർത്ഥ വിഷു മാർച്ച് 21 നാണ് എന്നുള്ളതിനും ഏപ്രിൽ 15 ന് അല്ല എന്നുള്ളതിനും.

## Indian National Calendar

| | Month | Length | Start date (Gregorian) |
|---|---|---|---|
| 1 | Chaitra | 30/31 | March 22* |
| 2 | Vaishakh | 31 | April 21 |
| 3 | Jyaishtha | 31 | May 22 |
| 4 | Ashadha | 31 | June 22 |
| 5 | Shravana | 31 | July 23 |
| 6 | Bhadrapad | 31 | August 23 |
| 7 | Ashwin | 30 | September 23 |
| 8 | Kartik | 30 | October 23 |
| 9 | Margashīrsha (Agrahayana) | 30 | November 22 |
| 10 | Paush | 30 | December 22 |
| 11 | Magh | 30 | January 21 |
| 12 | Phalgun | 30 | February 20 |

സൂര്യൻ മകയിരം നക്ഷത്രത്തിൽ എത്തുന്ന ദിവസവും പണ്ട് വിഷു ദിനമായി ആചരിച്ചിട്ടുണ്ട്. മകയിരം നക്ഷത്രത്തിന് അന്ന് :അഗ്രഹായന' എന്നതായിരുന്നു പേര്. അതിനർത്ഥം പുതുവർഷാരംഭദിനം എന്നാണ്. (Ref : Page 185- Astrnomical References in Rigveda. - Gods Sages and Kings by David Frawley) ഈ സംഭവം 4000 ബി.സി യിലായിരുന്നു. ഇന്ന് ഉത്രട്ടാതി നക്ഷത്രത്തിൽ രണ്ടാം പാദത്തിൽ സൂര്യൻ എത്തുന്ന മാർച്ച് 21 ന് പുതുവർഷം തുടങ്ങുന്നു. പക്ഷേ പഞ്ചാംഗ ഗണിതക്കാർ, 25 ദിവസം തെറ്റിച്ച് ഏപ്രിൽ 15 നാണ് വിഷു എന്ന് നമ്മോടു പറയുന്നത്. ഇത് തെറ്റാണെന്ന് അറിയണമെങ്കിൽ ക്ഷേത്രഭാരവാഹികൾക്കോ, പൂജാരിമാർക്കോ സമുദായ നേതാക്കൻമാർക്കോ ജ്യോതിർഗണിതം അറിയണം. അതില്ല. അമേരിക്കയിലെ NASA പ്രസിദ്ധീകരിക്കുന്ന 'അമേരിക്കൻ എഫീമറീസ്' എന്ന പഞ്ചാംഗത്തിലെ ഗണിതത്തിൽ 24 ഡിഗ്രി 6 മിനിട്ട് 28 സെക്കന്റിന്റെ തെറ്റു വരുത്തിയിട്ട് നമ്മളാണ് ശരി എന്നു പറയുന്നതിന്റെ അപാകത എത്രയുണ്ട്.

NASA യുടെ കണക്കാണ് ചന്ദ്രനിൽ പോകാൻ പോലും അവർ ഉപയോഗിച്ചത്. അത് തെറ്റാണെന്നു പറയാൻ ആർക്കു കഴിയും.

പകലും രാത്രിയും തുല്യമല്ലാത്ത ഏപ്രിൽ 15 ന് 'വിഷു' (പകലും രാത്രിയും തുല്യമായ ദിവസം) എന്നു വിളിക്കാൻ സാധിക്കില്ലല്ലോ ?

പരീക്ഷണാർത്ഥമെങ്കിലും കലണ്ടറിലെ സൂര്യന്റെ ഉദയ അസ്തമന സമയങ്ങൾ നോക്കി പകലും രാത്രിയും 12 മണിക്കൂർ ആകുന്ന ദിവസം കണി വയ്ക്കൂ. അതിന്റെ സൽഫലം ഉടൻ ലഭിക്കും.



## രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ 1193-ാ (2018) മാണ്ടത്തെ ഉത്സവപരിപാടികൾ

**21.3.2018 മുതൽ 26.3.2018 വരെ**

**(7.8.1193 മുതൽ 12.8.1193 വരെ)**

**ഒന്നാം ദിവസം (21.3.2018) ബുധൻ**

| | |
|---|---|
| വൈകുന്നേരം 7.45 ന് | : കൊടികയറ്റം |
| രാത്രി 8.00 ന് | : കഥകളി<br>കഥ-അംബരീക്ഷചരിതം |

**രണ്ടാം ദിവസം (22.3.2018) വ്യാഴം**

| | |
|---|---|
| വൈകുന്നേരം | |
| 6.00 മുതൽ 7.30 വരെ | : സംഗീതക്കച്ചേരി (കുമാരി ഹിരൺമയി കൃഷ്ണകുമാർ |
| 7.30 മുതൽ 8.45 വരെ | : ഭക്തിഗാനങ്ങൾ (കുമാരി കൃഷ്ണപ്രിയ) |

**മൂന്നാം ദിവസം (23.03.2018) വെള്ളി**

| | |
|---|---|
| രാവിലെ 4.30 ന് | : നവകം, പഞ്ചഗവ്യം |
| ഉച്ചയ്ക്ക് 12 മുതൽ | : ഓട്ടൻതുള്ളൽ |
| 6.00 മുതൽ 7.00 വരെ | : കൂത്ത് (പ്രൊ. കലാമണ്ഡലം ഈശ്വരനുണ്ണി) |
| 7.00 മുതൽ 8.30 വരെ | : ഭക്തിഗാനതരംഗിണി (ത്യാഗബ്രഹ്മം ടി.എസ് രാധാകൃഷ്ണൻ) |
| 9.00 മുതൽ | : തിരുവാതിരക്കളി (രവിപുരം തിരുവാതിരസമാജം) |
| രാത്രി 10.30 ന് | : വിളക്ക് |

**നാലാം ദിവസം (24.3.2018) ശനി**

| | |
|---|---|
| ഉച്ചയ്ക്ക് 11.30 ന് | : ഉത്സവബലിദർശനം |
| 12.30 ന് | : ശീതങ്കൻ തുള്ളൽ |
| വൈകുന്നേരം 6.00 ന് | : സംഗീതാർച്ചന |
| 7.00 മുതൽ | : ഭരതനാട്യം |
| 8.00 മുതൽ | : തോൽപ്പാവകൂത്ത് (രാമചന്ദ്ര പുലവർ, ഷൊർണ്ണൂർ) |

**അഞ്ചാം ദിവസം : (25.3.2018)ഞായർ**

| | |
|---|---|
| വൈകുന്നേരം | : തായമ്പക |
| 7.30 മുതൽ | (അത്താലൂർ ശിവൻ) |
| രാത്രി 10.00 ന് | : വലിയവിളക്ക്<br>കാണിക്കയിടൽ പ്രധാനം |

**ആറാം ദിവസം (26.3.2018) തിങ്കൾ : ആറാട്ട്**

| | |
|---|---|
| വൈകുന്നേരം 4.00 ന് | : പകൽപ്പൂരം,<br>മേജർസെറ്റ് പഞ്ചവാദ്യം |
| അവതരണം | : ചോറ്റാനിക്കര വിജയൻ മാരാർ |
| വൈകുന്നേരം | |
| 6.30 മുതൽ 8.00 വരെ | : പാണ്ടിമേളം,<br>തിരുവല്ല രാധാകൃഷ്ണൻ,<br>ചൊവ്വല്ലൂർ മോഹനൻ |
| തുടർന്ന് | : കൊടിയിറക്കം, കൊടിക്കൽ പറ |

*(രണ്ടാം ദിവസം മുതൽ രാവിലെ ശീവേലിയും വൈകുന്നേരം കാഴ്ചശീവേലിയും (ഉത്സവബലി ദിവസമൊഴികെ) ഉണ്ടായിരിക്കുന്നതാണ്)*





# ജാതി അടിസ്ഥാനത്തിലുള്ള സംവരണം ഈ രാജ്യത്തെ നശിപ്പിക്കും

**വി. ജി ബാലകൃഷ്ണൻ**

ഇന്ത്യൻ ഭരണഘടന, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രമാണ് പല മേഖലകളിലും സംവരണം ഉറപ്പു വരുത്തിയിരിക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ സംവരണത്തിന് ഓരോ സംസ്ഥാനത്തും അർഹത ആർക്കൊക്കെയാണെന്ന് നിശ്ചയിച്ചിരിക്കുന്നത് രാഷ്ട്രപതിയുടെ ഉത്തരവിൻ പ്രകാരമാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെന്നപോലെ, ഭാരതത്തിലെ പിന്നാക്ക സമുദായങ്ങൾക്ക് സംവരണം നൽകണമെന്ന് ഭരണഘടന അനുശാസിക്കുന്നില്ല. ഭരണഘടനയുടെ കാതലായ മൗലിക അവകാശങ്ങളിൽപ്പെട്ട തുല്യതയ്ക്കുള്ള അവകാശം (ആർട്ടിക്കിൾ 14) ജാതി, മതം, വർഗ്ഗം, ലിംഗ അടിസ്ഥാനത്തിലുള്ള വിവേചനത്തിനെതിരായ അവകാശം (ആർട്ടിക്കിൾ 15) എന്നിവയാണ് ഭരണഘടനയിൽ പ്രധാനമായിട്ടുള്ളത് എന്നാണ് മനസ്സിലാക്കിയിട്ടുള്ളത് . ഭരണഘടനയിൽ, 'പിന്നാക്ക വിഭാഗങ്ങൾ' എന്ന് വിവക്ഷിക്കുന്നത്, എല്ലാ ജാതി മത വർഗ്ഗ വിഭാഗങ്ങളിലേയും, അവശത അനുഭവിക്കുന്നവരെ ഉദ്ദേശിച്ചാണെന്ന് വളരെ വ്യക്തമാണ്. ഭരണഘടനാ നിർമ്മാതാക്കൾ 'പിന്നോക്ക വിഭാഗങ്ങൾ' എന്ന് വളരെ വിശാലതലത്തിൽ തന്നെ വിവക്ഷിക്കുമ്പോൾ, മാറി മാറി വന്ന കേന്ദ്രസംസ്ഥാന സർക്കാരുകൾ, വോട്ട് ബാങ്ക് ലക്ഷ്യമാക്കി, സംവരണം പിന്നോക്ക ജാതി വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഇങ്ങിനെ, ഭരണഘടനാ വ്യവസ്ഥയുടെ വ്യാപ്തി വെട്ടിച്ചുരുക്കുകയാണ് ഭരണാധികാരികൾ ചെയ്തത്. എല്ലാ വിഭാഗങ്ങളിലും അവശതയുള്ളവരെ മുൻനിരയിലേക്ക് കൊണ്ടു വരണമെന്ന ഭരണഘടനയുടെ ലക്ഷ്യം ശരിയായ രീതിയിൽ കണക്കിലെടുക്കാതെ പോയാൽ, മുന്നോക്ക വിഭാഗങ്ങളെന്ന് വിശേഷിക്കപ്പെടുന്നവരിലെ അവശർ, എങ്ങനെ മുൻനിരയിലത്തും എന്നതിന് ആരും ഉത്തരം നൽകാൻ തയ്യാറാകുന്നില്ല. സംവരണത്തിന്റെ അനന്തരഫലം ജാതിവ്യവസ്ഥ നിലനിർത്തുകയെന്നതാണ്.

ഇന്ത്യയിലെ, എല്ലാ ജാതികളിലും, പണക്കാരും പാവപ്പെട്ടവരും ഉണ്ട്. അവരിൽ, മുന്നോക്കങ്ങളിലും , പിന്നോക്കങ്ങളിലും , പെട്ട കോടിക്കണക്കിനാളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുമാണ്. അതിനാൽ, പിന്നാക്ക ജാതികളെമാത്രം കണ്ടെത്തി, ആ ജാതികളുടെ അടിസ്ഥാനത്തിനുള്ള സംവരണം നീതിക്ക് നിരക്കുന്നതല്ല എന്നതിന് യാതൊരു സംശയവും വേണ്ട. എന്തെന്നാൽ, തുല്യതയുടെ അന്തഃസത്ത കാക്കാനും, അധഃസ്ഥിത വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള മാർഗ്ഗങ്ങളിൽ ഒന്നായ സംവരണത്തിന്റെ (സുപ്രിം കോടതിയുടെ അഭിപ്രായത്തിൽ) ഗുണഫലം അവർക്ക് അപ്രാപ്യമാണല്ലോ. രാഷ്ട്രീയ നേട്ടങ്ങൾക്കായി, നിലവിലുള്ള പിന്നാക്ക സമുദായ പട്ടികയിലേക്ക് വീണ്ടും ,വീണ്ടും പല ജാതി വിഭാഗങ്ങളെയും ചേർക്കാനായി സമ്മർദ്ദവും , തന്ത്രവും, പ്രയോഗിക്കുന്നവർ മുന്നോക്ക വിഭാഗക്കാരെന്ന് വിശേഷിപ്പിക്കപ്പെട്ടവരിലെ ദരിദ്ര്യനാരായണൻമാരോട് കഴിഞ്ഞ 69 വർഷക്കാലമായി തികഞ്ഞ അവഗണനയാണ് കാണിക്കുന്നത് എന്ന് പറയാതെ തരമില്ല. ഭരണഘടന അനുസരിച്ചുള്ള തുല്യ അവകാശം ലഭിക്കാൻ അവരും അർഹരല്ലെ ?

ഇത്തരണുത്തിൽ ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്രു, 1961 ൽ പാർലമെന്റിൽ ചെയ്ത താഴെ കൊടുത്തിട്ടുള്ള പ്രസ്താവന, ശ്രദ്ധിച്ചു വായിക്കേണ്ടതാണ്:

'ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങൾക്കും തുല്യ അവകാശങ്ങൾക്ക് വേണ്ടി യത്നിക്കുമ്പോൾ, പുരോഗതിക്ക് ഏറ്റവും വലിയ വിലങ്ങു തടിയായി നിൽക്കുന്നത് ജാതിസമ്പ്രദായമാണെന്നും, ചില പ്രത്യേക ജാതിയിൽപ്പെട്ടവരെ പിന്നോക്കമെന്ന് അംഗീകരിക്കുന്നത്, ജാതിയുടെ അതിസ്ഥാനത്തിൽ ഇന്ന് നിലനിൽക്കുന്ന അന്തരം നിലനിർത്തുവാനും, സുസ്ഥിരമാക്കുവാനും മാത്രമേ ഉപകരിക്കുകയുള്ളുവെന്നത് നിഷേധിക്കുവാൻ സാധ്യമല്ല'.

ഇതു കൂടാതെ 1961 ൽ, കേന്ദ്രസർക്കാരിന്റെ ആഭ്യന്തര വകുപ്പിൽ നിന്ന് എല്ലാ സംസ്ഥാന സർക്കാരുകളുടെയും അറിവിലേക്കായി പുറപ്പെടുവിച്ച സർക്കുലറിൽ, 'പിന്നോക്കാവസ്ഥ നിർണ്ണയിക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് സ്വന്തമായി മാനദണ്ഡം നിശ്ചയിക്കാമെങ്കിലും ഇന്ത്യാ ഗവൺമെന്റിന്റെ കാഴ്ചപ്പാടിൽ, ജാതി പരിഗണനയേക്കാൾ സാമ്പത്തിക പരിഗണനയായിരിക്കും ഉത്തമം എന്ന് വ്യക്തമാക്കിയിരുന്നു. എന്നിട്ടും , വോട്ട് ബാങ്ക് ലക്ഷ്യമാക്കി, സംസ്ഥാന സർക്കാരുകൾ, ജാതി അടിസ്ഥാനത്തിലുള്ള സംവരണം നടപ്പിലാക്കുകയാണ് ചെയ്തത്.

'വർഷങ്ങളായി തുടരുന്ന ജാതി സമ്പ്രദായം ഈ

രാജ്യത്തെ വിഭജിച്ചിരിക്കുകയാണ്. അത് രാജ്യത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തിയിട്ടുണ്ട്. ജാതിരഹിതമായ ഒരു സമൂഹമാണ് ശ്രേഷ്ഠമായ സ്വപ്നത്തിന്റെ പരിസമാപ്തി. സംവരണത്തിന്റെ അനന്തരഫലം, ജാതി വ്യവസ്ഥ നിലനിർത്തുകയെന്നതാണ്. അതിനാൽ, ജാതി അടിസ്ഥാനത്തിലുള്ള സംവരണം നിർഭാഗ്യകരമാണ്' എന്ന് പ്രധാന വിധിയോട് യോജിച്ചുകൊണ്ടു തന്നെ ഒരു സുപ്രിം കോടതി ജഡ്ജി അദ്ദേഹത്തിന്റെ പ്രത്യേക വിധിയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള വിവരം പത്രദ്വാരാ എല്ലാവരും മനസ്സിലാക്കിയിരിക്കുമല്ലോ.

എല്ലാവരാലും ബഹുമാനിക്കപ്പെടുന്ന മഹാനായ ശ്രീനാരായണ ഗുരുദേവന്റെ ആദർശങ്ങളായ ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് 'എന്നും'മതമേതായാലും, മനുഷ്യൻ നന്നായാൽ മതി എന്നുമുള്ള സന്ദേശങ്ങൾ എത്ര മഹത്തരമാണ്. അതുപോലെ, വർഷങ്ങൾക്കു മുമ്പ് എസ്. എൻ. ഡി.പി യോഗത്തിന്റെ ജനറൽ സെക്രട്ടറിയായിരുന്ന മഹാകവി കുമാരനാശാൻ 1921 മാർച്ച് 10 ാം തീയതിയിലെ ശ്രീമൂലം അസംബ്ലിയിൽ പറഞ്ഞിട്ടുള്ളത് പിന്നോക്കമെന്നോ, അധ:കൃതരെന്നോ പറയപ്പെടുന്ന വിഭാഗങ്ങളിൽ യാതൊരു സൗജന്യത്തിനും അർഹതയില്ലാത്ത കുട്ടികളുണ്ട്. അവർക്ക് സൗജന്യം നൽകുകയെന്നത് ഒരു പാഴ് ചെലവാണ് എന്നുമാണ്.

ആയതിനാൽ, ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യനീതി ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും ലഭ്യമാകണമെങ്കിൽ, ഭരണഘടനാ ശിൽപികളുടെ ഉദ്ദേശം സഫലമാകണമെങ്കിൽ, ജാതി അടിസ്ഥാനത്തിലുള്ള സംവരണം ഉടനടി നിറുത്തലാക്കേണ്ടത് അടിയന്തിര ആവശ്യമാണ്. ഈ രാജ്യത്ത് പണക്കാരെന്നും, പാവപ്പെട്ടവരെന്നും, രണ്ടേ രണ്ടു ജാതികൾ മാത്രമേയുള്ളൂ. അതുകൊണ്ട്, എല്ലാ ജാതികളിലും പെട്ട പാവപ്പെട്ടവർക്കു വേണ്ടി മാത്രമാണ്, സംവരണ ആനുകൂല്യം ലഭ്യമാക്കേണ്ടത്. ജാതിയുടെ അടിസ്ഥാനത്തിൽ സംവരണം ഈ രാജ്യത്തെ നശിപ്പിക്കുമെന്ന് എല്ലാ രാഷ്ട്രീയ നേതാക്കളും ഇപ്പോഴെങ്കിലും മനസ്സിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതനുസരിച്ച് പ്രവർത്തിക്കുമെന്നും വിശ്വസിക്കുന്നു. ഈ രാജ്യത്ത് ഒരു ഏകീകൃത സിവിൽകോഡും, നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF THE MAGAZINE

### KARAYOGA SOUHRIDAM

English/Malayalam, Form IV (See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Ernakulam |
| 2. Periodicity of Publication | : | Monthly |
| 3. Printer's Name | : | M.Sreevallabhan Nair |
| Nationality | : | Indian |
| Address | : | C/o Ernakulam Karayogam<br>D.H.Road, Kochi-682016 |
| 4. Publisher's Name | : | M.Sreevallabhan Nair |
| Nationality | : | Indian |
| Address | : | C/o Ernakulam Karayogam<br>D.H.Road, Kochi-682016 |
| 5. Editor's Name | : | M. Sreevallabhan Nair |
| Name&Address | : | C/o Ernakulam Karayogam<br>D.H.Road, Kochi-682016 |
| 6. Name&Address of individuals who own the News Paper and Partners or shareholders holding more than one percent of the total capital | : | Ernakulam Karayogam<br>D.H.Road, Kochi-16 |

I, M. Sreevallabhan Nair hereby declare that the particulars given above are true to the best of my knowledge and belief.

Date: 1.3.2018 M. Sreevallabhan Nair (s/d-)





## 5-ാം ചരമവാർഷികം

**21.3.2018**



**സി. ശശികുമാർ**
**കോക്കാപ്പിള്ളിൽ**
**ശങ്കർനഗർ**
**മരട്, കൊച്ചി 682304**

## 1-ാം ചരമവാർഷികം

**10.3.2018**



**കൊളത്തേരി കല്യാണിക്കുട്ടിയമ്മ**
**മഹാലക്ഷ്മി (കൊളത്തേരി)**
**ചിറ്റൂർ റോഡ്**
**വളഞ്ഞമ്പലം**
**കൊച്ചി 682016**

### 2018 ഫെബ്രുവരി മാസത്തിൽ നിര്യാതരായ കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**കെ. ചന്ദ്രൻ മേനോൻ**
L/3393, പട്ടരുമഠത്തിൽ,
64/3431, ചിറ്റൂർ റോഡ്
കൊച്ചി 682018



**കെ. മധുസൂദനൻ**
L/1109, മാധവം, 146 /എഫ്
നോർത്ത് ഫോർട്ട് ഗേറ്റ്
തൃപ്പൂണിത്തുറ 682301



**കെ. ബാലചന്ദ്രൻ**
L/0547, കിഴക്കേ കണിച്ചിലാഴത്ത്
കായിക്കോടത്ത് വീട്
ചാത്തനാട്, ഏഴിക്കര
നോർത്ത് പറവൂർ 683513



**ശാരദ നായർ**
L/4126, 1 സി,
അൽസ ഷോർ ക്രസ്റ്റ്
ദിവാൻസ് റോഡ്
കൊച്ചി 682016



**മാണിക്കത്ത് വിലാസിനി അമ്മ**
L/1628, മാണിക്കം
മാണിക്കത്ത് ക്രോസ്സ് റോഡ്
രവിപുരം, കൊച്ചി 682016

### എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ

## 60-ാം വാർഷികവും 23-ാമത് കഥകളി അവാർഡ് ദാനവും അപേക്ഷകൾ ക്ഷണിക്കുന്നു

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 60-ാം വാർഷികത്തോടനുബന്ധിച്ച് കഥകളി കലാകാരൻമാർക്കുള്ള 23-ാമത് അവാർഡുകൾക്ക് നാമനിർദ്ദേശം ക്ഷണിക്കുന്നു. കളഹംസം (വേഷം), തൗര്യത്രികം(പാട്ട്), തൗര്യത്രികം(ചെണ്ട), തൗര്യത്രികം (മദ്ദളം) എന്നീ നാല് വിഭാഗങ്ങളിലും കൂടാതെ ചുട്ടി, അണിയറ എന്നിവയ്ക്കും 2018 ഏപ്രിൽ 20 ന് നടക്കുന്ന യോഗത്തിൽ വച്ച് അവാർഡ് നൽകുന്നതായിരിക്കും. നാമനിർദ്ദേശങ്ങൾ മാർച്ച് 20ന് മുൻപ് കൺവീനർ, എറണാകുളം കരയോഗം കഥകളി ക്ലബ്ബ്, ടി.ഡി.എം. ഹാൾ കോംപ്ലക്സ്, ഡി.എച്ച്.റോഡ്, കൊച്ചി-682016 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

*എന്ന്, ജനറൽ സെക്രട്ടറി*

# പൈൽസ് PILES, HAEMORRHOIDS (അർശ്ശസ്) മഹാരോഗമാണോ ?

ഡോ. ദേവിദാസ് വെള്ളോടി, ഫോൺ : 9747480903

## ആമുഖം

ആയുർവ്വേദത്തിൽ അർശസ്സിനെ മഹാരോഗങ്ങളുടെ ഗണത്തിൽ പെടുത്തിയിരിക്കുന്നു. അതായത് മാറാവ്യാധിയാണന്നർത്ഥം. നാടു മുഴുവൻ മൂലവ്യാധിക്കുള്ള ആശുപത്രികളും വ്യാജവൈദ്യരും സുലഭം. എന്നിട്ടും ഈ പ്രശ്നം തീരുന്നില്ലല്ലോ. അർശ്ശസ് നമുക്ക് മാന്യമായി കൊണ്ടു നടക്കാവുന്ന ഒരു ആരോഗ്യപ്രശ്നമാണ്. ഇത് ഒരു ജീവിതശൈലീരോഗം തന്നെയാണ്. അല്ലാതെ പാത്തും പതുങ്ങിയും ഡോക്ടറെ കാണേണ്ട മാറാവ്യാധിയൊന്നുമല്ല. അത്തരം ചിന്തകളാണ് ഒറ്റമൂലി വ്യാജന്മാരെ പരിപോഷിപ്പിക്കുന്നത്. ഇതൊരു പകർച്ച വ്യാധിയല്ല.

## എന്താണ് പൈൽസ് അഥവാ എന്തല്ല പൈൽസ്

നമ്മുടെ ആനൽ ഏരിയയിലെ (മല ദ്വാരത്തിലെ) നീർക്കെട്ട് വന്ന് വീങ്ങിയ കോശങ്ങളുടെ സമൂഹമാണ് പൈൽസ്. കുറച്ചുകൂടി വിശദമായി പറഞ്ഞാൽ കണക്ടീവ് ടിഷ്യുവിന്റെയും സിരകളുടെയും നീർക്കെട്ട് (Vein) വന്ന അവസ്ഥയാണ് പൈൽസ്. അതായത് മലദ്വാരത്തിലെ വെരിക്കോസ് വെയിനിന് വരുന്ന നീർക്കെട്ടും വീക്കവുമാണ് പൈൽസ്.

## പൈൽസ് രണ്ടു തരം

1. Internal (മലദ്വാരത്തിനകത്ത്)
2. External (പുറത്ത്)

Internal Piles അതിന്റെ വലുപ്പത്തിനനുസരിച്ചും ഗൗരവത്തിനനുസരിച്ചും Grade I, II, III, IV എന്നിങ്ങനെ വേർതിരിച്ചിട്ടുണ്ട്.

Grade-I ൽ ചെറിയ തോതിൽ ചൊറിച്ചിൽ, വേദന, മലബന്ധം എന്നിവ കാണും.

Grade-II ൽ ചൊറിച്ചിൽ , വേദന, രക്തസ്രാവം എന്നിവ കാണും.

Grade-III ൽ മുകളിൽ പറഞ്ഞ ലക്ഷണങ്ങൾ കാണിക്കും. ഈ കോശങ്ങളും വീക്കവും കുറഞ്ഞ് തിരികെ പഴയപോലെയാകില്ല. കൈകൊണ്ട് തള്ളി ഉള്ളിലേക്ക് ആക്കണം.

Grade-IV നേരത്തെ പറഞ്ഞ ലക്ഷണ ങ്ങളെല്ലാം കൂടുതലായി കാണാം. വീക്കവും അർശ്ശസും തള്ളി ഉള്ളിലേക്ക് ആക്കാൻ കഴിയാത്ത അവസ്ഥ. ശസ്ത്രക്രിയ നല്ലതാണ്. അല്ലെങ്കിൽ രോഗാണുബാധ ഉണ്ടാകാം.

## അർശ്ശസിന്റെ ലക്ഷണങ്ങൾ

മലദ്വാരത്തിൽ വേദന, ചൊറിച്ചിൽ, മലശോധനക്ക് പ്രയാസം, ചിലപ്പോൾ രക്തം പോവുക. കൈകൊണ്ട് തൊട്ടാലറിയാവുന്ന രിതിയിൽ മലദ്വാരത്തിനകത്തോ പുറത്തോ തടിച്ചോ കുരുക്കളോ ഉണ്ടാകുക. ശരിക്ക് മലശോധന കിട്ടിയില്ല എന്ന തോന്നൽ. കൊഴുത്ത ദ്രവം ആനസ്സിലൂടെ സ്രവിക്കുക. മലശോധനക്ക് മുൻപോ പിൻപോ മൂലം വേദനയോ കടയുകയോ ചെയ്യുക. ഈ ലക്ഷണങ്ങൾ മലദ്വാരത്തിലെ ക്യാൻസറിനും കാണുമെന്നതിനാൽ സംശയനിവൃത്തിക്കായി ഫിസിഷ്യനെ കാണുന്നതാണ് നല്ലത്.

## കാരണങ്ങൾ

മലദ്വാരത്തിലെ സിരകളിൽ (രക്തക്കുഴലുകളിൽ) അമിതമായി നൽകുന്ന രക്തസമ്മർദ്ദമാണ് അർശ്ശസിനു കാരണം. സ്ഥിരമായി ഇങ്ങിനെ രക്തസമ്മർദ്ദമുണ്ടായാൽ ആ നീർക്കെട്ടും വീക്കവും സ്ഥിരമായി അനുഭവപ്പെടും. കലശലായ മലബന്ധം (Constipation) , സ്ഥിരമായ വയറിളക്കം, അമിതമായി ഭാരമെടുക്കൽ ഗർഭധാരണം പ്രയാസപ്പെട്ട് മലശോധനയുണ്ടാകുക എന്നിവ കാരണ ങ്ങളാണ്. സ്ഥിരമായി മലശോധനയില്ലാത്തവർ അതിനുള്ള മരുന്ന് കഴിക്കാതിരുന്നാൽ പൈൽസ് വരുവാനുള്ള സാധ്യത നൂറു ശതമാനമാണ്.

## എങ്ങിനെ കണ്ടു പിടിക്കാം

External Piles രോഗിക്ക് തന്നെ കൈയ്യിൽ തടയുന്നതായതിനാൽ മനസ്സിലാക്കുക എളുപ്പമാണ്. Internal Piles ഫിസിഷ്യൻ പരിശോധിച്ച് ഉറപ്പാക്കണ്ടതാണ്. കഠിനമായ മലബന്ധം, ചൊറിച്ചിൽ, വേദന, രക്തസ്രാവം, തടിപ്പ് എന്നിവ കണ്ടാൽ ഫിസിഷ്യനെ കണ്ട് പൈൽസ് ആണോ എന്ന് ഉറപ്പു വരുത്തണം. ഫിസിഷ്യൻ ചിലപ്പോൾ കൊളോനോസ്കോപ്പി ചെയ്തു നോക്കാൻ നിർദ്ദേശിക്കും. 'Rectal Cancer'അല്ലെന്ന് ഉറപ്പിക്കാനാണിത്.





## ചികിത്സാതത്വം

Grade-I, Grade-II എന്നീ അവസ്ഥ കളിലുള്ള പൈൽസ് ജീവിതശൈലി നിയന്ത്രണ ത്തിലൂടെ തന്നെ ശരിയാക്കിയെടുക്കാം. തുടർന്ന് നിൽക്കുന്ന മലബന്ധമാണ് ഇവിടെ കാരണമായിരുന്നത്. മലശോധന ക്രമീകരിക്കുന്നതിനായി ധാരാളം വെള്ളം കുടിക്കുക, പച്ചക്കറികളും, നാരുവർഗ്ഗങ്ങളും, ഫലങ്ങളും ഭക്ഷണത്തിൽ കൂടുതൽ ഉൾപ്പെടുത്തുക. വേണ്ടിവന്നാൽ ശോധന ശരിയാക്കുന്നതിനായിട്ടുള്ള ആയുർ വ്വേദ മരുന്നുകൾ കഴിക്കുക എന്നിവ വഴി മലശോധന ശരിയായാൽ തന്നെ ഇവിടെ അർശ്ശസ് സുഖപ്പെടും.

## അമിതവണ്ണം

Rectal Pressure കൂടുതലാകുവാൻ അമിതവണ്ണം കാരണമാകുന്നു.

## ഭക്ഷണം

അമിതവണ്ണമുണ്ടാക്കുന്ന മത്സ്യ മാംസങ്ങൾ കുറയ്ക്കുക. നാരുവർഗ്ഗങ്ങളുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും കൂടുതൽ കഴിക്കുക. ചിക്കൻ, മുട്ട അധികം കഴിക്കരുത്.

## ശോധന ക്രമീകരണത്തിനുള്ള മരുന്നുകൾ കഴിക്കുക

കല്യാണഗുളം തുടങ്ങി സുഖശോധന ക്കുള്ള മരുന്നുകൾ കഴിക്കുക. ഗർഭിണികൾ വിശേഷിച്ച് 5 മാസത്തിനുശേഷം സുഖ ശോധനക്ക് മരുന്നുകൾ കഴിക്കുന്നത് നല്ലതാണ്.

## FISSURE

അർശ്ശസും ഫിഷറും തമ്മിൽ തിരിച്ചറിയണം. ഞെരുങ്ങി മലശോധനയുണ്ടാകുന്നതിനാൽ മലദ്വാരത്തിൽ ചെറിയ തോതിൽ തൊലിപോയി വ്രണമാകുന്നതാണ് Fissure . കൃത്യമായ മരുന്നുകൾ കഴിക്കുന്നതിലൂടെ 100% ശരിയാക്കി യെടുക്കാൻ സാധിക്കും.

## ക്രയോസർജറി (CRYOSURGERY)

കേടുവന്ന കോശങ്ങളെ നശിപ്പിച്ചു കളയുന്നതിൽ അതിശക്തമായ ശീതികരണം മലദ്വാരത്തിൽ നടത്തുന്നതാണ് ക്രയോസർജറി. ഈ ചികിത്സാരീതി Fissure എന്ന കണ്ടീഷനിലാണ് കൂടുതൽ ചെയ്യാറുള്ളത്. 100 ശതമാനം ഫലപ്രദമാണ്. 'LIQUID NITROGEN' ഇതിനായി ഉപയോഗിക്കാറുണ്ട്.

## ശസ്ത്രക്രിയ (SURGERY)

കേടുവന്ന Tissue ശസ്ത്രക്രിയ ചെയ്ത് നീക്കം ചെയ്യുന്ന രീതിയാണിത്. വളരെ വിജയപ്രദമാണെങ്കിലും വേദനയെ പേടിച്ച് ഇന്നും ആളുകൾ ശസ്ത്രക്രിയ ചെയ്യാൻ മടിക്കുന്നു. HEMORRHADECTOMY, INFRA RED COAGULATION എന്നിവയെല്ലാം സർജറിയുടെ വകഭേദങ്ങളാണ്.

## ക്ഷാരസൂത്രം (ആയുർവ്വേദത്തിൽ)

പ്രത്യേകം മരുന്നു അരച്ചു പുരട്ടി തയ്യാറാക്കിയ നൂലുകളാൽ അർശ്ശസ് ബന്ധിച്ച് കളയുന്ന മാർഗ്ഗമാണിത്. നാളീവ്രണമായ Fistula (ഭഗന്ധരം) യിൽ ക്ഷാരസൂത്ര ചികിത്സ ചെയ്യുന്ന രോഗികളുടെ എണ്ണം കൂടി വരികയാണ്. വേദനയില്ലാതാക്കുവാനുള്ള മുൻകരുതലൊക്കെ ഈ ക്ഷാരസൂത്രക്ലിനിക്കുകളിൽ ഇന്ന് ലഭ്യമാണ്. വളരെ ശാസ്ത്രീയമായ ഒരു ആയുർവ്വേദ ചികിത്സാരീതിയാണിത്.

## ആയുർവ്വേദ മരുന്നുകൾ

വണ്ണം കുറക്കുക, മലശോധന വരുത്തുക എന്നിവക്കായി പ്രത്യേക ആയുർവ്വേദ മരുന്നുകളുണ്ട്. Verocosity നിയന്ത്രണത്തിൽ കൊണ്ടു വരുന്നതിന് ആയുർവ്വേദ മരുന്നുകൾ സുലഭമാണ്. ഭക്ഷണക്രമം നിയന്ത്രിക്കേണ്ടത് വളരെ അത്യാവശ്യമാണ്. അഭയാരിഷ്ടം, ചിരുവില്വാദി കഷായം, കാങ്കായനലേഹ്യം, എന്നിവയെല്ലാം വളരെ പ്രസിദ്ധമാണ്. മുളയിലേ നുള്ളിക്കളയുക എന്ന് പറഞ്ഞപോലെ തുടങ്ങുമ്പോൾ തന്നെ നിയന്ത്രിക്കുവാൻ ആയുർവ്വേദ മരുന്നുകൾക്കാകും. ഒരേപോലെ കുത്തിയിരിക്കുന്നത് ഒഴിവാക്കുക. ത്രിഫലചൂർണ്ണം ദിവസേന രാത്രി കഴിക്കുക. രണ്ടര ലിറ്റർ വെള്ളം കുടിക്കുക, രാത്രി ഉറക്കമിളക്കാതിരിക്കുക, രാത്രി ലഘുഭക്ഷണം കഴിക്കുക, രാത്രി ഭക്ഷണം നേരത്തെ കഴിക്കുക തുടങ്ങിയവയെല്ലാം അർശ്ശസിനെ ഇല്ലാതാക്കും. Grade IV ആയ അർശ്ശസ് ക്ഷാരസൂത്രം ശസ്ത്രക്രിയയിലൂടെ എടുത്തു കളയുന്നതാണ് നല്ലത്. ദേഷ്യപ്പെടുന്ന ആളോട് നമ്മൾ ചോദിക്കാറുണ്ട് 'നിങ്ങൾക്കെന്താ പൈൽസുണ്ടോ'? എന്ന്. പൈൽസിന്റെ വേദനയും പുകച്ചിലും ചൊറിച്ചിലുമുണ്ടാകുമ്പോൾ മാനസീക സംഘർഷമുണ്ടാകുന്നതിനാൽ അമിതമായ ദേഷ്യം, സങ്കടം എന്നിവ ഉണ്ടാകാം. പക്ഷെ ഇതൊരു മനോരോഗമല്ല.

## മഹാവ്യാധിയല്ല

ഇത്രയും പറഞ്ഞതിൽ നിന്ന് അർശ്ശസ് ഒരു മഹാവ്യാധിയല്ല എന്നും നിയന്ത്രിച്ചു പോകാവുന്നതാണെന്നും മുഴുവൻ നിയന്ത്രണത്തിലാക്കുവാൻ സാധിക്കുമെന്നും മനസ്സിലായല്ലോ. പക്ഷെ ശരിയായി കൈകാര്യം ചെയ്തില്ലെങ്കിൽ ഇവൻ നമ്മുടെ എല്ലാ പ്രവർത്തനത്തെയും ബാധിക്കും. ശാസ്ത്രീയമായ ചികിത്സയുള്ളപ്പോൾ നാമെന്തിന് വ്യാജ ചികിത്സ തേടണം.

മീനം

ഓം


ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 9447696190, 9447354306


# മാസഫലം

**2018 മാർച്ച് 15 മുതൽ ഏപ്രിൽ 13 വരെ**

**ജ്യോതിഷാചാര്യ വിജയ മേനോൻ**




**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)ഃ** വിവാഹാലോചനകൾ വിവാഹത്തിന് അനുകൂലമായ സാഹചര്യത്തിലേക്ക് എത്തും. സ്നേഹിക്കുന്നവർക്ക് വിവാഹ ബന്ധ ത്തിലേക്ക് കാലെടുത്തു വയ്ക്കുവാൻ പറ്റിയ സമയമാണ്. ഔദ്യോഗിക രംഗത്ത് പ്രതികൂല സാഹചര്യം വരാമെന്നതിനാൽ കരുതിയിരിക്കുക. ശത്രുക്കൾ ശല്യം ചെയ്യാം. അഗ്നി, വാഹനം, ഇഴജന്തുക്കൾ എന്നിവയിൽ നിന്ന് അപകടമുണ്ടാകാമെന്നതി നാൽസൂക്ഷിക്കണം. രാത്രി സഞ്ചാരം ഒഴിവാക്കുകയും ചെയ്യുക. ശിവപഞ്ചാക്ഷരി ജപിക്കുക.




**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)ഃ** ഉന്നതസ്ഥാനമാനങ്ങൾക്കും നേട്ടങ്ങൾക്കും അപ്രതീക്ഷിത തിരിച്ചടി ഉണ്ടാകുമെന്നതിനാൽ ശ്രദ്ധയോടു കൂടി കാര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകുക. ഉദ്യോഗത്തിന് ശ്രമിക്കുന്നവർക്ക് കാലതാമസം വരാം. ധനനഷ്ടം വരാതെ സൂക്ഷിക്കുക. ഹൃദയസംബന്ധമായ അസുഖമുള്ളവർ മരുന്നുകൾ കൃത്യമായി കഴിക്കുകയും ആരോഗ്യത്തിൽ ശ്രദ്ധ കൊടുക്കുകയും ചെയ്യുക. വിഷ്ണു സഹസ്രനാമജപം ദോഷങ്ങൾ കുറയ്ക്കും.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4)ഃ** മനസ്വസ്ഥതയും സന്തോഷവും ഇച്ഛാശക്തിയും വർദ്ധിക്കും. തൊഴിൽരംഗത്ത് പ്രശ്നങ്ങൾ നേരിടേണ്ടി വരും. ആത്മധൈര്യം വർദ്ധിപ്പിക്കുവാനായി സുഹൃത്സംഗമങ്ങളും തീർത്ഥയാത്രയും പ്രയോജനം ചെയ്യും. വിദ്യാഭ്യാസ രംഗത്ത് പ്രതീക്ഷിച്ച ഫലം ലഭിച്ചെന്നു വരില്ല. ഹനുമാനെ ഭജിക്കുക. ശ്രീലളിത സഹസ്ര നാമജപവും കണ്ടകശനിക്കാലമായതിനാൽ ശാസ്താഭജനവും ശനിവ്രതവും അഭികാമ്യം.



**കർക്കടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)ഃ** വിവാഹസംബന്ധമായ തീരുമാനങ്ങൾ നടക്കും. ഉന്നത വിദ്യക്കുള്ള തടസ്സങ്ങൾ മാറിക്കിട്ടും. ദാമ്പത്യ കലഹം ഉണ്ടാകാം. പുതിയ വീട്, വാഹനം ഇവ വാങ്ങുവാൻ പറ്റിയ സമയമാണ്. കർമ്മരംഗത്ത് നല്ല ഫലങ്ങൾ പ്രതീക്ഷിക്കാം. മാതാപിതാക്കൾക്ക് ഉന്നതിയുണ്ടാകാവുന്ന സമയമാണ്. കാലിന് ശസ്ത്രക്രിയ വേണ്ടി വന്നേക്കാം. ദേവീമാഹാത്മ്യം ജപിക്കുന്നത് ഐശ്വര്യലബ്ധിയുണ്ടാക്കും.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4 )ഃ** തീരുമാനമെടുക്കുവാനിരുന്ന പല കാര്യങ്ങളും അനിശ്ചിതമായി നീണ്ടു പോകാം. സാമ്പത്തിക നില പരിതാപകരമാകാം. ചിലവുകൾ വർദ്ധിക്കും. വിശ്വസിക്കുന്നവരിൽ നിന്ന് സങ്കടകരമായ അനുഭവങ്ങൾ വന്നു ചേരാം. എങ്കിലും ഭാഗ്യത്തിന്റെ ആനുകൂല്യം മൂലം എല്ലാത്തിനും പോംവഴി ലഭിക്കാം. ഭാഗ്യസൂക്തജപം നല്ലതാണ്.




**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)ഃ** വേർപിരിയലിന്റെ വക്കിൽ നിൽക്കുന്ന വിവാഹബന്ധങ്ങൾ പുനർചിന്തനയിലൂടെ പുന:സ്ഥാപിക്കും. ഔദ്യോഗിക രംഗത്ത് സ്ഥാനമാറ്റം ഉണ്ടാകാം. ഗൃഹത്തിലും ജോലി സ്ഥലത്തും അഗ്നിബാധയ്ക്കുള്ള സാദ്ധ്യത കാണുന്നു. സഹായികളിൽ നിന്ന് മനോദു:ഖമുണ്ടാകാം. കണ്ടകശനിക്കാലം ശനിവ്രതവും ശാസ്താഭജനവും ദോഷം കുറയ്ക്കും.



**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)ഃ** സഹോദരങ്ങളിൽ നിന്നും സഹായികളിൽ നിന്നും തിരിച്ചടികൾ ഉണ്ടാകാം. ഭൂമി വാങ്ങുവാനുള്ള അവസരം വന്നു ചേരും. കഫപ്രധാനങ്ങളായ അസുഖങ്ങൾക്ക് സാദ്ധ്യത. ദാമ്പത്യ ജീവിതം തൃപ്തികരമായിരിക്കും. വിദ്യാഭ്യാസത്തിൽ തടസ്സങ്ങൾ ഉണ്ടാകും. കർമ്മരംഗം പുഷ്ടിപ്പെടും. ചൊവ്വയുടെ നവഗ്രഹസ്തോത്രം ജപിക്കുക.



**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)ഃ** ധനപരമായി കാലം നല്ലതല്ല. അഗ്നിബാധയാൽ ശരീരദുരിതം ഉണ്ടാകാം. അഗ്നി സംബന്ധഉപകരണങ്ങൾ സൂക്ഷിച്ചു കൈകാര്യം ചെയ്യുക. തൊഴിൽ നഷ്ടപ്പെടാമെന്നതിനാൽ തൊഴിൽ രംഗത്ത് ശ്രദ്ധയോടെയുള്ള കർമ്മം ആവശ്യം വേണ്ടതാണ്. ഏഴര ശനിയും അലട്ടും. വീട് മാറിത്താമസിക്കേണ്ടി വരാം.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4)ഃ** പുതിയ വീട്ടിലേക്ക് താമസം മാറും. ധനപരമായി കാലം നല്ലതാണ്. അത്യദ്ധ്വാനത്താൽ സാമ്പത്തികശേഷി വർദ്ധിപ്പിക്കും . ഉന്നതിക്കായി പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തും. ഔദ്യോഗിക രംഗത്ത് ചില മാറ്റങ്ങൾ വന്നു ചേരും. വയറിനു താഴെ ഭാഗത്തും നെഞ്ചിനും രോഗസാദ്ധ്യത കാണുന്നു. ജന്മശനിയായതിനാൽ ശനിവ്രതവും ശാസ്താഭജനവും നടത്തുക.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)ഃ** ഉദ്യോഗത്തിന് ശ്രമിക്കുന്നവർ വളരെ നല്ല ജോലി തരപ്പെടും. ശിരോരോഗ സാദ്ധ്യതയുണ്ട്. വിദ്യാഭ്യാസ രംഗം പുഷ്ടിപ്പെടും. വ്യാപാരവ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് കാലം അനുകൂലമാണ്. സഹോദരങ്ങളിൽ ചിലർ പിന്നിൽ നിന്ന് കുത്തും. ഏഴരശനിക്കാലമായതിനാൽ വാതാദികോപവും മറ്റു ക്ലേശങ്ങളും ഉണ്ടാകാമെന്നതിനാൽ ശനീശ്വര ഭജനം നടത്തുക.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരുരുട്ടാതി 3/4)ഃ** പുതിയ വീടിനും, വാഹനത്തിനും യോഗം കാണുന്നു. ഉദ്യോഗസ്ഥലത്ത് അപമാനിതനാകാൻ സാദ്ധ്യത കാണുന്നതിനാൽ സ്വപ്രവർ ത്തികളിൽ ശ്രദ്ധാലുവായിരിക്കുക.രാഷ്ട്രീയ രംഗത്ത് പദവികൾക്ക് മാറ്റവും സ്ഥലം മാറ്റവും ഉണ്ടാകുന്നതാണ്. വാസസ്ഥലത്ത് അഗ്നിയിൽ നിന്നും ഇഴജന്തുക്കളിൽ നിന്നും ഭയപ്പാടിന് സാദ്ധ്യത. രാഹുസ്തോത്രം ജപിക്കുക. സൂര്യഗായത്രീ ജപവും ദോഷത്തെ കുറയ്ക്കും.



**മീനക്കൂറ് (പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)ഃ** പ്രധാനപ്പെട്ട രേഖകൾ പലതും നഷ്ടപ്പെടുവാൻ ഇടയുള്ളതിനാൽ അക്കാര്യത്തിൽ അതീവശ്രദ്ധ വേണ്ടതാണ്. കടങ്ങൾ വീട്ടുവാനുള്ള സാഹചര്യങ്ങൾ വന്നു ചേരും. ഉറപ്പിച്ച പല തീരുമാനത്തിൽ നിന്നും പിന്മാറും. ആരോഗ്യസ്ഥിതി മോശമാകാം. സ്നേഹബന്ധങ്ങൾ വിവാഹബന്ധത്തിലേക്ക് വഴിമാറും. കർമ്മരംഗത്ത് പല തടസ്സങ്ങളും നേരിടും.

കന്നിമാസം 15 ന് ത്രയോദശിപ്രദോഷമാണ്. പ്രദോഷങ്ങളിൽ വളരെ പ്രധാനമാണ് ത്രയോദശിതിഥിയിൽ വരുന്ന പ്രദോഷം. ശിവപ്രീതിക്ക് ഏറ്റവും ശ്രേഷ്ഠകരമാണിത്. ഉപവാസവും നമ:ശിവായ പഞ്ചാക്ഷരീ ജപവും നടത്തി വൈകുന്നേരം ശിവദർശനവും പാരണയും നടത്തി ഉപവാസം അവസാനിപ്പിക്കാം. എല്ലാവരും ഈ പ്രദോഷവ്രതമെടുത്ത് സർവ്വൈശ്വര്യങ്ങളും നേടുക.

**തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ**
**9 am to 1 pm വരെ ജ്യോതിഷിയുടെ സേവനം ലഭ്യമാണ്**



കരയോഗ സൗഹൃദം 1193 കുംഭം

## MANGALYAM MATRIMONIAL



## വരനെ ആവശ്യമുണ്ട്

Nair Girl,23/170cm, Avittom, Medium, MBA,HR Admin,Pref: Professionly high qualified, Ph:0484-2447688, Mob:8304090878, Reg.no.21312

Email:palazhys@gmail.com
Date of Birth:14-10-1994
Sishta Dasa:Kuja: 04-09-28.30

| | | | | | |
|---|---|---|---|---|---|
| | | സശു | ഗു | | |
| | | ശി | | | |
| | മ | ഗ്രഹനില | | കു | മാ |
| മ ബു | ച | & അംശകം | | | ര |
| | ല | മാ | ശുഗു സബു | ര | ച |
| | | ല | കുശി | | |

Contact Address:
MR.SURESH P MENON
DEVAKI NIVAS
BEHIND ADAM PLAZA
NORTH PARAVOOR
ERNAKULAM 683513

Nair Girl,29/5'5"(165cm) ,Thiruvonam, Fair,M.S(Computer Science, Engineer in MNC (Based in USA),Pref: Groom employed in USA,Mob: 9920759796, Reg.no.21313

Email:raghunath.geeta@gmail.com
Date of Birth:13-12-1988(6.54pm)
Sishta Dasa:Chandra:0.1.28.30

| | | | | | |
|---|---|---|---|---|---|
| | ര | | | ബു മ | |
| | കു | | ഗു | ല മാ | |
| സ ഗു | സ | ഗ്രഹനില | | | ച ശു |
| | ച | & അംശകം | | ശി | ശി |
| ല മാ | ബു മ | ര ശു | | | |
| | കു | | | | |

Contact Address:
MR.T.G.REGUNATHAN
D 401,
NAGARJUNA PEARLBAY APT
PUTHIYA ROAD
KADAVANTHRA
ERNAKULAM 682020

Nair Girl,23/152cm, Anizham, Fair, B.Tech, Computer Science,Associate Consultant, Pref: Preferably -Professionals working in Bangalore, Mob: 9388428624/ 9747002350, Reg.no.21314

Email:vrkaladhar@gmail.com
Date of Birth:25/05/1994(6.51am)
Sishta Dasa:Sani:11.6.29

| | | | | | |
|---|---|---|---|---|---|
| | രമ | മാ | | കുസ | |
| | | കു ശി | ര ല | ബു ശു | |
| | മ | ഗ്രഹനില | | | ല |
| ഗു ശു | | & അംശകം | | മാ | |
| | | ച | ഗു സ | | |
| | ശി | | ബു | ച | |

Contact Address:
MR.KALADHAR. V. R
KRISHNA
CHERATHRIKKOIL LANE
AZAD ROAD
KALOOR
COCHIN 682017

Nair Girl,23/165cm,Pooram(2 1/2 Papam), Fair, M.Com, Ph: 0484-2737225, Mob: 9446754402, Reg.no.21317

Email:aiswaryasuku56@gmail.com
Date of Birth:27-11-1994(1.5pm)
Sishta Dasa:Sukra:4.5.4

| | | | | | |
|---|---|---|---|---|---|
| | ല സ | കു | | | |
| | | ശി മാ | | | |
| | മ ല | ഗ്രഹനില | | | ബു |
| മ | | & അംശകം | | കു ച | ഗു |
| | | ര ഗു ബു | ശു സ | | ശി മാ |
| | ശു | ച | ര | | |

Contact Address:
MR.V.A.SUKUMARAN
CHENNANVELIL(H)
KANJIRAMATTOM P O
ERNAKULAM 682315

Nair Girl,25/167cm, Anizham,White, Fair,M.Tech(Communication Engineering, Student,Pref: B.Tech,MBA,Govt Jobs with good qualification, Ph: 0478-2811470, Mob:8138095558/ 00971506776643, Reg.no.21320

Email:gopinaths604@gmail.com
Date of Birth:24/11/1992(3.6pm)
Sishta Dasa:Sani: 11.11.19

| | | | | | |
|---|---|---|---|---|---|
| | സ | | ഗു | മ | |
| | ല | | ശി | | |
| മാ | മാ | ഗ്രഹനില | | കു | |
| | മ | & അംശകം | | | കു ബു |
| | ശു | ര ച സബു | | ഗു | ശി ച |
| | ല | | | ശുര | |

Contact Address:
MR.S. GOPINATH
INDUVIHAR
CMC X
KALIKULAM
CHERTHALA
ALAPPUZHA 688524

Nair Girl,23/164cm,Revathy, Fair, B.Tech,Applied Electronics,Software Engineer,Wipro Kakkanad, Cochin, Employed,Ph: 0484-2779624,Mob: 9495515040, Reg.no.21321

Email:najay1960@gmail.com
Date of Birth:15-11-1994(7.21am)
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| | കു | സ | | ര | |
| | ച | ശി | | | |
| ച | മ മാ | ഗ്രഹനില | | കു | ല ഗു |
| ശു ബു മ | | & അംശകം | | | |
| | | ഗു ല | ര ബു സശു | | |
| | | | ലശി | | |

Contact Address:
MR.N. AJAYAKUMAR
THUSHARA, 14/379-A
MNRA-138
N.F. GATE
TRIPUNITHURA
ERNAKULAM 682301


## MANGALYAM MATRIMONIAL



# വരനെ ആവശ്യമുണ്ട്

Nair Girl,26/165cm, Revathy, Fair, B.Tech,Software Engineer, Pref: Professionals,Mob:9539113765/ 9446378780),Reg.no.21344

Email:skpothera@yahoo.com
Date of Birth:5-7-1991(1.02pm)
Sishta Dasa:Budha:10.10.2





Contact Address:
MRS.SETHULAKSHMI SREEKUMAR
11F HEERA LIFESTYLE
IRUMPANAM
TRIPUNITHURA
ERNAKULAM 682301

---

Nair Girl,23/163cm, Moolam, Fair, B.Tech,Electronics & Communication, Assistant Software Engineer,TCS -Mumbai, Pref:(B.Tech with MTech,MS/MBA Preferred) Management cadre in reputed Private /Public Sector ,Mob: 9447498263, Reg.no.21346

Email:mohannairb@gmail.com
Date of Birth:4-12-1994(6.48am)
Sishta Dasa:Ketu:5.6.6





Contact Address:
DR.MOHAN. B. NAIR
SREEVIDYA H.NO.44
MAVELINAGAR,IV CROSS RD
TRIKKAKARA,CUSAT P.O
KOCHI - 682022

---

Nair Girl,25/160,Uthradom(Papam), Fair, BDS, And Currently Preparing for MDS, Un Employed, Pref: MDS, MBBS, BDS, B-Tech, Class one Officer, Working Abroad,Any job , Mob: 9497089684, 9495631977, 9496753918, Reg.No. 21127.

Email: meenakshy0521@gmail.com
Date of Birth:21.05.1992(7.55 PM)
Sishta Dasa: Surya, 2.9.9





Contact Address:
SMT.THULASI DEVI
PALLIYIL (H)
PALLIYIL LANE
DIWAN'S ROAD
KOCHI-682016.

---

Nair Girl, 24/160cm, Karthika, Fair, B.Com, CA inter completed & appearing for final,Worked in Ernst & Young for 3 years, Pref: Professionally qualified (CA,Doctors,Engineers,) Prefer candidates from Thrissur & Ernakulam,Mob: 00971506443569/ 09846876096, Reg.no.21353

Email : vkrajan59@gmail.com
Date of Birth:15-7-1993(11.48am)
Sishta Dasa:Ravi: 1.7.21.18





Contact Address:
MR.P.A.NAIR
KRISHNA
VENKITANGU
THRISSUR - 680510

---

Nair Girl,28/5'3",Thrikketta, Wheatish, M.A Economics,continuing Research, Asst.Professor Maharaja's College, Ekm,Pref: Govt Servant/Professionals/ Bank Officers,PSU's,Kerala preferably from Trichur/Palakkad/Ernakulam,Mob: 9446030273/9446070273,Reg.no.21354

Email: vbramesh2000@yahoo.com
Date of Birth:28.03.1989(11.20am)
Sishta Dasa:Sukra: 15.2.10





Contact Address:
MR.V.B.RAMESH KUMAR
KOTTIYATHARA DDRA.305
V.P.THAMPI ROAD
KUDAPPANAKUNNU
TRIVANDRUM - 695043

---

Nair Girl,27/165cm, Aswathy, Wheatish, B.Tech(Engg) & pursuing MBA, Pref:PG in Engg or MBA, USA Employed, Vegetarians,Ph: 0484-2778384,Mob: 8129948384, Reg.no.21355

Email:osrkartha@gmail.com
Date of Birth:01-03-1990(12.12pm)
Sishta Dasa:Kethu:1.9.0.47




Contact Address:
MR.O.S.R KARTHA
FLAT.NO.3B, DAFFODILS
SKYLINE RIVERDALE
THRIPUNITHURA
ERNAKULAM 682301






## MANGALYAM MATRIMONIAL



# വരനെ ആവശ്യമുണ്ട്

Nair Girl,27/159cm, Ayilyam, Wheatish, MBBS Graduate,pursuing PG, Student, Pref: Professional Graduate/Doctor, Engineers with M.Tech, Mob: 9747391251, Reg.no.21357

Email:geeethas2016@gmail.com
Date of Birth:09-03-1990(10.08am)
Sishta Dasa:





Contact Address:
SMT.GEETHA.S
KOLAMMACKAL
KARUNAKARAM, AMBIPADI
PADIMON P .O
MALLAPPALLY
PATHANAMTHITTA - 689587

---

Nair Girl,27/5'3", Ayilyam, Fair, M.Sc. Financial Economics ,Manager-Fraud Analyst.Scope International Standard Chartered Bank,Chennai, Pref:B.Tech/ Post Graduation,Ph:0484-2333402, Mob: 9446363402/9446403402, Reg.no.21359

Email:kbmdas1959@gmail.com
Date of Birth:10.11.1990(4.26am)
Sishta Dasa:Budha:1.5.10





Contact Address:
MR.MOHANDAS K B
KANDATHIL MOHANAM
CHANDRATHIL ROAD
EDAPPALLY
ERNAKULAM -682024

---

Nair Girl,27/163cm,Thiruvathira, Medium, MBBS, Pvt Hospital Pref: Doctors,CivilServices,Mob: 9847057797, Reg.no.21360

Email:kncsbabu@yahoo.com
Date of Birth:04.12.1990(12.49pm)
Sishta Dasa:Rahu:4.8.21





Contact Address:
MR.SURESH BABU
SHIVASAKTHI
PUTHIYAKAVU
UDAYAMPEROOR P O
ERNAKULAM - 682307

---

Nair Girl,26/160cm,Karthika(1,1/2 Papam), Very Fair, NLSUI(National Law School of India University),Legal Associate with Law Firm in Bangalore, Pref: Well educated & well employed boys in Bangalore,Mob: 9446465364, Reg.no.21362

Email:rajeevnairgopalan@gmail.com
Date of Birth:28-9-1991(7.47pm)
Sishta Dasa:Ravi:0.1.25





Contact Address:
MR.RAJEEV NAIR G
SREERAGAM, VP 5/175A
PERUKAVU P O
THIRUVANANTHAPURAM
PIN- 695573

---

Nair Girl,28/5ft, Uthram, Fair, M.Tech (CiberTechnology),TCS,Chennai,Pref: B.Tech/M.Tech/PhD,prefer to settle in kerala(Likely to get transfer to Kochi/ Trivandrum), Mob: 9497708541/ 9497692587, Reg.no.21364

Email:jayanayar62@gmail.com
Date of Birth:15.01.90(1.48AM)
Sishta Dasa:Ravi: 5.3.27





Contact Address:
SMT..SATHI DEVI S
RAJEEVAM, 31/1028
PALATHURUTH
VYTILLA
ERNAKULAM 682019

---

Nair Girl, 26/163cm, Pooyam, Fair, M.Sc (Maths),Assistant - New India Assurance, Pref: Graduation ,Government Service, Ph:0484-2779017,Mob: 9447509017, Reg.no.21366

Email:ritu4cuppycake@gmail.com
Date of Birth:25-3-1991(9.24pm)
Sishta Dasa:Sani: 6-4-21




Contact Address:
SMT.LALITHA
HOUSE.NO.17,
ULLAS NAGAR
THEKKUMBHAGOM
TRIPUNITHURA -682301


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,24/168cm, Makam, Medium, B.Tech (EEE),Doing MS in Germany, System Analyst(2014-16)Pref: Professionally qualified, Dist:Pgt, Tcr, Ekm, Boys working in Europe preferred,Ph0484-2421284, Mob:9446571284,Reg.no.21367


Email:abijithmohankumar@gmail.com
Date of Birth:28-5-1993(4.06am)
Sishta Dasa:Ketu:6.0.26.4



Contact Address:
MR MOHAN KUMAR
PRANAVAM
PAZHAPURA ROAD
KAKKANAD
COCHIN 682030

Nair Girl,30/5'6",Makeyrium-Sudhajathakam, Wheatish, Masters Degree-London School of Economics,Financial Sector - London,Pref:Tall over5'10",Master Degree holder,Settled well mannered pleasing qualities, good family UK,London,then other countries, Mob: 9841051924,Reg.no.21369


Email:bindas87@gmail.com
Date of Birth:12-10-1987(12.08pm)
Sishta Dasa:Kuja: 5.0.0



Contact Address:
MRS.BINDU DIJENDRANATH
12,ST.EBBAS AVENUE
SIR SIVA SAMY SALAI
MYLAPORE
CHENNAI - 600004

Nair Girl,25/ 5' 6 1/2",Thrikketta - 4th pada,Fair,Bachelors in communication design, Graphic Designer,Pref: Atleast 5'11"-wellread Boy,Respectable-closeknit family, Mob: 9840024585, Reg.no.21370


Email:bijujayadevan2@gmail.com
Date of Birth:29.10.1992(4.00pm)
Sishta Dasa:Budha:2.9.17



Contact Address:
MR.BIJU JAYADEVAN
4/575,A, RAJIV SALAI
KOTTIVAKKAM
OLD MAHABAUPURAM ROAD
CHENNAI - 600041

Nair Girl,27/5'2", Punartham, Fair, MCA (BLISC),Pref:Post Graduation, Good salaried, Mob:9946170697, Reg.no.21371


Email:anjana.b28@gmail.com
Date of Birth:28-5-1990(8.45am)
Sishta Dasa:Guru:0.2.4.48



Contact Address:
SMT.RADHAMANI K
AMBASSERIL HOUSE
VAYALA P . O
KOTTAYAM - 686587

Nair Girl,23/5ft, Uthradam, White, B.Tech-IT,Software Engineer-Zero IT Solutions Kalamassery, Pref: Degree, Govt Employee/IT Professionals, Dist: Ekm,Tcr preferred, Ph:0484-2544315, Mob:9446865123/9447236315, Reg.no.21372


Email:varadanc577@gmail.com
Date of Birth:28-5-1994(6.45pm)
Sishta Dasa:Ravi:4.09.25



Contact Address:
MR.C.G.VARADARAJAN
ASWATHY HOUSE
VIDAKKUZHA
THAIKKATTUKARA P O
ALUVA-683106

Nair Girl,24/167cm, Karthika, Wheatish, BDS-Final year,Pref: BDS,MBBS, Ph:0484-2236556,Mob: 9349507705/ 9526936993,Reg.no.21374

Email:unnikrishnanv1963@gmail.com
Date of Birth:05-07-1994(12.30am)
Sishta Dasa:Ravi:3.6.14



Contact Address:
MRS.PREETHI .V
SANKHEERTHANAM(H)
DEEPAM JN
MLA ROAD,PALLURUTHY P O
ERNAKULAM - 682006






# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,24/155cm, Moolam, Medium, B.Tech,Working in IT as Analyst in Infopark, Kochi,Pref:M.Tech/B.Tech employed in Kerala or India ,Abroad,Ph: 0477-2266939,Mob: 9447525562/ 9746664970,Reg.no.21376


Email:kpnpillai@yahoo.com
Date of Birth:6-02-1994(11.36pm)
Sishta Dasa:



Contact Address:
MR.K.P.NARAYANAN PILLAI
NANDANAM, VNRA-28
SANATHANAPURAM .P. O
ALAPPUZHA- 688003

Nair Girl, 22/164cm, Bharani, Fair, B.Tech (NIT Kozhikode), Software Professional, Pref : Professional, should be God fearing and from an Aristocratic family-Teetotaller Preferred, Ph: 0480-2807748, Mob: 9895087748, 9746121277, Reg. No : 21378


Email:kvkt@outlook.com
Date of Birth:01/01/1996 (12.16 PM)
Sishta Dasa: Sukra : 0.6.18



Contact Address:
MR. KERALA VARMA
SREE
THIRUVANCHIKULAM
KODUNGALLOOR
THRISSUR-680664

Nair Girl, 24/167, Bharani, BDS, Pref: Doctors, Lectures, Prof. CA, Civil Servants, IAS, IPS etc. Ph: 0471 2369772, Mob: 9495479817, Reg No: 21380

Email:manjus25564@gmail.com
Date of Birth:20/5/1993 (10.10 PM)
Sishta Dasa:



Contact Address:
MR. M. MURALEEDHRAN NAIR
VYSAKH
EVRA 100, SAIBABA LANE
VALIYAVILA, THIRUMALA. P.O
TRIVANDRUM-695006

കവിത

# ഓമനക്കുട്ടൻ

**രാധാ ദാമോദരൻ**

വള്ളിനിക്കറും കുഞ്ഞിച്ചെരുപ്പും വട്ടച്ചക്രം
തള്ളുവാൻ വടിയുമായ് പൊന്മകൻ പുറപ്പെട്ടു
ചേറിലും ചളിയിലും കളിച്ചു തകർക്കുമ്പോൾ
അമ്മ തൻ വിളികേട്ടു "കേറി വാ മോനേ വേഗം"
അമ്മേടെ കുട്ടിക്കിന്ന് വിശപ്പു തോന്നുന്നില്ലേ?
നല്ല പാപ്പവും പാലും മേശമേലിരിക്കുന്നു
ഓടി വന്നൊരു കുഞ്ഞിൻ വേഷം കണ്ടപ്പോളമ്മ
വാത്സല്യമുണ്ടെങ്കിലും നീരസത്തോടെ ചൊല്ലി
"കഷ്ടമെന്തൊരു വേഷം ചേറൊക്കെ കളഞ്ഞാലേ
ഭക്ഷണം തരുള്ളൂ ഞാൻ  ചേറൊക്കെ തുടയ്ക്കുക"
കുളിച്ച് , ചന്ദനം തൊട്ടു തൂവെള്ള വസ്ത്രം ധരി
ച്ചിരുന്ന മാതാവൊരു കട്ടിലിൽ പ്രസന്നയായ്
കള്ളപ്പുഞ്ചിരി തൂകി, ചാഞ്ചാടി വന്നൂ കുട്ടൻ
അമ്മേടെ, മടിയിലേക്കെടുത്തു ചാടിവേഗം.

ചേറുള്ള മുഖം മാറിലമർത്തി വീണ്ടും വീണ്ടും
തൂവെള്ള മുണ്ടിൻ തേച്ച് തുടച്ചു കൈ കാലുകൾ
പാടത്തെ ചെറുമി തൻ വസ്ത്രം പോൽ കറുത്തുപോയ്
മോടിയിലൊരുങ്ങിയ മാതാവിൻ ശുഭ്രാംബരം
കോപിച്ചു കയ്യോങ്ങിയോരമ്മയെ കെട്ടിപ്പിടി
ച്ചാ മുഖത്തവൻ നൽകീ ആയിരം തേനുമ്മകൾ
മഞ്ഞുപോലുരുകിപ്പോയ് അമ്മതൻ കോപം
കുഞ്ഞിന്റെ കളികളിൽ മുങ്ങിപ്പോയ് തന്മാനസം
അമ്പാടിക്കണ്ണൻ വന്ന് ജനിച്ചോയിവിടെയെ
ന്നമ്പരപ്പോടെ മാതാവിരിക്കും തരം നോക്കി
പൊന്മകൻ അകറ്റീ തൻ  വിശപ്പും പൈദാഹവും
ചേറുള്ള വസ്ത്രം മാറ്റാനമ്മ പോയപ്പോൾ കണ്ണൻ
ഓടിപ്പോയ് വീണ്ടും ചേറിൽ കളിച്ചു  തകർക്കുവാൻ


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 27/5'9". Thiruvonam, Fair,MBA/PGDM,Pvt firm in Dubai, Pref: Any Masters, Ph: 0480-2708775, Mob: 9645790630, Reg.no.21345

Email:menonuppath@gmail.com
Date of Birth:27-10-1990(5.18pm)
Sishta Dasa:




Contact Address:
MR.MURALI MENON
SARATHSANDHYA HOUSE
VELLIKULAM ROAD
CHALAKUDY
THRISSUR 680307

---

Nambiar boy, 31/179cm, Visakham, Fair, BA, LLB, Advocate, Pref: Good looking, Educated employed girl, Ph: 0466-2254302, Mob: 9048912394/ 9947621192, Reg.no.21347

Email:advprem779@gmail.com
Date of Birth:13.05.1987(5.15am)
Sishta Dasa:Guru:15.1.6




Contact Address:
MR. K.P. PADMANABHAN
KAKOOTH HOUSE
ANAKKARA POST
PALGHAT
KERALA 679551

---

Nair boy, 28/178cm, Bharani, Very Fair, B.Tech, MBA, Engineer Entreprenur, Pref : Chartered Accountant, Doctors& Other well Educated Girls from well educated Families, Ph: 0484 2402194, Mob: 9447414112, Reg No: 21349

Email:sujathachiracal@gmail.com
Date of Birth:10/12/1989 (12.27 PM)
Sishta Dasa: Sukra : 7.5.0




Contact Address:
MR. C.K RAMAKRISHNAN
PRAYAG
S.R.M. ROAD
ERNAKULAM-682018

---

Nair boy, 28/5'4"(164cm), Avittom, Fair, B.Tech in Civil Engg. Civil QA/QC Engg in Dubai, Pref : Graduation, Ph: 8891802992, Reg No: 21350

Email:unnikrishnan2389@gmail.com
Date of Birth:23/6/1989 (1.11 pm)
Sishta Dasa:Chowa : 4.4.25




Contact Address:
MR. D. VIDYADHARAN
KOCHUVEETTIL HOUSE
NELLIKUZHI. P.O
ELAMBRA
KOTHAMANGALAM
ERNAKULAM-686691

---

Nair boy, 29/6'2", Makayeeram, Wheatish, M.Tech(EEE),Working in a Pvt Firm,Pref: Engineer Graduate/Equivalent, Ht-5;5" to 5'9",Districts- Plakkad, Trussur &Ernakulam preferred, Ph:0484-2342856,Mob: 9496238537,Reg.no.21351

Email:jksv88@gmail.com
Date of Birth:1-10-1988(10.23am)
Sishta Dasa:Chowa:5.2.26.51




Contact Address:
MR.SIVASANKARAN .V
34/1989-B, SIVAM
FLOWER ENCLAVE
BTS-MAMANGALAM CROSS RD
EDAPPALLY
COCHIN - 682024

---

Nair boy, 29/167cm, Poorooruttathi, Fair,,BBM, CS,Company Secretary,Pref: Graduation, CA,CS, Doctor, Advocate, Engineer,Scientists, Mob: 9388616298, Reg.no.21352

Email:vakkayil.vijayakumar@gmail.com
Date of Birth:18-11-1988(11.42pm)
Sishta Dasa:



Contact Address:
MR.V.VIJAYAKUMAR
B-4- PRABHA
VYLOPILLY LANE
AZAD ROAD
KALOOR
KOCHI 682017






MANGALYAM MATRIMONIAL
വധുവിനെ ആവശ്യമുണ്ട്



Nair boy, 30/5'8", Rohini, Fair, B.Tech, MS,Business Analyst,Melbourne-Australia ,Pref: B.Tech/PostGraduation ,Ph: 0484-2333402,Mob:9446363402/ 9446403402, Reg.no.21358

Email:kbmdas1959@gmail.com
Date of Birth:11.10.1987(6.26am)
Sishta Dasa:Chandr:8.7.21




Contact Address:
MR.MOHANDAS.K.B
KANDATHIL MOHANAM
CHANDRATHIL ROAD
EDAPPALLY
ERNAKULAM 682024

---

Nair boy, 34/168cm, Uthradam, Fair, Chartered Accountant,Practising Chartered Accountant Legally Divorced, Pref: Graduate,First Marriage,Ph: 0484-2602654,Mob:9497370654, Reg.no.21361

Email:pkvivekmenon@gmail.com
Date of Birth:8-12-1983(10.32am)
Sishta Dasa:Ravi:2.5.14




Contact Address:
MR.P.S.MANI
PULIPRA KUTTICKAT
SREEMOOLANAGARAM
ALUVA
ERNAKULAM- 683580

---

Nair boy, 28/(5'10")178cm, Uthram, Fair, B.Tech-Mechanical Engeering & Diploma in Tool Designing & Car Designing, Mechanical Engineer-Dubai, Pref: Professionaly qualified/PG in any subject,Mob: 9995036220/9744536219, Reg.no.21363

Email:geethasekhar59@gmail.com
Date of Birth:20-12-1989(1.10pm)
Sishta Dasa:Ravi:0.9.26




Contact Address:
MR.D. PRABHAKARA PANICKER
KRISHNAGEETHAM
(PERUPARAMPU)
NEERKUNNAM
T.D.M.C.P.O
ALAPPUZHA- 688005

---

Nair boy, 28/173cm, Vishakam, Wheatish, BE.(Mechanical)MechanicalEngineer (Procurement) Doha-Qatar, Pref: Graduate, Ernakulam Dist, Kunnathunadua Taluk, Perumbavoor, Ph:0484-2525068, Mob: 9946668511, Reg.no.21365

Email:gopinathsarangam@gmail.com
Date of Birth:20-01-1990(11.00am)
Sishta Dasa:




Contact Address:
MR.K.GOPINATHA KURUP
PRRA- 26 SARANGAM
VICHATTU LANE
PERUMBAVOOR
ERNAKULAM - 683542

---

Nair boy, 29/175cm, Thiruvathira, Fair, M.Tech NIT, Banking Service (Syndicate Bank) Pref : B.Tech, Govt. Service in Kerala, Ph: 9446307742, 9447001494, Reg No: 21368

Email:yedukrish@gmail.com
Date of Birth:20/01/1989 (8.01 AM)
Sishta Dasa:Rahu : 6.4.14




Contact Address:
MR. RAVINDRA KUMAR. K.P
ROHINI
KUSAVARKAL ROAD
TRIVANDRUM-695015

---

Nair boy, 35/180cm, Poororuttathy, Medium,B.Sc.ComputerScience,Senior Network Engineer,Pref:Degree,Mob: 9446066480,Reg.no.21373

Email:drarunanarayanankutty@gmail.com
Date of Birth:22-12-82(12.25pm)
Sishta Dasa:Guru:14.1.20



Contact Address:
SMT.C.ARUNA
39/694 A VEMBLASSERY
MAHAKAVI G ROAD
ERNAKULAM -682011

## MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 26/6'3"(187cm), Karthika, Sudhajadakam Wheatish Brown, B.Tech, MBA, Technical Engineer,Dubai, Pref: Professionals, Ht-5'6" onwards, only sudhajathakam match, Qualified family background, Ph:0480-2846909,Mob: 9387100270/9846041284, Reg.no.21375

Email:menonoil@hotmail.com
Date of Birth:28-9-1991(2.20pm)
Sishta Dasa:Ravi: 1.8.10.12

മ | ശു ശി ല ര മാ | ഗു

| | | | |
|---|---|---|---|
| | | ച | ശി |
| | ഗ്രഹനില & അംശകം | | |
| ല മ | | | ശു ഗു |
| സ | | | ര മാ കു ബു |

(ഇടത്: ച ബു; വലത്: കു; താഴെ: സ)

Contact Address:
MR.RATHEESH MENON
KARTHIKA
EDATHIRINJI P.O
IRINJALAKUDA
THRISSUR - 680122

Nair boy, 30/156, Makam, Medium, B.Com, M Sc International Business Finance from UK, Business, Pref : Working Girl, Thissr/Ernakulam Dist. Ph: 0484 -2776208, Mob: 9496744320, Reg No: 21377

Email:jayaramant62@gmail.com
Date of Birth:18/10/1987 (3.41 AM)
Sishta Dasa:Ketu : 4.5.12

ബുശി കുഗു ചമാ

| | | | |
|---|---|---|---|
| സ | ഗു | | മാ |
| | ഗ്രഹനില & അംശകം | | |
| | | | ച ല |
| | മ | ര ബു ശു | കു ശി |

(ഇടത്: ശു മ; താഴെ: ര ല, സ)

Contact Address:
MR. K. JAYARAMAN
THATHAMPILLIL HOUSE
KODAMKULANGARA
EROOR SOUTH. P.O
ALRA-66
ERNAKULAM-682306

Nair boy, 36/165cm, Makam, Medium, M.Com,MBA,FCMA,Dy.Finance Manager- Cochin Shipyard,Pref:Post Graduation Mob: 9048008012, Reg.no.21379

Email:vmidhun@yahoo.co.in
Date of Birth:5-4-1982(3.40am)
Sishta Dasa:Ketu: 2.6.8

കുസ ച

| | | | |
|---|---|---|---|
| ര ബു | | | സ |
| ശു ല | ഗ്രഹനില & അംശകം | | |
| | | | ച |
| ശി | മാ | ഗു | കു മ |

(ഇടത്: ഗു, ര; വലത്: മ; താഴെ: മാ, ബുശു ശി ല)

Contact Address:
MR.P.S.VISWAMBHARAN NAIR
MANAYIL Door.no.61/2020
KURISHUPALLI ROAD
RAVIPURAM
KOCHI 682015

കവിത

# കലിയുഗം

**ബാബു കൈതാരം**

മർത്ത്യജന്മികൾ
കാട്ടാളവേഷമെടുത്തു
കൊമ്പും പല്ലും കാട്ടി
പടയണി ചവിട്ടി
ഹസ്തങ്ങളുയർത്തി
അറപ്പോടെ ചിരിച്ചു
തുള്ളൽപ്പനിയാണെവിടെയും
നേരുമില്ലയെന്നാൽ
നെറിയുമില്ല
ആർത്തിയാണ്
സമ്പത്തോടേവർക്കും
ആർഭാടത്തിൻ
സ്വാർത്ഥതയും
മനുഷ്യൻ
മനുഷ്യനെ
മറക്കുന്നുവോ?
സ്നേഹമൊഴിയുന്നുവോ?
ആവനാഴിയിൽ
നാട്യത്തിൽ
പറയുമിതിനെ
കലിയുഗമെന്നല്ലേ ?



## എറണാകുളം കരയോഗം നവതി സ്മാരക ഗുരുവായൂർ ഗസ്റ്റ് ഹൗസ്

കാരക്കാട്ട് റോഡ്, തെക്കേ നട, ഗുരുവായൂർ-680 101



നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു....

***പ്രിവിലേജ് കാർഡ് സ്കീം.**
**ആദ്യം അപേക്ഷിക്കുന്ന 750 പേർക്ക് മാത്രം**

ഗുരുവായൂർ ശ്രീകൃഷ്ണക്ഷേത്രത്തിനു സമീപം ഭക്തജനങ്ങൾക്കായി കരയോഗം നിർമ്മിക്കുന്ന നവതി സ്മാരക മന്ദിരത്തിലെ താമസത്തിന് പ്രിവിലേജ് കാർഡ് പദ്ധതി നടപ്പാക്കുന്നു.

- പ്രിവിലേജ് കാർഡ് : ഒരു ലക്ഷം രൂപ നിക്ഷേപിക്കുന്നവർക്ക് മാസത്തിൽ ഒരു ദിവസവും പ്രതിവർഷം 12 ദിവസവും 10 വർഷത്തേക്ക് 120 ദിവസവും സൗജന്യനിരക്കിൽ താമസ സൗകര്യം (പരമാവധി ഒറ്റത്തവണ 24 ദിവസം വരെ നിബന്ധനകൾക്ക് വിധേയമായി താമസിക്കാം)
- ശീതീകരിച്ച വിശാലമായ ഡബിൾ റൂം. ദിവസം മുഴുവനും ചൂടുവെള്ളം ലഭ്യം.
- മുറികൾ സെമി-ഓട്ടോമേറ്റഡ് ആയിരിക്കും. ഇന്റർകോം സഹിതം ടെലഫോൺ സൗകര്യം, മുറികളിൽ വൈ-ഫൈ സൗകര്യം, ചായ/കോഫി സൗജന്യം, ലോൺട്രി സർവ്വീസ്, മലയാളം-ഇംഗ്ലീഷ് പത്രങ്ങൾ.
- കേബിൾ കണക്ഷൻ എൽ.സി.ഡി & ടി വി, കാർപാർക്കിങ്ങ് സംവിധാനം.
- സുരക്ഷാ, അഗ്നിശമന, ജലശുദ്ധീകരണ സംവിധാനങ്ങൾ, പരിസ്ഥിതി സൗഹൃദ നിർമ്മിതി.
- പുലർച്ചെ 3 മണിമുതൽ 6 വരെയും വൈകിട്ട് 7 മുതൽ 9 വരെയും ക്ഷേത്രത്തിലേക്ക് വാഹന സൗകര്യം.
- അതിഥി മന്ദിരത്തിൽ നിന്ന് ക്ഷേത്രത്തിലേക്കും, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നിവിടങ്ങളിലേക്ക് ദൂരം 600 മീറ്റർ മാത്രം.

**വ്യവസ്ഥകൾ**

- ഗസ്റ്റ് ഹൗസിൽ ശീതീകരിച്ച ഡബിൾ റൂമുകൾ പ്രിവിലേജ് കാർഡ് പദ്ധതിപ്രകാരം ലഭിക്കും.
- ഒരുലക്ഷം രൂപ മാത്രം മുൻകൂർ നൽകുന്നവർക്കാണ് പ്രിവിലേജ് കാർഡ് ലഭിക്കുന്നത്.
- ഒരു ലക്ഷം രൂപ ഒറ്റ പ്രാവശ്യമോ, തവണകളായോ അടയ്ക്കാവുന്നതാണ്. തവണകളായി അടയ്ക്കുന്നവർ താഴെ പറയും പ്രകാരം 1,10,000/- രൂപ നല്കേണ്ടതാണ്.

1. പദ്ധതിയിൽ ചേരുന്ന സമയത്ത് ആദ്യഗഡു 50,000 രൂപ അടയ്ക്കണം.
2. രണ്ടാം ഗഡുവായി 20,000 രൂപ 2018 ജൂൺ 30ന് മുമ്പ് അടയ്ക്കണം.
3. മൂന്നാം ഗഡു 20,000 രൂപ 2018 ഡിസംബർ 31ന് മുമ്പ് അടയ്ക്കണം.
4. നാലാം ഗഡു 20,000 രൂപ 2019 ജൂൺ 30ന് മുമ്പ് അടച്ച് തീർക്കണം.

അപേക്ഷാ ഫോറം കരയോഗം ഓഫീസിൽ നിന്നും 250 രൂപയ്ക്ക് ലഭിക്കും

***കൂടുതൽ വിവരങ്ങൾക്ക്***
*എറണാകുളം കരയോഗം, ഫോൺ: +91-484-2361160, 2369589*
*E-mail:ekmkgm@gmail.com, www.ernakulamkarayogam.com*
*Mob App : Ernakulam Karayogam*



എറണാകുളം കരയോഗം

## ചെറായി തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതിക്ഷേത്ര പ്രതിഷ്ഠാദിനം

ബ്രഹ്മശ്രീ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ

## യക്ഷിയമ്മ പുനഃപ്രതിഷ്ഠ

2018 ഏപ്രിൽ 10, ചൊവ്വാഴ്ച രാവിലെ വിശേഷാൽ പൂജ

9.00 മണി മുതൽ : ദ്വീപാങ്കശുദ്ധി, നവകം, പഞ്ചഗവ്യം
ഉച്ചയ്ക്ക് 1.00 മണിക്ക് : അന്നദാനം

വൈകുന്നേരം 6 മണി മുതൽ
നിറമാല, വിളക്കുവെയ്പ്പ്, താലം വരവ്, വിവിധ കലാപരിപാടികൾ

DATE OF PUBLICATION: 10-03-2018

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2018-20
LICENSE NO. KL/CR/EKM/WPP-15/2018-20
LICENSED TO POST WITHOUT PREPAYMENT

Volume No. 11 March 2018 Issue No. 03

## എറണാകുളം കരയോഗം കഥകളി ക്ലബ്ബ് പ്രതിമാസ കഥകളി

പ്രവേശനം സൗജന്യം



### നരകാസുരവധം

27.3.2018, ചൊവ്വാഴ്ച, ടി.ഡി.എം. ഹാൾ ഗംഗ, 6.30 p.m.

| | | |
|---|---|---|
| നരകാസുരൻ | : | കലാനിലയം സുന്ദരൻ |
| നരകാസുര പത്നി | : | കലാമണ്ഡലം വിഘ്നേഷ് |
| ഇന്ദ്രൻ | : | കലാമണ്ഡലം സൂരജ് |
| സംഗീതം | : | സദനം സായ്കുമാർ |
| | : | കലാനിലയം സഞ്ജയ് |
| ചെണ്ട | : | കലാമണ്ഡലം രവിശങ്കർ |
| | : | കലാമണ്ഡലം സുധീഷ് |
| മദ്ദളം | : | കലാമണ്ഡലം ശ്രീജിത്ത് |
| | : | കലാമണ്ഡലം വൈശാഖ് |
| ചുട്ടി | : | കലാമണ്ഡലം സുധീഷ് |
| അണിയറ | : | രാമചന്ദ്രൻ, സുരേന്ദ്രൻ, അരുൺ |

**കഥാസാരം**

നരകാസുരൻ തന്റെ പത്നിയുമായി സല്ലാപം നടത്തുന്നു.എങ്ങിനേയും സ്വർഗ്ഗലോകത്തു ചെന്ന് ഇന്ദ്രനെ തോല്പിക്കണമെന്ന ആശ ഉണ്ടാകുന്നു. ഇന്ദ്രനെ ഇന്ദ്രലോകത്തു ചെന്നു നരകാസുരൻ ഐരാവതം പോലത്തെ വാഹനത്തെ തോല്പിക്കുവാനും ഇന്ദ്രന്റെ പല ഭാവവശങ്ങളും പറഞ്ഞ് ഭത്സിക്കുന്നു.
യുദ്ധത്തിൽ ഏർപ്പെടുന്നു.








NB : എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസ കഥകളി സ്പോൺസർ ചെയ്യുവാൻ താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0484 2361160

## എറണാകുളം കരയോഗം ഫിലിം ക്ലബ്ബ്

**വനിതാദിന ചലച്ചിത്രോത്സവം/ സെമിനാർ, 18.3.2018, ഞായറാഴ്ച**


എറണാകുളം കരയോഗം ഫിലിം ക്ലബ്ബും, കൊച്ചി മെട്രോ ഫിലിം സൊസൈറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന വനിതാദിന ചലച്ചിത്രോത്സവവും സെമിനാറും 2018 മാർച്ച് 18, ഞായറാഴ്ച, ടി.ഡി.എം. ഹാൾ മിനി തിയറ്ററിൽ.


രാവിലെ 10 മണിക്ക് സിനിമാപ്രദർശനം: **AGORA**
SPANISH/2009/126 minutes, Dir. ALEJANDRO AMENABAR

ഉച്ചയ്ക്ക് 12.30 മണിക്ക് സിനിമാപ്രദർശനം: **THE MOTHER**
Dir. JITHU KOLAYAD/Short Film/30 minutes.

ഉച്ചയ്ക്ക് 2.00 മണിക്ക് സിനിമാപ്രദർശനം: **OLGA**
BRAZIL/2004/141 minutes, Dir. JAYME MONJARDIM

വൈകീട്ട് 5.00 മണിക്ക് സെമിനാർ
വിഷയം : സിനിമ-സ്ത്രീകൾ, മലയാള സിനിമയിലെ പ്രമുഖ താരങ്ങൾ പങ്കെടുക്കുന്നു.




The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Niseema Printers & Publishers, Saroj, SRM Road, Kochi-682018, Ph: 2400423, 2400230 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.